# പിഎസ്‌സി ബുള്ളറ്റിൻ

SINCE 1985

PSC Bulletin, Official Publication of Kerala Public Service Commission

Vol. 29 | Issue 1 | Fortnightly | September 1, 2017 | Page 32 | ₹ 10



പുതിയതായി സത്യപ്രതിജ്ഞ അംഗങ്ങൾ ചെയർമാനോടൊപ്പം. ഇടത്തു നിന്നും റോഷൻ റോയ് മാത്യു, പി.എച്ച്.മുഹമ്മദ് ഇസ്മയിൽ, മുഹമ്മദ് മുസ്തഫ കടമ്പോട്ട്, ജി.രാജേന്ദ്രൻ, ചെയർമാൻ എം.കെ.സക്കീർ, ടി.ആർ.അനിൽകുമാർ, ഡോ.കെ.പി.സജിലാൽ, ഡോ.ഡി.രാജൻ

## 1004

**തിരഞ്ഞെടുത്ത ചോദ്യങ്ങൾ**

**ഇന്ത്യയിലെ തപാൽ സംവിധാനം**

**രാഷ്ട്രപതിമാർ**

**ഇന്ത്യൻ രാഷ്ട്രീയ വ്യവസ്ഥ**

**കറന്റ് അഫയേഴ്സ്**

**ഉൾപ്പെടെ നിരവധി വസ്തുതകൾ**






സ്വാതന്ത്ര്യദിനാഘോഷത്തോടനുബന്ധിച്ച് പി.എസ്.സി. ആസ്ഥാനത്ത് നടന്ന ചടങ്ങിൽ കമ്മിഷൻ അംഗം പി.ശിവദാസൻ ദേശീയ പതാക ഉയർത്തി. കമ്മിഷൻ അംഗങ്ങളായ സിമി റോസ്ബെൽ ജോൺ, ആർ.പാർവതി ദേവി, ഡോ.എം.ആർ. ബൈജു, ഡോ.ജിനു ഉമ്മൻ സക്കറിയ എന്നിവർ പങ്കെടുത്തു. പി.എസ്.സി. സെക്രട്ടറി സാജു ജോർജ്ജ് സ്വാഗതവും പരീക്ഷാകൺട്രോളർ എൻ.നാരായണ ശർമ്മ നന്ദിയും പറഞ്ഞു.

**ലക്ചറർ ഇൻ അറബിക്, ലക്ചറർ ഇൻമാത്തമറ്റിക്സ്,**
**ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (ജൂനിയർ), യു പി സ്കൂൾ അസിസ്റ്റന്റ്(മലയാളം),**
**അസി. സർജൻ/കാഷ്വാലിറ്റി മെഡി. ഓഫീസർ, ജൂനിയർ അനലിസ്റ്റ്**
**സിവിൽ എക്സൈസ് ഓഫീസർ, അസി. പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ്–II**

**ഉൾപ്പെടെ 41 വിജ്ഞാപനങ്ങൾ**

# പിഎസ്‌സി ബുള്ളറ്റിൻ

**പത്രാധിപസമിതി ചെയർപേഴ്സൺ**

**ശ്രീമതി. ആർ പാർവതീദേവി**
മെംബർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പത്രാധിപസമിതി അംഗങ്ങൾ**

**ഡോ. പി. സുരേഷ്കുമാർ**
മെംബർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**ഡോ. ജിനു സക്കറിയ ഉമ്മൻ**
മെംബർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**അഡ്വ. രഘുനാഥൻ. എം. കെ.**
മെംബർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**എഡിറ്റർ**

**സാജു ജോർജ്**
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**ബി. ജയകുമാർ**

ഫോൺ : *0471 2546368 OR 9446412483*
സർക്കുലേഷൻ (പി.ആർ.യൂണിറ്റ്): *0471 2546270*


## വരിക്കാരുടെ ശ്രദ്ധയ്ക്ക്

**വാർഷിക വരിസംഖ്യ – ₹ 200**
മണിയോർഡറായി അയക്കേണ്ട വിലാസം:
**പബ്ലിക് റിലേഷൻസ് ഓഫീസർ,**
**കേരള പബ്ലിക് സർവീസ് കമ്മിഷൻ,**
**പട്ടം പാലസ് പി.ഒ., തിരുവനന്തപുരം – 695004**

- **വരിക്കാർ ബുള്ളറ്റിൻ സംബന്ധിച്ച് കത്തെഴുതുമ്പോഴും ഫോൺ ചെയ്യുമ്പോഴും ബുള്ളറ്റിനിന്റെ ലേബലിലുള്ള സബ്സ്ക്രൈബർ നമ്പർ കൃത്യമായി സൂചിപ്പിക്കേണ്ടതാണ്.**
- **ജില്ലാതല സോർട്ടിങ്ങിനായി വരിക്കാർ വിലാസത്തിൽ ജില്ലയുടെ പേരും പിൻകോഡും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.**
- **വരിസംഖ്യ ഓൺലൈനായും വിവിധ പിഎസ്‌സി ഓഫീസുകളിൽ നേരിട്ടും സ്വീകരിക്കുന്നതാണ്. ഡി.ഡി, ചെക്ക്, പോസ്റ്റൽ ഓർഡർ സ്വീകാര്യമല്ല.**

### ആസ്ഥാന ഓഫീസ് എൻക്വയറി

ജനറൽ എൻക്വയറി 0471 2546400,0471 2546401
(പ്രവർത്തന സമയം രാവിലെ 8 മുതൽ വൈകുന്നേരം 6 മണിവരെ).

### കോൾ സെന്റർ

കോൾ സെന്റർ: 0471 2444428, 0471 2444438,0471 2555538
(പ്രവർത്തന സമയം രാവിലെ 10.15 മുതൽ വൈകുന്നേരം 5.15 മണിവരെ).

### മേഖലാ ഓഫീസുകൾ

കൊല്ലം: 0474 2745674, എറണാകുളം: 0484 2317435, കോഴിക്കോട്: 0495 2371500

### ജില്ലാ ഓഫീസുകൾ

തിരുവനന്തപുരം: 0471 2448188/ 0471 2546402, കൊല്ലം: 0474 2743624, പത്തനംതിട്ട: 0468 2222665, ആലപ്പുഴ: 0477 2264134, കോട്ടയം: 0481 2578278, ഇടുക്കി: 04868 272359, എറണാകുളം: 0484 2314500, തൃശ്ശൂർ: 0487 2327505, പാലക്കാട്: 0491 2505398, മലപ്പുറം: 0483 2734308, കോഴിക്കോട്: 0495 2371971, വയനാട്: 04936 202539, കണ്ണൂർ: 0497 2700482, കാസർഗോഡ്: 04994 230102

# പിഎസ്‌സി അറിയിപ്പ്

## 2017 ഓഗസ്റ്റ് 14 ന് ചേർന്ന കമ്മിഷൻ യോഗ തീരുമാനങ്ങൾ

**താഴെപ്പറയുന്ന തസ്തികകൾക്ക് ഇന്റർവ്യൂ നടത്തും**

1. ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിനിൽ മെഡിക്കൽ ഓഫീസർ (നേത്ര) മൂന്നാം എൻ.സി.എ. എസ്.സി., കാറ്റഗറി നമ്പർ 161/2017
2. കൃഷി വകുപ്പിൽ അഗ്രികൾച്ചർ ഓഫീസർ (മൂന്നാം എൻ.സി.എ. എസ്.റ്റി., കാറ്റഗറി നമ്പർ 259/2016)

താഴെപ്പറയുന്ന തസ്തികകളുടെ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കും

1. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ (ന്യൂറോളജി) കാറ്റഗറി നമ്പർ 277/2016), അസിസ്റ്റന്റ് പ്രൊഫസർ (അനസ്തേഷ്യ) കാറ്റഗറി നമ്പർ 276/2016)
2. ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ (മാത്തമാറ്റിക്സ്) (നാലാം എൻ.സി.എ. എസ്.ടി. കാറ്റഗറി നമ്പർ 369/2016), ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ (ജൂനിയർ) ഉറുദു (കാറ്റഗറി നമ്പർ 172/2015)
3. കിർത്താഡ്സിൽ ഇൻവെസ്റ്റിഗേറ്റർ (ആന്ത്രപ്പോളജി / സോഷ്യോളജി) കാറ്റഗറി നമ്പർ 193/2016
4. കേരള കോമൺ പൂൾ ലൈബ്രറി വകുപ്പിൽ ലൈബ്രേറിയൻ ഗ്രേഡ്–4 (കാറ്റഗറി നമ്പർ 504/2015 മുതൽ 507/2015 വരെ)
5. ക്ഷീരവികസന വകുപ്പിൽ ഡയറി ഫാം ഇൻസ്ട്രക്ടർ (കാറ്റഗറി നമ്പർ 442/2016)
6. വ്യവസായ പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ (മെക്കാനിക്ക് – മെഡിക്കൽ ഇലക്ട്രോണിക്സ്) കാറ്റഗറി നമ്പർ 17/2016, ജൂനിയർ ഇൻസ്ട്രക്ടർ (സർഫസ് ഓർണമെന്റൽ ടെക്നിക്ക്) കാറ്റഗറി നമ്പർ 14/2016

താഴെപ്പറയുന്ന തസ്തികയുടെ സാധ്യതാ പട്ടിക പ്രസിദ്ധീകരിക്കും

1. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്–2

**മറ്റു തീരുമാനങ്ങൾ**

സെക്യൂരിറ്റി ഗാർഡ് (ഗവൺമെന്റ് സെക്രട്ടറിയേറ്റ്/കേരള പി.എസ്.സി), മത്സ്യഫെഡിൽ ജൂനിയർ അസിസ്റ്റന്റ് എന്നീ തസ്തികകളുടെ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

## 2017 ഓഗസ്റ്റ് 21 ന് ചേർന്ന കമ്മിഷൻ യോഗ തീരുമാനങ്ങൾ

**താഴെപ്പറയുന്ന തസ്തികകൾക്ക് ഇന്റർവ്യൂ നടത്തും**

1. തിരുവനന്തപുരം ജില്ലയിൽ എൻ.സി.സി. സൈനിക് ക്ഷേമ വകുപ്പിൽഎൽ.ഡി.ക്ലാർക്ക് വിമുക്തഭടൻമാർക്ക് മാത്രം (എൻ.സി.എ–എസ്.ടി.), കാറ്റഗറി നമ്പർ 270/2016.
2. കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ ഹയർസെക്കന്ററി ടീച്ചർ അറബിക് ജൂനിയർ (എൻ.സി.എ.–ഈഴവ & വിശ്വകർമ്മ), കാറ്റഗറി നമ്പർ 370/2016 മുതൽ 375/2016 വരെ).

**താഴെപ്പറയുന്ന തസ്തികകളുടെ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കും**

1. കേരള മിനറൽ ആന്റ് മെറ്റൽസ് ലിമിറ്റഡിൽ ഡ്രൈവർ ഗ്രേഡ് 2 തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരക്കും, കാറ്ററി നമ്പർ 551/2012

**താഴെപ്പറയുന്ന തസ്തികകളുടെ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കും**

1. സൈനിക ക്ഷേമ വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 വിമുക്തഭടൻമാർക്ക് മാത്രം, കാറ്റഗറി നമ്പർ 540/2016.
2. കേരള പൊതുഭരണ വകുപ്പിൽ ഡിവിഷണൽ അക്കൗണ്ടന്റ് (ഒന്നാം എൻ.സി.എ.–എസ്.ടി) രണ്ടാംഘട്ട പരീക്ഷയ്ക്കുമുന്നോടിയായുള്ള ചുരക്കപ്പട്ടിക പ്രസിദ്ധീകരിക്കും.

**താഴെപ്പറയുന്ന തസ്തികകളുടെ ഒ.എം.ആർ പരീക്ഷ**

1. എൻ.സി.സി, സൈനിക ക്ഷേമ വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് തസ്തികയിൽ പൊതു ഒ.എം.ആർ. പരീക്ഷ നടത്തും (വിമുക്തഭടൻമാർക്ക് മാത്രം) കാറ്റഗറി നമ്പർ 185/2016, 186/2016
2. ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിൽ സീമാൻ തസ്തികയിലേക്ക് ഒ.എം.ആർ. പരീക്ഷ

**താഴെപ്പറയുന്ന തസ്തികകളുടെ ഓൺലൈൻ പരീക്ഷ**

1. വിവിധ വകുപ്പുകളിൽ സർജന്റ് തസ്തികയിലേക്ക് ഓൺലൈൻ പരീക്ഷ, കാറ്റഗറി നമ്പർ 115/2017

**താഴെപ്പറയുന്ന തസ്തികകളിൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു**

1. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ ഇൻ ആർക്കിടെക്ചർ, ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ റേഡിയോഗ്രാഫർ ഗ്രേഡ് 2, കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിൽ ജൂനിയർ അനലിസ്റ്റ് തുടങ്ങി പതിനാല് തസ്തികകളിൽ വിജ്ഞാപനം പുറപ്പെടുവിക്കും.

**മറ്റു തീരുമാനങ്ങൾ**

1. വിവിധ കമ്പനി/കോർപ്പറേഷൻ/ബോർഡിലെ സി.എ ഗ്രേഡ് 2 റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും സമ്മതപത്രം വാങ്ങിയശേഷം ട്രിഡയിൽ സി.എ. ഗേഡ് 2 തസ്തികയിലെ നിലവിലുള്ള ഒഴിവുകൾ നികത്തും. ഭാവിയിൽ ട്രിഡയെ കൂടി വിജ്ഞാപനത്തിൽ ഉൾപ്പെടുത്തും
2. വിവിധ കമ്പനി/കോർപ്പറേഷൻ/ബോർഡിലെ ലാസ്റ്റ് ഗ്രേഡ് റാങ്ക് പട്ടികയിൽ നിന്നും സമ്മതപ്രതം വാങ്ങിയശേഷം കേരള സ്റ്റേറ്റ് ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ ഗേറ്റ് കീപ്പർ തസ്തികയിലെ നിലവിലുള്ള ഒഴിവുകൾ നികത്തും
3. ആരോഗ്യ വകുപ്പിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 (പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും മാത്രം) തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന് ഡി.എച്ച്.ഐ.സി. യോഗ്യത കൂടി ഉൾപ്പെടുത്തി ചട്ടം ഭേദഗതി ചെയ്യണമെന്ന് സർക്കാരിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. ഉത്തരവ് ലഭിച്ചശേഷം വിജ്ഞാപനം പുറപ്പെടുവിക്കും.
4. റാങ്ക് പട്ടിക പ്രാബല്യത്തിൽ വന്നതിനുശേഷമുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന വേളയിൽ പ്രസ്തുത ഒഴിവുകളിൽ നിയമനം ലഭിക്കേണ്ട ഉദ്യോഗാർത്ഥിക്ക് തന്റെ ഊഴം ഉപേക്ഷിക്കാനുള്ള വ്യവസ്ഥയുണ്ട് (Relinquishment). റിലിംക്വിഷ്മെന്റ് നടപടി സംബന്ധിച്ച് പഴയ തീരുമാനത്തിൽ നിന്നും വ്യത്യസ്മായി ഓരോ ഉദ്യോഗാർത്ഥിയും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ റിലിംക്വിഷ്മെന്റ് ഫോറത്തിനൊപ്പം നോട്ടറി/ മജിസ്ട്രേറ്റ് സാക്ഷ്യപ്പെത്തിയ സത്യവാങ്മൂലം (Affidavit), ഏറ്റവും പുതിയ ഫോട്ടോ സഹിതമുള്ള ഐഡന്റിറ്റി കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നീ രേഖകൾ ഹാജരാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നിലവിലുള്ള സർക്കുലർ മേൽപ്പറഞ്ഞ പ്രകാരം ഭേദഗതി ചെയ്യും.

## തിരുത്ത്

ഓഗസ്റ്റ് 15 ലക്കത്തിൽ ഇന്ത്യയിൽ മനുഷ്യാവകാശ കമ്മിഷൻ നിലവിൽവന്നത് എന്നാണ്– 1993 സെപ്തംബർ 28 (ചോദ്യം 23) എന്നു കൊടുത്തിരുന്നത് 1993 ഒക്ടോബർ 12 എന്ന് തിരുത്തി വായിക്കേണ്ടതാണ്. ശരിയുത്തരം അറിയിച്ചത് രാഹുൽ.

ജൂലൈ 1 ലക്കത്തിൽ ലോക ജനസംഖ്യ ആറു കോടി തികഞ്ഞത് (ചോ.1801) എന്ന ചോദ്യം 600 കോടി എന്ന് തിരുത്തി വായിക്കേണ്ടതാണ്.

ഓഗസ്റ്റ് ഒന്ന് ലക്കം ബുള്ളറ്റിനിൽ ക്ലോണിങ്ങിലൂടെ സൃഷ്ടിക്കപ്പെട്ട ആദ്യത്തെ പൂച്ച (ചോ. 231) – കാർബൺ കോപ്പി എന്ന് കൊടുത്തിരുന്നത് കോപ്പി ക്യാറ്റ് എന്ന് തിരുത്തി വായിക്കേണ്ടതാണ്.

**ശരിയായ വസ്തുത അറിയിച്ചത് ധന്യ രഘുനാഥ്, സുദിൻ മലപ്പുറം.**

## പുതിയ ഏഴ് അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു

കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ അംഗങ്ങളായി ജി. രാജേന്ദ്രൻ, ഡോ. കെ.പി.സജിലാൽ, ഡോ.ഡി.രാജൻ, ടി.ആർ.അനിൽകുമാർ, മുഹമ്മദ് മുസ്തഫ കടമ്പോട്ട്, പി.എച്ച്.മുഹമ്മദ് ഇസ്മയിൽ, റോഷൻ റോയ് മാത്യു എന്നിവർ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. പി.എസ്.സി. ആസ്ഥാനത്ത് ആഗസ്റ്റ് 21ന് നടന്ന ചടങ്ങിൽ പി.എസ്.സി. സെക്രട്ടറി സാജു ജോർജ്ജ് പുതിയ അംഗങ്ങളെ നിയമിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് വായിച്ചു. പി.എസ്.സി. ചെയർമാൻ അഡ്വ. എം.കെ.സക്കീർ അംഗങ്ങൾക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു. ചടങ്ങിൽ എം.എൽ.എ. മാർ, ഭരണ, പൊതുപ്രവർത്തന, നിയമ മേഖലകളിലെ പ്രമുഖർ, കമ്മിഷനംഗങ്ങൾ, പി.എസ്.സി. ഉദ്യോഗസ്ഥർ, മാധ്യമപ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

# തൊഴിൽ അവസരങ്ങൾ

വിവിധ തസ്തികകളിൽ നിയമനത്തിന് തിരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള വരിൽനിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനങ്ങൾ 18-08-2017, 30-08-2017 തീയതികളിലെ കേരള സർക്കാർ അസാധാരണ ഗസറ്റുകൾ കാണുക. പ്രസ്തുത വിജ്ഞാപനങ്ങളുടെ **സംക്ഷിപ്ത രൂപം** ചുവടെ ചേർക്കുന്നു. ഉദ്യോഗാർത്ഥികൾ ഇതോടൊപ്പം ഗസറ്റും നോക്കേണ്ടതാണ്. ജനറൽ റിക്രൂട്ട്മെന്റിന് പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് മൂന്നു വർഷവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 5 വർഷവും വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. വയസ്സിളവിനെ സംബന്ധിച്ച **കൂടുതൽ വിവരങ്ങൾക്ക് ഗസറ്റിലുള്ള പൊതുവ്യവസ്ഥകൾ നോക്കുക.**

## ഉദ്യോഗാർത്ഥികളുടെ ശ്രദ്ധയ്ക്ക്

**അപേക്ഷ സമർപ്പിക്കുന്ന രീതി:** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.Keralapsc.gov.in. വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്തശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User Id യും Pass word ഉം ഉപയോഗിച്ച് Login ചെയ്ത ശേഷം സ്വന്തം Profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോ 31/12/2010 നോ അതിനുശേഷമോ എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അപ്‌ലോഡ് ചെയ്ത ഫോട്ടോയ്ക്ക് അപ്‌ലോഡ് ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷ ഫീസ് നൽകേണ്ടതില്ല. ആവശ്യമെങ്കിൽ രജിസ്ട്രേഷൻ കാർഡ് Link click ചെയ്ത് Profile ലെ വിശദാംശങ്ങൾ കാണുന്നതിനും പ്രിൻറ് ഔട്ട് എടുത്ത് സൂക്ഷിക്കുവാനും കഴിയും. Pass word രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ ഒഴിവാക്കുവാനോ കഴിയുകയില്ല. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

**താഴെ പറയുന്ന തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പിന് എഴുത്തുപരീക്ഷ/ഒഎംആർ പരീക്ഷ നടത്തുന്നപക്ഷം അർഹതപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റ് ഓൺലൈൻ സംവിധാനത്തിൽ കമ്മിഷൻെറ ഔദ്യോഗിക വെബ്സൈറ്റിലൂടെ നൽകുന്നതും, ഉദ്യോഗാർത്ഥികൾ അത് നിർദ്ദേശാനുസരണം ഡൗൺലോഡ് ചെയ്ത് പ്രിൻറ് എടുക്കേണ്ടതുമാകുന്നു.**

**ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഒറ്റത്തവണ രജിസ്ട്രേഷൻ പൂർത്തിയാക്കിയതിന് ശേഷവും നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെയും ഓൺലൈനായി കമ്മിഷന്റെ വെബ്സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

**ആധാർ കാർഡുള്ളവർ തിരിച്ചറിയൽ രേഖയായി ആധാർ പ്രൊഫൈലിൽ ചേർക്കേണ്ടതാണ്.**

**എഴുത്ത് / ഒ.എം.ആർ പരീക്ഷ നടത്തുന്ന പക്ഷം അർഹതപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റ് ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈലിൽ ലഭ്യമാക്കുന്നതും, ആയത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള തീയതി പരീക്ഷാ കലണ്ടറിൽ ഉൾപ്പെടുത്തുന്നതുമാണ്. ഈ തീയതി മുതൽ 15 ദിവസം വരെ ഉദ്യോഗാർത്ഥികൾക്ക് അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്തെടുക്കാം. അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മാത്രമേ പരീക്ഷ എഴുതുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുകയുള്ളു.**

**2017 ഓഗസ്റ്റ് 15 ലെ പി.എസ്.സി. ബുള്ളറ്റിനിൽ 275/2017 മുതൽ 280/2017 വരെയുള്ള കാറ്റഗറി നമ്പറുകളിൽ പ്രസിദ്ധപ്പെടുത്തിയ ജില്ലാ സഹകരണബാങ്കിലെ ടെലിഫോൺ ഓപ്പറേറ്റർ, ലിഫ്റ്റ് ഓപ്പറേറ്റർ, പ്യൂൺ/വാച്ച്മാൻ (പാർട്ട് 1 ജനറൽ കാറ്റഗറി, പാർട്ട് 2 സൊസൈറ്റി കാറ്റഗറി) എന്നീ വിജ്ഞാപനങ്ങൾ ബഹു.ഹൈക്കോടതിയുടെ വിധി പ്രകാരം പിൻവലിക്കുകയും അതേ കാറ്റഗറി നമ്പറുകളിൽ താഴെപ്പറയുന്ന വിജ്ഞാപനങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.**

## അസാധാരണ ഗസറ്റ് തീയതി: 18 – 08 – 2017 അവസാന തീയതി: 20 – 09 – 2017 രാത്രി 12 മണി വരെ

## ജനറൽ റിക്രൂട്ട്മെന്റ് (ജില്ലാതലം)

### കാറ്റഗറി നമ്പർ: 275/2017
### ട്രീറ്റ്മെന്റ് ഓർഗനൈസർ ഗ്രേഡ് II
### ആരോഗ്യം

1 **വകുപ്പ്** : ആരോഗ്യം
2. **ഉദ്യോഗപ്പേര്** : ട്രീറ്റ്മെന്റ് ഓർഗനൈസർ ഗ്രേഡ് II
3. **ശമ്പളം** : ₹ 19000–43600/
4. **ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
കാസർഗോഡ് 01 (ഒന്ന്)

**കുറിപ്പ്:** (i) ഈ വിജ്ഞാപനപ്രകാരം കാസർഗോഡ് ജില്ലയിലേക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഇതേ ജില്ലയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. എന്നാൽ ഒരു റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന പരമാവധി 3 വർഷത്തിനുള്ളിൽ ആ ലിസ്റ്റിൽ നിന്നും ആരും നിയമനത്തിന് ശിപാർശ ചെയ്യപ്പെടുന്നില്ല എങ്കിൽ അങ്ങനെയുള്ള ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടിയോ ഒരാളെയെങ്കിലും നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നതുവരെയോ ഏതാണ് ആദ്യം അതുവരെ ദീർഘിപ്പിക്കുന്നതാണ്.
(iii) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്) 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 4/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

5. **നിയമന രീതി** : നേരിട്ടുള്ള നിയമനം.
6. **പ്രായം** : 18–36. ഉദ്യോഗാർത്ഥികൾ 02.01.1981നും 01.01.1999നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും.

**കുറിപ്പ്:** യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേകആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

7. **യോഗ്യതകൾ : 1) ജനറൽ :**
പ്രീഡിഗ്രി അഥവാ ഹയർ സെക്കണ്ടറി കോഴ്സ് (+2) പാസ്സായിരിക്കണം.
**2) സാങ്കേതികം:** റ്റി.ബി അസോസിയേഷൻ ഓഫാ ഇൻഡ്യ, ന്യൂഡൽഹി നടത്തുന്ന റ്റി.ബി ഹെൽത്ത് വിസിറ്റേഴ്സ് കോഴ്സ് പാസായിരിക്കണം. അല്ലെങ്കിൽ കേരളാ ഗവണ്മെന്റ് അംഗീകരിച്ച തത്തുല്യമായ മറ്റേതെങ്കിലും യോഗ്യത.

**കുറിപ്പ്: (i)** മേൽപ്പറഞ്ഞ സാങ്കേതിക യോഗ്യതയുള്ളവരുടെ അഭാവത്തിൽ ഹയർ സെക്കണ്ടറി സ്കൂൾ സർട്ടിഫിക്കറ്റ് (സയൻസ് വിഷയങ്ങളിൽ) നേടിയിട്ടുള്ളവരെ തിരഞ്ഞെടുക്കുകയും അവർക്ക് തിരുവനന്തപുരം സ്റ്റേറ്റ് റ്റി.ബി സെന്ററിൽ 6 മാസത്തെ പരിശീലനം നല്കുന്നതുമായിരിക്കും. പരിശീലന കാലയളവ് പ്രൊബേഷനോ ഇൻക്രിമെന്റിനോ കണക്കാക്കുന്നതല്ല. പക്ഷേ ഇങ്ങനെയുള്ള ഉദ്യോഗാർത്ഥികൾ ക്ഷയരോഗ സംബന്ധമായ പരിപാടികളിൽ ട്രീറ്റ്മെന്റ് ഓർഗനൈസറായി 10 വർഷത്തേയ്ക്ക് സേവനം ചെയ്തുകൊള്ളാമെന്ന കരാറിൽ ഏർപ്പെടേണ്ടതും സ്റ്റൈപ്പന്റായി 6 മാസത്തേയ്ക്ക് 2480/ രൂപ ലഭിക്കുന്നതുമാണ്. ബോണ്ടു തുകയായി 2480/ രൂപയും നാശനഷ്ടങ്ങൾക്കായി 1240/രൂപയും ഈടാക്കുന്നതാണ്.
**(ii)പ്രൊബേഷൻ:** ഈ തസ്തികയിൽ നിയമനം ലഭിക്കുന്നവരുടെ തുടർച്ചയായുള്ള മൂന്നുവർഷത്തെ സേവനത്തിൽ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ രണ്ടു വർഷക്കാലത്തെ ഡ്യൂട്ടി പ്രൊബേഷനായി പരിഗണിക്കുന്നതാണ്.
(iii) യോഗ്യത സംബന്ധിച്ച KS & SSR Part II Rule 10 (a) (ii) ഈ തസ്തികയ്ക്ക് ബാധകമാണ്.

### കാറ്റഗറി നമ്പർ: 276/2017
### യു.പി. സ്കൂൾ അസിസ്റ്റന്റ്
### (മലയാളം മീഡിയം) (തസ്തികമാറ്റം വഴി)
### വിദ്യാഭ്യാസം

1 **വകുപ്പ്** : വിദ്യാഭ്യാസം
2. **ഉദ്യോഗപ്പേര്** : യു.പി. സ്കൂൾ അസിസ്റ്റന്റ് (മലയാളം മീഡിയം) (തസ്തികമാറ്റം വഴി)
3. **ശമ്പളം** : ₹ 25200–54000/
4. **ഒഴിവുകളുടെ എണ്ണം**: ജില്ലാടിസ്ഥാനത്തിൽ

| | |
|---|---|
| 1. കൊല്ലം | 21(ഇരുപത്തി ഒന്ന്) (പ്രതീക്ഷിതം) |
| 2. തൃശ്ശൂർ | 1 (ഒന്ന്) |
| 3. ആലപ്പുഴ | കണക്കാക്കപ്പെട്ടിട്ടില്ല |
| 4. എറണാകുളം | കണക്കാക്കപ്പെട്ടിട്ടില്ല |
| 5. മലപ്പുറം | കണക്കാക്കപ്പെട്ടിട്ടില്ല |

(ii) തസ്തികമാറ്റം വഴി നിയമനത്തിനായി വിജ്ഞാപനം ചെയ്ത ഒഴിവുകളിലേക്ക് നിയമന ശിപാർശ ചെയ്യപ്പെടാൻ അർഹരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ആ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്.
(iii) അപേക്ഷ അയയ്ക്കുന്ന തീയതിയിൽ ഉദ്യോഗാർത്ഥി കേരള പൊതു വിദ്യാഭ്യാസ സബോർഡിനേറ്റ് സർവ്വീസിലെ സ്ഥിരം ജീവനക്കാരനോ പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ള ആളോ ആയിരിക്കണം.
(iv) ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയിലേയ്ക്കും പ്ര

ത്യേകം റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റുകൾ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലിവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ജില്ലയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. എന്നാൽ ഒരു റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന പരമാവധി 3 വർഷത്തിനുള്ളിൽ ആ ലിസ്റ്റിൽ നിന്നും ആരും നിയമനത്തിന് ശിപാർശ ചെയ്യപ്പെടുന്നില്ല എങ്കിൽ അങ്ങനെയുള്ള ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടിയോ ഒരാളെയെങ്കിലും നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നതുവരെയോ ഏതാണ് ആദ്യം അതുവരെ ദീർഘിപ്പിക്കുന്നതാണ്.

(v) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽക്കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

(vi) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 4/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 1631996 ലെ ജി.ഒ (പി) 12/96/പി.ആന്റ് എ. ആർ. ഡി പ്രകാരം ഇടുക്കി, കാസറഗോഡ്, വയനാട് ജില്ലകളിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് അഞ്ച് വർഷത്തെ സർവ്വീസ് ഉണ്ടായിരികണമെന്ന നിബന്ധന ബാധകമല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലാവധിയിൽ ഒരു പ്രാവശ്യം മാത്രമെ ലഭിക്കുകയുള്ളു. എന്നാൽ മേൽപറഞ്ഞ ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(vii) തസ്തികമാറ്റം വഴിയുള്ള നിയമനം ആയതിനാൽ KS & SSR ലെ രണ്ടാം ഭാഗത്തെ 14 മുതൽ 17 വരെയുള്ള വകുപ്പുകളിൽ പറഞ്ഞിട്ടുള്ള സംവരണ വ്യവസ്ഥകൾ ഈ നിയമനത്തിന് ബാധകമല്ല.

**5. നിയമന രീതി** : തസ്തികമാറ്റം വഴിയുള്ള നിയമനം.

**6. പ്രായം** : ബാധകമല്ല.

**7. യോഗ്യതകൾ** : (1) കേരള സർക്കാരിന്റെ പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി. പരീക്ഷയോ തത്തുല്യ പരീക്ഷയോ വിജയിച്ചിരിക്കണം.

**അല്ലെങ്കിൽ**

കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചതോ ആയ പ്രീഡിഗ്രി പരീക്ഷയോ അല്ലെങ്കിൽ പ്രീഡിഗ്രിക്ക് തുല്യമായി കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകൾ അംഗീകരിച്ച യോഗ്യതയോ നേടിയിരിക്കണം.

**അല്ലെങ്കിൽ**

കേരളത്തിലെ ഹയർ സെക്കണ്ടറി പരീക്ഷ ബോർഡ് നടത്തുന്നതോ തത്തുല്യമായി ഗവൺമെന്റ് അംഗീകരിച്ചതോ ആയ ഏതെങ്കിലും ഹയർ സെക്കണ്ടറി പരീക്ഷ വിജയിച്ചിരിക്കണം.

(2) കേരള സർക്കാർ പരീക്ഷാ കമ്മീഷണർ നടത്തുന്ന റ്റി.റ്റി.സി പരീക്ഷ വിജയിച്ചിരിക്കണം.

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചതോ ആയ ഏതെങ്കിലും വിഷയത്തിലുള്ള ബിരുദവും കൂടാതെ B.Ed/BT/LT യോഗ്യതയും നേടിയിരിക്കണം.

(3) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

എക്സംപ്ഷൻ ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/എം.ഫിൽ/ പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

**പ്രത്യേക കുറിപ്പ്** (i): ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം

(ii) പൊതു വിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികയിൽ ജോലി ചെയ്യുന്ന നിശ്ചിത സർവ്വീസ് പൂർത്തിയാക്കിയ ജീവനക്കാർക്ക് കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിട്ടില്ലായെങ്കിലും 31.03.2018നുള്ളിൽ കെടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയ്ക്കു വിധേയമായി ഈ തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ് (സ. ഉ. (അച്ചടി)/7/2017/പൊ.വി.വ തീയതി 07.04.2017).

(iii) S.S.L.C ക്ക് പാർട്ട് 1 ലോ പാർട്ട് 2 ലോ മലയാളം പഠിക്കാത്തതോ, പഠന മാധ്യമം മലയാളം' അല്ലാത്തതോ ആയ ഉദ്യോഗാർത്ഥികൾ ഈ തസ്തികയ്ക് അപേക്ഷിയ്ക്കാൻ അർഹരല്ല. [G.O (Rt) 534/02/G.Ed തീയതി 19–3–2002, G.O (Ms) No 44/75/G.Ed തീയതി 29–1–1975].

(iv) എഴുത്തുപരീക്ഷ ഉണ്ടെങ്കിൽ ചോദ്യക്കടലാസ്സ് മലയാളത്തിൽ ആയിരിക്കും. ഉത്തരങ്ങളും മലയാളത്തിൽ തന്നെ എഴുതേണ്ടതാണ്.

4) അപേക്ഷാ തീയതിയിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികയിൽ അഞ്ച് വർഷത്തിൽ കുറയാത്ത സർവ്വീസ് ഉണ്ടായിരിക്കണം. [20-1-2009 ലെ G.O (Ms) No 8/09 പൊ.വി.വ]

NB: KS & SSR ലെ part II റൂൾ 10 (a) ii ഈ തസ്തികയ്ക്ക് ബാധകമായിരിക്കും.

**കുറിപ്പ്:** മേൽപ്പറഞ്ഞ സർവ്വീസ് തെളിയിക്കുന്നതിന് ആഫീസ്/വകുപ്പ് മേലാധികാരിയിൽ നിന്നും താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ ഒരു സർട്ടിഫിക്കറ്റ് (അസ്സൽ) വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും, വിദ്യാഭ്യാസം യോഗ്യത, വയസ് എന്നിവ തെളിയിക്കുന്ന രേഖകളോടൊപ്പം കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

**(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

## കാറ്റഗറി നമ്പർ: 277/2017
## ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി)
## വിദ്യാഭ്യാസം

**1 വകുപ്പ്** : വിദ്യാഭ്യാസം

**2. ഉദ്യോഗപ്പേര്** : ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി)

**3. ശമ്പളം** : ₹ 25200–54000/

**4. ഒഴിവുകളുടെ എണ്ണം**: ജില്ലാടിസ്ഥാനത്തിൽ

| | |
|---|---|
| തിരുവനന്തപുരം | കണക്കാക്കപ്പെട്ടിട്ടില്ല |
| കൊല്ലം | |
| പത്തനംതിട്ട | |
| ആലപ്പുഴ | |
| കോട്ടയം | |
| ഇടുക്കി | |
| എറണാകുളം | |
| തൃശൂർ | |
| പാലക്കാട് | |
| മലപ്പുറം | |
| കോഴിക്കോട് | |
| വയനാട് | |
| കണ്ണൂർ | 2 Fresh |
| കാസർഗോഡ് | 3 Fresh |

**കുറിപ്പ്:** (i) ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയിലും പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലിവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഇതേ ജില്ലയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും റാങ്ക് ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. എന്നാൽ ഒരു റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന പരമാവധി 3 വർഷത്തിനുള്ളിൽ ആ ലിസ്റ്റിൽ നിന്നും ആരും നിയമനത്തിന് ശിപാർശ ചെയ്യപ്പെടുന്നില്ല എങ്കിൽ അങ്ങനെയുള്ള ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടിയോ ഒരാളെയെങ്കിലും നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നതുവരെയോ ഏതാണ് ആദ്യം അതുവരെ ദീർഘിപ്പിക്കുന്നതാണ്.

(ii) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് ഓൺലൈൻ അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽക്കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെ മേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

(iv) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റംഅനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്കു വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായം:** 18–40. ഉദ്യോഗാർത്ഥികൾ 02/01/1977നും 01/01/1999നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃതമായ ഇളവുണ്ടായിരിക്കും.

**കുറിപ്പ് :** യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ :** 1) കേരളത്തിലെ സർവ്വകലാശാലകൾ നൽകുന്നതോ അംഗീകരിച്ചിട്ടുള്ളതോ ആയ ഹിന്ദി ഭാഷയിലുള്ള ബിരുദം.

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലകൾ നൽകുന്നതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യഭാഷ (ഹിന്ദി) പഠനത്തിലുള്ള ടൈറ്റിൽ

**അല്ലെങ്കിൽ**

ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭ (മദ്രാസ്) യുടെ പ്രവീൺ. കൂടാതെ കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നല്കുന്ന എസ്. എസ്. എൽ. സി യോ തത്തുല്യമായ യോഗ്യതയോ ഉണ്ടായിരിക്കണം.

**അല്ലെങ്കിൽ**

കേരള ഹിന്ദി പ്രചാരസഭയുടെ സാഹിത്യാചാര്യയും കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നൽകുന്ന എസ്. എസ്. എൽ. സി യോ തത്തുല്യമായ യോഗ്യതയോ ഉണ്ടായിരിക്കണം.

**അല്ലെങ്കിൽ**

ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭ (മദ്രാസ്) യുടെ രാഷ്ട്രഭാഷാ വിശാരദും (ആർ.ബി.വി) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നൽകുന്ന എസ്. എസ്. എൽ. സി യോ തത്തുല്യമായ യോഗ്യതയോ ഉണ്ടായിരിക്കണം.

**അല്ലെങ്കിൽ**

കേരള ഹിന്ദി പ്രചാര സഭയുടെ ഹിന്ദി ഭൂഷണും കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നൽകുന്ന എസ്.എസ്.എൽ.സി യോ തത്തുല്യമായ യോഗ്യതയോ ഉണ്ടായിരിക്കണം.

2) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

എക്സംപ്ഷൻ ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സി.ടെറ്റ്/നെറ്റ്/സെറ്റ്/എം.ഫിൽ/ പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O.(P)No. 145/16/G.Edn. തീയതി 30.08.2016, GO(P)No 206/16/G.Edn. തീയതി 08.12.2016).

**കുറിപ്പ്:** ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

**കുറിപ്പ്:** കെ.എസ് & എസ്. എസ്.ആർ റൂൾ 10 a (ii) ഈ തസ്തികയ്ക്ക് ബാധകമാണ്.

8. പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ :

(i) നിശ്ചിത യോഗ്യതയുള്ള ജവാന്മാരുടെ ഭാര്യമാർക്ക് ഉദ്യോ

ഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12.02.1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി., 21/01/1978ലെ ജി.ഒ. (എം.എസ്) നമ്പർ 9/78/ജി.എഡ്യൂ എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവന വിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവനരംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ലിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാന്മാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ. (എം.എസ്) നമ്പർ 509/64/എഡ്യൂ. തീയതി 19.09. 1964, ജി.ഒ. (എം.എസ്) നമ്പർ 614/65/എഡ്യൂ. തീയതി 09.11. 1965, ജി.ഒ. (എം.എസ്) നമ്പർ 243/66/എഡ്യൂ. തീയതി 27.05. 1966] ഈ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ താങ്കൾക്ക് ഏതെങ്കിലും രീതിയിലുള്ള മുൻഗണന ലഭിക്കുവാൻ അർഹതയുണ്ടോ എന്നതിൽ ഉണ്ട് എന്ന് തെരഞ്ഞെടുക്കുകയും മുൻഗണന സംബന്ധിച്ച വിശദാംശങ്ങൾ തുടർന്ന് രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

(ii) സംസ്ഥാനത്തെ ഡിപ്പാർട്ടുമെന്റൽ ഹൈസ്കൂളിൽ കുറഞ്ഞ പക്ഷം അഞ്ചുവർഷം സർവ്വീസുള്ള ലാബറട്ടറി അറ്റൻഡർമാരെ അവർക്ക് നിശ്ചിതയോഗ്യതയുള്ള പക്ഷം പ്രായപരിധിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. അവർ സർവ്വീസിൽ പ്രവേശിച്ച തീയതിയും മൊത്തം സേവനകാലവും കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഹെഡ് മാസ്റ്ററിൽ നിന്നും വാങ്ങി കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. സർവ്വീസ് ആനുകൂല്യം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സാമുദായിക സംവരണാനുകൂല്യം ലഭിക്കുന്നതല്ല. (ജി.ഒ.(എം.എസ്) നം 315/62 എഡ്യൂ. തീയതി 14.05.62)

(iii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലുംപെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (ജി.ഒ. (എം.എസ്) നമ്പർ 122/75/ജനറൽ എഡ്യൂക്കേഷൻ തീയതി 27.05.1975). ഈ മുൻഗണന 12.02.1970 ലെ ജി.ഒ (എം.എസ്) 50/70/PD യിലെ നിബന്ധനകൾക്ക് വിധേയമായിരിക്കും.

**കുറിപ്പ് :** താഴെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്നവ ആയ ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കാൻ അവകാശപ്പെടുന്നവർ ആ വിവരം അപേക്ഷയുടെ നിശ്ചിത കോളത്തിൽ രേഖപ്പെടുത്തിയിരിക്കേണ്ടതും അല്ലാത്തപക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുള്ളതുമാകുന്നു. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക).

## കാറ്റഗറി നമ്പർ: 278/2017
## ലൈറ്റ് കീപ്പർ ആന്റ് സിഗ്നലർ
## തുറമുഖം

| | | |
|---|---|---|
| 1 | **വകുപ്പ്** | : തുറമുഖം |
| 2. | ഉദ്യോഗപ്പേര് | : ലൈറ്റ് കീപ്പർ ആന്റ് സിഗ്നലർ |
| 3. | **ശമ്പളം** | : ₹ 18000–41500/ |
| 4. | **ഒഴിവുകളുടെ എണ്ണം:** | ജില്ലാടിസ്ഥാനത്തിൽ ആലപ്പുഴ 1 (ഒന്ന്) |

**കുറിപ്പ്:** (i) ഈ വിജ്ഞാപനപ്രകാരം മുകളിൽ പറഞ്ഞിരിക്കുന്ന ജില്ലയിലേയ്ക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഇതേ ജില്ലയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. എന്നാൽ ഒരു റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന പരമാവധി 3 വർഷത്തിനുള്ളിൽ ആ ലിസ്റ്റിൽ നിന്നും ആരും നിയമനത്തിന് ശിപാർശ ചെയ്യപ്പെടുന്നില്ല എങ്കിൽ അങ്ങനെയുള്ള ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടിയോ ഒരാളെയെങ്കിലും നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നതുവരെയോ ഏതാണ് ആദ്യം അതുവരെ ദീർഘിപ്പിക്കുന്നതാണ്.

(iii) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(iv) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ സർക്കാർ ഉത്തരവ് (എം.എസ്) 154/71/ പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് (എം.എസ്) 4/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായം:** 19–36: ഉദ്യോഗാർത്ഥികൾ 02.01.1981 നും 01.01.1998നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും, നിയമാനുസൃത ഇളവുണ്ടായിരിക്കും.

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക അനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ :** കുറഞ്ഞത് എസ്.എസ്.എൽ.സി നിലവാരത്തിലുള്ള പൊതു വിദ്യാഭ്യാസ യോഗ്യത ഉണ്ടായിരിക്കണം .

**കുറിപ്പ് :** 1) വിമുക്ത ഭടന്മാർക്ക് ഇംഗ്ലീഷ് ഭാഷ എഴുതുവാനും വായിക്കാനുമുള്ള കഴിവ് ഉണ്ടായിരുന്നാൽ മതിയാകും . അത്തരം സന്ദർഭത്തിൽ പ്രസ്തുത ജോലി നിർവഹിക്കാൻ തക്ക വിധത്തിൽ ഇംഗ്ലീഷ് ഭാഷയിൽ പരിജ്ഞാനമുണ്ടെന്ന് തെരഞ്ഞെടുപ്പു നടത്തുന്ന അധികാരികൾ സാക്ഷ്യപ്പെടുത്തിയിരിക്കണം. എന്നാൽ ഇപ്രകാരം നിയമിക്കപ്പെടുന്നവർ ഭരണപരമായ ഉത്തരവാദിത്വമുള്ള പോർട്ട് കൺസർവേറ്റർ തുടങ്ങിയ ഉയർന്ന തസ്തികകളിലേയ്ക്ക് തസ്തിക മാറ്റത്തിനോ ഉദ്യോഗക്കയറ്റത്തിനോ അർഹമല്ല.

2) നിയമിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊബേഷൻ കാലത്തുതന്നെ താഴെപ്പറയുന്ന പരിശീലനം നേടേണ്ടതാണ്.

i) ഇന്റർനാഷണൽ കോഡ് സിഗ്നലിംഗ് സംബന്ധിച്ചും കൊടികളെ സംബന്ധിച്ചും 6 (ആറ്) ആഴ്ചയിൽ കുറയാതെയുള്ള പരിശീലനം

ii) ഇതിനുശേഷം ലൈറ്റ് കീപ്പർ ആന്റ് സിഗ്നലർ ജോലിയിൽ ആറ് ആഴ്ചയിൽ കുറയാതെയുള്ള പരിശീലനം

iii) ഇന്ത്യാ ഗവൺമെന്റിന്റെ ലൈറ്റ് ഹൗസ് വർക്ക്ഷോപ്പിൽ 'AGA' അസറ്റിലിൻ വിളക്കുകൾ ശരിയായി കൈകാര്യം ചെയ്യുന്നതിൽ ആറ് ആഴ്ചയിൽ കുറയാതെയുള്ള പരിശീലനം

3) കാഴ്ച ശക്തി

i) ഉദ്യോഗാർത്ഥികൾക്ക് താഴെപറയും പ്രകാരം കാഴ്ചശക്തി ഉണ്ടായിരിക്കേണ്ടതാണ്.

| | ഇടതുകണ്ണ് | വലതുകണ്ണ് |
|---|---|---|
| ദൂരക്കാഴ്ച | V 6/6 snellen | V 6/6 snellen |
| അടുത്തകാഴ്ച | 0.6 snellen | 0.6 snellen |

കോങ്കണ്ണോ, കണ്ണിനും കൺപോളകൾക്കും മറ്റ് വൈകല്യങ്ങളോ രോഗാവസ്ഥയോ (ഉദാഹരണത്തിന് ട്രാക്കോമ) ഉണ്ടെങ്കിൽ അയോഗ്യതയായി കണക്കാക്കുന്നതാണ്.

ii) പ്രധാനപ്പെട്ട വർണ്ണങ്ങൾ (നിറങ്ങൾ) തിരിച്ചറിയാനുള്ള കഴിവ് ഉണ്ടായിരിക്കേണ്ടതാണ്.

**കുറിപ്പ് :** മേൽപറഞ്ഞ കാഴ്ച ശക്തി തെളിയിക്കുന്നതിന് സിവിൽ സർജൻ Gr II യിൽ കുറയാത്ത റാങ്കിലുള്ള ഒരു ഗവൺമെന്റ് മെഡിക്കൽ ഓഫീസറിൽ നിന്നും മെഡിക്കൽ സർട്ടിഫിക്കറ്റ് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃക ചുവടെ ചേർത്തിരിക്കുന്നു.

### FORM OF MEDICAL CERTIFICATE

Certified that I have this day medically examined Sri/ Smt.......................................... and found that he/she has no disease or infirmtiy, which would render him/her unsuitable for Government Service. His/Her age according to his/her own statement is .................... and by his/her appearance is ..................... and his/her visual standards are recorded below.

| Visual Standards | Right Eye | Left eye |
|---|---|---|
| a) Distant Vision | .............. | ............. |
| Near Vision | .............. | ................. |

b) He has no squint or any morbid condition of the eye or eyelids ( eg. Trachoma) of either eye.

c) Also certified that he/she possesses the abiltiy to distinguish principal colours.

Signature

Place : Name and Designation of the
Date : Medical Officer
(Seal)

Note:- Specification for both eyes should be given separately. Details regarding visual standard should be clearly stated in figures and vague statements such as "Vision Normal" , "Good" will not be accepted.

**കുറിപ്പ്:** KS & SSR Part II Rule 10 (a) (ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 279/2017
## ലാസ്ക്കർ
## ഫിഷറീസ്

| | | |
|---|---|---|
| 1 | **വകുപ്പ്** | : ഫിഷറീസ് |
| 2. | **ഉദ്യോഗപ്പേര്** | : ലാസ്ക്കർ |
| 3. | **ശമ്പളം** | : ₹ 17500–39500/ |
| 4. | **ഒഴിവുകളുടെ എണ്ണം:** | ജില്ലാടിസ്ഥാനത്തിൽ കണ്ണൂർ 01 (ഒന്ന്) |

**കുറിപ്പ്:** (ii) ഈ വിജ്ഞാപനപ്രകാരം കണ്ണൂർ ജില്ലയിലേയ്ക്ക് ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലിവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഇതേ ജില്ലയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. എന്നാൽ ഒരു റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന പരമാവധി 3 വർഷത്തിനുള്ളിൽ ആ ലിസ്റ്റിൽ നിന്നും ആരും നിയമനത്തിന് ശിപാർശ ചെയ്യപ്പെടുന്നില്ല എങ്കിൽ അങ്ങനെയുള്ള ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടിയോ ഒരാളെയെങ്കിലും നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നതുവരെയോ ഏതാണ് ആദ്യം അതുവരെ ദീർഘിപ്പിക്കുന്നതാണ്.

(iii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.71ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആമാറ്റം 02.01.1961ലെ ജി.ഒ.(എം.എസ്) നമ്പർ 4/61/പി.ഡിയിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം .

**6. പ്രായം** : 18–36. ഉദ്യോഗാർത്ഥികൾ 02.01.1981 നും 01.01.1999നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത വയസ്സിളവ് ഉണ്ടായിരിക്കും .

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അമ്പത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II (ഖണ്ഡിക 2)പൊതു വ്യവസ്ഥകൾ നോക്കുക.

**7. യോഗ്യതകൾ :** 1) ഏഴാം സ്റ്റാൻഡേർഡ് പസ്സായിരിക്കണം, എന്നാൽ ബിരുദം ഉണ്ടായിരിക്കാൻ പാടില്ല

2) ഫിഷർമെൻ ട്രെയിനിംഗ് സെന്ററിൽ നിന്നും വിജയകരമായി പരിശീലനം പൂർത്തിയാക്കിയിരിക്കണം

**അല്ലെങ്കിൽ**

ഒരു യന്ത്രവൽകൃത ബോട്ടിൽ മത്സ്യബന്ധനം നടത്തിയ 2 വർഷത്തെ പ്രായോഗിക പരിചയം ഉണ്ടായിരിക്കണം.

**കുറിപ്പ്:** KS&SSR Part II Rule 10 (a) (ii) യിലെ വ്യവസ്ഥകൾ ഈ തസ്തികയുടെ തെരഞ്ഞെടുപ്പിന് ബാധകമായിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 280/2017
## ലാബോറട്ടറി അറ്റൻഡർ
## ഭാരതീയ ചികിത്സാ വകുപ്പ്

| | | |
|---|---|---|
| 1 | **വകുപ്പ്** | : ഭാരതീയ ചികിത്സാ വകുപ്പ് |
| 2. | **ഉദ്യോഗപ്പേര്** | : ലാബോറട്ടറി അറ്റൻഡർ |

## അസാധാരണ ഗസറ്റ് തീയതി: 18 – 08 – 2017 അവസാന തീയതി: 20 – 09 – 2017 രാത്രി 12 മണി വരെ

**3. ശമ്പളം** : ₹ 17,000–37,500/

**4. ഒഴിവുകളുടെ എണ്ണം**: ജില്ലാടിസ്ഥാനത്തിൽ
പാലക്കാട് 01 (ഒന്ന്)
കൊല്ലം 01 (ഒന്ന്)

**കുറിപ്പ് :** (ii) ഈ വിജ്ഞാപനപ്രകാരം പാലക്കാട്, കൊല്ലം ജില്ലകളിലേയ്ക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലിവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഇതേ ജില്ലയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. എന്നാൽ ഒരു റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന പരമാവധി 3 വർഷത്തിനുള്ളിൽ ആ ലിസ്റ്റിൽ നിന്നും ആരും നിയമനത്തിന് ശിപാർശ ചെയ്യപ്പെടുന്നില്ല എങ്കിൽ അങ്ങനെയുള്ള ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടിയോ ഒരാളെയെങ്കിലും നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നതുവരെയോ ഏതാണ് ആദ്യം അതുവരെ ദീർഘിപ്പിക്കുന്നതാണ്.

(iii) ഈ വിജ്ഞാപനപ്രകാരം ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, പ്രസ്തുത ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽക്കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

(iv) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 4/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഇതേ വകുപ്പിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായം** : 18–36. ഉദ്യോഗാർത്ഥികൾ 02.01.1981നും 01.01.1999നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും.

**കുറിപ്പ്:** യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് കക ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ :**

(i) എസ്.എസ്.എൽ.സി ജയിച്ചിരിക്കണം

(ii) ഒരു അംഗീകൃത മെഡിക്കൽ ലാബോറട്ടറിയിൽ നിന്നും ഹെൽപർ/അസിസ്റ്റന്റ് ആയുള്ള രണ്ട് വർഷത്തെ പരിചയം.

**കുറിപ്പ്:** KS & SSR Part II Rule 10 a (ii) ഈ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് ബാധകമാണ്.

ഉദ്യോഗാർത്ഥികൾ തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം

**(പരിചയ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

**കുറിപ്പ്:** (i) ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടു കൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിച്ചിരിക്കണം.

(ii) എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/ മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

## അസാധാരണ ഗസറ്റ് തീയതി: 30 – 08 – 2017 അവസാന തീയതി: 4 – 10 – 2017 രാത്രി 12 മണി വരെ

## ജനറൽ റിക്രൂട്ട്മെന്റ് (സംസ്ഥാനതലം)

### കാറ്റഗറി നമ്പർ: 324/2017
### അസിസ്റ്റന്റ് പ്രൊഫസർ – നഴ്സിംഗ്
### മെഡിക്കൽ വിദ്യാഭ്യാസം
### രണ്ടാം വിഭാഗം (നേരിട്ടുള്ള നിയമനം)

**1 വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം

**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രൊഫസർ–നഴ്സിംഗ്

**3. ശമ്പളം** : യു. ജി.സി മാനദണ്ഡമനുസരിച്ച്

**4. ഒഴിവുകളുടെ എണ്ണം** : പ്രതീക്ഷിത ഒഴിവുകൾ (1:1 അനുപാതത്തിൽ തസ്തിക മാറ്റം വഴിയും, നേരിട്ടുമുള്ള നിയമനത്തിനും)

**കുറിപ്പ്:** 1. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും, ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും, ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

2 17.10.2012 തീയതിയിലെ G.O.(P) No. 61/2012/SWD ഉത്തരവ് പ്രകാരം 3 % ഒഴിവുകൾ ഭിന്നശേഷിയുള്ള (ചലനവൈകല്യമുള്ളവർ /സെറിബ്രൽ പാൾസി ബാധിച്ചവർ/ ശ്രവണവൈകല്യമുള്ളവർ / കുറഞ്ഞകാഴ്ചയുള്ളവർ) ഉദ്യോഗാർത്ഥികൾക്കായി നീക്കിവച്ചിരിക്കുന്നു.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം

**6 പ്രായം** : 01.01.2017 ൽ 22 (ഇരുപത്തിരണ്ട്) വയസ്സ് തികഞ്ഞിരിക്കേണ്ടതും 41 (നാൽപ്പത്തൊന്ന്) വയസ്സ് തികയാൻ പാടില്ലാത്തതുമാകുന്നു.

ഉദ്യോഗാർത്ഥികൾ 02.01.1976 നും 01.01.1995 നും ഇടയിൽ ജനിച്ചവരായിരിക്കണം(രണ്ട് തീയതികളും ഉൾപ്പെടെ). മറ്റ് പിന്നോക്കം, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും.യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 ( അൻപത്) വയസ്സിൽ കവിയാൻ പാടില്ല. (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ അനുബന്ധം രണ്ടാം ഖണ്ഡിക നോക്കുക)

**7. യോഗ്യതകൾ** : കേരള നഴ്സിംഗ് കൗൺസിലോ ഇന്ത്യൻ നഴ്സിംഗ് കൗൺസിലോ അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും ഒരു സർവ്വകലാശാലയിൽ നിന്നും ലഭിച്ച നഴ്സിംഗിലുള്ള എം. എസ്.സി. ബിരുദം.

നഴ്സിംഗ് കൗൺസിലിൽ സ്ഥിരം രജിസ്ട്രേഷൻ (കേരള നഴ്സിംഗ് കൗൺസിലിന്റെ രജിസ്ട്രേഷൻ ഇല്ലാത്തവർക്കും അപേക്ഷിക്കാവുന്നതാണ്. എന്നാൽ അവർ നിയമനം ലഭിക്കുന്നതിനു മുമ്പ് കേരള നഴ്സിംഗ് കൗൺസിലിന്റെ രജിസ്ട്രേഷൻ നേടിയിരിക്കണം)

**കുറിപ്പ്:** 1. തസ്തികമാറ്റം വഴിയുള്ള നിയമനവും, നേരിട്ടുള്ള നിയമനവും 1:1 എന്ന അനുപാതത്തിലാണ് നടത്തുന്നത്.

2. തസ്തികമാറ്റം വഴിയുള്ള നിയമനത്തിനും നേരിട്ടുള്ള നിയമനത്തിനും അപേക്ഷിക്കുന്നവർ ഓരോന്നിനും പ്രത്യേകം പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

3. KS & SSR പാർട്ട് II -ലെ റൂൾ 10(a)(ii) ബാധകമാണ്.

### കാറ്റഗറി നമ്പർ: 325/2017
### അസിസ്റ്റന്റ് പ്രൊഫസർ – നഴ്സിംഗ്
### മെഡിക്കൽ വിദ്യാഭ്യാസം
### ഒന്നാം വിഭാഗം (തസ്തികമാറ്റം വഴിയുള്ള നിയമനം)

**1 വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം

**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രൊഫസർ–നഴ്സിംഗ്

**3. ശമ്പളം** : യു. ജി.സി മാനദണ്ഡമനുസരിച്ച്

**4. ഒഴിവുകളുടെ എണ്ണം** : 2 (രണ്ട്)(1:1 അനുപാതത്തിൽ തസ്തിക മാറ്റം വഴിയും, നേരിട്ടുമുള്ള നിയമനത്തിനും)

**കുറിപ്പ്:** മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും, ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും, ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം :

സഴ്സിംഗ് കോളേജിലെയോ, ആരോഗ്യ വകുപ്പിലെയോ നഴ്സിംഗ് സൂപ്രണ്ട് / സിസ്റ്റർ ട്യൂട്ടർ/ ഹെഡ് നഴ്സ്/ സ്റ്റാഫ് നഴ്സ് എന്നീ തസ്തികകളിലുള്ള യോഗ്യരായവരിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനം.

**6 പ്രായം** : ഉയർന്ന പ്രായപരിധി ഈ നിയമനരീതിക്ക് ബാധകമല്ല.

**7. യോഗ്യതകൾ** :കേരള നഴ്സിംഗ് കൗൺസിലോ ഇന്ത്യൻ നഴ്സിംഗ് കൗൺസിലോ അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും ഒരു സർവ്വകലാശാലയിൽ നിന്നും ലഭിച്ച നഴ്സിംഗിലുള്ള എം. എസ്.സി. ബിരുദം.

നഴ്സിംഗ് കൗൺസിലിൽ സ്ഥിരം രജിസ്ട്രേഷൻ (കേരള നഴ്സിംഗ് കൗൺസിലിന്റെ രജിസ്ട്രേഷൻ ഇല്ലാത്തവർക്കും അപേക്ഷിക്കാവുന്നതാണ്. എന്നാൽ അവർ നിയമനം ലഭിക്കുന്നതിനു മുമ്പ് കേരള നഴ്സിംഗ് കൗൺസിലിന്റെ രജിസ്ട്രേഷൻ നേടിയിരിക്കണം)

ഒരു വർഷത്തിൽ കുറയാത്ത ആക്ടീവ് സർവ്വീസുള്ള ഇൻസർവ്വീസ് ഉദ്യോഗാർത്ഥികൾക്ക് മാത്രമേ തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് അർഹതയുള്ളൂ

**കുറിപ്പ്:** തസ്തികമാറ്റം വഴിയുള്ള നിയമനവും, നേരിട്ടുള്ള നിയമനവും 1:1 എന്ന അനുപാതത്തിലാണ് നടത്തുന്നത്. തസ്തികമാറ്റം വഴിയുള്ള നിയമനത്തിനും നേരിട്ടുള്ള നിയമനത്തിനും അപേക്ഷിക്കുന്നവർ ഓരോന്നിനും പ്രത്യേകം പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് യോഗ്യരായവരുടെ അഭാവത്തിൽ ആ ഒഴിവുകൾ നേരിട്ടുള്ള നിയമനം വഴി (രണ്ടാം വിഭാഗത്തിൽ നിന്ന് )നികത്തുന്നതാണ്.

തസ്തികമാറ്റം വഴിയുള്ള നിയമനങ്ങൾക്ക് കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെ 14 മുതൽ 17 വരെ ചട്ടങ്ങളിൽ അനുശാസിക്കുന്ന സംവരണ വ്യവസ്ഥകൾ ബാധകമല്ല. ഉദ്യോഗാർത്ഥികളുടെ പേരുകൾ റാങ്ക് ലിസ്റ്റിൽ മെരിറ്റടിസ്ഥാനത്തിൽ രേഖപ്പെടുത്തുകയും നിയമനശിപാർശ നൽകുകയും ചെയ്യുന്നതാണ്.

തസ്തികമാറ്റം വഴി അപേക്ഷിക്കുന്നവർ അതാത് കേഡറുകളിൽ ഉള്ള അവരുടെ സേവന ദൈർഘ്യം തെളിയിക്കുന്നതിന് ആഫീസ് മേധാവിയിൽ നിന്നോ, വകുപ്പ് മേധാവിയിൽ നിന്നോ ലഭിച്ച ഒരു സർവ്വീസ് സർട്ടിഫിക്കറ്റ് (അസ്സൽ) വാങ്ങി സൂക്ഷിക്കേണ്ടതും, കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

KS & SSR പാർട്ട് II -ലെ റൂൾ 10(a)(ii) ബാധകമാണ്.

**സർവ്വീസ് സർട്ടിഫിക്കറ്റിന്റെ മാതൃക ചുവടെ ചേർക്കുന്നു. (സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ് സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

### കാറ്റഗറി നമ്പർ: 326/2017
### അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ് II
### കേരള സംസ്ഥാന അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടേഴ്സ് സർവ്വീസ്

**1 വകുപ്പ്** : കേരള സംസ്ഥാന അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടേഴ്സ് സർവ്വീസ്

## അസാധാരണ ഗസറ്റ് തീയതി: 30-08-2017 അവസാന തീയതി: 4-10 -2017 രാത്രി 12 മണി വരെ

**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ് -II

**3. ശമ്പളം** : ₹ 40500-87000/

**4. ഒഴിവുകളുടെ എണ്ണം** : 2 (രണ്ട്)

**കുറിപ്പ്:** 09.09.13 ലെ G.O(P) No: 74/13/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ചലനവൈകല്യമുള്ളവർ എന്ന വിഭാഗത്തിൽ പ്പെടുന്ന ഭിന്നശേഷിയുള്ളവർക്കായി ഒഴിവുകളുടെ 3% സംവരണം ചെയ്തിരിക്കുന്നു.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം

**6 പ്രായം** : 18-36

ഉദ്യോഗാർത്ഥികൾ 02.01.1981 നും 01.01.1999 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ)

മറ്റ് പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/ പട്ടികവർഗ്ഗം എന്നീ വിഭാഗങ്ങളിലുള്ളവർക്കും പ്രായപരിധിയിൽ നിയമാനുസൃത ഇളവുണ്ടായിരിക്കും (വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

**7 യോഗ്യതകൾ** : 1) നിയമ ബിരുദം

2) ബാർ കൗൺസിലിൽ അംഗത്വവും ക്രിമിനൽ കോടതികളിൽ അഭിഭാഷക വൃത്തിയിൽ മൂന്ന് വർഷത്തിൽ കുറയാതെയുള്ള പരിചയവും (Active practice) നേടിയിരിക്കണം

**കുറിപ്പ്:** i) ബാറിൽ എൻറോൾ ചെയ്തു എന്നു കാണിക്കുന്ന ബാർ കൗൺസിലിൽ നിന്നുള്ള സർട്ടിഫിക്കറ്റും 2017 ജനുവരിമാസം ഒന്നാം തീയതിയിൽ മൂന്ന് വർഷത്തിൽ കുറയാതെയുള്ള കാലം ക്രിമിനൽ കോടതിയിൽ അഭിഭാഷകനായി സജീവ സേവനം അനുഷ്ഠിച്ചു (Active practice) എന്നു കാണിക്കുന്ന പരിചയ സർട്ടിഫിക്കറ്റ് ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റിൽ കുറയാത്ത റാങ്കിലുള്ള ജുഡീഷ്യൽ ആഫീസറിൽ നിന്നും ഹാജരാക്കേണ്ടതാണ്.

**8 പരിശീലനം** i അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ് II തസ്തികയിൽ നിയമനം ലഭിക്കുന്നവർ നിയമനം ലഭിക്കുന്ന തീയതി മുതൽ തുടർച്ചയായി ആറുമാസക്കാലം പരിശീലനത്തിലായിരിക്കും

ii പരിശീലനത്തിന് തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തികൾക്ക്, പരിശീലന കാലയളവിൽ, സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിച്ചിട്ടുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ ടി കാലയളവ് ഇൻക്രിമന്റ് നിശ്ചയിക്കുന്നതിന് പരിഗണിക്കുന്നതല്ല.

**9 പ്രൊബേഷൻ:** ഈ ഉദ്യോഗത്തിന് നിയമിക്കപ്പെടുന്നവർ പരിശീലനത്തിനുശേഷം അവർ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി 3 വർഷക്കാലയളവിനുള്ളിൽ രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കും

10. പരീക്ഷ ഈ ഉദ്യോഗത്തിന് നിയമിക്കപ്പെടുന്നവർ പ്രൊബേഷൻ കാലയളവിനുള്ളിൽ കേരള സംസ്ഥാനത്തിലെ എക്സിക്യൂട്ടീവ് ഓഫീസർമാർക്കുള്ള അക്കൗണ്ട് ടെസ്റ്റ് അല്ലെങ്കിൽ അക്കൗണ്ട് ടെസ്റ്റ് (ലോവർ) പാസ്സായിരിക്കണം

**കുറിപ്പ്:** സബോർഡിനേറ്റ് ആഫീസർമാർക്കുള്ള അക്കൗണ്ട് ടെസ്റ്റ് പാർട്ട് 1 അല്ലെങ്കിൽ എക്സിക്യൂട്ടീവ് ആഫീസർമാർക്കുള്ള (മദ്രാസ്) അക്കൗണ്ട് ടെസ്റ്റ് പാസ്സായിട്ടുള്ളവർ മുകളിൽ വിവരിച്ചിട്ടുള്ള പരീക്ഷകൾ പാസ്സാകേണ്ടതില്ല.

11 കരാർ ഈ ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നവർ പരിശീലനത്തിന് മുമ്പായി താഴെ പറയുന്ന വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ട് സർക്കാർ നിശ്ചയിച്ച മാതൃകയിലുള്ള കരാറിൽ ഒപ്പ് വെയ്ക്കേണ്ടതാണ്.

i അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയുടെ നിയമനത്തിനായുള്ള പരിശീലനം മുഴുവനും പൂർത്തിയാക്കേണ്ടതാണ്.

ii പരിശീലനത്തിനുശേഷം സർക്കാർ നിശ്ചയിക്കുന്ന കാലയളവിൽ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ പദവിയിൽ സർക്കാരിനെ സേവിക്കേണ്ടതാണ്.

iii ആരോഗ്യപ്രശ്നങ്ങൾ മൂലമല്ലാതെ മറ്റ് ഏതെങ്കിലും കാരണത്താൽ പരിശീലന കാലയളവിൽ ടി ഉദ്യോഗം രാജിവെച്ചാൽ ടി കാലയളവിൽ കൈപ്പറ്റിയ എല്ലാ ആനുകൂല്യങ്ങളും സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. ആരോഗ്യപ്രശ്നങ്ങൾ മൂലം ഉദ്യോഗം രാജിവയ്ക്കുന്നവർ സിവിൽ സർജന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ആഫീസർ നൽകിയ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

## കാറ്റഗറി നമ്പർ: 327/2017
## ലക്ചറർ ഇൻ ആർക്കിടെക്ചർ
## സാങ്കേതിക വിദ്യാഭ്യാസം (പോളിടെക്നിക്സ്)

**1 വകുപ്പ്** : സാങ്കേതിക വിദ്യാഭ്യാസം (പോളിടെക്നിക്സ്)

**2 ഉദ്യോഗപ്പേര്** : ലക്ചറർ ഇൻ ആർക്കിടെക്ചർ

**3 ശമ്പളം** : ₹15600-39100/

(AICTE Pay band with AGP-5400)

**4 ഒഴിവുകളുടെ എണ്ണം** : രണ്ട് (2)

**കുറിപ്പ്:** മൂന്ന് ശതമാനം (3%) ഒഴിവുകൾ വികലാംഗരായ ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു. [ജി.ഒ.(പി) നമ്പർ 61/2012 എസ്.ഡബ്ല്യൂ.ഡി തീയതി 17.10.2012 പ്രകാരം Locomotor disabiltiy/ Cerbral Pasly, Low Vision.]

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും, ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം

**6 പ്രായം** : (20-39) ഉദ്യോഗാർത്ഥികൾ 02.01.1978 നും 01.01.1997 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക).

**7. യോഗ്യതകൾ:** ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും റഗുലർ വിദ്യാഭ്യാസത്തിനു ശേഷം ബന്ധപ്പെട്ട എഞ്ചിനീയറിംഗ്/ടെക്നോളജിയിൽ നേടിയിട്ടുള്ള ഒന്നാം ക്ലാസ് ബിരുദം

**കുറിപ്പ് :** KS&SSR Part II Rule 10(a)(ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 328/2017 - 341/2017
## ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകൻ (ജൂനിയർ)
## കേരള ഹയർ സെക്കണ്ടറി എഡ്യുക്കേഷൻ

**1 വകുപ്പ്** : കേരള ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ

**2 ഉദ്യോഗപ്പേര്** : ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകൻ (ജൂനിയർ)

(താഴെപ്പറയുന്ന വിഷയങ്ങളിൽ)

| ക്രമ നമ്പർ | കാറ്റഗറി നമ്പർ | വിഷയം |
|---|---|---|
| 1 | 328/17 | മലയാളം |
| 2 | 329/17 | ഹിന്ദി |
| 3 | 330/17 | അറബിക് |
| 4 | 331/17 | മാത്തമാറ്റിക്സ് |
| 5 | 332/17 | ഫിസിക്സ് |
| 6 | 333/17 | കെമിസ്ട്രി |
| 7 | 334/17 | ബോട്ടണി |
| 8 | 335/17 | സുവോളജി |
| 9 | 336/17 | ജോഗ്രഫി |
| 10 | 337/17 | ഹിസ്റ്ററി |
| 11 | 338/17 | ഇക്കണോമിക്സ് |
| 12 | 339/17 | കോമേഴ്സ് |
| 13 | 340/17 | സോഷ്യോളജി |
| 14 | 341/17 | കമ്പ്യൂട്ടർ സയൻസ് |

**3 ശമ്പളം** : ₹ 32300-68700/

**4 ഒഴിവുകളുടെ എണ്ണം** : പ്രതീക്ഷിത ഒഴിവുകൾ

ഓരോ വിഷയങ്ങൾക്കും പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും, ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്ക് ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം

**6 പ്രായം** : 1. (20-40) ഉദ്യോഗാർത്ഥികൾ 02.01.1977 നും 01.01.1997 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടാ യിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക).

2.ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിലെ നിശ്ചിത യോഗ്യതയുള്ള മിനിസ്റ്റീരിയൽ ജീവനക്കാർക്ക് ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ തസ്തികയുടെ നേരിട്ടുള്ള നിയമനത്തിന് അപേക്ഷിക്കുന്നതിന് 01/01/2017ൽ 43 (നാല്പ്പത്തി മൂന്ന് )വയസ്സ് തികയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്.

**കുറിപ്പ് :** ആകെ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിൽ 3% ഒഴിവുകൾ ഭിന്നശേഷിയുള്ള (1. Arts , Commerce വിഷയങ്ങൾക്ക് - locomotor disabiltiy/cerebral pasly, blindness, low vision 2. സയൻസ് വിഷയങ്ങൾക്ക് - locomotor disabiltiy/cerebral pasly, low vision) ഉദ്യോഗാർത്ഥികൾക്കായി നീക്കിവച്ചിരിക്കുന്നു. (G.O.(P) No.61/2012/SWD dated 17.10.12)

**7. യോഗ്യതകൾ** (ക്രമ നമ്പർ 1 - 3)

1 മലയാളം 328/17
2 ഹിന്ദി 329/17
3 അറബിക് 330/17

I കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാലയിൽ നിന്നും 50 ശതമാനം മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള യോഗ്യതയോ നേടിയിരിക്കണം.

II 1 കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബി.എഡോ കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല ബന്ധപ്പെട്ട വിഷയത്തിൽ തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ നേടിയിരിക്കണം.

2 ബന്ധപ്പെട്ട വിഷയത്തിൽ ബി.എഡ് ബിരുദം നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലും ഒരു സർവകലാശാലയിൽ നിന്നും ബന്ധപ്പെട്ട ഫാക്കൽറ്റിയിൽ നേടിയ ബി.എഡ് ബിരുദം (B.Ed. Degree acquired in the concerned facutly as specified in the Acts and Statutes of any of the Universities in Kerala).

3 മുകളിൽ സൂചിപ്പിച്ച ഇനം ഒന്നിലും രണ്ടിലും പരാമർശിക്കുന്ന ബി. എഡ്. ബിരുദം നേടിയ വ്യക്തികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ഏതെങ്കിലും ഒരു വിഷയത്തിൽ നേടിയ ബി.എഡ്. ബിരുദമോ അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ഇതിന് തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ ഉണ്ടായിരിക്കണം.

III കേരള സർക്കാർ നേരിട്ടോ കേരള സർക്കാർ അധികാരപ്പെടുത്തിയ ഒരു ഏജൻസി മുഖേനയോ ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപക നിയമനത്തിനായി നടത്തുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) പാസ്സായിരിക്കണം.

**കുറിപ്പ് :** 1 KS&SSR Part II Rule 10(a)(ii) ബാധകമാണ്.

2 ബി.എഡ് ബിരുദ യോഗ്യതയുള്ളവരുടെ അഭാവത്തിൽ 50% മാർക്കിൽ കുറയാതെയുള്ള ബിരുദാനന്തര ബിരുദവും സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റും (സെറ്റ്) പാസ്സായ ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതാണ്.

പി.എച്ച്.ഡി ബിരുദമോ എം.ഫിൽ ബിരുദമോ നേടിയിട്ടുള്ളവർക്കും ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ് / നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് (നെറ്റ്) യോഗ്യതയോ നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്കും മുൻഗണന നൽകുന്നതാണ്. ഈ വ്യവസ്ഥ പ്രകാരം നിയമിക്കപ്പെടുന്ന അദ്ധ്യാപകർ നിയമിക്കപ്പെടുന്ന തീയതി മുതൽ അഞ്ചു വർഷത്തിനുള്ളിൽ സ്വന്തം ചെലവിൽ ബി.എഡ് ബിരുദം നേടിയിരിക്കണം

3 ലാംഗ്വേജ് ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ് പാസ്സായിട്ടുള്ള ഉദ്യോഗാർത്ഥികളെ ബി.എഡ് യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

4 കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള എം.എഡ് ബിരുദം നേടിയ ഉദ്യോഗാർത്ഥികളെ ബി.എഡ് യോഗ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ക്രമ നമ്പർ 4-9 )

4 മാത്തമാറ്റിക്സ് 331/17
5ഫിസിക്സ് 332/17
6കെമിസ്ട്രി 333/17
7ബോട്ടണി 334/17
8സുവോളജി 335/17
9ജോഗ്രഫി 336/17

I കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാലയിൽ നിന്നും 50 ശതമാനം മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള യോഗ്യതയോ നേടി

യിരിക്കണം.

II 1 കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബി.എഡോ കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല ബന്ധപ്പെട്ട വിഷയത്തിൽ തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ നേടിയിരിക്കണം.

2 ബന്ധപ്പെട്ട വിഷയത്തിൽ ബി.എഡ് ബിരുദം നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലും ഒരു സർവകലാശാലയിൽ നിന്നും ബന്ധപ്പെട്ട ഫാക്കൽറ്റിയിൽ നേടിയ ബി.എഡ് ബിരുദം (B.Ed. Degree acquired in the concerned facutly as specified in the Acts and Statutes of any of the Universities in Kerala).

3 മുകളിൽ സൂചിപ്പിച്ച ഇനം ഒന്നിലും രണ്ടിലും പരാമർശിക്കുന്ന ബി. എഡ്. ബിരുദം നേടിയ വ്യക്തികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ഏതെങ്കിലും ഒരു വിഷയത്തിൽ നേടിയ ബി.എഡ്. ബിരുദമോ അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ഇതിന് തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ ഉണ്ടായിരിക്കണം.

**അല്ലെങ്കിൽ**

നാഷണൽ കൗൺസിൽ ഫോർ എഡ്യുക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിങ് (എൻ.സി.ഇ.ആർ.ടി) സ്പോൺസർ ചെയ്യുന്ന ഏതെങ്കിലും റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷനിൽ (പ്രാദേശിക വിദ്യാഭ്യാസ സ്ഥാപനം) നിന്നും ബന്ധപ്പെട്ട വിഷയത്തിൽ 50% ൽ കുറയാത്ത മാർക്കോടെ നേടിയ എം. എസ് .സി. എഡോ പാസ്സായിരിക്കണം

III കേരള സർക്കാർ നേരിട്ടോ കേരള സർക്കാർ അധികാരപ്പെടുത്തിയ ഒരു ഏജൻസി മുഖേനയോ ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപക നിയമനത്തിനായി നടത്തുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) പാസ്സായിരിക്കണം.

**കുറിപ്പ്:**1 KS&SSR Part II Rule 10(a)(ii) ബാധകമാണ്.

2 കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള എം.എഡ് ബിരുദം നേടിയ ഉദ്യോഗാർത്ഥികളെ ബി.എഡ് യോഗ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ക്രമ നമ്പർ 10 11 )

10 ഹിസ്റ്ററി 337/17
11 ഇക്കണോമിക്സ് 338/17

I കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാലയിൽ നിന്നും 50 ശതമാനം മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള യോഗ്യതയോ നേടിയിരിക്കണം.

II 1 കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബി.എഡോ കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല ബന്ധപ്പെട്ട വിഷയത്തിൽ തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ നേടിയിരിക്കണം.

2 ബന്ധപ്പെട്ട വിഷയത്തിൽ ബി.എഡ് ബിരുദം നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലും ഒരു സർവകലാശാലയിൽ നിന്നും ബന്ധപ്പെട്ട ഫാക്കൽറ്റിയിൽ നേടിയ ബി.എഡ് ബിരുദം (B.Ed. Degree acquired in the concerned facutly as specified in the Acts and Statutes of any of the Universities in Kerala).

3 മുകളിൽ സൂചിപ്പിച്ച ഇനം ഒന്നിലും രണ്ടിലും പരാമർശിക്കുന്ന ബി. എഡ്. ബിരുദം നേടിയ വ്യക്തികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽനിന്നും റഗുലർ പഠനത്തിലൂടെ ഏതെങ്കിലും ഒരു വിഷയത്തിൽ നേടിയ ബി.എഡ്. ബിരുദമോ അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ഇതിന് തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ ഉണ്ടായിരിക്കണം.

III കേരള സർക്കാർ നേരിട്ടോ കേരള സർക്കാർ അധികാരപ്പെടുത്തിയ ഒരു ഏജൻസി മുഖേനയോ ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപക നിയമനത്തിനായി നടത്തുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) പാസ്സായിരിക്കണം.

**കുറിപ്പ്:** 1 KS&SSR Part II Rule 10(a)(ii) ബാധകമാണ്.

2 കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള എം.എഡ് ബിരുദം നേടിയ ഉദ്യോഗാർത്ഥികളെ ബി.എഡ് യോഗ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ക്രമ നമ്പർ 12 13 )

12 കോമേഴ്സ് 339/17
13 സോഷ്യോളജി 340/17

I കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാലയിൽ നിന്നും 50 ശതമാനം മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള യോഗ്യതയോ നേടിയിരിക്കണം.

II 1 കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബി.എഡോ കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല ബന്ധപ്പെട്ട വിഷയത്തിൽ തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ നേടിയിരിക്കണം.

2 ബന്ധപ്പെട്ട വിഷയത്തിൽ ബി.എഡ് ബിരുദം നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലും ഒരു സർവകലാശാലയിൽ നിന്നും ബന്ധപ്പെട്ട ഫാക്കൽറ്റിയിൽ നേടിയ ബി.എഡ് ബിരുദം (B.Ed. Degree acquired in the concerned facutly as specified in the Acts and Statutes of any of the Universities in Kerala).

3 മുകളിൽ സൂചിപ്പിച്ച ഇനം ഒന്നിലും രണ്ടിലും പരാമർശിക്കുന്ന ബി. എഡ്. ബിരുദം നേടിയ വ്യക്തികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽനിന്നും റഗുലർ പഠനത്തിലൂടെ ഏതെങ്കിലും ഒരു വിഷയത്തിൽ നേടിയ ബി.എഡ്. ബിരുദമോ അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ഇതിന് തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ ഉണ്ടായിരിക്കണം.

III കേരള സർക്കാർ നേരിട്ടോ കേരള സർക്കാർ അധികാരപ്പെടുത്തിയ ഒരു ഏജൻസി മുഖേനയോ ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപക നിയമനത്തിനായി നടത്തുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) പാസ്സായിരിക്കണം.

**കുറിപ്പ് :** 1 KS&SSR Part II Rule 10(a)(ii) ബാധകമാണ്.

2 ബി.എഡ് ബിരുദ യോഗ്യതയുള്ളവരുടെ അഭാവത്തിൽ 50% മാർക്കിൽ കുറയാതെയുള്ള ബിരുദാനന്തര ബിരുദവും സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റും (സെറ്റ്) പാസ്സായ ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതാണ്.

പി.എച്ച്.ഡി ബിരുദമോ എം.ഫിൽ ബിരുദമോ നേടിയിട്ടുള്ളവർക്കും ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ് / നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് (നെറ്റ്) യോഗ്യതയോ നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്കും മുൻഗണന നൽകുന്നതാണ്. ഈ വ്യവസ്ഥ പ്രകാരം നിയമിക്കപ്പെടുന്ന അദ്ധ്യാപകർ നിയമിക്കപ്പെടുന്ന തീയതി മുതൽ അഞ്ചു വർഷത്തിനുള്ളിൽ സ്വന്തം ചെലവിൽ ബി.എഡ് ബിരുദം നേടിയിരിക്കണം

2 കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള എം.എഡ് ബിരുദം നേടിയ ഉദ്യോഗാർത്ഥികളെ ബി.എഡ് യോഗ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ക്രമ നമ്പർ 14 )

14 കമ്പ്യൂട്ടർ സയൻസ് 341/17

1 ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും 50 ശതമാനം മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിൽ എഞ്ചിനീയറിംഗിലോ ടെക്നോളജിയിലോ നേടിയ ബിരുദാനന്തര ബിരുദം / കമ്പ്യൂട്ടർ സയൻസ് , കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് അല്ലെങ്കിൽ ഇൻഫർമേഷൻ ടെക്നോളജി, സോഫ്റ്റ് വെയർ എഞ്ചിനീയറിംഗ് എന്നിവയിൽ ഏതിലെങ്കിലും 50% മാർക്കിൽ കുറയാതെ ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും നേടിയ എം.ടെക് ബിരുദം.

**അല്ലെങ്കിൽ**

ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ/ കമ്പ്യൂട്ടർ സയൻസിൽ/ ഇൻഫർമേഷൻ ടെക്നോളജിയിൽ 50% മാർക്കിൽ കുറയാതെ നേടിയ ബിരുദാനന്തരബിരുദം.

2 മുകളിൽ ഇനം ഒന്നിൽ പറയുന്ന യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും കമ്പ്യൂട്ടർ സയൻസ് /കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്/ ഇൻഫർമേഷൻ ടെക്നോളജി എന്നിവയിൽ ഏതിലെങ്കിലും 50% മാർക്കിൽ കുറയാതെ നേടിയ ബി.ടെക് / ബാച്ചിലർ ഓഫ് എഞ്ചിനീയറിംഗ് ബിരുദം.

**അല്ലെങ്കിൽ**

ഏതെങ്കിലും ബ്രാഞ്ചിൽ 50% മാർക്കിൽ കുറയാതെ നേടിയ ബി.ടെക് / ബാച്ചിലർ ഓഫ് എഞ്ചിനീയറിംഗ് ബിരുദവും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നോ അല്ലെങ്കിൽ ലാൽ ബഹാദൂർ ശാസ്ത്രി സെൻറർ ഫോർ സയൻസ് & ടെക്നോളജി/ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്പ്മെൻറ് അല്ലെങ്കിൽ 'എ' ലെവൽ അക്രഡിറ്റേഷൻ ഉള്ള ഡിപ്പാർട്ടമെന്റ് ഓഫ് ഇലക്ട്രോണിക്സിൽ നിന്നോ കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ നേടിയ ബിരുദാനന്തര ഡിപ്ലോമയും

**അല്ലെങ്കിൽ**

മാത്തമാറ്റിക്സ്/ ഫിസിക്സ് എന്നീ വിഷയങ്ങളിൽ 50% മാർക്കിൽ കുറയാതെ നേടിയ ബിരുദാനന്തര ബിരുദവും ഒരു അംഗീകൃത സർവ്വകലാശാല/ലാൽ ബഹാദൂർ ശാസ്ത്രി സെൻറർ ഫോർ സയൻസ് & ടെക്നോളജി / ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്പ്മെൻറ് അല്ലെങ്കിൽ ' എ ' ലെവൽ അക്രഡിറ്റേഷനോടു കൂടിയ ഡിപ്പാർട്ടമെന്റ് ഓഫ് ഇലക്ട്രോണിക്സിൽ നിന്നും കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ നേടിയ ബിരുദാനന്തര ഡിപ്ലോമയും

**അല്ലെങ്കിൽ**

ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ഇലക്ട്രോണിക്സ് ആൻറ് ടെലികമ്മ്യൂണിക്കേഷനിൽ/ ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗിൽ 50% മാർക്കിൽ കുറയാതെ നേടിയ എം.ടെക് ബിരുദം.

**അല്ലെങ്കിൽ**

50% മാർക്കിൽ കുറയാതെ കമ്പ്യൂട്ടർ സയൻസിലുള്ള ബി. എസ്.സി ബിരുദവും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നോ അല്ലെങ്കിൽ ലാൽ ബഹാദൂർ ശാസ്ത്രി സെൻറർ ഫോർ സയൻസ് & ടെക്നോളജി / ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്പ്മെൻറ്/'എ' ലെവൽ അക്രഡിറ്റേഷനോടു കൂടിയ ഡിപ്പാർട്ടമെന്റ് ഓഫ് ഇലക്ട്രോണിക്സിൽ നിന്നോ കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ നേടിയ ബിരുദാനന്തര ഡിപ്ലോമയും

**അല്ലെങ്കിൽ**

50% മാർക്കിൽ കുറയാതെ നേടിയ എം.എസ്. സി സ്റ്റാറ്റിസ്റ്റിക്സും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ നേടിയ ബിരുദാനന്തര ഡിപ്ലോമയും

**പ്രത്യേക ഇളവുകൾ**

1 കേരള സർക്കാർ നടത്തുന്ന കോളേജ് ലക്ചറർ തസ്തിക നിയമനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സ്റ്റേറ്റ് ലവൽ എലിജിബിലിറ്റി ടെസ്റ്റ് ജയിച്ച ഉദ്യോഗാർത്ഥികളെ ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപക നിയമനത്തിന് നിഷ്കർഷിച്ചിരിക്കുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) ജയിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

2 നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് പരീക്ഷയോ ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പോ ജയിച്ച ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് വിജയിക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

3 പി.എച്ച്.ഡി/എം.എഡ്./കേരളത്തിലെ ഏതെങ്കിലും ഒരംഗീകൃത സർവ്വകലാശാലയിൽ നിന്നും ബന്ധപ്പെട്ട വിഷയത്തിൽ നേടിയ എം.എഫിൽ അല്ലെങ്കിൽ തത്തുല്യ യോഗ്യതയോ നേടിയ ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് ജയിച്ചിരിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

4 പൊതുവിദ്യാഭ്യാസ വകുപ്പിൽ ഹൈസ്ക്കൂൾ തലത്തിൽ പത്തു വർഷത്തെ അംഗീകൃത അദ്ധ്യാപന പരിചയം പൂർത്തിയാക്കിയ അദ്ധ്യാപകരെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് പാസ്സാകണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കുന്നതാണ്.

5 13.11.15ലെ G.O.(Ms) No.288/15/Gl.Edn. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എസ്.സി./എസ്.റ്റി./ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് 45% മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തരബിരുദം നേടിയാൽ മതിയാകുന്നതാണ്.

## കാറ്റഗറി നമ്പർ: 342/2017
## റേഡിയോഗ്രാഫർ ഗ്രേഡ് II
## ഗവൺമെൻറ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്

| | | |
|---|---|---|
| 1 | **വകുപ്പ്** | : ഗവൺമെൻറ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് |
| 2 | **ഉദ്യോഗപ്പേര്** | : റേഡിയോഗ്രാഫർ ഗ്രേഡ് II |
| 3 | **ശമ്പളം** | : ₹ 22,200–48,000/ |
| 4 | **ഒഴിവുകളുടെ എണ്ണം** | : 1 (ഒന്ന്) |

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും, ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേയ്ക്കും, ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

| | | |
|---|---|---|
| 5 | **നിയമനരീതി** | : നേരിട്ടുള്ള നിയമനം |
| 6 | **പ്രായം** | : 18–36 ഉദ്യോഗാർത്ഥികൾ 01.01.1999 |

നും 02/01/1981 നും ഇടയിൽ ജനിച്ചവരായിരിക്കണം

(രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടാ യിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥ കൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക).

**7. യോഗ്യതകൾ**

1. പ്രീഡിഗ്രി കോഴ്സ് പാസ്സായിരിക്കണം.

2. തിരുവനന്തപുരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് നടത്തുന്ന 2 വർഷത്തെ സർട്ടിഫൈഡ് റേഡിയോളജിക്കൽ അസിസ്റ്റൻറ് കോഴ്സ് പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

ബർനാഡ് റോഡിയോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ലഭിച്ച സി. ആർ. എ സർട്ടിഫിക്കറ്റ് അഥവാ ഗവൺമെൻറ് അംഗീകരിച്ചിട്ടുളള തത്തുല്യമായ മറ്റേതെങ്കിലും യോഗ്യത ഉണ്ടായിരിക്കണം.

**കുറിപ്പ് :** KS&SSR Part II Rule 10(a)(ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 343/2017
## ജൂനിയർ അനലിസ്റ്റ്
## കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്

**1 സ്ഥാപനത്തിന്റെ പേര് :** കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്

**2 ഉദ്യോഗപ്പേര്** : ജൂനിയർ അനലിസ്റ്റ്

**3 ശമ്പളം** : ₹12070–32830/

**4 ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)

**കുറിപ്പ് :** i) മുകളിൽ കൊടുത്തിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്കുലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവിലേയ്ക്കും ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

ii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളി ലായിരിക്കണം .

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം

**6 പ്രായം** : 18–36 ഉദ്യോഗാർത്ഥികൾ 02.01. 1981നും 01.01.1999 നു മിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത വയസ്സ് ഇളവുണ്ടായിരിക്കും.

**കുറിപ്പ് :** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനകാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i),(ii), (iii),(iv),(vi),(vii) & (xii) നോക്കുക.)

**7. യോഗ്യതകൾ :** ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും നേടിയ രസതന്ത്രത്തിലുള്ള ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത. ബിരുദം ലഭിച്ചതിനു ശേഷം സർക്കാരിന്റെ കീഴിലോ ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഏതെങ്കിലും കമ്പനിയിലോ ലബോറട്ടറി അസിസ്റ്റന്റ്/സമാന തസ്തികകളിൽ ഉള്ള ഒരു വർഷക്കാലത്തെ പരിചയം അഭിലഷണീയ യോഗ്യതയായി കണക്കാക്കുന്നതാണ്.

**കുറിപ്പ്** 1) സ്ത്രീകൾ ഈ തസ്തികയിലേക്ക് നിയമിക്കപ്പെടാൻ അർഹരല്ല.

2) കെ.എസ്. & എസ്.എസ്.ആർ പാർട്ട് II ലെ റൂൾ 10 (a)(ii) ബാധകമാണ്.

പരിചയസർട്ടിഫിക്കറ്റിന്റെ മാതൃക ചുവടെ

**(പരിചയ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

**കുറിപ്പ്** 1) പ്രായോഗിക പരിചയം അക്കാദമിക് യോഗ്യതയോ അടിസ്ഥാന യോഗ്യത നേടിയതിനുശേഷവും വിജ്ഞാപന പ്രകാരം പ്രസ്തുത തസ്തികയുടെ അപേക്ഷ സ്വീകരിക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന അവസാന തീയതിക്കു മുമ്പായി നേടിയതായിരിക്കണം.

2) എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/ മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതുമാണ്.

3) പരിചയസർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ Part IIലെ 19–ാം ഖണ്ഡിക കാണുക.

4) ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടുകൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

11 (a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v), (viii), (ix), (xi), (x) & (xiii) എന്നീ ഉപഖണ്ഡികകളും 5 a, 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

# സ്പെഷ്യൽ റിക്രൂട്ട്മെന്റ് (സംസ്ഥാനതലം)

## കാറ്റഗറി നമ്പർ: 344/2017
## ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ
## സോഷ്യോളജി
## (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം)
## കേരള ഹയർസെക്കന്ററി എഡ്യുക്കേഷൻ

**1 വകുപ്പ്** : കേരള ഹയർസെക്കന്ററി എഡ്യൂക്കേഷൻ

**2 ഉദ്യോഗപ്പേര്** : ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ സോഷ്യോളജി (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം)

**3 ശമ്പളം** : ₹ 20740–36140/ (PR)

**4 ഒഴിവുകളുടെ എണ്ണം** : 03 (മൂന്ന്)

**കുറിപ്പ്:** മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനു വേണ്ടി പട്ടികവർഗ്ഗക്കാർക്കു മാത്രമായി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം)

**കുറിപ്പ്:** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം :** 20–45

(ഉദ്യോഗാർത്ഥികൾ 02.01.1972 നും 01.01.1997 നു മിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

(വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് അനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ :**

I കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും 50% മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള യോഗ്യതയോ നേടിയിരിക്കണം

II (1) കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബി.എഡ്. ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ബന്ധപ്പെട്ട വിഷയത്തിൽ തത്തുല്യമായി അംഗീകരിച്ച യോഗ്യത നേടിയിരിക്കണം.

(2) ബന്ധപ്പെട്ട വിഷയത്തിൽ ബി.എഡ്. ബിരുദം നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും ബന്ധപ്പെട്ട ഫാക്കൽറ്റിയിൽ നേടിയ ബി.എഡ്. ബിരുദം. (B.Ed. Degree acquired in the concerned facutly as specified in the Acts and Statutes of any of the Universtiy in Kerala)

(3) മുകളിൽ സൂചിപ്പിച്ച ഇനം 1 ഉം 2 ഉം പ്രകാരം ബി.എഡ്. ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ഏതെങ്കിലുമൊരു വിഷയത്തിൽ നേടിയ ബി.എഡ്. ബിരുദമോ അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ഇതിന് തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ ഉണ്ടായിരിക്കണം.

**കുറിപ്പ്** (1) മേൽപ്പറഞ്ഞ ബി.എഡ്. ബിരുദ യോഗ്യതയുള്ളവരുടെ അഭാവത്തിൽ 50% മാർക്കിൽ കുറയാതെയുള്ള ബിരുദാനന്തര ബിരുദവും സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റും (സെറ്റ്) പാസ്സായ ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതാണ്. പി.എച്ച്.ഡി. ബിരുദമോ എം.ഫിൽ. ബിരുദമോ നേടിയിട്ടുള്ളവർക്കും ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ് നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് (നെറ്റ്) യോഗ്യതയോ നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്കും മുൻഗണന നൽകുന്നതാണ്. ഈ വ്യവസ്ഥ പ്രകാരം നിയമിക്കപ്പെടുന്ന അദ്ധ്യാപകർ നിയമിക്കപ്പെടുന്ന തീയതി മുതൽ അഞ്ചു വർഷത്തിനുള്ളിൽ സ്വന്തം ചെലവിൽ ബി.എഡ്. ബിരുദം നേടിയിരിക്കണം.

(2) കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള എം.എഡ്. ബിരുദം നേടിയ ഉദ്യോഗാർത്ഥികളെ ബി.എഡ്. യോഗ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(3) യോഗ്യത സംബന്ധിച്ച KS & SSR Part II Rule 10 (a) ii ഈ തസ്തികയ്ക്ക് ബാധകമാണ്.

III കേരള സർക്കാർ നേരിട്ടോ കേരള സർക്കാർ അധികാരപ്പെടുത്തിയ ഒരു ഏജൻസി മുഖേനയോ ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപക നിയമനത്തിനായി നടത്തുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) പാസായിരിക്കണം.

**പ്രത്യേക ഇളവുകൾ**

1) കേരള സർക്കാർ നടത്തുന്ന കോളേജ് ലക്ചറർ തസ്തിക നിയമനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംസ്ഥാനതല എലിജിബിലിറ്റി ടെസ്റ്റ് ജയിച്ച ഉദ്യോഗാർത്ഥികളെ ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപക നിയമനത്തിന് നിഷ്കർഷിച്ചിരിക്കുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) ജയിച്ചിരിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

2) നാഷണൽ എലിജിബിലിറ്റി പരീക്ഷയോ ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പോ ജയിച്ച ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് വിജയിച്ചിരിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

3) പി.എച്ച്.ഡി./എം.എഡ്/ കേരളത്തിലെ ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽ നിന്നും ബന്ധപ്പെട്ട വിഷയത്തിൽ നേടിയ എം.ഫിൽ. അല്ലെങ്കിൽ തത്തുല്യ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് ജയിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

4) പൊതു വിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ തലത്തിൽ പത്ത് വർഷത്തെ അംഗീകൃത അദ്ധ്യാപന പരിചയം പൂർത്തിയാക്കിയ അദ്ധ്യാപകരെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് പാസാകണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

**കുറിപ്പ്:** ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ എന്നതു കൊണ്ട് അർത്ഥമാക്കുന്നത് ഫുൾ ടൈം ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപക തസ്തികയെന്നാണ്.

11. പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3 (C) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

12. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 17/01/ 1976ലെ ജി.ഒ.(പി)നമ്പർ 21/76/പി.ഡി,22.01.1994ലെ ജി.ഒ.(പി)

നമ്പർ 25/94/ജി.എ.ഡി എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനകാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3 (സി), 17 (എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## സ്പെഷ്യൽ റിക്രൂട്ട്മെന്റ് (ജില്ലാതലം)

### കാറ്റഗറി നമ്പർ: 345/2017
### സിവിൽ എക്സൈസ് ഓഫീസർ
### (പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം)
### എക്സൈസ്

**1 വകുപ്പ്** : എക്സൈസ്

**2 ഉദ്യോഗപ്പേര്** : സിവിൽ എക്സൈസ് ഓഫീസർ (പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം )

**(കുറിപ്പ്:** ഭിന്നശേഷിയുള്ളവർക്കും വനിതകൾക്കും ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.)

**3 ശമ്പളം** : ₹ 20000–45800/

**4 ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
വയനാട് 1 (ഒന്ന്)

**കുറിപ്പ്:** (i) 10.11.2010ലെ GO(P)NO.264/10/TD (SRO 1025/10) ഉം 03.10.2015ലെ **GO(P)No.178/2015/TD (SRO No.669/2015)** ഉം പ്രകാരമാണ് ഈ തസ്തികയുടെ പേര്, വിദ്യാഭ്യാസ യോഗ്യത, വയസ്സ് എന്നിവ വിജ്ഞാപനം ചെയ്തിട്ടുള്ളത്.

ii) ഈ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം വയനാട് ജില്ലയിലേക്ക് തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിന് വേണ്ടിലെ പട്ടികവർഗ്ഗക്കാർക്കു മാത്രമായി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

iii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്) 154/71/പി.ഡി യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് നിയമനം ലഭിക്കുന്ന വ്യക്തിയ്ക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ആ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്)4/61/പി.ഡി വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഇതേ ഉദ്യോഗത്തിന് മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ അവർക്ക് ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷിക്കാവുന്നതാണ്.

iv) ഈ വിജ്ഞാപന പ്രകാരം നേരിട്ടുള്ള നിയമനത്തിൽ വിമുക്തഭടന്മാർക്ക് മുൻഗണന നൽകുന്നതായിരിക്കും.)

v) എൻ.സി.സി യുടെ 'എ', 'ബി', 'സി' സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് യഥാക്രമം ' 2%' , '3%' , '5% ' എന്ന ക്രമത്തിൽ 21.08.2007 തീയതിയിലെ ജി.ഒ (എം.എസ്) നമ്പർ 112/2007/എച്ച്.ഇ.ഡി.എൻ സർക്കാർ ഉത്തരവ് അനുസരിച്ച് അധിക മാർക്ക് നൽകുന്നതാണ്.

vi) ഏറ്റവും കുറഞ്ഞത് 6 മാസമെങ്കിലുമുള്ള (എക്സൈസ് കമ്മീഷണറുടെ നിർദ്ദേശാനുസരണം കുറഞ്ഞത് 180 പ്രവൃത്തി ദിവസമെങ്കിലും) അടിസ്ഥാന പരിശീലനം സിവിൽ എക്സൈസ് ഓഫീസർ വിജയകരമായി പൂർത്തിയാക്കേണ്ടതുണ്ട്. പരിശീലനത്തിലേർപ്പെടുന്നവർക്ക് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള സ്റ്റൈപ്പന്റ് ലഭിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാത്ത ഉദ്യോഗസ്ഥരെ, രണ്ട് വർഷത്തിനുള്ളിൽ പരിശീലനം വിജയകരമായി പൂർത്തീകരിക്കണം എന്ന വ്യവസ്ഥയിൽ ഉൾപ്പെടുത്തുന്നതും, പരാജയപ്പെടുന്ന പക്ഷം അവരെ പ്രൊമോഷന് പരിഗണിക്കുന്നതുമല്ല.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം
(പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം)

**കുറിപ്പ്:** മേൽ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 19–36, ഉദ്യോഗാർത്ഥികൾ 02.01.1981 നും 01.01.1998 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). വയസ് ഇളവിനെ സംബന്ധിച്ച് മറ്റ് ആനുകൂല്യങ്ങൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്നപ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ:** 1)

വിദ്യാഭ്യാസ യോഗ്യത : പ്ലസ്ടു (+2) പരീക്ഷ വിജയിച്ചിരിക്കണം അഥവാ തത്തുല്യമായ യോഗ്യത നേടിയിരിക്കണം.

കുറിപ്പ് : യോഗ്യത സംബന്ധിച്ച KS&SSR Part II Rule 10(a)ii ഈ തസ്തികയ്ക്ക് ബാധകമാണ്.

2) ശാരീരിക യോഗ്യത :

ഉയരം കുറഞ്ഞത് 160 സെ.മീ, നെഞ്ചളവ് കുറഞ്ഞത് 76 സെ.മീ ഉം പൂർണ്ണ ഉഛ്വാസത്തിൽ കുറഞ്ഞത് 5സെ.മീ വികാസവും.

3) കായിക ശേഷിയും കാഴ്ച ശക്തിയും :

(i) ഔട്ട്ഡോർ ജോലികൾ സജീവമായി ചെയ്യാനുള്ള കായിക ശേഷിയും ശാരീരിക യോഗ്യതയും കഴിവും ഉണ്ടെന്നു കാണിക്കുന്നതും അസിസ്റ്റന്റ് സർജ്ജനിൽ താഴെയല്ലാത്ത റാങ്കുള്ള ഒരു മെഡിക്കൽ ആഫീസർ സാക്ഷ്യപ്പെടുത്തുന്നതുമായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഓരോ ഉദ്യോഗാർത്ഥിയും ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്.

(ii) താഴെപ്പറയുന്ന തരത്തിൽ കണ്ണട വയ്ക്കാതെയുള്ള കാഴ്ചശക്തിയുള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| | വലതുകണ്ണ് | ഇടതുകണ്ണ് |
|---|---|---|
| a) ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| b) സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |
| c) കളർ വിഷൻ | സാധാരണ | സാധാരണ |
| d) നിശാന്ധത | ഇല്ലാതിരിക്കണം | ഇല്ലാതിരിക്കണം |

**കുറിപ്പ്:** (1) ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ച ശക്തി ഉണ്ടായിരിക്കണം. കളർ ബ്ലൈൻഡ്നസ്, സ്കിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളയുടേയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, കോമ്പല്ല് (മുൻ പല്ല്), ഉന്തിയ പല്ലുകൾ, കൊഞ്ഞ, കേൾവിയിലും സംസാരശേഷിയിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ അയോഗ്യതയായി കണക്കാക്കുന്നതാണ്. ശാരീരികയോഗ്യതയും കണ്ണട കൂടാതെയുള്ള കാഴ്ച ശക്തിയും തെളിയിക്കുന്നതിന് താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ സർക്കാർ സർവ്വീസിലുള്ള അസിസ്റ്റന്റ് സർജൻ / ജൂനിയർ കൺസൾട്ടന്റിന്റെ റാങ്കിൽ കുറയാത്ത റാങ്കിലുള്ള ഒരു മെഡിക്കൽ ആഫീസറിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ കായികക്ഷമതാ പരീക്ഷയുടെ സമയത്ത് ഹാജരാക്കേണ്ടതാണ്. കൂടാതെ, ഈ സർട്ടിഫിക്കറ്റ് പ്രമാണ പരിശോധനാ സമയത്ത് അവരവരുടെ പ്രൊഫൈലിൽ അപ് ലോഡ് ചെയ്യേണ്ടതുമാണ്.

**FORM OF MEDICAL CERTIFICATE**

I have this day, medically examined Sri ......................................... and found that his/her hearing is perfect, his muscles and joints are free from paralysis and all joints are with free movements and his nervouss ystem is perfectly normal and free from any infectious diseases which would render him/her unsuitable for Government Services. His age accroding to his own statement is .................. and by appearance is ..................... and his standards of vision is as follows:

Standard of vision without glass

| | Right Eye | Left Eye |
|---|---|---|
| 1) Distant Vision | ........... Snellen | ........... Snellen |
| 2) Near Vision | ........... Snellen | ........... Snellen |
| 3) Field of Vision | ...................... | ...................... |
| 4) Colour Vision | ...................... | ...................... |
| 5) Night Blindness | ...................... | ...................... |

(Specify whether field of vision is full or not. Etnries such as normal, good etc are inappropriate)

He is physically fit for the post of Civil Excise Officer in the Excise Department.

Signature
Place: Name & Designation of
Date: Medical Officer
(Office Seal)

**കുറിപ്പ്:** കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ, ആവറേജ് മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടോ മോശമായ കാഴ്ചശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

4) കായികക്ഷമതാ പരീക്ഷ : ഉദ്യോഗാർത്ഥികൾ പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന കായിക ക്ഷമതാ പരീക്ഷ ജയിച്ചിരിക്കേണ്ടതാണ്. നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ വൺസ്റ്റാർ നിലവാരത്തിലുള്ള താഴെ പറയുന്ന 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 5 (അഞ്ച്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നമ്പർ | ഇനങ്ങൾ | വൺസ്റ്റാർ നിലവാരം |
|---|---|---|
| 1 | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2 | ഹൈ ജംപ് | 132.20 സെ.മീ |
| 3 | ലോങ്ങ് ജംപ് | 457.20 സെ.മീ |
| 4 | പുട്ടിംഗ് ദ് ഷോട്ട് (7264 ഗ്രാം) | 609.60 സെ.മീ |
| 5 | ത്രോയിംഗ് ദി ക്രിക്കറ്റ് ബോൾ | 6096 സെ.മീ |
| 6 | റോപ് ക്ലൈമ്പിംഗ് (കൈകൾ മാത്രം ഉപയോഗിച്ച്) | 365.80 സെ.മീ |
| 7 | പുൾ അപ്സ് അഥവാ ചിന്നിംഗ് | 8തവണ |
| 8 | 1500 മീറ്റർ ഓട്ടം | 5മിനിട്ട് 44 സെക്കന്റ് |

**കുറിപ്പ് :** ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ കായിക ക്ഷമതാ പരീക്ഷയ്ക്ക് അല്ലെങ്കിൽ എൻഡ്യൂറൻസ് ടെസ്റ്റിന് മുൻപ് എടുക്കുന്നതാണ്. നിശ്ചിത അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ /എൻഡ്യൂറൻസ് ടെസ്റ്റിൽ പങ്കെടുപ്പിക്കുന്നതല്ല. കായികക്ഷമതാ പരീക്ഷയിൽ /എൻഡ്യൂറൻസ് ടെസ്റ്റിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥിക്ക് കായികക്ഷമതാ പരീക്ഷയിൽ /എൻഡ്യൂറൻസ് ടെസ്റ്റിൽ പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.

5)എൻഡ്യൂറൻസ് ടെസ്റ്റ് (Endurance Test)- എല്ലാ ഉദ്യോഗാർത്ഥികളും രണ്ടു കിലോമീറ്റർ ദൂരം 13 (പതിമൂന്ന്) മിനിട്ടുകൊണ്ട് ഓടി വിജയകരമായി പൂർത്തിയാക്കിയിരിക്കണം.

11 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല.

12. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

### കാറ്റഗറി നമ്പർ: 346/2017
### ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്
### (പട്ടികജാതി / പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)
### വിവിധം

**1 വകുപ്പ്** : വിവിധം

**2 ഉദ്യോഗപ്പേര്** : ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് (പട്ടികജാതി / പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)

**3 ശമ്പളം** : ₹ 19000–43600/

**4 ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
തിരുവനന്തപുരം 1 (ഒന്ന്)
പട്ടികജാതി/പട്ടികവർഗ്ഗം

**കുറിപ്പ്: (i)** ഈ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി പട്ടികജാതി / പട്ടികവർഗ്ഗക്കാർക്കായി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പട്ടികവർഗ്ഗക്കാർക്ക് മാ

ത്രമായി സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. ഈ ലിസ്റ്റിൽ പട്ടികവർഗ്ഗക്കാർ ഉൾപ്പെടുന്നില്ലെങ്കിൽ മാത്രമേ അവർക്കായി സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിലേയ്ക്ക് പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കുകയുള്ളൂ.

(ii ) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്) 154/71/പി.ഡി യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് നിയമനം ലഭിക്കുന്ന വ്യക്തിയ്ക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ആ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്)4/61/പി.ഡി വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഇതേ ഉദ്യോഗത്തിന് മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ അവർക്ക് ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷിക്കാവുന്നതാണ്.

(iii) വകുപ്പ് മേധാവികളുടെ ഓഫീസിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്കും (ഹെഡ് കാർട്ടേഴ്സ് വേക്കൻസി) ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. 27/05/1971ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്.) 154/71/പി.ഡി.യിലെ വ്യവസ്ഥ അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേക്കുള്ള നിയമനം ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്നതിന് പ്രത്യേക സമ്മതപത്രം നൽകേണ്ടതില്ല. റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉദ്യോഗാർത്ഥികൾ ആസ്ഥാന ഒഴിവുകളിലേക്ക് സമ്മതം കൂടാതെ തന്നെ നിയമിക്കപ്പെടുവാൻ അർഹരാണ്.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം (പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം സ്പെഷ്യൽ റിക്രൂട്ട്മെന്റ് )

**കുറിപ്പ്:** പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 18–41 ഉദ്യോഗാർത്ഥികൾ 02.01.1976 നും 01.01.1999നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

**കുറിപ്പ് :** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്നപ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ :** 1) എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യ യോഗ്യത

2) മലയാളം ടൈപ്പ്റൈറ്റിംഗിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് (കെ.ജി.റ്റി.ഇ) അല്ലെങ്കിൽ തത്തുല്യയോഗ്യത

3) ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റും (കെ.ജി.റ്റി.ഇ.) കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗിലുള്ള സർട്ടിഫിക്കറ്റും അല്ലെങ്കിൽ തത്തുല്യമായ യോഗ്യതയും.

2002 ജനുവരി മാസത്തിനു മുമ്പ് കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് (ലോവർ) യോഗ്യത നേടിയവർ കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗിലോ തത്തുല്യ യോഗ്യതയിലോ ഉള്ള പ്രത്യേകം സർട്ടിഫിക്കറ്റ് ഹാജരാക്കണം.

**കുറിപ്പ്** (a)

കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകളോ, ഏജൻസികളോ സൊസൈറ്റികളോ യൂണിവേഴ്സിറ്റികളോ നടത്തുന്ന മൂന്നു മാസത്തിൽ കുറയാത്ത ദൈർഘ്യമുള്ള കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയതിനെ തുടർന്നു നൽകുന്ന കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗിലുള്ള സർട്ടിഫിക്കറ്റ് കെ.ജി.റ്റി.ഇ. കമ്പ്യൂട്ടർ വേഡ് പ്രോസസസ്സിംഗിന് തത്തുല്യ യോഗ്യതയായി പരിഗണിക്കുന്നതാണ്.

(b) ഗവൺമെന്റ് സർവീസിൽ ടൈപ്പിസ്റ്റ് തസ്തികയിലേക്ക് അപേക്ഷിക്കുന്നതിന് മതിയായ സേവനം പൂർത്തിയാക്കിയിട്ടുള്ള വിമുക്തഭടന്മാർക്ക് മലയാളം ടൈപ്പ്റൈറ്റിംഗിൽ ലോവർ യോഗ്യത വേണമെന്ന് നിർബന്ധമില്ല. എന്നാൽ നിയമനം ലഭിക്കുകയാണെങ്കിൽ അവർ പ്രൊബേഷൻ പൂർത്തിയാക്കുന്നതിനുമുമ്പ് പ്രസ്തുത യോഗ്യത കരസ്ഥമാക്കേണ്ടതാണ്.

(c) താഴെ വിശദമാക്കിയിട്ടുള്ള തരത്തിൽ പ്രതിരോധ സേനയിൽ ക്ലാർക്ക്/റൈട്ടർ ആയി 15 (പതിനഞ്ച്) വർഷത്തിൽ കുറയാത്ത സേവനം അനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ ഗവൺമെന്റ് സർവീസിൽ ടൈപ്പിസ്റ്റായി അപേക്ഷിക്കുന്നതിന് മതിയായ യോഗ്യതയുള്ളതായി കണക്കാക്കുന്നതാണ്. നിയമനം ലഭിക്കുകയാണെങ്കിൽ അവർ പ്രൊബേഷൻ പൂർത്തിയാക്കുന്നതിനു മുമ്പ് മലയാളം ടൈപ്പ്റൈറ്റിംഗ് ലോവർ യോഗ്യത നേടിയിരിക്കണം.

(d) ക്ലാസ് I വിഭാഗത്തിൽ, കരസേനയിൽ ക്ലാർക്ക് (ജനറൽ ഡ്യൂട്ടി), ക്ലാർക്ക് (സ്റ്റാഫ് ഡ്യൂട്ടി), പേഴ്സണൽ അസിസ്റ്റന്റ്, നാവിക സേനയിൽ റൈട്ടർ, വ്യോമസേനയിൽ ക്ലാർക്ക് (ജനറൽ ഡ്യൂട്ടി) എന്നീ തസ്തികകളിലോ പ്രതിരോധ സേനയിൽ ക്ലാർക്ക് ആയി പതിനഞ്ച് വർഷത്തിൽ കുറയാതെയോ സേവനം അനുഷ്ഠിച്ചിട്ടുള്ള വിമുക്തഭടന്മാർക്ക് ഈ തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ്. (18/05/1977ലെ ജി.ഒ.(പി) 143/77/ജി.എ.ഡി., 06/01/1979ലെ ജി.ഒ.(പി) നമ്പർ 35/79/ജി.എ.ഡി., 30/04/1986ലെ ജി.ഒ.(പി) നമ്പർ 143/86/ജി.എ.ഡി.) നിയമനം ലഭിക്കുകയാണെങ്കിൽ അവർ പ്രൊബേഷൻ പൂർത്തിയാക്കുന്നതിനു മുമ്പ് മലയാളം ടൈപ്പ് റൈറ്റിംഗ് (ലോവർ) യോഗ്യത നേടിയിരിക്കണം. എന്നാൽ 15 വർഷത്തെ സൈനികസേവന കാലയളവ് യോഗ്യതയ്ക്ക് പകരമായി കണക്കാക്കുന്ന പക്ഷം പ്രസ്തുത കാലയളവിന് വെയിറ്റേജ് നൽകുന്നതല്ല.

(e) പ്രതിരോധസേനയിൽ ക്ലാർക്ക് സ്റ്റോർ കൺട്രോൾ (എ.ഒ.സി) ആയി 15 വർഷത്തിൽ കുറയാത്ത സേവനമനുഷ്ഠിച്ചിട്ടുള്ള വിമുക്തഭടന്മാരും ഈ തസ്തികയിലേക്ക് അപേക്ഷിക്കുവാൻ അർഹരാണ്.

(f) 11/05/1977ലെ ജി.ഒ.(പി) നമ്പർ 139/77/ജി.എ.ഡി.ലെ വ്യവസ്ഥകൾക്ക് വിധേയമായി എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് മലയാളം അല്ലാതെ മറ്റേതെങ്കിലും ഭാഷ ഒന്നാം ഭാഷയായി എടുത്തിട്ടുള്ള ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്നവർക്ക് അവർ മലയാളം ടൈപ്പ്റൈറ്റിംഗ് (ലോവർ) യോഗ്യത കരസ്ഥമാക്കിയിട്ടില്ലെങ്കിലും ഈ തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്. എന്നാൽ നിയമനം ലഭിക്കുകയാണെങ്കിൽ പ്രൊബേഷൻ പൂർത്തിയാക്കുന്നതിനു മുമ്പ് മലയാളം ടൈപ്പ്റൈറ്റിംഗ് (ലോവർ) പരീക്ഷ വിജയിക്കേണ്ടതാണ്.

(g) ടൈപ്പ്റൈറ്റിംഗ് പരീക്ഷ യോഗ്യത തെളിയിക്കുന്നതിന് ഗവൺമെന്റിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. (ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ സ്വീകാര്യമല്ല).

(h) ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന് KS&SSR Part II, Rule 10 (a) (ii) ബാധകമാണ്.

8 പൊതുവ്യവസ്ഥകളിലെ രണ്ടും മൂന്നും ഇരുപത്തിയഞ്ചും (25 ലെ റൂൾ 3(c) സംബന്ധിക്കുന്ന രണ്ടാമത്തെ ഭാഗം ഒഴികെ) ഖണ്ഡികകളിലെ വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

9 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 13.04.1972 ലെ ജി.ഒ.(എം.എസ്.) നമ്പർ 142/72/PD, 29.11.1973 ലെ ജി.ഒ.(എം.എസ്) നമ്പർ 309/73/PD, 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994ലെ ജി.ഒ.(പി)25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3 (സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 347/2017
## സിനിമാ ഓപ്പറേറ്റർ
### (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം)
## ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്

| | | |
|---|---|---|
| 1 | **വകുപ്പ്** | : ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് |
| 2 | **ഉദ്യോഗപ്പേര്** | : സിനിമാ ഓപ്പറേറ്റർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം) |
| 3 | **ശമ്പളം** | : ₹ 17500 – 39500/ |
| 4 | **ഒഴിവുകളുടെ എണ്ണം** | : ജില്ലാതലം എറണാകുളം 1 (ഒന്ന്) |
| 5 | **നിയമനരീതി** | : നേരിട്ടുള്ള നിയമനം (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം) |

**കുറിപ്പ്:** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം:** 19–44, ഉദ്യോഗാർത്ഥികൾ 02.01.1973 നും 01.01.1998 നുമിടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ). (വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള ആനുകൂല്യങ്ങളൊന്നും ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.)

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്നപ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു.

**7 യോഗ്യതകൾ:** 1. സ്റ്റാൻഡേർഡ് 7 (ഏഴ്) പാസ്സായിരിക്കണം അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

2. സിനിമ പ്രൊജക്ടർ ഉപകരണം പ്രവർത്തിപ്പിച്ച് ഒരു വർഷത്തെ പരിചയം.

**കുറിപ്പ് :** യോഗ്യത സംബന്ധിച്ച KS&SSR Part II Rule 10 a (ii) ഈ തസ്തികയ്ക്ക് ബാധകമാണ്.

**The Certificate to be produced in proof of experience shall be in the form given below.**

**പരിചയ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്കായി വെബ് സൈറ്റിലെ വിജ്ഞാപനം കാണുക. www.kpsc.gov.in**

Note : 1) Please specify the post, held or nature of assignment, Casual Labourer, Paid/Unpaid apprentice/Regular Worker or Temporary worker.

2) All Experience Certificate shall be duly certified by the concerned Cotnrolling Officer/Head of office of the Government. The genuineness of the Certificate shall be subjected to verification and legal action will be taken against those who issue and produce bogus certificate.

8. പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

9 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3 (സി), 17 (എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 348/2017
## വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്
### (പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം)
## റവന്യൂ

| | | |
|---|---|---|
| 1 | **വകുപ്പ്** | : റവന്യൂ |
| 2 | **ഉദ്യോഗപ്പേര്** | : വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് (പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം) |
| 3 | **ശമ്പളം** | : ₹ 17000–37500/ |
| 4 | **ഒഴിവുകളുടെ എണ്ണം** | : ജില്ലാടിസ്ഥാനത്തിൽ തൃശ്ശൂർ (പട്ടികവർഗ്ഗം 1) |

**കുറിപ്പ്:** (i) ഈ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തൃശ്ശൂർ ജില്ലയ്ക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതായിരിക്കും. അപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്ക പ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി പട്ടികവർഗ്ഗക്കാർക്കായി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പട്ടികവർഗ്ഗക്കാർക്ക് മാത്രമായി സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

(ii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്) 154/71/പി.ഡി യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് നിയമനം ലഭിക്കുന്ന വ്യക്തിയ്ക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ആ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്)4/61/പി.ഡി വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഇതേ ഉദ്യോഗത്തിന് മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ അവർക്ക് ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷിക്കാവുന്നതാണ്.

(iii) ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ

ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

5 നിയമനരീതി : നേരിട്ടുള്ള നിയമനം (പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം പ്രത്യേക തെരഞ്ഞെടുപ്പ്)

**കുറിപ്പ്:** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ള വർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 18–41

ഉദ്യോഗാർത്ഥികൾ 02.01.1976 നും 01.01.1999 നു മിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

**കുറിപ്പ്** : നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ:** എസ്.എസ്.എൽ.സി/തത്തുല്യം പാസ്സായിരിക്കണം.

**കുറിപ്പ്:** KS&SSR Part II Rule 10 (a) (ii)യിലെ വ്യവസ്ഥകൾ ഈ തസ്തികയുടെ തെരഞ്ഞെടുപ്പിന് ബാധകമായിരിക്കുന്നതാണ്.

8. പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

12 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 13.04.1972ലെ ജി.ഒ (എം.എസ്) നമ്പർ.142/72/പി.ഡി, 29.11.1973 ലെ ജി.ഒ (എം.എസ്) നമ്പർ. 309/73/പി.ഡി, 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 349/2017
## ലബോറട്ടറി അസിസ്റ്റന്റ്

**(പട്ടികജാതി /പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)**

### കേരള ഹയർ സെക്കൻഡറി വിദ്യാഭ്യാസം

| | | |
|---|---|---|
| 1 | വകുപ്പ് | : കേരള ഹയർ സെക്കൻഡറി വിദ്യാഭ്യാസം |
| 2 | ഉദ്യോഗപ്പേര് | : ലബോറട്ടറി അസിസ്റ്റന്റ് (പട്ടികജാതി /പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം) |
| 3 | ശമ്പളം | : ₹ 17500–39500/ |
| 4 | ഒഴിവുകളുടെ എണ്ണം | : ജില്ലാടിസ്ഥാനത്തിൽ ഇടുക്കി (പട്ടികജാതി/ പട്ടികവർഗ്ഗം 3) (പട്ടികവർഗ്ഗം 1) |

**കുറിപ്പ്:**(i) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ഹയർ സെക്കൻഡറി സ്കൂളുകളിൽ നിന്നും റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

(ii) ഈ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയ്ക്കും പ്രത്യേകം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതായിരിക്കും. അപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി പട്ടികജാതി / പട്ടികവർഗ്ഗക്കാർക്കായി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പട്ടികവർഗ്ഗക്കാർക്ക് മാത്രമായി സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. ഈ ലിസ്റ്റിൽ പട്ടികവർഗ്ഗക്കാർ ഉൾപ്പെടുന്നില്ലെങ്കിൽ മാത്രമേ അവർക്കായി സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിലേയ്ക്ക് പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കുകയുള്ളൂ.

(iii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്) 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് നിയമനം ലഭിക്കുന്ന വ്യക്തിയ്ക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ആ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്)4/61/പി.ഡി വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഇതേ ഉദ്യോഗത്തിന് മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ അവർക്ക് ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷിക്കാവുന്നതാണ്.

(iv) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷ സമർപ്പിക്കുകയും, തൻ നിമിത്തം തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു എന്നു തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെ മേൽ അച്ചടക്ക നടപടികൾ സ്വീകരിയ്ക്കുന്നതുമാണ്.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം (പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം സ്പെഷ്യൽ റിക്രൂട്ട്മെന്റ് )

**കുറിപ്പ്:** പട്ടികജാതി /പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 18–41

ഉദ്യോഗാർത്ഥികൾ 02.01.1976 നും 01.01.1999 നു മിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

**കുറിപ്പ്** : നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ:**

1. എസ്.എസ്.എൽ.സി പരീക്ഷ വിജയിച്ചിരിക്കണം.
2. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ലബോറട്ടറി അറ്റൻഡേഴ്സ് ടെസ്റ്റ് പാസ്സായിരിക്കണം.

**കുറിപ്പ് 1** നിയമനം നടത്തുന്ന സമയത്ത് ലബോറട്ടറി അറ്റൻഡേഴ്സ് ടെസ്റ്റ് പാസ്സായിരിക്കണം എന്ന് നിർബന്ധമില്ല. പ്രൊബേഷൻ കാലയളവിനുള്ളിൽ പ്രസ്തുത ടെസ്റ്റ് പാസ്സായാൽ മതിയാകുന്നതാണ്.

2 യോഗ്യത സംബന്ധിച്ച KS&SSR Part II Rule 10(a)ii ഈ തസ്തികയ്ക്ക് ബാധകമാണ്.

12. പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

13 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി /പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 13.04.1972ലെ ജി.ഒ (എം.എസ്) നമ്പർ.142/72/പി.ഡി, 29.11.1973 ലെ ജി.ഒ (എം.എസ്) നമ്പർ. 309/73/പി.ഡി, 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

**എൻസിഎ ഒഴിവുകളിലേക്ക് സംവരണ സമുദായങ്ങൾക്ക് നേരിട്ടുള്ള നിയമനം (സംസ്ഥാനതലം)**

## കാറ്റഗറി നമ്പർ: 350/2017
## ലക്ചറർ ഇൻ അറബിക്
### കോളേജ് വിദ്യാഭ്യാസം

**അഞ്ചാം എൻസിഎ വിജ്ഞാപനം**

| | | |
|---|---|---|
| 1 | വകുപ്പ് | : കോളേജ് വിദ്യാഭ്യാസം |
| 2 | ഉദ്യോഗപ്പേര് | : ലക്ചറർ ഇൻ അറബിക് |
| 3 | ശമ്പളം | : യു.ജി.സി നിരക്ക് |
| 4 | ഒഴിവുകളുടെ എണ്ണം | : പട്ടികജാതി 2 (രണ്ട്) |

മേൽപ്പറഞ്ഞ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി മാത്രം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 07.12.2009 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ പ്രസ്തുത സമുദായത്തിനുവേണ്ടി നീക്കിവെച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്കും നിയമന ശുപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. ഒന്നാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 12.09.2013, കാറ്റഗറി നമ്പർ 310/2013), രണ്ടാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 26.12.2014, കാറ്റഗറി നമ്പർ 593/2014) ,മൂന്നാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 29.12.2015, കാറ്റഗറി നമ്പർ 562/2015) നാലാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 30.12.16, കാറ്റഗറി നമ്പർ 473/2016എന്നിവ പ്രകാരം പ്രസ്തുത സമുദായത്തിലെ അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാലുള്ള അഞ്ചാം എൻ.സി.എ. വിജ്ഞാപനമാണിത്.

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം (പട്ടികജാതിക്കാരിൽ നിന്നു മാത്രം.) എന്നാൽ പട്ടികജാതിക്കാരുടെ അഭാവത്തിൽ പട്ടികവർഗ്ഗക്കാരുടെ അപേക്ഷകളും പരിഗണിക്കുന്നതാണ്.

**കുറിപ്പ് :** പട്ടികജാതി/പട്ടിക വർഗ്ഗക്കാരല്ലാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** :

22–45 ഉദ്യോഗാർത്ഥികൾ 02.01.1972 നും 01.01.1995 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 നോക്കുക. (ഖണ്ഡിക 2(i) ഒഴികെ)

**7. യോഗ്യതകൾ**

1) പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അൻപതു ശതമാനം (50 %) മാർക്കിൽ കുറയാതെയുള്ള മാർക്കോടെ ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തരബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലർത്തിയിരിക്കണം.

2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (comprehensive test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോൾ മലയാളത്തിൽ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.

**കുറിപ്പ്:** i) ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സി.യുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. (G.O. (P) No.86/07/H.Edn dated 19.06.2007)

ii) മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

iii) KS & SSR, Part II Rule 10(a)(ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 351/2017 – 355/2017
## ലക്ചറർ ഇൻ മാത്തമാറ്റിക്സ്
### കോളേജ് വിദ്യാഭ്യാസം

**ഒന്നാം എൻ.സി.എ. വിജ്ഞാപനം**

| | | |
|---|---|---|
| 1 | വകുപ്പ് | : കോളേജ് വിദ്യാഭ്യാസം |
| 2 | ഉദ്യോഗപ്പേര് | : ലക്ചറർ ഇൻ മാത്തമാറ്റിക്സ് |
| 3 | ശമ്പളം | : യു.ജി.സി നിരക്കിൽ |
| 4 | ഒഴിവുകളുടെ എണ്ണം | : |

| | | |
|---|---|---|
| 351/2017 | പട്ടിക വർഗ്ഗം | 1 (ഒന്ന്) |
| 352/2017 | പട്ടികജാതി | 3 (മൂന്ന്), |
| 353/2017 | എസ്.ഐ.യു.സി.നാടാർ | 2 (രണ്ട്) |
| 354/2017 | ഒ.എക്സ് | 1 (ഒന്ന്) |
| 355/2017 | ധീവര | 1 (ഒന്ന്) |

മേൽപ്പറഞ്ഞ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകൾ ഈ തസ്തികയുടെ 30.12.2016 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ പ്രസ്തുത സമുദായങ്ങൾക്കുവേണ്ടി നീക്കിവെച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായ

ങ്ങളിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്കും നിയമന ശുപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം (മേൽ പരാമർശ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം).

**കുറിപ്പ്:** ഈ വിജ്ഞാപനത്തിൽ പരാമർശിക്കുന്ന സമുദായങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** :

(i) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് 22-45. ഉദ്യോഗാർത്ഥികൾ 02.01.1972 നും 01.01.1995 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

(ii) എസ്.ഐ.യു.സി.നാടാർ, ഒ.എക്സ്, ധീവര വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് 22-43. ഉദ്യോഗാർത്ഥികൾ 02.01. 1974 നും 01.01.1995 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)

**കുറിപ്പ്:** പ്രായപൂർത്തി ആയശേഷം പട്ടികജാതിയിൽ നിന്ന് ക്രിസ്തു മതത്തിലേയ്ക്ക് പരിവർത്തനം ചെയ്തവർക്കും അവരുടെ സന്താനങ്ങൾക്കും ഉയർന്ന പ്രായപരിധി 45 വയസ്സായിരിക്കും (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക). (ഖണ്ഡിക 2 (i) ഒഴികെയുള്ളവ)

**7. യോഗ്യതകൾ**

1) അൻപത്തിയഞ്ച് ശതമാനം (55%) മാർക്കിൽ കുറയാതെയുള്ള മാർക്കോടെ ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ ഇതിന്റെ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലർത്തിയിരിക്കണം.

2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (comprehensive test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോൾ മലയാളത്തിൽ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.

**കുറിപ്പ്:** i) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ബിരുദാനന്തരബിരുദത്തിന് 50% മാർക്ക് മതിയാകുന്നതാണ്. (G.O.(Ms)No. 02/07/HEdn dated 04.01.07)

ii) 19.09.1991 ന് മുമ്പ് ബിരുദാനന്തര ബിരുദം നേടിയ പി.എച്ച്.ഡി. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് ബിരുദാനന്തര ബിരുദത്തിന് 50% മാർക്ക് മതിയാകുന്നതാണ്. (G.O.(MS) No 2/07/H.Edn dated 04.01.2007)

iii) ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സി.യുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. (G.O. (P) No.86/07/H.Edn dated 19.06.2007).

(iv) മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളു.

KS&SSR, Part II Rule 10(a)(ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 356/2017
## അസിസ്റ്റന്റ് സർജൻ / കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ
## ആരോഗ്യ വകുപ്പ്
### ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1 വകുപ്പ്** : ആരോഗ്യ വകുപ്പ്
**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് സർജൻ / കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ
**3. ശമ്പളം** : ₹ 45800-89000/
**4. ഒഴിവുകളുടെ എണ്ണം** : പട്ടികജാതി ( 18- പതിനെട്ട് )

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 25.03.2013 - ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ 567 / 2012, ഗസറ്റ് തീയതി 19.11.2012) കാലയളവിൽ പട്ടികജാതി സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**കുറിപ്പ് :-** ഈ ഉദ്യോഗത്തിന് നിയമിക്കപ്പെടുന്നവർ അവരുടെ ആദ്യത്തെ പത്ത് (10) വർഷത്തെ സേവനത്തിനുള്ളിൽ (പരിശീലനകാലമുൾപ്പെടെ നാല്(4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവനം 45 (നാല്പത്തിയഞ്ച്) വയസ് തികഞ്ഞവർക്ക് ബാധകമല്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (പട്ടികജാതി സമുദായത്തിലെ ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം)

**കുറിപ്പ്:-** മുകളിൽ കാണിച്ചിട്ടുള്ള സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അക്ഷേകൾ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യകമായി നൽകുന്നതല്ല.

**6. പ്രായം** : 18-47; ഉദ്യോഗാർത്ഥികൾ 02.01.1970 -നും 01.01.1999 -നും ഇടയിൽ ജനിച്ചവർ ആയിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) [പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ഉൾപ്പെടെ]

(വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക [ഖണ്ഡിക 2(i)ഒഴികെ)]

**7. യോഗ്യതകൾ :**

1) മോഡേൺ മെഡിസിനിലുള്ള ബിരുദം (എം. ബി. ബി. എസ്) അല്ലെങ്കിൽ തത്തുല്യയോഗ്യത.

2) തിരുവിതാംകൂർ കൊച്ചി മെഡിക്കൽ കൗൺസിലിൽ നിന്നും ലഭിച്ചിട്ടുള്ള സാധുതയുള്ള രജിസ്ട്രേഷൻ.

**കുറിപ്പ്:** പ്രതിരോധ സർവ്വീസിൽ സേവനമനുഷ്ഠിച്ചിട്ടുള്ളവർക്ക് അവരുടെ പ്രതിരോധ സേനയിലെ ആദ്യത്തെ ഒരു വർഷ സേവനക്കാലം ഹൗസ് സർജൻസിയായി പരിഗണിക്കുന്നതാണ്. ഗവൺമെന്റ് സർവ്വീസിലിരിക്കെ എം. ബി. ബി. എസ് യോഗ്യത സമ്പാദിക്കുകയും ഇപ്പോൾ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ സേവനമനുഷ്ഠിക്കുകയും ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് ഉയർന്ന പ്രായപരിധിയിൽ വേണ്ടത്ര ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പ്രായപരിധി യാതൊരു കാരണവശാലും 50 (അമ്പത്) വയസ്സ് കവിയാൻ പാടില്ല.

**കുറിപ്പ്** - KS & SSR Part II Rule 10 (a) (ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 357/2017
## അസിസ്റ്റന്റ് സർജൻ / കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ
## ആരോഗ്യ വകുപ്പ്
### ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1 വകുപ്പ്** : ആരോഗ്യ വകുപ്പ്
**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് സർജൻ / കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ
**3. ശമ്പളം** : ₹ 45800-89000/
**4. ഒഴിവുകളുടെ എണ്ണം** : ഈഴവ /ബില്ലവ / തിയ്യ (104 - നൂറ്റിനാല്)

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 25.03.2013 - ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ ( കാറ്റഗറി നമ്പർ 567 / 2012, ഗസറ്റ് തീയതി 19.11.2012) കാലയളവിൽ ഈഴവ /ബില്ലവ / തിയ്യ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**കുറിപ്പ് :-** ഈ ഉദ്യോഗത്തിന് നിയമിക്കപ്പെടുന്നവർ അവരുടെ ആദ്യത്തെ പത്ത് (10) വർഷത്തെ സേവനത്തിനുള്ളിൽ (പരിശീലനകാലമുൾപ്പെടെ നാല്(4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവനം 45 (നാല്പത്തിയഞ്ച്) വയസ് തികഞ്ഞവർക്ക് ബാധകമല്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (ഈഴവ /ബില്ലവ/തിയ്യ സമുദായത്തിലെ ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം)

**കുറിപ്പ്:-** മുകളിൽ കാണിച്ചിട്ടുള്ള സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അക്ഷേകൾ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 18-45; ഉദ്യോഗാർത്ഥികൾ 02.01.1972 -നും 01.01.1999 -നും ഇടയിൽ ജനിച്ചവർ ആയിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ ) [പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ഉൾപ്പെടെ]

**കുറിപ്പ്:-** (വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക [ഖണ്ഡിക 2(i)ഒഴികെ)]

**7. യോഗ്യതകൾ :**

1) മോഡേൺ മെഡിസിനിലുള്ള ബിരുദം (എം. ബി. ബി. എസ്) അല്ലെങ്കിൽ തത്തുല്യയോഗ്യത.

2) തിരുവിതാംകൂർ കൊച്ചി മെഡിക്കൽ കൗൺസിലിൽ നിന്നും ലഭിച്ചിട്ടുള്ള സാധുതയുള്ള രജിസ്ട്രേഷൻ.

**കുറിപ്പ് :** പ്രതിരോധ സർവ്വീസിൽ സേവനമനുഷ്ഠിച്ചിട്ടുള്ളവർക്ക് അവരുടെ പ്രതിരോധ സേനയിലെ ആദ്യത്തെ ഒരു വർഷ സേവനക്കാലം ഹൗസ് സർജൻസിയായി പരിഗണിക്കുന്നതാണ്.

ഗവൺമെന്റ് സർവ്വീസിലിരിക്കെ എം. ബി. ബി. എസ് യോഗ്യത സമ്പാദിക്കുകയും ഇപ്പോൾ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ സേവനമനുഷ്ഠിക്കുകയും ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് ഉയർന്ന പ്രായപരിധിയിൽ വേണ്ടത്ര ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പ്രായപരിധി യാതൊരു കാരണവശാലും 50 (അമ്പത്) വയസ്സ് കവിയാൻ പാടില്ല.

**കുറിപ്പ്** - KS & SSR Part II Rule 10 (a) (ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 358/2017
## അസിസ്റ്റന്റ് സർജൻ / കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ
## ആരോഗ്യ വകുപ്പ്
### ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1 വകുപ്പ്** : ആരോഗ്യ വകുപ്പ്
**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് സർജൻ / കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ
**3. ശമ്പളം** : ₹ 45800-89000/
**4. ഒഴിവുകളുടെ എണ്ണം** : ഒ.ബി.സി. (8- എട്ട് )

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 25.03.2013 - ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ 567 / 2012, ഗസറ്റ് തീയതി 19.11.2012) കാലയളവിൽ ഒ.ബി.സി. സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**കുറിപ്പ് :-** ഈ ഉദ്യോഗത്തിന് നിയമിക്കപ്പെടുന്നവർ അവരുടെ ആദ്യത്തെ പത്ത് (10) വർഷത്തെ സേവനത്തിനുള്ളിൽ (പരിശീലനകാലമുൾപ്പെടെ നാല് (4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവനം 45 (നാല്പത്തിയഞ്ച്) വയസ് തികഞ്ഞവർക്ക് ബാധകമല്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം ( ഒ.ബി.സി സമുദായത്തിലെ ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം)

**കുറിപ്പ്:-** മുകളിൽ കാണിച്ചിട്ടുള്ള സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അക്ഷേകൾ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യകമായി നൽകുന്നതല്ല.

**6. പ്രായം** : 18-45; ഉദ്യോഗാർത്ഥികൾ 02.01.1972 -നും 01.01. 1999 -നും ഇടയിൽ ജനിച്ചവർ ആയിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ ) [പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ഉൾപ്പെടെ]

(വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക [ഖണ്ഡിക 2(i)ഒഴികെ)]

**7. യോഗ്യതകൾ :**

1) മോഡേൺ മെഡിസിനിലുള്ള ബിരുദം (എം. ബി. ബി. എസ്) അല്ലെങ്കിൽ തത്തുല്യയോഗ്യത.

2) തിരുവിതാംകൂർ കൊച്ചി മെഡിക്കൽ കൗൺസിലിൽ നിന്നും ലഭിച്ചിട്ടുള്ള സാധുതയുള്ള രജിസ്ട്രേഷൻ.

**കുറിപ്പ്:** പ്രതിരോധ സർവ്വീസിൽ സേവനമനുഷ്ഠിച്ചിട്ടുള്ളവർക്ക് അവരുടെ പ്രതിരോധ സേനയിലെ ആദ്യത്തെ ഒരു വർഷ സേവനക്കാലം ഹൗസ് സർജൻസിയായി പരിഗണിക്കുന്നതാണ്. ഗവൺമെന്റ് സർവ്വീസിലിരിക്കെ എം. ബി. ബി. എസ് യോഗ്യത സമ്പാദിക്കുകയും ഇപ്പോൾ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ സേവനമനുഷ്ഠിക്കുകയും ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് ഉയർന്ന പ്രായപരിധിയിൽ വേണ്ടത്ര ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പ്രായപരിധി യാതൊരു കാരണവശാലും 50 (അമ്പത്) വയസ്സ് കവിയാൻ പാടില്ല.

കുറിപ്പ് - KS & SSR Part II Rule 10 (a) (ii) ബാധകമാണ്.

# 1004 തിരഞ്ഞെടുത്ത ചോദ്യങ്ങൾ

1. നമ്മുടെ ശരീരത്തിലെ തപാലാഫീസ്– **തലാമസ്**
2. അയ്യങ്കാളി ചരിത്രപ്രസിദ്ധമായ വില്ലുവണ്ടി യാത്ര നടത്തിയ വർഷം– **1893**
3. ഇന്ത്യയിൽ എവിടെയാണ് ആദ്യമായി ഫാഷൻ മത്സരം നടന്നത്–**മുംബൈ**
4. എത്ര രൂപ കറൻസിയിലാണ് ട്രാക്ടർ ചിത്രീകരിച്ചിരിക്കുന്നത്– **അഞ്ച്**
5. സിംഫണികളുടെ പിതാവ് എന്നറിയപ്പെടുന്നത്– **ഹെയ്ഡൻ**
6. ചായക്കോപ്പയിലെ കൊടുങ്കാറ്റ് എന്ന് വിശേഷിപ്പിക്കപ്പെട്ട, ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ സംഭവം– **ഉപ്പു സത്യാഗ്രഹം**
7. ജാക്ക് ഡോർസി തുടങ്ങിയ പ്രസ്ഥാനം– **ടിറ്റർ**
8. നോട്ട (നൺഓഫ് ദ എബോവ്) നടപ്പിലാക്കുന്ന എത്രാമത്തെ രാജ്യമാണ് ഇന്ത്യ–**14**
9. തഹ്സിബ്–ഉൽ–അഖ്ലാക് എന്ന പ്രസിദ്ധീകരണം ആരംഭിച്ചതാര്– **സയ്യദ് മുഹമ്മദ് ഖാൻ**
10. കസ്തൂരി രംഗൻ റിപ്പോർട്ട് പ്രകാരം കേരളത്തിൽ എത്ര പരിസ്ഥിതി ലോല വില്ലേജുകൾ ഉണ്ട്–**123**
11. കേരളത്തിലെ ആദ്യത്തെ ചീഫ് സെക്രട്ടറി– **വി.കൃഷ്ണമൂർത്തി**
12. പഴയ ബോംബെ സംസ്ഥാനത്തുനിന്ന് പിറവികൊണ്ട സംസ്ഥാനങ്ങൾ– **ഗുജറാത്ത്, മഹാരാഷ്ട്ര**
13. ഭരണഘടനയുടെ ജീവൻ എന്താണ്– **ആമുഖം**
14. മംഗോളിയയിലെ കറൻസി– **ടുഗ്രിക്**
15. ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ സമസ്തമേഖലകളെയും പറ്റി പഠിച്ച വിദ്യാഭ്യാസ കമ്മിഷൻ– **കോത്താരി കമ്മിഷൻ**
16. ഇന്റർനെറ്റ് സുരക്ഷാദിനം– **ഫെബ്രുവരി 6**
17. ഈശ്വരൻ തെറ്റുചെയ്താലും ഞാനത് റിപ്പോർട്ട് ചെയ്യും എന്ന് പറഞ്ഞ വിഖ്യാത പത്രപ്രവർത്തകൻ– **സ്വദേശാഭിമാനി രാമകൃഷ്ണപിള്ള**
18. ഗാന്ധി സിനിമയിൽ ജനറൽ ഡയറിന്റെ വേഷത്തിൽ അഭിനയിച്ചത്– **എഡ്വേർഡ് ഫോക്സ്**
19. സംഗീതോപകരണമായ ഗിത്താറിന്റെ പിറവി ഏത് രാജ്യത്താണ്–**സ്പെയിൻ**
20. ഏത് മഹാസമുദ്രത്തിലാണ് ക്യൂബ സ്ഥിതി ചെയ്യുന്നത്– **അത്ലാന്റിക്**
21. ഏത് മുഗൾ രാജാവിന്റെ കാലത്താണ് ആദ്യമായി മാർബിൾ ഉപയോഗിച്ചത്– **ജഹാംഗീർ**
22. ഭൂട്ടാനും നേപ്പാളിനുമിടയിൽ സ്ഥിതിചെയ്യുന്ന ഇന്ത്യൻ സംസ്ഥാനം– **സിക്കിം**
23. ഔഗഡൗഗു ഏതിന്റെ തലസ്ഥാനമാണ്– **ബർക്കിന ഫാസോ**
24. ബ്രിട്ടിഷുകാർക്കെതിരെ മിതവാദികൾ അവലംബിച്ച മാർഗം– **നിവേദനവും അഭ്യർഥനയും**
25. ഓപ്പറേഷൻ പ്രൊട്ടക്ടീവ് എഡ്ജ് എന്ന സൈനിക നടപടി ആരൊക്കെ തമ്മിലാണ്– **ഇസ്രയേലും ഹമാസും**
26. വിസ്മയജനകം രചിച്ചതാര്– **കണ്ടത്തിൽ വർഗീസ് മാപ്പിള**
27. സോയിൽ സർവേ ഓഫ് ഇന്ത്യ സ്ഥാപിതമായ വർഷം **–1956**
28. ഇന്ത്യയിൽ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട് നിലവിൽവന്ന വർഷം– **1972**
29. വിദ്യാഭ്യാസത്തിനുള്ള അവകാശവുമായി ബന്ധപ്പെട്ട ഭരണഘടനാ അനുച്ഛേദം– **21എ, 51എ**
30. വിഷകന്യക രചിച്ചതാര്– **എസ്.കെ.പൊറ്റക്കാട്ട്**
31. ഇന്ത്യയിലെ ആദ്യ ഫാക്ടറി കമ്മിഷൻ രൂപവത്കൃതമായത്– **1875**
32. മലബാർ ഹിൽസ് എവിടെയാണ്– **മുംബൈ**
33. ബ്രിട്ടിഷ് ഭരണകാലത്ത് താനകൾ സ്ഥാപിച്ചതാര്– **കോൺവാലിസ്**
34. ഓൾ ഇന്ത്യ മുസ്ലിം ലീഗ് രൂപവത്കൃതമായത്– **1906 ഡിസംബർ 30**
35. മാസ്ക് ഓഫ് ആഫ്രിക്ക എന്ന പുസ്തകം രചിച്ചത്– **വി.എസ്.നയ്പാൾ**
36. ദി കേണൽ എന്ന വിളിപ്പേര് ഏത് ഇന്ത്യൻ ക്രിക്കറ്റ് താരത്തിനാണുള്ളത്– **ദിലീപ് വെങ്സാർക്കർ**
37. സത്യജിത്റേയും പാഥേർപാഞ്ജലിയുടെ മുഖ്യവിഷയം– **ദാരിദ്ര്യം**
38. അന്തർദേശീയ ജലസഹകരണവർഷം– **2013**
39. പ്ലേയിങ് ടു വിൻ ഏത് കായികതാരത്തിന്റെ ആത്മകഥ– **സെയ്ന നെഹ്‌വാൾ**
40. മണ്ണിലൂടെ ഉരുണ്ടുവരുന്ന ബോൾ വേഗം കുറഞ്ഞ് നിശ്ചലമാകാൻ കാരണമായ ബലം– **ഘർഷണം**
41. ഐക്കര നാടുവാഴിക്ക് സ്വീകരണം സംഘടിപ്പിച്ചത്– **പാമ്പാടി ജോൺ ജോസഫ്**
42. വിഭജനത്തിനുശേഷം ഒരു മലയാളി, പാകിസ്താന്റെ ഈജിപ്തിലേക്കുള്ള സ്ഥാനപതിയായി പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ പേര്– **അബ്ദുൾ സത്താർ സേട്ട്**
43. ഏത് പഞ്ചവത്സരപദ്ധതിക്കാലത്താണ് ഇന്ത്യയിൽ ഇന്റൻസീവ് അഗ്രികൾച്ചറൽ പ്രോഗ്രാം ആരംഭിച്ചത്– **മൂന്നാം പദ്ധതി**
44. 1922–ൽ എസ്.എ.ഡാങ്കേ ആരംഭിച്ച പ്രസിദ്ധീകരണം– **ദ സോഷ്യലിസ്റ്റ്**
45. 1929 മാർച്ച് നാലിന് മഹാത്മാഗാന്ധി എവിടെയാണ് പൊതുസ്ഥലത്ത് വിദേശവസ്ത്രങ്ങൾ കത്തിക്കുന്ന പ്രതിഷേധ സമരത്തിന് തുടക്കം കുറിച്ചത്– **കൊൽക്കത്ത**
46. 1942 സെപ്തംബർ 15–ന് ആരാണ് ക്വിറ്റിന്ത്യാ സമരത്തെ ഒരു കലാപം (റെബല്യൻ) എന്ന് വിശേഷിപ്പിച്ചത്– **സർ റെജിനാൾഡ് മാക്സ്‌വെൽ**
47. വാട്ട് ഹാപ്പൻഡ് ടു നേതാജി എന്ന പുസ്തകം രചിച്ചത്– **അനുജ് ധർ**
48. തിന്മ അരുത് (ഡു നോട്ട് ഈവിൾ) എന്നത് ഏതിന്റെ ആപ്തവാക്യമാണ്– **ഗൂഗിൾ**
49. കേരള ആരോഗ്യവകുപ്പിന്റെ അവയവദാന പദ്ധതിയുടെ പേര്– **മൃതസഞ്ജീവനി**
50. ഭക്ഷ്യ സുരക്ഷാ നിയമം പാസാക്കിയ ആദ്യ ഇന്ത്യൻ സംസ്ഥാനം– **ഛത്തീസ്ഗഢ്**
51. സ്വയം ഉഴുതുമറിക്കുന്ന മണ്ണ് എന്ന് വിശേഷിപ്പിക്കപ്പെടുന്നത്– **ബ്ലാക്ക് സോയിൽ**
52. ഭാരതപ്പുഴയെ ശോകനാശിനി എന്നു വിളിച്ചത്– **എഴുത്തച്ഛൻ**
53. ബോംബെ പ്ലാൻ തയ്യാറാക്കിയ എട്ടു വ്യക്തിത്വങ്ങളുടെ കൂട്ടത്തിലെ ഏക മലയാളി– **ജോൺ മത്തായി**
54. സ്വച്ഛ ഭാരത് പദ്ധതി ആരംഭിച്ച തീയതി– **2014 ഒക്ടോബർ 2**
55. സുഗമ ഭാരത് അഭിയാൻ ഏത് വിഭാഗക്കാരുടെ ക്ഷേമമാണ് ലക്ഷ്യമിടുന്നത്– **ഭിന്നശേഷിക്കാർ**
56. ഒ.എൻ.വി.കുറുപ്പിന് ഏത് വർഷത്തെ ജ്ഞാനപീഠമാണ് ലഭിച്ചത്– **2007**
57. ദ നെയിം ഓഫ് ദ റോസ് ആരുടെ രചനയാണ്– **ഉംബർട്ടോ എക്കോ**
58. ഏത് രാജ്യത്തിന്റെ ദേശീയ പുഷ്പമാണ് റോഡോഡെൻഡ്രോൺ– **നേപ്പാൾ**
59. ഭാരതപ്പുഴ എവിടെവച്ചാണ് അറബിക്കടലിൽ ചേരുന്നത്– **പൊന്നാനി**
60. ഇന്ത്യയിലെ ആദ്യത്തെ മൗണ്ടൻ റെയിൽവേ– **ഡാർജിലിങ്**
61. ഡഫറിൻ പ്രഭുവിന്റെ ബുദ്ധിയിലുദിച്ച ആശയമാണ് കോൺഗ്രസ് എന്ന് അഭിപ്രായപ്പെട്ടതാര്– **ലാലാ ലജ്പത് റായി**
62. രണ്ട് ഓസ്കർ ലഭിച്ച ആദ്യ ഇന്ത്യക്കാരൻ– **എ.ആർ.റഹ്മാൻ**
63. ഇന്ത്യയിൽ ആദ്യമായി ക്രെഡിറ്റ് കാർഡ് അവതരിപ്പിച്ച ബാങ്ക്– **സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ**
64. 2020–ഓടുകൂടി എല്ലാ കുട്ടികൾക്കും രോഗപ്രതിരോധ സജ്ജമാക്കാൻ ലക്ഷ്യമിടുന്ന കേന്ദ്ര സർക്കാർ പദ്ധതി– **ഇന്ദ്രധനുഷ്**
65. സ്വച്ഛ ഭാരത് കോശ് ഫണ്ടുപയോഗിച്ച് സ്കൂളുകളിലും ഗ്രാമപ്രദേശങ്ങളിലും എന്താണ് നിർമിക്കുന്നത്– **ടോയ്‌ലറ്റുകൾ**
66. മൗര്യഭരണകാലത്ത് രാജാവിന് വാർത്തകളെത്തിക്കുന്ന ജോലി ചെയ്തിരുന്നവർ അറിയപ്പെട്ടിരുന്ന പേര്– **പ്രതിവേദിക**
67. ദ്വൈതാദ്വൈത തത്ത്വചിന്തയുടെ പിതാവ്– **നിംബാർക്ക**
68. സെർവന്റ്സ് ഓഫ് ദ പീപ്പിൾ സൊസൈറ്റി (ലോക് സേവക് മണ്ഡൽ) യുടെ സ്ഥാപകൻ– **ലാലാ ലജ്പത് റായി**
69. കെ.ആർ.നാരായണൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആൻഡ് ആർട്സ് എവിടെയാണ്– **കോട്ടയം**
70. പ്രൊട്ടക്ഷൻ ഓഫ് വിമൻ ഫ്രം ഡൊമസ്റ്റിക് വയലൻസ് ആക്ട് 2005–ന് പ്രസിഡന്റിന്റെ അനുമതി ലഭിച്ച തീയതി– **2005 സെപ്തംബർ 13**
71. പ്രൊട്ടക്ഷൻ ഓഫ് വിമൻ ഫ്രം ഡൊമസ്റ്റിക് വയലൻസ് ആക്ട് 2005 പ്രാബല്യത്തിൽവന്ന തീയതി– **2006 ഒക്ടോബർ 26**
72. ബയോഡൈവേഴ്സിറ്റിയുടെ പിതാവ്– **എഡ്വേർഡ് ഓസ്ബോൺ വിൽസൺ**
73. ഏതിനെ മാതൃകയാക്കിയാണ് ചെങ്കുളത്ത്കുഞ്ഞിരാമമേനോൻ കേരളപത്രിക ആരംഭിച്ചത്– **അമൃത്ബസാർ പത്രിക**
74. ഏത് മണ്ഡലത്തിൽനിന്ന് പി.കെ.ചാത്തൻ മാസ്റ്റർ 1957–ൽ കേരളനിയമസഭയിലേക്ക് ജയിച്ചത്– **ചാലക്കുടി**
75. എന്താണ് സശസ്ത്ര സീമാബെൽ– **അതിർത്തി സംരക്ഷണസേന**
76. എവിടെനിന്നാണ് കേശവനാശാൻ സുജനാനന്ദിനി എന്ന പ്രസിദ്ധീകരണം ആരംഭിച്ചത്– **പരവൂർ**
77. എത്രാം പഞ്ചവത്സരപദ്ധതിക്കാലത്താണ് ഇന്ത്യ ലോക വ്യാപാര സംഘടനയിൽ അംഗമായത്– **എട്ട്**
78. ലോക്സഭ ആധാർ ബിൽ പാസാക്കിയ തീയതി– **2016 മാർച്ച് 3**
79. പി.കെ.തുംഗൻ കമ്മിറ്റി എന്തുമായി ബന്ധപ്പെട്ടിരിക്കുന്നു– **പഞ്ചായത്ത്‌രാജ്**
80. അഖില തിരുവിതാംകൂർ നാവിക തൊഴിലാളി സംഘം സ്ഥാപിച്ചത്– **ഡോ.വേലുക്കുട്ടി അരയൻ**
81. നാഷണൽ സോഷ്യൽ അസിസ്റ്റൻസ് പ്രോഗ്രാം ആരംഭിച്ച വർഷം– **1995**
82. സിക്ക വൈറസ് രോഗം ആദ്യം റിപ്പോർട്ട് ചെയ്യപ്പെട്ട രാജ്യം– **ബ്രസീൽ**
83. കേരളത്തിലെ ഏറ്റവും വലിയ സംരക്ഷിത കണ്ടൽവനം– **കടലുണ്ടി**
84. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനും സ്ത്രീ സൗഹൃദ ഇടം സൃഷ്ടിക്കുന്നതിനും കുടുംബശ്രീ ആവിഷ്കരിച്ച പദ്ധതി– **നിർഭയ**
85. പ്രമേഹം, രക്തസമ്മർദ്ദം തുടങ്ങിയവ സ്വന്തമായി വീട്ടിൽ പരിശോധിക്കുന്നതിന് കുടുംബശ്രീ ആവിഷ്കരിച്ച പദ്ധതി– **സാന്ത്വനം**
86. ലോകബാങ്കിന്റെ സഹായത്തോടെ കേരളത്തിൽ നടപ്പിലാക്കുന്ന ഗ്രാമീണ ജലവിതരണ പരിസര ശുചിത്വ പദ്ധതി– **ജലനിധി**
87. നമ്മുടെ മരം പദ്ധതിയിൽ സഹകരിക്കുന്ന വകുപ്പുകൾ– **വിദ്യാഭ്യാസവും വനവും**
88. ദേശീയ ഔഷധ സസ്യബോർഡിന്റെ സാമ്പത്തിക സഹായത്തോടെ 2002–ൽ ആരംഭിച്ച ഔഷധ വ്യാപന പദ്ധതി– **സഞ്ജീവനി**
89. 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് മാരകരോഗങ്ങൾക്ക് ചികിത്സ നൽകുന്ന പദ്ധതി– **താലോലം**
90. കിടപ്പുരോഗികളുടെ ശുശ്രൂഷകൾക്ക് പ്രതിമാസ ധനസഹായം നൽകുന്ന പദ്ധതി– **ആശ്വാസകിരൺ**
91. കേരള സർക്കാരിന്റെ കമ്യൂണിറ്റി പൊലീസിങ് സംരംഭം– **ജനമൈത്രി**
92. നെല്ലുൽപാദനം ഇരട്ടിയാക്കാൻ സംസ്ഥാന കൃഷി വകുപ്പ് നടപ്പാക്കുന്ന പദ്ധതി– **എല്ലാരും പാടത്തേക്ക്**
93. തീപ്പെട്ടിയുടെ വശങ്ങളിൽ ഉപയോഗിക്കുന്ന മൂലകം– **ചുവന്ന ഫോസ്ഫറസ്**
94. പച്ചനിറം കിട്ടാൻ വെടിമരുന്നിൽ ചേർക്കുന്നത്– **ബേരിയം**
95. മഞ്ഞനിറം കിട്ടാൻ വെടിമരുന്നിൽ ചേർക്കുന്നത്–**സോഡിയം**
96. ഒരു പദാർഥം കത്തുമ്പോൾ നടക്കുന്ന പ്രവർത്തനം– **ഓക്സീകരണം**
97. ടേബിൾ ഷുഗർ എന്നറിയപ്പെടുന്നത്– **സുക്രോസ്**
98. കിർഗിസ്ഥാന്റെ തലസ്ഥാനം– **ബിഷ്കേക്**
99. മണ്ണെണ്ണയിലെ ഘടകമൂലകങ്ങൾ– **ഹൈഡ്രജനും കാർബണും**
100. മൊബൈൽ ഫോണിൽ ഉപയോഗിക്കുന്ന ബാറ്ററി– **ലിഥിയം അയോൺ സെൽ മലേറിയ**
101. ലോക കൊതുക് ദിനം– **ഓഗസ്റ്റ് 20**
102. വയോജനങ്ങളെ ബാധിക്കുന്ന രോഗങ്ങൾ, അവരുടെ പരിചരണം എന്നിവയെ സംബന്ധിച്ച വൈദ്യശാസ്ത്ര ശാഖ– **ജെറിയാട്രിക്സ്**
103. കേരള സംസ്ഥാനം രൂപംകൊണ്ടശേഷം ആദ്യ സെൻസസ് നടന്ന വർഷം–**1961**
104. കോഴിക്കോടിനെക്കുറിച്ച് പരാമർശിച്ച ആദ്യത്തെ സഞ്ചാരി– **മാർക്കോപോളോ**
105. ചേരമാൻ പറമ്പ് എവിടെയാണ്– **കൊടുങ്ങല്ലൂർ**

106. പന്തളം കേരളവർമ്മ സ്വീകരിച്ചിരിക്കുന്ന തൂലികാനാമം- **കവിതിലകൻ (88/2015-35)**
107. മൂക്കിലൂടെ ശ്വസിക്കാത്ത കശേരുജീവി-**മത്സ്യം**
108. ഇന്ത്യയിൽ ഏറ്റവും കൂടുതൽ സിംഹങ്ങൾ കാണപ്പെടുന്ന വനം- **ഗിർ വനം**
109. ഇന്ത്യയിൽ ആദ്യമായി സർവീസ് നടത്തിയ തീവണ്ടി **- ഫെയറി ക്വീൻ**
110. സ്വാതന്ത്ര്യാനന്തരം 1965-ൽ ഇന്ത്യയും പാകിസ്താനും തമ്മിൽ യുദ്ധമുണ്ടായപ്പോൾ ഇന്ത്യൻ പ്രധാനമന്ത്രി ആരായിരുന്നു- **ലാൽ ബഹാദൂർ ശാസ്ത്രി**
111. ഇന്ത്യയുടെ ദേശീയ ചിഹ്നത്തിനുതാഴെ സത്യമേവ ജയതേ എന്നെഴുതിയിരിക്കുന്നത് ഏത് ലിപിയിൽ- **ദേവനാഗരി**
112. കാഫിർ എന്ന നാടകം രചിച്ചത്- **കെ.ടി.മുഹമ്മദ്**
113. സ്ത്രീധന നിരോധന നിയമം പാസാക്കിയ വർഷം- **1961**
114. നമീബിയ ഏത് രാജ്യത്തിൽനിന്നാണ് സ്വാതന്ത്ര്യം നേടിയത്- **ദക്ഷിണാഫ്രിക്ക**
115. പട്ടം താണുപിള്ള സ്ഥാപിച്ച പാർട്ടി- **ഡെമോക്രാറ്റിക് സോഷ്യലിസ്റ്റ് പാർട്ടി**
116. പട്യാലയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സിന് ആരുടെ പേരാണ് നൽകിയിരിക്കുന്നത്- **നേതാജി സുഭാഷ് ചന്ദ്രബോസ്**
117. പ്രസവിക്കുന്ന അച്ഛൻ എന്നറിയപ്പെടുന്ന ജീവി- **കടൽക്കുതിര**
118. ശ്രീലങ്കയിലേക്കുള്ള ഇന്ത്യൻ ഹൈക്കമ്മിഷണറായ കേരളത്തിലെ സ്വാതന്ത്ര്യസമരസേനാനി- **കെ.പി.കേശവമേനോൻ**
119. ഇന്ത്യൻ തപാൽ സ്റ്റാമ്പിൽ ചിത്രം അച്ചടിക്കപ്പെട്ട ആദ്യ നൊബേൽ ജേതാവ്- **രബീന്ദ്രനാഥ് ടാഗോർ**
120. ഇന്ത്യൻ തപാൽസ്റ്റാമ്പിൽ പ്രത്യക്ഷപ്പെട്ട ആദ്യ സിനിമാനടി- **നർഗീസ് ദത്ത്**
121. ഇന്ത്യയിൽ ഏറ്റവും കൂടുതൽ സ്ഥലത്തു നടക്കുന്ന കൃഷി- **നെല്ല്**
122. ഇന്ത്യയിൽ കാപ്പിക്കുരു കൊണ്ടുവന്നത് എവിടെനിന്നാണ്-**സൗദി അറേബ്യ**
123. ഇന്ത്യയിലെ ആദ്യത്തെ ആർട്ട് ഗാലറി 1814-ൽ സ്ഥാപിതമായത് എവിടെ- **കൊൽക്കത്ത**
124. ഇന്ത്യയിലെ സിനിമാ വ്യവസായത്തിന്റെ കേന്ദ്രം- **മുംബൈ**
125. ഇന്ത്യയുടെ ഏറ്റവും തെക്കേയറ്റത്തെ ജില്ല **-കന്യാകുമാരി**
126. ഇന്ത്യയുടെ വിസ്തീർണം ഉദ്ദേശം എത്ര ലക്ഷം ചതുരശ്ര കിലോമീറ്ററാണ്- **32.9**
127. ഇൻക സംസ്കാരത്തിന്റെ അവശിഷ്ടങ്ങൾ കാണുന്ന മാച്ചുപിച്ചു ഏത് രാജ്യത്താണ്- **പെറു**
128. രണ്ടാം ലോകമഹായുദ്ധക്കാലത്ത് നാസികൾ സ്ഥാപിച്ച ഏറ്റവും വലിയ കോൺസൺട്രേഷൻ ക്യാമ്പായ ഓഷ്‌വിറ്റ്സ് ഏത് രാജ്യത്താണ്- **പോളണ്ട്**
129. ഈജിപ്തിന്റെ ഭാഗമായ സിനായ് ഉപദ്വീപ് ഏത് വൻകരയിലാണ് **-ഏഷ്യ**
130. ഈജിപ്തിന്റെ ഏഷ്യൻഭാഗത്തിന്റെ പേര്- **സിനായ് പെനിൻസുല**
131. ഈജിപ്ത് സ്വതന്ത്രമായ വർഷം- **1922**
132. എംഡൻ എന്ന മുങ്ങിക്കപ്പൽ ഏത് രാജ്യത്തിന്റെതായിരുന്നു- **ജർമനി**
133. വനവൃക്ഷങ്ങളുടെ ചക്രവർത്തി- **തേക്ക്**
134. ക്യാബിനറ്റിന്റെ സുരക്ഷാ സമിതിയുടെ തലവൻ- **പ്രധാനമന്ത്രി**
135. സി.ആർ.ഐ. തമിഴ് റേഡിയോ പ്രവർത്തിക്കുന്നത് ഏത് രാജ്യത്താണ്- **ചൈന**
136. ഛാത്രാരി ഏത് സംസ്ഥാനത്തെ ആദിവാസി നൃത്തരൂപമാണ്- **ഹിമാചൽ പ്രദേശ്**
137. ജനസംഖ്യയുമായി താരതമ്യം ചെയ്യുമ്പോൾ ഏറ്റവും ഉയർന്ന വധശിക്ഷാ നിരക്കുള്ള രാജ്യം- **സിംഗപ്പൂർ**
138. ജിബ്രാൾട്ടർ പാറ എവിടെയാണ്- **ഹൈദരാബാദ്**
139. നെല്ലിന്റെ താഴ്‌വര എന്നർത്ഥമുള്ള ഡെൻജോങ് എന്ന പുരാതനനാമം ഇന്ത്യയിലെ ഏത് സംസ്ഥാനത്തിന്റെതാണ്- **സിക്കിം**
140. ഐഎൻഎസ് വിക്രമാദിത്യയുടെ പഴയ പേര്- **അഡ്മിറൽ ഗോർഷ്കോവ്**
141. സെൻസെക്സ് എന്ന പദത്തിന്റെ ഉപജ്ഞാതാവ്- **ദീപക് മൊഹാനി**
142. ടെലികോം വകുപ്പ് ടെലഗ്രാം സേവനങ്ങൾ നിർത്തലാക്കിയ വർഷം- **2013 ജൂലൈ 15**
143. ഡെമോഗ്രഫിയുടെ പിതാവ് എന്നറിയപ്പെടുന്നത്- **ജോൺ ഗ്രൗണ്ട്**
144. മോട്ടോർ സൈക്കിളിലെ സാഹസികയാത്രകളിൽ ചെഗ്വേരയോടൊപ്പം യാത്ര ചെയ്തത്- **ആൽബർട്ടോ ഗ്രാനഡോ**
145. കേരളത്തിന്റെ ഗംഗ എന്നറിയപ്പെടുന്നത്- **ഭാരതപ്പുഴ (85/2015-94)**
146. സോർബോൺ സർവകലാശാല എവിടെയാണ്- **പാരീസ്**
147. ദാദാസാഹേബ് ഫാൽക്കേ അവാർഡിനർഹനായ ആദ്യ ഛായാഗ്രാഹകൻ- **വി.കെ.മൂർത്തി**
148. ജഹാംഗീറിന്റെ മരണശേഷം, ഷാജഹാൻ സ്ഥലത്തില്ലാത്തതിനാൽ, ആരെയാണ് ആസഫ്ഖാൻ താൽക്കാലിക ഭരണാധികാരിയായി വാഴിച്ചത്- **ദാവർ ബക്ഷ്**
149. ഇന്ത്യയിലെ ഏറ്റവും വലിയ അണക്കെട്ട്- ഭക്രാനംഗൽ
150. ബാറ്റ്മാൻ പട്ടണം ഏത് രാജ്യത്താണ്- **തുർക്കി**
151. 1898-ലെ സ്പാനിഷ്- അമേരിക്കൻ യുദ്ധം തുടങ്ങിയത് ഏത് രാജ്യത്ത്- **ക്യൂബ**
152. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിൽ കേരള സർക്കാർ നടപ്പിലാക്കുന്ന നഗര തൊഴിൽ പദ്ധതി- **അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി**
153. മൂന്ന് വയസ്സിനു താഴെയുള്ള കേൾവിശേഷി കുറഞ്ഞ കുട്ടികൾക്കായുള്ള കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി- **ശ്രുതിതരംഗം**
154. ആക്രമണത്തിനിരയാകുന്ന സ്ത്രീകൾക്ക് ശാരീരികവും നിയമപരവുമായ പരിരക്ഷ നൽകുന്ന സംസ്ഥാന ആരോഗ്യ സാമൂഹിക നീതി വകുപ്പുകളുടെ പദ്ധതി- **ഭൂമിക**
155. ഇന്ത്യയിലെ ആദ്യത്തെ ലയൺസ് ക്ലബ് 1956-ൽ സ്ഥാപിതമായതെവിടെ- **മുംബൈ**
156. ഇന്ത്യയിലെ ഏറ്റവും വലിയ മണൽ അണക്കെട്ട് - **ബാണാസുരസാഗർ**
157. ഇന്ത്യയിലെ സിനിമാരംഗത്തെ ഏറ്റവും ഉയർന്ന അവാർഡ്- **ദാദാസാഹേബ് ഫാൽക്കെ**
158. ഇന്ത്യയിലെ സിലിക്കൺ വാലി എന്നറിയപ്പെടുന്നത്- **ബാംഗ്ലൂർ**
159. രാഷ്ട്രപതിഭരണം ഏർപ്പെടുത്താൻ ശിപാർശ ചെയ്യുന്നത്- **ഗവർണർ**
160. ഈജിപ്തിലുണ്ടായിരുന്ന ഹീരോഗ്ലിഫിക്സ് ലിപിയിലെ അടിസ്ഥാന ചിഹ്നങ്ങളുടെ എണ്ണം- **24**
161. ഈഡിപ്പസ് രാജാവ് എന്ന ഗ്രീക്കു നാടകം രചിച്ചത്- **സോഫോക്ലീസ്**
162. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ചിഹ്നത്തിലുള്ള മൃഗം- **കടുവ**
163. എയ്ഡ്സ് ബോധവത്കരണത്തിനായി കേരള സർക്കാർ കൊണ്ടുവന്ന പദ്ധതി- **ആയുർദളം**
164. ഏത് വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് വഴിയോരം- **ടൂറിസം**
165. കുടിക്കാനുപയോഗിക്കുന്ന മദ്യങ്ങളിൽകാണുന്ന ആൽക്കഹോൾ- **ഈഥൈൽ ആൽക്കഹോൾ**
166. സാഹിത്യ നൊബേൽ നിരാകരിച്ച റഷ്യൻ എഴുത്തുകാരൻ- **ബോറിസ് പാസ്റ്റർനാക് (1958)**
167. കൊച്ചി സർവകലാശാലയുടെ പ്രഥമ വൈസ് ചാൻസലർ- **ജോസഫ് മുണ്ടശ്ശേരി**
168. ടെന്നീസിന്റെ ജന്മനാട്-**ഫ്രാൻസ്**
169. ഈഡൻ ഗാർഡൻസ് സ്റ്റേഡിയം (ക്രിക്കറ്റ്) എവിടെയാണ്- **കൊൽക്കത്ത**
170. തിരുവിതാംകൂറിൽ 1927-ലെ ക്ഷേത്ര പ്രവേശനാന്വേഷണ സമിതിയിൽ അംഗമായിരുന്ന മലയാള കവി- **ഉള്ളൂർ**
171. എംടിവി ഏത് രാജ്യത്തെ ടി.വി. ചാനലാണ്- **യുഎസ്എ**
172. സ്റ്റാമ്പിലിടം നേടിയ രണ്ടാമത്തെ മലയാള കവി- **വള്ളത്തോൾ**
173. ഇന്ത്യയിലെ ആദ്യത്തെ അന്താരാഷ്ട്ര ചലച്ചിത്രോത്സവം 1952-ൽ എവിടെയാണ് നടന്നത്- **മുംബൈ**
174. രാജീവ്ഗാന്ധിവധത്തിനുപിന്നിലെ ഗൂഢാലോചനയെക്കുറിച്ച് അന്വേഷിച്ച കമ്മിഷൻ-**വർമ കമ്മിഷൻ**
175. രാജസ്ഥാനിലെ പ്രധാനഭാഷകൾ- **ഹിന്ദി, രാജസ്ഥാനി**
176. ഇന്ത്യ ആക്രമിക്കാൻ ബാബറെ ക്ഷണിച്ചത് **-ദൗലത് ഖാൻ ലോധി**
177. ഇംഗ്ലീഷ് ഈസ്റ്റിന്ത്യാക്കമ്പനി അറിയപ്പെട്ടിരുന്ന ഇരട്ടപ്പേര്- **ദി ജോൺ കമ്പനി**
178. ഇന്ത്യാചരിത്രത്തിലാദ്യമായി പിതൃഹത്യ നടത്തിയ രാജാവ്- **അജാതശത്രു**
179. ഏതിന്റെ കൈവഴിയാണ് ഹൂഗ്ലി- ഗംഗ
180. ഇന്ത്യയെ എത്ര കാലാവസ്ഥാമേഖലകളായി തിരിച്ചിട്ടുണ്ട്- **7**
181. ടൈപ്പ് മെറ്റൽ എന്ന ലോഹസങ്കരത്തിലെ ഘടകങ്ങൾ **- ആന്റിമണി, കറുത്തീയം, വെളുത്തീയം**
182. ഇന്ദിരാപ്രിയദർശിനി പിറന്നത്- **1917 നവംബർ 19ന്**
183. ഏരിയാന എന്നറിയപ്പെട്ടിരുന്ന പ്രദേശം - **അഫ്ഗാനിസ്താൻ**
184. ഇന്ത്യാസമുദ്രത്തിലെ ഏറ്റവും വലിയ ദ്വീപ്- **മഡഗാസ്കർ**
185. ഏഷ്യയിലെ ഏറ്റവും വലിയ ചേരി എന്ന വിശേഷണം 2009-ൽ സ്വന്തമാക്കിയ ഒറാങ്കി ടൗൺഷിപ്പ് എവിടെയാണ് **-കറാച്ചി**
186. ഇന്ത്യാചരിത്രത്തിലെ പെരിക്ലിയൻ കാലഘട്ടം എന്നറിയപ്പെടുന്നത്- **ഗുപ്തകാലഘട്ടം**
187. ഏഷ്യയും ആഫ്രിക്കയും തമ്മിലുള്ള കരബന്ധം വേർപെടുത്തപ്പെട്ടതിനു കാരണം- **സൂയസ് കനാൽ**
188. ഇന്ത്യാചരിത്രത്തിലെ ആദ്യത്തെ ചക്രവർത്തി- **ചന്ദ്രഗുപ്തമൗര്യൻ**
189. ഈസ്റ്റ് ലണ്ടൻ എന്ന ആഫ്രിക്കൻ തുറമുഖ പട്ടണം ഏത് രാജ്യത്താണ്- **ദക്ഷിണാഫ്രിക്ക**
190. ഇന്ത്യ സ്വതന്ത്രമായ വർഷം മലയാളത്തിന്റെ ആസ്ഥാനകവിയായി തിരഞ്ഞെടുത്തത്- **വള്ളത്തോൾ**
191. ക്രിസ്തുമസ് ബോംബിംഗ് എന്ന പേരിൽ അമേരിക്ക ബോംബാക്രമണം നടത്തിയത് എവിടെയാണ്- **വിയറ്റ്നാം**
192. എ.ആർ.റഹ്മാൻ ജനിച്ചതെവിടെ- **ചെന്നൈ**
193. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിന്റെ ആസ്ഥാനം- **ഗോവ**
194. ഐക്യരാഷ്ട്രസഭയുടെ എല്ലാ അംഗങ്ങളും ഉൾപ്പെടുന്ന സമിതി- **ജനറൽ അസംബ്ലി**
195. കൂക്ക പ്രസ്ഥാനം രൂപംകൊണ്ട സംസ്ഥാനം- **പഞ്ചാബ്**
196. ഏതു രാജ്യക്കാരുമായിട്ടാണ് മാർത്താണ്ഡവർമ മാവേലിക്കര ഉടമ്പടിയിൽ ഏർപ്പെട്ടത്- **നെതർലൻഡ്സ് (ഡച്ചുകാർ)**
197. കേരളസർക്കാരിന്റെ സ്വാതിപുരസ്കാരം ആദ്യമായി ലഭിച്ചത്- **ശെമ്മാങ്കുടി ശ്രീനിവാസയ്യർ**
198. 1914-ൽ സർ ബഹുമതി നിരസിച്ച സ്വാതന്ത്ര്യ സമരസേനാനി-**ഗോപാലകൃഷ്ണ ഗോഖലെ**
199. ഗാന്ധി സമാധാന സമ്മാനത്തിന് ആദ്യമായി അർഹനായത്- **ജൂലിയസ് നെരേര**
200. തിരുവനന്തപുരത്ത് ഇപ്പോഴത്തെ സെക്രട്ടേറിയറ്റ് മന്ദിരം ഉദ്ഘാടനം ചെയ്യപ്പെട്ടത് ഏത് വർഷത്തിൽ- **എ.ഡി.1869**
201. ചരകസംഹിത എന്തിനെക്കുറിച്ചുള്ള ഗ്രന്ഥമാണ്- **വൈദ്യം**
202. ചാർമിനാർ നിർമിച്ച വർഷം- **1591**
203. ഐക്യരാഷ്ട്രസഭാ രക്ഷാസമിതിയിലെ സ്ഥിര അംഗങ്ങൾ- **5**
204. പക്ഷികളിൽ ഏറ്റവും കുറച്ച് വികാസം പ്രാപിച്ച ഇന്ദ്രിയം- **ഘ്രാണേന്ദ്രിയം**
205. ഭർത്താവില്ലാത്ത സ്ത്രീകൾക്കും പിന്നാക്കാവസ്ഥയിലുള്ള സ്ത്രീകൾക്കും വേണ്ടി സംസ്ഥാന തൊഴിൽവകുപ്പിന്റെ പദ്ധതി- **ശരണ്യ**
206. രണ്ടാം ലോകമഹായുദ്ധം അവസാനിക്കുമ്പോൾ ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്നത്- **ക്ലമന്റ് ആറ്റ്ലി**
207. ഇംഗ്ലീഷ് ഔദ്യോഗിക ഭാഷയായി 1967-ൽ സ്വീകരിച്ച സംസ്ഥാനം- **നാഗാലാൻഡ്**
208. എവിടത്തെ പ്രധാനമന്ത്രിയുടെ വസതിയാണ് 24 സസക്സ് ഡ്രൈവ്- **കനഡ**
209. ഏത് വൻകരയിലാണ് ഒറാങ് ഉട്ടാനെ കാണുന്നത്- **ഏഷ്യ**
210. ഏത് വകുപ്പാണ് സീതാലയം പദ്ധതി നടപ്പിലാക്കിയത്- **ഹോമിയോപ്പതി**
211. വനം, പരിസ്ഥിതി പ്രശ്നങ്ങൾ മാത്രം കൈകാര്യം ചെയ്യാൻ ഇന്ത്യയിലാദ്യമായി ഗ്രീൻ ബെഞ്ച് സ്ഥാപിച്ച ഇന്ത്യയിലെ ആദ്യത്തെ ഹൈക്കോടതി- **കൽക്കട്ട**
212. കുടുംബശ്രീ വഴി നടപ്പാക്കിയ ജൈവ പാട്ടകൃഷി സമ്പ്രദായം- **ഹരിതശ്രീ**
213. ശതവാഹന വംശം സ്ഥാപിച്ചത്- **സിമുകൻ**
214. സിക്കുകാരുടെ പത്താമത്തെയും അവസാനത്തെയും ഗുരു- **ഗോവിന്ദ്സിങ്**
215. ചരൺസിങ്ങിന്റെ സമാധി- **കിസാൻഘട്ട്.**
216. ചരൽക്കുന്ന് ഏതുനിലയിൽ പ്രസിദ്ധം- **വിനോദസഞ്ചാര കേന്ദ്രം**
217. ചാർമിനാർ എക്സ്പ്രസ് ഏതൊക്കെ നഗരങ്ങളെ ബന്ധിപ്പിക്കുന്നു- ഹൈദരാബാദ്- **ചെന്നൈ**
218. ചാർവാക മതത്തിന്റെ ഉപജ്ഞാതാവ്- ബ്രഹസ്പതി
219. ചുവന്ന രക്താണുക്കളുടെ ആയുസ്സ്- **120 ദിവസം**
220. ചുവന്ന രക്താണുക്കളുടെ ശവപ്പറമ്പ് എന്നറിയപ്പെടുന്ന ശരീരഭാഗം-**പ്ലീഹ (സ്പ്ലീൻ)**
221. ഐക്യരാഷ്ട്രസഭയുടെ രൂപവൽക്കരണത്തിലെ നാഴികക്കല്ലായ ഐക്യരാഷ്ട്ര പ്രഖ്യാപനത്തിൽ എത്ര രാജ്യങ്ങളാണ് ഒപ്പുവെച്ചത്- **26**
222. വെളുത്തുള്ളിയുടെ അരോചകമായ ഗന്ധത്തിന് കാരണം- **സൾഫർ**
223. കേരളത്തിലെ കോർപ്പറേഷനുകളിൽ സമുദ്രസാമീപ്യമില്ലാത്തത് - **തൃശ്ശൂർ**
224. കേരളസംസ്ഥാനത്ത് ആദ്യ തിരഞ്ഞെടുപ്പ് നടന്ന വർഷം- **1957**
225. കോളേജ് വിദ്യാർഥികൾക്ക് സോഫ്റ്റ് സ്കിൽ, ടെക്നിക്കൽ സ്കിൽ നൽകുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതി- **യെസ് കേരള**
226. ക്യോഡോ ന്യൂസ് എവിടത്തെ വാർത്താ ഏജൻസിയാ

*(ശേഷം പേജ് 14ൽ)*

# ഇന്ത്യയിലെ തപാൽ സംവിധാനം



**ലോകത്തിലെതന്നെ ഏറ്റവും വിപുലമായ തപാൽ വിതരണ ശൃംഖലയുള്ള രാജ്യമാണ് ഇന്ത്യ. മത്സരപ്പരീക്ഷകളിൽ പോസ്റ്റൽ സംവിധാനം സംബന്ധമായ ചോദ്യങ്ങൾ പതിവായതിനാൽ ഏറെ പ്രധാന്യത്തോടെ സമീപിക്കേണ്ട ഒരു വിഷയമാണിത്. ഇന്ത്യൻ പോസ്റ്റൽ സംവിധാനത്തിന്റെ ഉദ്ഭവത്തെയും വികാസപരിണാമങ്ങളെക്കുറിച്ചും വിശദമായി പഠിക്കുന്നതോടൊപ്പം അപൂർവ വസ്തുതകളെയും ഇവിടെ പരിചയപ്പെടാം.**

**ആർ.സി.സുരേഷ്കുമാർ rcsk1234@gmail.com 9447006221**

* ഇന്ത്യയിലെ (ഏഷ്യയിലെയും) ആദ്യത്തെ സ്റ്റാമ്പ് അവതരിപ്പിച്ചത് 1852–ൽ ബ്രിട്ടീഷ് ഇന്ത്യയിലെ സിന്ധ് പ്രവിശ്യയുടെ തലസ്ഥാനമായ കറാച്ചിയിലാണ്.സിന്ധിലെ കമ്മിഷണറായിരുന്ന സർ ഹെൻറി ബാർട്ട്ൽ ഫ്രെരെ ആയിരുന്നു സ്റ്റാമ്പിന്റെ ഉപജ്ഞാതാവ്.

* സിന്ധ് ഡാക് ( Scinde Dawk ) എന്നായിരുന്നു വൃത്താകൃതിയിലുള്ള സ്റ്റാമ്പിന്റെ പേര്. വില അര അണ.

* ആദ്യത്തെ ഇന്ത്യൻ സ്റ്റാമ്പ് രൂപകൽപന ചെയ്തത്– തൂലിയർ

* പുരാതനകാലം മുതൽക്കുതന്നെ ഇന്ത്യയിൽ സന്ദേശങ്ങൾ കൈമാറുന്ന സംവിധാനം നിലവിലുണ്ടായിരുന്നു.അഥർവവേദത്തിലും ചാണക്യന്റെ അർഥശാസ്ത്രത്തിലും ഇതു സംബന്ധമായ പരാമർശങ്ങളുണ്ട്.

* സന്ദേശം കൈമാറുന്നതിന് പ്രാവുകളെയും ഉപയോഗിച്ചിരുന്നു.

* ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് സന്ദേശങ്ങളുമായി ഓടുന്ന സന്ദേശവാഹകർ പുരാതനകാലം മുതൽക്കേ ഉണ്ടായിരുന്നു. സന്ദേശങ്ങൾ ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്ത് എത്തിക്കുന്നതിന് കുതിരകളെ ഇന്ത്യയിൽ ഉപയോഗിക്കുന്ന സമ്പ്രദായം ആരംഭിച്ചത് മധ്യകാലത്ത് എ ഡി 712 ൽ മുഹമ്മദ് ബിൻ കാസിമിന്റെ ആക്രമണത്തിനുശേഷം ഇന്ത്യ അറബികളുമായി സമ്പർക്കത്തിൽ വന്നതിനെത്തുടർന്നാണ്.

* ആദ്യത്തെ തുർക്കി സുൽത്താനായിരുന്ന കുത്തബ്ദ്ദീൻ ഐബക് ഒരു സന്ദേശ വാചിക സമ്പ്രദായം ആവിഷ്കരിച്ചു.ഇത് കുതിരയേയും ഓട്ടക്കാരനെയും ഉൾപ്പെടുത്തി ഖിൽജി സുൽത്താനായ അലാവുദ്ദീൻ ഖിൽജി പരിഷ്കരിച്ചു.

* ഷേർഷാസൂരിയുടെ കാലത്ത് ഓട്ടക്കാർക്കുപകരം കുതിരകളെ ഉപയോഗിച്ച് ഗ്രാൻഡ് ട്രങ്ക് റോഡിലൂടെയുള്ള തപാൽ കൈമാറ്റം സുഗമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

* രാജകീയ തപാലുകളുടെ വിതരണത്തിന് 1700 സരായികൾ നിർമ്മിച്ച് അവിടെ രണ്ട് കുതിരകളെ വീതം സദാ സജ്ജമാക്കി നിർത്തുന്നതിനും ഷേർഷാ ക്രമീകരണമേർപ്പെടുത്തി.

* അക്ബർ ചക്രവർത്തിയുടെ കാലത്ത് ഓട്ടക്കാർക്കും കുതിരകൾക്കും പുറമെ ഒട്ടകങ്ങളെയും തപാൽ സേവനത്തിനായി ഉപയോഗിച്ചു.

* ദക്ഷിണേന്ത്യയിൽ മൈസൂറിലെ ഭരണാധികാരി 1672–ൽ തപാൽ വിതരണത്തിന് കാര്യക്ഷമമായ ഒരു സംവിധാനം ആവിഷ്കരിക്കുകയുണ്ടായി.ഇത് ഹൈദരലിയുടെ കാലത്ത് കൂടുതൽ മെച്ചപ്പെട്ടു.

* ഈസ്റ്റിന്ത്യാക്കമ്പനിയുടെ ഭരണകാലത്ത് മുൻപ് നിലവിലുണ്ടായിരുന്ന തപാൽ വിതരണരീതികൾ പരിഷ്കരിക്കപ്പെട്ടു.

* 1688–ൽ ഈസ്റ്റിന്ത്യാക്കമ്പനി ബോംബെയിൽ ഒരു പോസ്റ്റോഫീസ് തുറന്നു.സമാനരീതിയിൽ ഓരോന്നുവീതം കൽക്കട്ടയിലും മദ്രാസിലും ആരംഭിച്ചു.




* 1766–ൽ റോബർട്ട് ക്ലൈവ് തപാൽ സംവിധാനത്തെ വീണ്ടും പരിഷ്കരിച്ചു. 1774–ൽ വാറൻ ഹേസ്റ്റിങ്സ് തപാൽ സേവനം പൊതുജനങ്ങൾക്കും ലഭ്യമാക്കിക്കൊടുത്തു. നൂറു മൈലിന് രണ്ട് അണയായിരുന്നു തപാൽ നിരക്ക്.

* 1774 മാർച്ച് 24–ന് ഈസ്റ്റിന്ത്യാക്കമ്പനിയുടെ പോസ്റ്റോഫീസ് വകുപ്പ് കൊൽക്കത്തയിൽ ആരംഭിച്ചു.

* കോൺവാലിസ് പ്രഭു ഗവർണർ ജനറലായിരിക്കെ പോസ്റ്റൽ സംവിധാനത്തിന്റെ പരിപാലനത്തിന്റെ സാമ്പത്തിക ബാധ്യത ജമീന്ദാർമാരുടെ ചുമതലയിലാക്കി.




* ഇന്ത്യ സ്വതന്ത്രമായതിനു ശേഷമുള്ള ആദ്യത്തെ സ്റ്റാമ്പ് പുറത്തിറങ്ങിയത് 1947 നവംബർ 21–ന് ആണ്.ഇന്ത്യൻ പതാകയുടെ ചിത്രവും ജയ്ഹിന്ദ് എന്ന മുദ്രാവാക്യവുമാണ് സ്റ്റാമ്പിൽ ആലേഖനം ചെയ്തിരുന്നത്.മൂന്നര അണയായിരുന്നു സ്റ്റാമ്പിന്റെ വില.




* സ്വതന്ത്ര ഇന്ത്യയുടെ സ്റ്റാമ്പിൽ ചിത്രം അച്ചടിക്കപ്പെട്ട ആദ്യത്തെ വ്യക്തി മഹാത്മാഗാന്ധിയാണ്. സ്വാതന്ത്ര്യത്തിന്റെ ആദ്യ വാർഷികത്തിലാണ് സ്റ്റാമ്പ് പുറത്തിറക്കിയത് (1948 ഓഗസ്റ്റ് 15)

* ഇന്ത്യയിലെ ആകെ പോസ്റ്റോഫീസുകളുടെ എണ്ണം 154, 866 ആണ്. ഇതിന്റെ സിംഹഭാഗവും ഗ്രാമപ്രദേശങ്ങളിലാണ്.







* ഏറ്റവും വിപുലമായ തപാൽ വിതരണ ശൃംഖലയുള്ള രാജ്യമാണ് ഇന്ത്യ.
* ഇന്ത്യയിൽ 22 പോസ്റ്റൽ സർക്കിളുകളുണ്ട്.ഓരോന്നും ഓരോ ചീഫ് പോസ്റ്റ് മാസ്റ്റർ ജനറലിന്റെ കീഴിലാണ്.സർക്കിളുകളെ റീജിയനുകളായും റീജിയനുകളെ ഡിവിഷനുകളായും വിഭജിച്ചിട്ടുണ്ട്.
* നാഷണൽ ഫിലാറ്റലിക് മ്യൂസിയം 1968 ജൂലൈ 6-ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തു.
* 1840 മെയ് ആറിനാണ് ലോകത്തിലെ ആദ്യത്തെ പോസ്റ്റൽ സ്റ്റാമ്പ് വിൽപനക്കെത്തിയത്.
* ആദ്യത്തെ പോസ്റ്റൽ സ്റ്റാമ്പ് പെനി ബ്ലാക്ക് എന്ന് വിളിക്കപ്പെട്ടു.വില ഒരു പെനി ആയതിനാലും അച്ചടിച്ചത് കറുപ്പുനിറത്തിലായതുകൊണ്ടുമാണ് ആ പേര് ലഭിച്ചത്.
* 1843-ൽ ബ്രസീലിൽ സ്റ്റാമ്പ് പുറത്തിറങ്ങി.
* ആദ്യ കാലങ്ങളിൽ സ്റ്റാമ്പുകളെ തമ്മിൽ വേർപെടുത്തുന്ന സുഷിരങ്ങൾ ഉണ്ടായിരുന്നില്ല.1854-ൽ ആണ് സുഷിരങ്ങളുള്ള സ്റ്റാമ്പ് പുറത്തിറങ്ങിയത്.
* പോസ്റ്റൽ സ്റ്റേഷനറി എൻവലപ് ആദ്യം ഉപയോഗിച്ചത് റഷ്യയിലാണ്(1848).
* സ്റ്റാമ്പുകളെക്കുറിച്ചുള്ള പഠനമാണ് ഫിലാറ്റലി.
* ഫിലാറ്റലി എന്ന വാക്ക് അവതരിപ്പിച്ചത് ജോർജസ് ഹെർപിൻ ആണ്.
* സ്റ്റാമ്പിൽ ചിത്രം അച്ചടിക്കപ്പെട്ടവരിൽ രാജകീയ ബന്ധമില്ലാത്ത ആദ്യ വ്യക്തി വില്യം ഷേക്സ്പിയറാണ്.
* ഇന്ത്യയിൽ തപാൽ സ്റ്റാമ്പുകൾ അച്ചടിക്കുന്നത് നാസിക്കിലാണ്.
* സ്വതന്ത്ര ഇന്ത്യയിലെ തപാൽ സ്റ്റാമ്പിലെ ആദ്യ വിദേശ വനിത ആനി ബസന്റാണ് (1963).
* സ്വതന്ത്ര ഇന്ത്യയിലെ സ്റ്റാമ്പിൽ ചിത്രം അച്ചടിക്കപ്പെട്ട ആദ്യ വനിത മീരാബായിയാണ് (1952).




* ഇന്ത്യൻ തപാൽ സ്റ്റാമ്പിലെ ആദ്യ സിനിമാനടിയാണ് നർഗീസ് ദത്ത് (1993).




* തപാൽ സ്റ്റാമ്പിൽ സാന്നിധ്യമായ ആദ്യ മലയാളി ശ്രീനാരായണഗുരുവും (1967) രണ്ടാമത്തെ മലയാളി രാജാ രവിവർമയുമാണ് (1971). ഇന്ത്യയുടെ തപാൽ സ്റ്റാമ്പിലും നാണയത്തിലും ഇടം പിടിച്ച ആദ്യ കേരളീയനാണ് ശ്രീനാരായണഗുരു.
* തപാൽ സ്റ്റാമ്പിൽ സാന്നിധ്യമായ ആദ്യ കേരളീയ വനിത അൽഫോൻസമ്മയാണ്(1996).
* സ്റ്റാമ്പിലിടം നേടിയ ആദ്യത്തെ മലയാള കവി കുമാരനാശാനും(1973) രണ്ടാമത്തേത് വള്ളത്തോൾ നാരായണമേനോനുമാണ്(1978).
* തപാൽ സ്റ്റാമ്പിൽ ഇടം നേടിയ ആദ്യ ഭാരതീയനായ നൊബേൽ ജേതാവ് രബീന്ദ്രനാഥ് ടാഗോറാണ്(1952).
* ജന്മശതാബ്ദി പ്രമാണിച്ച് ഭാരത സർക്കാർ ആദ്യമായി സ്റ്റാമ്പ് പുറപ്പെടുവിച്ചത് 1956-ൽ ബാലഗംഗാധര തിലകനോടുള്ള ആദരസൂചകമായിട്ടാണ്.
* ജീവിച്ചിരിക്കെ സ്റ്റാമ്പിൽ ഇടംപിടിച്ച ആദ്യ ഭാരതീയനാണ് ഡി.കെ. കാർവേ. അദ്ദേഹത്തിന്റെ ജന്മശതാബ്ദി പ്രമാണിച്ച് 1958-ൽ ആണ് സ്റ്റാമ്പിറക്കിയത്.
* ലോകത്ത് ആദ്യമായി എയർ മെയിൽ സംവിധാനം നിലവിൽവന്നത് ഇന്ത്യയിലാണ് (1911) അലഹബാദിനും നൈനിക്കും ഇടയിലാണ് ആദ്യമായി തപാലുമായി വിമാനം പറന്നത്.
* ഹിമാചൽ പ്രദേശിലെ ഹിക്കിം ആണ് ലോകത്ത് ഏറ്റവും ഉയരത്തിൽ സ്ഥാപിച്ചിരിക്കുന്ന പോസ്റ്റോഫീസ് (15550 അടി )
* ഇന്ത്യയ്ക്കു വെളിയിൽ സ്ഥാപിതമായ ആദ്യത്തെ ഇന്ത്യൻ പോസ്റ്റോഫീസ് അന്റാർട്ടിക്കയിലാണ്. ഇന്ത്യയുടെ മൂന്നാം അന്റാർട്ടിക്ക പര്യടനത്തിന്റെ ഭാഗമായി 1984-ൽ ദക്ഷിണ ഗംഗോത്രിയിലാണ് പോസ്റ്റോഫീസ് സ്ഥാപിച്ചത്. ഗോവയിലെ പോസ്റ്റൽ വകുപ്പിന്റെ കീഴിലായിരുന്ന ഈ പോസ്റ്റോഫീസിൽ ജി. സുധാകർ റാവു എന്ന ശാസ്ത്രജ്ഞനെയാണ് ആദ്യ ഓണററി പോസ്റ്റ് മാസ്റ്റർ ആയി നിയമിച്ചത്. 1990-ൽ പോസ്റ്റോഫീസ് ഡീകമ്മീഷൻ ചെയ്തു.
* ഏറ്റവും കൂടുതൽ രാജ്യങ്ങളുടെ സ്റ്റാമ്പിൽ സാന്നിധ്യമായ ഭാരതീയൻ മഹാത്മാഗാന്ധിയാണ്.
* സ്റ്റാമ്പുകളിൽ പേര് അച്ചടിക്കാത്ത രാജ്യം ബ്രിട്ടൺ ആണ്.ഫിൻലൻസ് സ്റ്റാമ്പിൽ സുവോമി എന്ന പേരും ഹംഗറി മാജ്യാർ എന്ന പേരുമാണ് ഉപയോഗിക്കുന്നത്.
* യൂണിവേഴ്സൽ പോസ്റ്റൽ യൂണിയന്റെ സ്ഥാപക ദിനമാണ് ലോക പോസ്റ്റൽ ദിനമായി ആചരിക്കുന്നത് (ഒക്ടോബർ 9).
* കേന്ദ്രസർക്കാരിന്റെ മിനിസ്ട്രി ഓഫ് കമ്യൂണിക്കേഷൻസ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജിയുടെ കീഴിലാണ് പോസ്റ്റൽ വകുപ്പ്.
* പിൻകോഡിൽ ആറ് അക്കങ്ങളാണ് ഉള്ളത്.
* ഇന്ത്യയിൽ ഒൻപത് തപാൽ റീജിയനുകളുണ്ട്. എട്ടെണ്ണം ഭൂമിശാസ്ത്രപരവും ഒൻപതാമത്തേത് ആർമി പോസ്റ്റൽ സർവീസിനുവേണ്ടിയുള്ളതും ആണ്.
* പിൻകോഡിലെ ആദ്യത്തെ അക്ഷരം റീജിയനെയും ആദ്യത്തെ രണ്ടെണ്ണം സബ്റീജിയൻ അഥവാ പോസ്റ്റൽ സർക്കിളിനെയും ആദ്യത്തെ മൂന്നെണ്ണം സോർട്ടിങ് ജില്ലയെയും അവസാനത്തെ മൂന്നെണ്ണം പോസ്റ്റോഫീസിനെയും സൂചിപ്പിക്കുന്നു.



* ഇലക്ട്രോണിക് പോസ്റ്റൽ ഓർഡർ സംവിധാനം അവതരിപ്പിച്ചത് 2013 മാർച്ച് 22-ന് ആണ്.
* ഡൽഹൗസി പ്രഭു ഗവർണർ ജനറലായിരുന്ന കാലത്താണ് ഇന്ത്യയിൽ ടെലഗ്രാഫ്,പോസ്റ്റൽ സംവിധാനങ്ങൾ ആധുനിക രീതിയിൽ ആരംഭിച്ചത്.
* ഇന്ത്യൻ തപാൽ സ്റ്റാമ്പിൽ ചിത്രം അച്ചടിക്കപ്പെട്ട ആദ്യ വ്യക്തി വിക്ടോറിയ മഹാറാണിയാണ്.
* 1774-ൽ കൊൽക്കത്തയിലാണ് ഇന്ത്യയിലെ ആദ്യത്തെ ജനറൽ പോസ്റ്റോഫീസ് ആരംഭിച്ചത്.
* ഇന്ത്യയിൽ പോസ്റ്റൽ ഇൻഡക്സ് നമ്പർ സംവിധാനം ആരംഭിച്ചത് 1972-ൽ ആണ്.
* ഇന്ത്യയിൽ സ്പീഡ് പോസ്റ്റ് സംവിധാനം ആരംഭിച്ചത് 1986-ൽ ആണ്.
* ഇന്ത്യയിൽ മണിയോർഡർ സംവിധാനം ആരംഭിച്ച വർഷമാണ് 1880.
* ഇന്ത്യയിൽ പോസ്റ്റൽ ലൈഫ് ഇൻഷുറൻസ് സംവിധാനം ആരംഭിച്ചത് 1884-ൽ ആണ്.
* ഉത്തർപ്രദേശിലെ ഗാസിയാബാദിലാണ് പോസ്റ്റൽ സ്റ്റാഫ് കോളേജ്.
* ഇന്ത്യൻ തപാൽദിനം ഒക്ടോബർ 10-നും ലോക പോസ്റ്റൽ ദിനം ഒക്ടോബർ 9-നും ആചരിക്കുന്നു.
* യൂണിവേഴ്സൽ പോസ്റ്റൽ യൂണിയൻ സ്ഥാപിതമായ വർഷമാണ് 1874.ആസ്ഥാനം സ്വിറ്റ്സർലൻഡിലെ ബേൺ.
* ഇന്ത്യയിലെ തപാൽ ഓഫീസുകളെ മെച്ചപ്പെടുത്തുന്നതിന് 2008-ൽ ആരംഭിച്ച പദ്ധതിയാണ് പ്രോജക്ട് ആരോ.
* ഇന്ത്യൻ തപാൽ സ്റ്റാമ്പിൽ സാന്നിധ്യമായ ആദ്യ ചക്രവർത്തി ചന്ദ്രഗുപ്ത മൗര്യനാണ്.
* ഇന്ത്യയിൽ പോസ്റ്റോഫീസ് സേവിങ്സ് ബാങ്ക് ആരംഭിച്ചത് 1882-ൽ ആണ്.
* പോസ്റ്റോഫീസ് സേവിങ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനാവശ്യമായ ഏറ്റവും കുറഞ്ഞ തുക 50 രൂപയാണ്.
* തിരുവിതാംകൂറിൽ ഉണ്ടായിരുന്ന പോസ്റ്റൽ സംവിധാനമാണ് അഞ്ചൽ.
* ആർ.എൽ.ഒ. എന്നതിന്റെ പൂർണരൂപം റിട്ടേൺസ് ലെറ്റർ ഓഫീസ് എന്നാണ്.
* ഇന്ത്യയിലെ ആദ്യത്തെ ഓൾ വിമൺ പോസ്റ്റോഫീസ് ന്യൂഡൽഹിയിലും കേരളത്തിലെ ആദ്യത്തെഓൾ വിമൺ പോസ്റ്റോഫീസ് തിരുവനന്തപുരത്തുമാണ് പ്രവർത്തനം ആരംഭിച്ചത്.

## ഒറ്റനോട്ടത്തിൽ

### സ്വതന്ത്ര ഇന്ത്യയുടെ സ്റ്റാമ്പിൽ ആദ്യമായി

| | |
|---|---|
| വ്യക്തി | മഹാത്മാഗാന്ധി |
| വനിത | മീരാബായി |
| വിദേശ വനിത | ആനി ബസന്റ് |
| സിനിമാനടി | നർഗീസ് |
| മലയാളി | ശ്രീനാരായണഗുരു |
| മലയാളി വനിത | അൽഫോൻസാമ്മ |
| മലയാള കവി | കുമാരനാശാൻ |

## ഒറ്റനോട്ടത്തിൽ

### ഇന്ത്യൻ തപാലിലെ നാഴികക്കല്ലുകൾ

| | |
|---|---|
| മണിയോർഡർ സംവിധാനം | 1880 |
| ആദ്യത്തെ ജനറൽ പോസ്റ്റോഫീസ് | 1881 |
| പോസ്റ്റോഫീസ് സേവിങ്സ് ബാങ്ക് | 1882 |
| പോസ്റ്റൽ ലൈഫ് ഇൻഷുറൻസ് | 1884 |
| എയർ മെയിൽ സംവിധാനം | 1911 |
| സ്പീഡ് പോസ്റ്റ് സംവിധാനം | 1986 |
| പ്രോജക്ട് ആരോ | 2008 |

*(പേജ് 14ൽ നിന്ന്)*

ണ്– **ജപ്പാൻ**

227. സോഷ്യൽ ഡെവലപ്മെന്റ് സംബന്ധിച്ച ആദ്യ ഉച്ചകോടി നടന്ന സ്ഥലം– **കോപ്പൻഹേഗൻ**
228. ടോംഗയുടെ പഴയ പേര്– **ഫ്രണ്ട്‌ലി ഐലന്റ്സ്**
229. തിരുവനന്തപുരത്ത് ചാലക്കമ്പോളം സ്ഥാപിച്ച തിരുവിതാംകൂർ ദിവാൻ–**രാജാ കേശവദാസ്**
230. തുമ്പ റോക്കറ്റ് വിക്ഷേപണ കേന്ദ്രത്തിൽനിന്ന് വിക്ഷേപിച്ച ആദ്യറോക്കറ്റായ നൈക്ക് അപ്പാച്ചെ നിർമിച്ചത് ഏത് രാജ്യമാണ്– **യുഎസ്എ**
231. രണ്ടാം ചേരസാമ്രാജ്യത്തിന്റെ തലസ്ഥാനം– **തിരുവഞ്ചിക്കുളം**
232. ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറലിന്റെ ഔദ്യോഗിക വസതിയായ സട്ടൺ പ്ലേസ് എവിടെയാണ്– **ന്യൂയോർക്ക്**
233. ഭൂമിയുടെ ധ്രുവീയ വ്യാസവും ഇക്വിറ്റോറിയൽ വ്യാസവും തമ്മിലുള്ള വ്യത്യാസം– **41 കി.മീ.**
234. ഇംഗ്ലീഷ് കാൽപനിക കവിതയിലെ കുയിൽ എന്നറിയപ്പെട്ടത്– **പി.ബി.ഷെല്ലി**
235. രണ്ടാം ലോകമഹായുദ്ധം തുടങ്ങുമ്പോൾ ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്നത്– **നെവിൽ ചേംബർലെയിൻ**
236. ജമ്മുവിൽനിന്ന് കശമീർ താഴ്‌വരയെ വേർതിരിക്കുന്ന മലനിര– **പീർ പഞ്ജൽ**
237. രണ്ടാം ലോകമഹായുദ്ധക്കാലത്ത് ഹിറ്റ്‌ലർ ഏതു രാജ്യത്തെയാണ് ആദ്യം ആക്രമിച്ചത്– **പോളണ്ട്**
238. ഭൂമിയുടെ ഇരട്ട എന്നറിയപ്പെടുന്ന ഗ്രഹം– **ശുക്രൻ**
239. സാഹിത്യ പ്രവർത്തക സഹകരണസംഘത്തിന്റെ ആദ്യ പ്രസിഡന്റ്– **എം.പി.പോൾ**
240. ഏത് വൻകരയിലാണ് നയാഗ്ര വെള്ളച്ചാട്ടം–**വടക്കേ അമേരിക്ക**
241. ഇംഗ്ലീഷ് കവിതയുടെ പിതാവ്– **ജോഫ്രി ചൗസർ**
242. ഉപപ്രധാനമന്ത്രിയായശേഷം പ്രധാനമന്ത്രിയായ ആദ്യ വ്യക്തി –**മൊറാർജി ദേശായി**
243. ഏത് വൻകരയിലാണ് സിൽക്ക് റൂട്ട് അഥവാ പട്ട് പാത–**ഏഷ്യ**
244. രണ്ടു വ്യത്യസ്തവിഷയങ്ങളിൽ നൊബേൽ സമ്മാനം നേടിയ ആദ്യ വ്യക്തി– **മാഡം ക്യൂറി**
245. ഇരുമ്പ് തുരുമ്പാകുന്നത് എന്തുമാറ്റത്തിനുദാഹരണമാണ്– **രാസമാറ്റം**
246. സൂഫി വിഭാഗം ഏതുമതത്തിലാണ് രൂപം കൊണ്ടത്– **ഇസ്ലാം**
247. ഇന്റർനാഷണൽ ഡവലപ്മെന്റ് ഏജൻസിയുടെ ആസ്ഥാനം– **വാഷിങ്ടൺ ഡി.സി.**
248. സുവർണക്ഷേത്രത്തിന്റെ നഗരം– **അമൃത്സർ**
249. ഇന്റർഫാക്സ് എവിടത്തെ വാർത്താ ഏജൻസിയാണ് –**റഷ്യ**
250. നെൽസൺ മണ്ടേല ഏതു രാജ്യക്കാരനാണ്–**ദക്ഷിണാഫ്രിക്ക**
251. ഇന്ത്യയിലെ ഏറ്റവും വലിയ ഫിലിം സ്റ്റുഡിയോ– **രാമോജി ഫിലിം സിറ്റി (ഹൈദരാബാദ്)**
252. നെല്ലിക്കയിൽ അടങ്ങിയിരിക്കുന്ന ജീവകം– **ജീവകം സി**
253. സുവർണക്ഷേത്രത്തിൽ 1984ൽ ഇന്ത്യൻ പട്ടാളം നടത്തിയ നീക്കം– **ഓപ്പറേഷൻ ബ്ലൂസ്റ്റാർ**
254. സുലു വർഗ്ഗക്കാർ താമസിക്കുന്ന രാജ്യം– **ദക്ഷിണാഫ്രിക്ക**
255. സുപ്രിംകോടതി ചീഫ് ജസ്റ്റിസായ ഒരേയൊരു അമേരിക്കൻ പ്രസിഡണ്ട്– **വില്യം ഹോവാർഡ് താഫ്റ്റ്**
256. ഫ്ളോട്ടിംഗ് സിറ്റി എന്നറിയപ്പെടുന്നത്– **വെനീസ്**
257. കാറ്റാടി മില്ലുകളുടെ നാട് എന്നറിയപ്പെടുന്ന രാജ്യം– **നെതർലൻഡ്സ്**
258. കാറ്റിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതി കേരളത്തിലെവിടെയാണ് ആദ്യമായി സ്ഥാപിച്ചത്– **കഞ്ചിക്കോട്**
259. കായികലോകത്തെ ഓസ്കർ എന്നറിയപ്പെടുന്ന അവാർഡ്– **ലോറസ് അവാർഡ്**
260. പത്തുവർഷംകൊണ്ട് മദ്യരഹിത കേരളം ലക്ഷ്യമിട്ടുകൊണ്ട് ആരംഭിച്ച പദ്ധതി– **സുബോധം**
261. ഫുകേത് എന്ന സുഖവാസകേന്ദ്രം ഏത് രാജ്യത്താണ്–**തായ്‌ലൻഡ്**
262. ഭാരതീയ സംഗീതകലയുടെ ഉറവിടമായി കരുതുന്ന വേദം– **സാമവേദം**
263. പ്രാചീനകാലത്ത് ബാരിസ് എന്നറിയപ്പെട്ടിരുന്ന നദി –**പമ്പ**
264. മാലിന്യമുക്ത കേരളം പദ്ധതി ഉദ്ഘാടനം ചെയ്യപ്പെട്ടത്– **2006**
265. മാതാപിതാക്കളോ ബന്ധുക്കളോ ഇല്ലാത്ത കുട്ടികൾക്കുള്ള പ്രതിമാസ ധനസഹായ പദ്ധതി– **സ്നേഹപൂർവം**
266. ലിങ്കൺ മെമ്മോറിയൽ എവിടെയാണ്–**വാഷിംഗ്ടൺ ഡി.സി.**
267. എത്ര വയസ്സുകഴിഞ്ഞവർക്കാണ് കിസാൻ അഭിമാൻ പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്നത്– **60**
268. വട്ടമേശ സമ്മേളനങ്ങളിൽ അംബേദ്കർ ആരെയാണ് പ്രതിനിധാനം ചെയ്തത്– **അധഃസ്ഥിതർ**
269. ശുഭയാത്ര പദ്ധതി ഉദ്ഘാടനം ചെയ്യപ്പെട്ടത്– **2015**
270. ശുഭയാത്ര പദ്ധതിയുടെ ബ്രാൻഡ് അംബാസഡർ– **മോഹൻലാൽ**
271. ഷീ ടാക്സി പദ്ധതി ആരംഭിച്ച വർഷം–**2013**
272. ഗാന്ധി സിനിമയിൽ ഗാന്ധിജിയുടെ വേഷം ചെയ്തത്– **ബെൻ കിങ്സ്‌ലി**
273. സിരി നഗരം സ്ഥാപിച്ചത്– **അലാവുദ്ദീൻ ഖിൽജി**
274. ഗീതഗോവിന്ദം കേരളത്തിലറിയപ്പെടുന്ന പേര്– **അഷ്ടപദി**
275. സൂര്യൻ കഴിഞ്ഞാൽ ആകാശത്ത് കാണുന്ന ഏറ്റവും തിളക്കമുള്ള വസ്തു–**ചന്ദ്രൻ**
276. സൂര്യസിദ്ധാന്തം എന്ന വാനനിരീക്ഷണ ശാസ്ത്രഗ്രന്ഥം രചിച്ച പ്രാചീന ഇന്ത്യൻ ശാസ്ത്രജ്ഞൻ– **ആര്യഭടൻ**
277. സൗരയൂഥത്തിലെ ഗ്രഹങ്ങളിൽ വലുപ്പത്തിൽ എത്രാം സ്ഥാനമാണ് ഭൂമിയ്ക്ക്– **5**
278. സംസ്ഥാനങ്ങളുടെ ഏറ്റവും വലിയ നികുതി വരുമാന മാർഗം– **വിൽപന നികുതി**
279. സംസ്ഥാനത്തെ തിരഞ്ഞെടുപ്പുകൾ നടത്തുന്നതിനും തിരഞ്ഞെടുപ്പ് സംബന്ധിച്ച മറ്റു പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ നിയമിക്കുന്ന ഉദ്യോഗസ്ഥൻ– **ചീഫ് ഇലക്ട്രൽ ഓഫീസർ**
280. സംഘകാലകൃതികളിലെ ആദ്യ ഗ്രന്ഥം– തോൽക്കാപ്പിയം
281. ഗണിതശാസ്ത്രത്തിലെ ഗ്രാഫ് സമ്പ്രദായം കണ്ടുപിടിച്ചതാര്– **റെനെ ദെക്കാർത്തെ**
282. സംസ്ഥാനത്തിന്റെ തലവൻ– **ഗവർണർ**
283. ഘാന പക്ഷി സങ്കേതം ഏതു സംസ്ഥാനത്ത്– **രാജസ്ഥാൻ**
284. ജലത്തിന്റെ സ്ഥിര കാഠിന്യം മാറ്റാൻ ചേർക്കുന്നത്– **സോഡിയം കാർബണേറ്റ്**
285. ജഹാംഗീറിന്റെ ശവകുടീരം പണികഴിപ്പിച്ചത്– **ഷാജഹാൻ**
286. വെള്ളത്തിനടിയിൽവച്ച് ശബ്ദലേഖനം ചെയ്യുന്നതിനുള്ള ഉപകരണം– **ഹൈഡ്രോഫോൺ**
287. തെക്കേ ഇന്ത്യയുടെ ധാന്യപ്പുര എന്നറിയപ്പെടുന്ന സ്ഥലം–**തഞ്ചാവൂർ**
288. ഹൈദരാബാദിനെയും സെക്കന്തരാബാദിനേയും വേർതിരിക്കുന്ന തടാകം– **ഹുസൈൻ സാഗർ**
289. പേർഷ്യൻ ഉൾക്കടൽ ഏത് സമുദ്രത്തിന്റെ ഭാഗമാണ് –**ഇന്ത്യൻമഹാസമുദ്രം**
290. സ്റ്റെയിൻലെസ്സ് സ്റ്റീൽ കണ്ടുപിടിച്ചതാര്– **ഹാരി ബ്രയർലി**
291. കൊച്ചി രാജ്യത്ത് ഹൈക്കോടതി സ്ഥാപിക്കപ്പെട്ടത് ഏത് ദിവാന്റെ കാലത്താണ്– **ആർ.കെ.ഷൺമുഖം ചെട്ടി**
292. അവിഭക്ത ഇന്ത്യയിലെ ഭരണഘടനാ നിർമാണസഭയിലെ അംഗങ്ങൾ–**389**
293. കൃത്രിമ മഴ പെയ്യിക്കാൻ ഉപയോഗിക്കുന്ന ലവണം– **സിൽവർ അയഡൈഡ്**
294. പെരുമ്പടപ്പ് സ്വരൂപം എന്നറിയപ്പെട്ടിരുന്നത്– **കൊച്ചി രാജ്യം**
295. ബ്രിട്ടീഷിന്ത്യയിൽ പൊതുമരാമത്ത് വകുപ്പ് നടപ്പാക്കിയ ഗവർണർ ജനറൽ– **ഡൽഹൗസി**
296. പൊതുതിരഞ്ഞെടുപ്പിൽ വോട്ടുചെയ്യാൻ ഇന്ത്യൻ പൗരനാവശ്യമായ കുറഞ്ഞ പ്രായം –**18**
297. ശൂന്യാകാശത്തേക്ക് ആദ്യം അയയ്ക്കപ്പെട്ട ജീവി– **നായ**
298. ഭാരതരത്നം നേടിയ ആദ്യ വിദേശി– ഖാൻ അബ്ദുൾ **ഗാഫർ ഖാൻ**
299. തിരുമുല്ലവാരം ബീച്ച് ഏതു ജില്ലയിലാണ്– **കൊല്ലം**
300. കൃത്രിമ റബ്ബറിന്റെ അടിസ്ഥാന ഘടകം– **നിയോപ്രീൻ**
301. ഭൂമിയെ ചുറ്റാൻ ചന്ദ്രൻ എത്ര ദിവസമെടുക്കും– **27**
302. ബുദ്ധന്റെ ആദ്യ മതപ്രഭാഷണം അറിയപ്പെടുന്ന പേര് – **ധർമചക്രപ്രവർത്തനം**
303. ഭൂഗോളത്തിൽ ഏറ്റവും വടക്കായി സ്ഥിതിചെയ്യുന്ന തലസ്ഥാനനഗരം– **റെയ്ക്ജാവിക് (ഐസ്‌ലൻഡ്)**
304. ഏറ്റവും കുടുതൽകാലം ഭരിച്ച ഖിൽജി സുൽത്താൻ– **അലാവുദ്ദീൻ ഖിൽജി**
305. കുറോഷിയോ പ്രവാഹം ഏത് സമുദ്രത്തിലാണ്–**പസഫിക് സമുദ്രം**
306. കൂട്ടുത്തരവാദിത്വം എന്ന ആശയം ഏതു രാജ്യത്തുനിന്നുമാണ് ഇന്ത്യൻ ഭരണഘടനാനിർമാതാക്കൾ സ്വീകരിച്ചത് –**ബ്രിട്ടൺ**
307. ക്വിസ് എന്ന പദത്തിന്റെ ഉപജ്ഞാതാവ്– **ജിം ഡെയ്‌ലി(അയർലൻഡ്)**
308. സമുദ്രനിരപ്പിൽനിന്നും ശരാശരി ഉയരം ഏറ്റവും കൂടിയ ഭൂഖണ്ഡം– **അന്റാർട്ടിക്ക**
309. പെരിയോർ എന്ന അപരനാമത്തിലറിയപ്പെട്ടിരുന്നത്– **ഇ.വി.രാമസ്വാമിനായ്ക്കർ**
310. കെ.പി.സി.സി.യുടെ രണ്ടാമത് സമ്മേളനത്തിന് അധ്യക്ഷത വഹിച്ചത്– **സരോജിനി നായിഡു**
311. കൊച്ചിൻ സ്റ്റോക്ക് എക്സ്ചേഞ്ച് സ്ഥാപിതമായ വർഷം– **1978**
312. കൊച്ചിയിലെ ആദ്യത്തെ ഇംഗ്ലീഷ് സ്കൂൾ സ്ഥാപിക്കപ്പെട്ട വർഷം–**1818**
313. കേരളം വളരുന്നു രചിച്ചത്– **പാലാനാരായണൻ നായർ**
314. കൊയാലി എന്തിനു പ്രസിദ്ധം– **എണ്ണശുദ്ധീകരണശാല**
315. തേക്കടി വന്യജീവിസങ്കേതം ഏതു നദിയുടെ തീരത്താണ്– **പെരിയാർ**
316. ഏറ്റവും കുറഞ്ഞ ഗർഭകാലം ഉള്ള ജീവി– **അമേരിക്കൻ ഒപ്പോസം**
317. ഗാന്ധിവധക്കേസിൽ വിധി പ്രസ്താവിച്ച ന്യായാധിപൻ– **ആത്മാചരൺ അഗർവാൾ**
318. കേരളത്തിലെ ഏറ്റവും തെക്കേയറ്റത്തെ നദി –നെയ്യാർ
319. സൗരയൂഥത്തിന്റെ കേന്ദ്രം– **സൂര്യൻ**
320. ഏറ്റവും കുറഞ്ഞ ജനസംഖ്യയുള്ള വികസിത രാഷ്ട്രം– **കാനഡ**
321. ജർമൻ സിൽവറിന്റെ ഘടകലോഹങ്ങൾ– **ചെമ്പ്, സിങ്ക്, നിക്കൽ**
322. ഏറ്റവും കുടൂതൽ രാജ്യങ്ങൾക്ക് സ്വാതന്ത്ര്യം നൽകിയ രാജ്യം– **ബ്രിട്ടൺ**
323. സൂര്യൻ കഴിഞ്ഞാൽ ഭൂമിയോട് ഏറ്റവുമടുത്ത നക്ഷത്രം– **പ്രോക്സിമാ സെന്റൗറി**
324. മനുഷ്യന്റെ നിലനിൽപിന് അന്തരീക്ഷത്തിലുള്ള ഓക്സിജന്റെ കുറഞ്ഞ അളവ്– **6.9 ശതമാനം**
325. ഏറ്റവും കൂടിയ പ്രായത്തിൽ ഇന്ത്യൻ പ്രധാനമന്ത്രിയായത്– **മൊറാർജി ദേശായി**
326. ക്രിസ്തുമതസുവിശേഷങ്ങളുടെ എണ്ണം– **4**
327. പ്രകാശത്തിന് സൂര്യനിൽനിന്ന് ഭൂമിയിലെത്താൻ വേണ്ട സമയം– **8 മിനിട്ട്**
328. പ്രകൃതിയിൽ നിന്നും ലഭിക്കാവുന്നതിൽ ഏറ്റവും ശുദ്ധമായ ജലം– **മഴവെള്ളം**
329. സർദാർ പട്ടേൽ ഭവൻ ഏതു സ്ഥാപനത്തിന്റെ ആസ്ഥാനമാണ്– **ദേശീയ മനുഷ്യാവകാശ കമ്മീഷൻ**
330. കണ്വവംശം സ്ഥാപിച്ചത്– **വാസുദേവൻ**
331. കേരളത്തിലെ ഏറ്റവും തെക്കേയറ്റത്തെ ഗ്രാമപഞ്ചായത്ത്– **പാറശ്ശാല**
332. പ്രശസ്ത ഗണിത ശാസ്ത്രജ്ഞൻ ബെർട്രാൻഡ് റസലിന് നൊബേൽ സമ്മാനം ലഭിച്ച വിഷയം– **സാഹിത്യം**
333. സമാധാനത്തിനുള്ള നൊബേൽ സമ്മാനം നേടിയ പ്രഥമ വനിത– **ബെർത്താ വോൺ സട്നർ(1905)**
334. സമാധാനത്തിനുള്ള നൊബേൽ സമ്മാനം ലഭിച്ച ആദ്യത്തെ കറുത്ത വർഗക്കാരൻ– **റാൽഫ് ബഞ്ച് (1950)**
335. രാജർഷി എന്നറിയപ്പെട്ടിരുന്ന ഭാരതരത്ന ജേതാവ് – പുരുഷോത്തംദാസ് ഠണ്ഡൻ
336. മഹർഷി എന്നറിയപ്പെട്ടിരുന്ന ഭാരതരത്ന ജേതാവ് – **ധോണ്ഡോ കേശവ കാർവേ**
337. കോൺഗ്രസിതര സർക്കാരിന്റെ കാലത്ത് ഭാരത രത്നയിലൂടെ ആദരിക്കപ്പെട്ട ആദ്യത്ത നേതാവ് – **ബി.ആർ.അംബേദ്കർ**
338. ചാന്ദ്രയാൻ പദ്ധതിക്കായി ഇന്ത്യ ഉപയോഗിച്ച ബഹിരാകാശവാഹനത്തിന്റെ നാമധേയം– **പിഎസ്എൽവി സി–11**
339. ചാത്തൻകോത എന്ന സ്ഥാനപ്പേരിൽ അറിയപ്പെട്ടിരുന്നത്– **വള്ളുവനാട് രാജാവ്**
340. ഇന്ത്യയിലാദ്യമായി പെൺശിശുഹത്യ പൊതുജനശ്രദ്ധയിൽ കൊണ്ടുവന്നത്– **ജോനാഥൻ ഡങ്കൻ**
341. സ്ഥാനമാനങ്ങളുടെയും മറ്റും അടിസ്ഥാനത്തിൽ വ്യക്തികളെ തരംതിരിക്കാതെ എല്ലാവർക്കും നിയമത്തിന്റെ മുന്നിൽ തുല്യപരിഗണന നൽകുക എന്നതാണ്– **സമത്വം**
342. ജയന്റ് റിഡ്‌ലി എന്നയിനം ആമയുടെ മുട്ടകൾ സംരക്ഷിക്കുന്നതിന് വേണ്ടി കൊളാവിപ്പാലത്ത് രൂപവത്കരിക്കപ്പെട്ട സംഘടന– **തീരം**
343. ജീവകം കെ ഏറ്റവും കൂടുതൽ അടങ്ങിയിട്ടുള്ള ഭക്ഷ്യവസ്തു– **പച്ചിലക്കറികൾ**
344. പെരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതി ഏത് നദിക്ക് കുറുകെയാണ്– **ചാലക്കുടിപ്പുഴ**
345. ഏത് യുദ്ധത്തിലാണ് ജൊവാൻ ഓഫ് ആർക് ഫ്രാൻസിനുവേണ്ടി ധീരമായി പോരാടിയത്– **ശതവർഷയുദ്ധം**
346. ആൽപ്സ് പർവതത്തിന്റെ വടക്കേ ചെരുവിലൂടെ വീശുന്ന ഉഷ്ണക്കാറ്റ്– **ഫൊൻ**

347. ഇന്ത്യയിലെ ഏറ്റവും വലിയ മൃഗശാല- **സുവോളജിക്കൽ ഗാർഡൻസ്, കൊൽക്കത്ത**
348. ആൽപ്സ് മലനിരകൾ ഏത് വൻകരയിലാണ് - **യൂറോപ്പ്**
349. ഇന്ത്യയിലാദ്യമായി സ്പീക്കർ പദവിയിലെത്തിയ അനുദ്യോഗസ്ഥൻ- **വിത്തൽ ഭായ് പട്ടേൽ**
350. ആദ്യത്തെ ബഹിരാകാശ ടൂറിസ്റ്റ്- **ഡെന്നിസ് ടിറ്റോ**
351. ഏത് വൻകരയാണ് റൊവാൾഡ് അമുണ്ട്സെൻ കണ്ടെത്തിയത് **-അന്റാർട്ടിക്ക**
352. ഇംഗ്ലീഷുകാർ വിഴിഞ്ഞത്ത് വ്യാപാരശാല നിർമിച്ചത് ഏത് വർഷത്തിൽ- **എ.ഡി.1644**
353. ഈഫൽ ഗോപുരം എവിടെയാണ്- **പാരീസ്**
354. ഇന്ത്യയിലെ ബൈസിക്കിൾ നഗരം എന്നറിയപ്പെടുന്നത്- **ലുധിയാന**
355. മനുഷ്യാവകാശം സംബന്ധിച്ച ആദ്യത്തെ ആഗോളരേഖ- **ഐക്യരാഷ്ട്രസഭ ചാർട്ടർ**
356. ഇന്ത്യയുടെ കവാടം എന്നറിയപ്പെടുന്നത് - **മുംബൈ**
357. ലോകത്തിലെ ഏറ്റവും പഴക്കമുള്ള അസുഖമായി കണക്കാക്കുന്നത്- **കുഷ്ഠം**
358. ഇന്ത്യയിലെ ഏറ്റവും വലിയ ബയോസ്ഫിയർ റിസർവ്- **ഗൾഫ് ഓഫ് മാന്നാർ**
359. പൊമറേനിയൻ നായയുടെ ജന്മദേശം- **ജർമനി**
360. പോളനാട് എന്ന പേരിൽ അറിയപ്പെട്ടിരുന്ന പ്രദേശം- **കോഴിക്കോട്**
361. ആദ്യത്തെ ബഹിരാകാശസഞ്ചാരി- **യൂറി ഗഗാറിൻ (1961 ഏപ്രിൽ 12)**
362. റേഷൻ കാർഡ് ലഭിക്കാൻ സമീപിക്കേണ്ട ഓഫീസ്- **സപ്ലൈ ഓഫീസ്**
363. ലോക നാളികേര ദിനം- **സെപ്തംബർ 2**
364. വേണാട്ടിലെ യുവരാജാവ് അറിയപ്പെട്ടിരുന്ന പേര്- **തൃപ്പാപ്പൂർ മൂപ്പൻ**
365. നവീകരണപ്രസ്ഥാനം സ്വിറ്റ്സർലന്റിൽ അറിയപ്പെട്ട പേര്- **കാൽവിനിസം**
366. പാണ്ടിപ്പറയൻ എന്ന പേരുമായി ബന്ധപ്പെട്ട സാമൂഹിക പരിഷ്കർത്താവ്- **തൈക്കാട് അയ്യ**
367. ബിബേക് ദേബ്റോയ് കമ്മിറ്റി എന്തുമായി ബന്ധപ്പെട്ടിരിക്കുന്നു- **ഇന്ത്യൻ റെയിൽവേ**
368. ക്രിസ്തുമസ് ട്രീയുടെ ഉൽഭവം **-ജർമനി**
369. 1934-ൽ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി രൂപംകൊണ്ടത് എവിടെയാണ്- **ബോംബെ**
370. ആധുനിക സോഷ്യോളജിയുടെ പിതാവ് - **മാക്സ് വെബർ**
371. ആംഗ്ലിക്കാനിസത്തിനു നേതൃത്വം നൽകിയ ഇംഗ്ലണ്ടിലെ രാജാവ്- **ഹെൻറി എട്ടാമൻ**
372. ഇംപീച്ച്മെന്റ് നേരിടുന്നതിന് തൊട്ടടുത്തുവരെ എത്തിയെങ്കിലും നടപടി തുടങ്ങുന്നതിനു മുമ്പ് രാജിവച്ച അമേരിക്കൻ പ്രസിഡന്റ്- **റിച്ചാർഡ് നിക്സൺ**
373. ഇംഗ്ലണ്ടിൽ ബിൽ ഓഫ് റൈറ്റ്സ് പാസാക്കിയത് - **1689-ൽ**
374. ഒന്നാം ലോകമഹായുദ്ധം ആരംഭിക്കുമ്പോൾ ബ്രിട്ടീഷ് പ്രധാനമന്ത്രി **-ഹെർബെർട്ട് ഹെൻറി ആസ്ക്വിത്ത്**
375. ഓസ്കർ ശിൽപം രൂപകൽപന ചെയ്തത് - **സെഡ്രിക് ഗിബ്ബൺസ്**
376. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി കുടുംബശ്രീയുടെ ആഭിമുഖ്യത്തിലുള്ള സ്പെഷ്യൽ സ്കൂൾ- **ബഡ്സ് സ്കൂൾ**
377. കുടുംബശ്രീയുടെ മൂന്ന് തൂണുകൾ- **സൂക്ഷ്മവായ്പ, സംരംഭകത്വം, ശാക്തീകരണം**
378. സർവരാജ്യസഖ്യത്തിന്റെ ആദ്യത്തെ സെക്രട്ടറി ജനറൽ **-സർ ജെയിംസ് എറിക് ഡ്രമണ്ട്**
379. സയന്റിഫിക് മാനേജ്മെന്റിന്റെ പിതാവ്- **ഫ്രെഡറിക് ടെയ്‌ലർ**
380. ഗാന്ധിജി ഹരിജൻ ആശ്രമം എവിടെയാണ് സ്ഥാപിച്ചത്- **സബർമതി**
381. ഐക്യരാഷ്ട്രസഭയുടെ മുൻഗാമിയായിരുന്ന ലീഗ് ഓഫ് നേഷൻസിന്റെ (സർവരാജ്യസഖ്യം) ആസ്ഥാനം- **ജനീവ**
382. ഹൈദരാബാദിലെ നാഷണൽ പൊലീസ് അക്കാദമി ഏത് നേതാവിൻെറ പേരിലാണ് അറിയപ്പെടുന്നത്- **സർദാർ വല്ലഭ്ഭായ് പട്ടേൽ**
383. പോർച്ചുഗീസുകാർ ചാലിയത്ത് കോട്ട നിർമിച്ചത് ഏത് വർഷത്തിൽ- **എ.ഡി.1531**
384. ബോക്സർ ലഹള(1899-1901) നടന്ന രാജ്യം- ചൈന
385. ലോക അഭയാർഥിദിനം- **ജൂൺ 20**
386. ദരിദ്രരും നിരാലംബരുമായവരെ സഹായിക്കുന്നതിന് കുടുംബശ്രീ ആവിഷ്കരിച്ച പദ്ധതി- **ആശ്രയ**
387. റോമൻ നിയമങ്ങളെ ക്രോഡീകരിച്ച ചക്രവർത്തി - **ജസ്റ്റീനിയൻ**
388. മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നത് ഭരണകൂടത്തിന്റെ ബാധ്യതയാക്കിക്കൊണ്ടുള്ള ആദ്യരേഖ- **മാഗ്നാ കാർട്ട**
389. ഇംപീച്ച്മെന്റിനെ അഭിമുഖീകരിച്ച ആദ്യ യു.എസ്. പ്രസിഡന്റ് **-ആൻഡ്രൂ ജോൺസൺ**
390. യൂറോപ്യൻ യൂണിയന്റെ പാർലമെന്റ്- **സ്ട്രാസ്ബർഗ്**
391. ഇംപീച്ച്മെന്റ് ഭീഷണി നേരിട്ട ആദ്യ യു.എസ്. പ്രസിഡന്റ് **-ജോൺ ടോയ്‌ലർ**
392. ഹൈദരാബാദിലെ ഭാരത് ഡൈനാമിക്സ് ലിമിറ്റഡിൽ എന്താണ് നിർമിക്കുന്നത് **-ഗൈഡഡ് മിസൈലുകൾ**
393. യൂറോപ്യൻ യൂണിയന്റെ നീതിന്യായ ആസ്ഥാനം - **ലക്സംബർഗ്**
394. ആധുനിക ജനാധിപത്യത്തിന്റെ സുവിശേഷം എന്നറിയപ്പെടുന്നത് - **സോഷ്യൽ കോൺട്രാക്ട്**
395. ബുദ്ധന്റെ ആദ്യത്തെ ജീവചരിത്രം- **ബുദ്ധചരിതം**
396. റോമൻ പുരാണങ്ങളിൽ ബുദ്ധിയുടെ അധിദേവത- **മിനർവ**
397. ഒന്നാം ബോയർ യുദ്ധം അറിയപ്പെടുന്ന മറ്റൊരു പേര് - **ട്രാൻസ്വാൾ യുദ്ധം**
398. ഗ്രീക്ക് പുരാണങ്ങളിൽ ബുദ്ധിയുടെ അധിദേവത- **അഥീന**
399. പുനരുദ്ധരിച്ച നാളന്ദ സർവകലാശാലയുടെ പ്രഥമ വിസിറ്റർ സ്ഥാനം നിരാകരിച്ചത് - **എ.പി.ജെ. അബ്ദുൾ കലാം**
400. സുൽത്താനേറ്റ് കാലഘട്ടത്തിലെ രാജവംശങ്ങളിൽ ഏറ്റവും കുറച്ച് കാലം ഭരിച്ചത്- **ഖിൽജി**
401. ബാൾക്കൻ രാജ്യങ്ങൾ ഏത് വൻകരയിലാണ് - **യൂറോപ്പ്**
402. ആധുനിക ചരിത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് **-ലിയോപോൾഡ് വോൺ റാങ്കെ**
403. അടിമവംശത്തിലെ ഏറ്റവും മഹാനായ ഭരണകർത്താവായി പരിഗണിക്കുന്നത്- **ഇൽത്തുമിഷ്**
404. പ്രതിഭയെന്നാൽ ഒരു ശതമാനം പ്രചോദനവും 99 ശതമാനം പ്രയത്നവുമാണ് എന്നു പറഞ്ഞത്- **എഡിസൺ**
405. ഏറ്റവും സാഹസികനായ മുഗൾ ചക്രവർത്തി എന്നറിയപ്പെട്ടത് **-ബാബർ**
406. പ്രാചീന ഇന്ത്യയിൽ അയസ് എന്നറിയപ്പെട്ടിരുന്ന ലോഹം-**ചെമ്പ്**
407. ലോട്ടസ് മഹൽ എന്ന ശിൽപസൗധം എവിടെയാണ്- **ഹംപി**
408. ഭരണഘടനയുടെ ഏത് അനുച്ഛേദം പ്രകാരമാണ് രാഷ്ട്രപതി ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നത് **- 123**
409. ഇരുപതാം നൂറ്റാണ്ടിലെ താജ്മഹൽ എന്നറിയപ്പെടുന്നത്- **ലോട്ടസ് ടെമ്പിൾ**
410. താജ്മഹലിന്റെ മുൻഗാമി എന്നറിയപ്പെടുന്നത് - **ഹുമയൂണിന്റെ ശവകുടീരം**
411. അക്ബറുടെ റവന്യൂമന്ത്രി രാജാ തോഡർമൽ ആവിഷ്കരിച്ച നികുതി വ്യവസ്ഥ- **സബ്തി സംവിധാനം**
412. ഹൈദരാബാദിലെ പ്രശസ്തമായ മ്യൂസിയം- **സലാർജംഗ് മ്യൂസിയം**
413. തെക്കേഅമേരിക്കയിലെ ലാൻഡ് ലോക്ക്ഡ് രാജ്യങ്ങളേതെല്ലാം-**ബൊളിവിയയും പരാഗ്വേയും**
414. നേത്രദാനത്തിനായി ഉപയോഗിക്കുന്ന ഭാഗം- **കോർണിയ**
415. സുൽത്താനേറ്റ് കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ രാജ്യവിസ്തൃതിയുണ്ടായിരുന്ന ഭരണാധികാരി- **മുഹമ്മദ് ബിൻ തുഗ്ലക്**
416. മധുരൈകൊണ്ട ചോളൻ എന്നു വിശേഷിപ്പക്കപ്പെട്ട ചോളരാജാവ് **-പരാന്തകൻ ഒന്നാമൻ**
417. ജഹാംഗീറിന്റെ പത്നി നൂർജഹാന്റെ പിതാവ് - **ഇത്തിമാദ് ഉദ് ദൗള**
418. സ്വന്തം മകന്റെ തടവറയിൽക്കിടന്നു മരിച്ച മുഗൾ ചക്രവർത്തി- **ഷാജഹാൻ**
419. ഹിന്ദുസ്ഥാനി സാഹിത്യത്തിന്റെ സുവർണകാലഘട്ടം എന്നറിയപ്പെട്ടത് **-അക്ബറുടെ ഭരണകാലം**
420. കാശ്മീരിലെ അക്ബർ എന്ന് ചരിത്രകാരൻമാർ വിശേഷിപ്പിച്ചത് **-സെയ്നുൽ അബിദിൻ**
421. ഹിന്ദുകാലഘട്ടത്തിലെ അക്ബർ എന്നു വിളിച്ചത് - **ഹർഷവർധനെ**
422. പ്ലേഗ് പരത്തുന്നത് - **എലിച്ചെള്ള്**
423. പതിനായിരം തടാകങ്ങളുടെ നാട് - **അമേരിക്കയിലെ മിനസോട്ട**
424. ഇന്ത്യാചരിത്രത്തിലെ ചക്രവർത്തിമാരിൽ ഏറ്റവും മഹാനായി കണക്കാക്കപ്പെടുന്നത്- **അശോകൻ**
425. ഗാന്ധിജി സിവിൽ ആജ്ഞാലംഘനപ്രസ്ഥാനത്തിന്റെ ഭാഗമായി ദണ്ഡിയാത്ര നടത്തിയ വർഷം **- 1930**
426. ചൈനക്കാരനായ മാഹ്വാൻെറ കേരള സന്ദർശനം ഏത് വർഷത്തിൽ- **എ.ഡി.1409**
427. ഏഷ്യാഡിൽ വ്യക്തിഗത ഇനത്തിൽ സ്വർണം നേടിയ ആദ്യ മലയാളി വനിത- **എം.ഡി.വൽസമ്മ(1982)**
428. ഇന്ത്യയെന്നത് ഭൂമധ്യരേഖ പോലെ ഭൂമിശാസ്ത്രപരമായ ഒരു സംജ്ഞ മാത്രമാണ്. അതൊരു ഏകീകൃത രാഷ്ട്രമേയല്ല-എന്നു പറഞ്ഞത്- **സർ വിൻസ്റ്റൺ ചർച്ചിൽ**
429. ഇൽത്തുമിഷിന്റെ ജിതൽ എന്ന നാണയം എന്തുപയോഗിച്ച് നിർമിച്ചതായിരുന്നു-**ചെമ്പ്**
430. ഹൈദരാബാദ് നഗരം ഏത് രോഗത്തെ അതിജീവിച്ചതിൻെറ ഓർമയ്ക്കാണ് ചാർമിനാർ (1591) പണികഴിപ്പിച്ചത്- **പ്ലേഗ്**
431. രക്തത്തിലെ ഗ്ലൂക്കോസിനെ നിയന്ത്രിക്കുന്ന ഹോർമോൺ- **ഇൻസുലിൻ**
432. ജനാധിപത്യക്രമത്തെ വിശദീകരിക്കുന്ന ദ പ്രിൻസ് എന്ന പ്രശസ്തഗ്രന്ഥം രചിച്ചത്- **മാക്യവെല്ലി**
433. ഇൽത്തുമിഷ് പ്രചരിപ്പിച്ച വെള്ളിനാണയം- **തങ്ക**
434. വധിക്കപ്പെട്ട ഏക ബ്രിട്ടീഷ് പ്രധാനമന്ത്രി - **സ്പെൻസർ പെർസിവൽ**
435. തുടർച്ചയായിട്ടല്ലാതെ രണ്ടു പ്രാവശ്യം അമേരിക്കൻ ഐക്യനാടുകളുടെ പ്രസിഡന്റായ ഏക വ്യക്തി - **ഗ്രോവർ ക്ലീവ്‌ലാൻഡ്**
436. ബഹിഷ്കൃത ഭാരത് എന്ന ദ്വൈവാരിക ആരംഭിച്ചത് **-ബി.ആർ.അംബേദ്കർ**
437. ഇന്ത്യയിലെ ആദ്യത്തെ ഇസ്ലാമിക സ്മാരകം- **ഡൽഹിയിലെ കുവത്തുൽ ഇസ്ലാം മോസ്ക്**
438. ഇൽത്തുമിഷ് പ്രചരിപ്പിച്ച ചെമ്പുനാണയം- **ജിതൽ**
439. സുൽത്താനേറ്റ് കാലഘട്ടത്തിലെ രാജവംശങ്ങളിൽ ഏറ്റവും കൂടുതൽ കാലം ഭരിച്ചത്- **തുഗ്ലക്**
440. ബധിര വിലാപം രചിച്ചതാര്- **വള്ളത്തോൾ നാരായണമേനോൻ**
441. വാനവരമ്പൻ എന്നു വിളിക്കപ്പെട്ടിരുന്ന ചേരരാജാവ്- **ഉതിയൻ ചേരൻ**
442. രക്തത്തിലെ വർണകം- **ഹീമോഗ്ലോബിൻ**
443. ഇന്ത്യൻ ആസൂത്രണത്തിന്റെ പിതാവ് - **എം.വിശ്വേശ്വരയ്യ**
444. ബാബിലോണിൽവച്ച് 33മത്തെ വയസ്സിൽ അന്തരിച്ച യുദ്ധവീരൻ- **അലക്സാണ്ടർ ചക്രവർത്തി**
445. 1739-ൽ നാദിർഷാ ഇന്ത്യ ആക്രമിക്കുമ്പോൾ മുഗൾ ഭരണാധികാരിയായിരുന്നത് **-മുഹമ്മദ് ഷാ**
446. ഇൽത്തുമിഷ് തന്റെ പിൻഗാമിയായി തിരഞ്ഞെടുത്തത്- **റസിയ**
447. ഇന്ത്യൻ പത്രപ്രവർത്തനത്തിന്റെ വന്ദ്യവയോധികൻ- **തുഷാർ കാന്തി ഘോഷ്**
448. രക്തത്തിന്റെ പി.എച്ച്.മൂല്യം- **7.4**
449. രക്തത്തിന്റെ ദ്രാവകഭാഗം- **പ്ളാസ്മ**
450. ഇന്ത്യാചരിത്രത്തിലെ ഏറ്റവും പ്രാചീന സർവകലാശാല **-തക്ഷശില**
451. ചുവന്ന രക്താണുക്കൾ കൂടുതലുണ്ടാകുന്ന അവസ്ഥ **-പോളിസൈത്തീമിയ**
452. പാലിന്റെ വെളുത്തനിറത്തിനു കാരണം **-കേസീൻ**
453. പിംഗല രചിച്ചത്- **ഉള്ളൂർ**
454. വൃക്കയുടെ ആവരണം **-പെരിട്ടോണിയം**
455. പാകിസ്താന്റെ സാമ്പത്തിക തലസ്ഥാനം-**കറാച്ചി**
456. ഹൃദയത്തിന്റെ ആവരണമാണ് **-പെരികാർഡിയം**
457. പ്രകൃതിയിൽ സ്വാഭാവികമായി കാണുന്ന മൂലകങ്ങൾ- **92**
458. മനുഷ്യഹൃദയത്തിന്റെ മുകളിലത്തെ അറകൾ - **ആറിക്കിൾ**
459. ശ്വാസകോശത്തിന്റെ ആവരണം- **പ്ലൂറ**
460. നേപ്പാളീ നേതാവ് പ്രചണ്ഡയുടെ യഥാർഥ പേര്- **പുഷ്പ കമൽ ദഹൽ**
461. നേർപ്പിച്ച അസറ്റിക് ആസിഡ് അറിയപ്പെടുന്ന പേര്- **വിനാഗിരി**
462. നേവാ നദി ഒഴുകുന്ന രാജ്യം-**റഷ്യ**
463. ഗാന്ധിജി ജനിച്ച സ്ഥലം- **പോർബന്തർ**
464. അലങ്കാര മത്സ്യങ്ങളുടെ റാണി- **ഏഞ്ചൽ ഫിഷ്**
465. എൻ.എച്ച്.17 കേരളത്തിൽ ആരംഭിക്കുന്ന സ്ഥലം- **ഇടപ്പള്ളി**
466. കുരുമുളകിന്റെ ശാസ്ത്രനാമം- **പെപ്പർ നൈഗ്രാം**
467. കുറിച്യരുടെ ലഹള ഏത് വർഷത്തിൽ- **എ.ഡി.1812**
468. എന്തിന്റെ സ്വാഭാവം അളക്കാനാണ് സ്പെക്ട്രോമീറ്റർ ഉപയോഗിക്കുന്നത്- **പ്രകാശം**
469. ഏത് യൂറോപ്യൻ രാജ്യത്താണ് രാഷ്ട്രത്തലവൻ ഗ്രാൻഡ് ഡ്യൂക്ക് എന്നറിയപ്പെടുന്നത്-**ലക്സംബർഗ്**
470. ലോകത്തിലെ ഏറ്റവും വലിയ നിശാശലഭം - **അറ്റ്ലസ് മോത്ത്**
471. ആടുകളുടെ റാണി **-ജമ്നാപാരി**
472. ഏത് സമുദ്രത്തിലാണ് സർഗാസോ കടൽ- **അത്‌ലാന്റിക് സമുദ്രം**
473. നെല്ലിനങ്ങളുടെ റാണി എന്നറിയപ്പെടുന്നത് - **ബസ്മതി**
474. നട്ടെല്ലില്ലാത്ത ഏറ്റവും വലിയ അകശേരുകി - **ഭീമൻ കണവ**
475. നട്ടെല്ലില്ലാത്ത ജീവികളിൽ ഏറ്റവും ബുദ്ധിയുള്ളത് - **നീരാളി**
476. ഇന്ത്യൻ ചെറി എന്നറിയപ്പെടുന്നത്- **ഞാവൽ**
477. ഇന്ത്യയിലെ ഏറ്റവും വലിയ പക്ഷി- **സരസൻ കൊക്ക്**
478. എന്തിന്റെ ആവരണമാണ് പ്ലൂറ- **ശ്വാസകോശം**

479. എട്ട് അയൽ സംസ്ഥാനങ്ങളുള്ള സംസ്ഥാനം– **ഉത്തർ പ്രദേശ്**
480. എൻ റിച്ച്ഡ് യുറേനിയം എന്നറിയപ്പെടുന്നത്– **യുറേനിയം–235**
481. ഏത് അണക്കെട്ടിന്റെ ജലസംഭരണിയാണ് ഗോവിന്ദ് സാഗർ– **ഭക്രാ നംഗൽ**
482. ഏത് ഇന്ത്യൻ നഗരമാണ് ബ്രിട്ടീഷുകാർക്ക് രാജകീയ സ്ത്രീധനമെന്ന നിലയിൽ ലഭിച്ചത്– **ബോംബെ**
483. ഏത് ഇന്ത്യൻ പ്രധാനമന്ത്രിയ്ക്കാണ് 1983ൽ ഒളിമ്പിക് ഓർഡർ ലഭിച്ചത്– **ഇന്ദിരാഗാന്ധി**
484. ഏത് ഇന്ത്യൻ സംസ്ഥാനത്താണ് വിസ്തീർണാടിസ്ഥാനത്തിൽ വനം ഏറ്റവും കുറവ്– **ഹരിയാന**
485. ഓവർബറീസ് ഫോളി എവിടെയാണ്– **തലശ്ശേരി**
486. കലകളുടെ രാജാവ് എന്നറിയപ്പെടുന്നത്– **കഥകളി**
487. കുറ്റിക്കാടുകളുടെ നാട് എന്ന് പേരിനർത്ഥമുള്ള സംസ്ഥാനം – **ജാർഖണ്ഡ്**
488. കുരിശിന്റെ ചിത്രമുള്ള പതാകയുള്ള രാജ്യം– **സ്വിറ്റ്സർലന്റ്**
489. കുരിശുയുദ്ധങ്ങൾക്കു വേദിയായ വൻകര– **യൂറോപ്പ്**
490. കുരുമുളകിന് എരിവു നൽകുന്ന വസ്തു– **കാരിയോഫിലിൻ**
491. കുലശേഖര ആഴ്വാരുടെ ഭരണകാലഘട്ടം– **എ.ഡി.768–834**
492. കുലശേഖരൻമാരുടെ ആസ്ഥാനമായിരുന്നത്– **മഹോദയപുരം**
493. സസ്യവളർച്ച, ചലനം എന്നിവയെ നിയന്ത്രിക്കുന്ന ഹോർമോൺ– **ഓക്സിൻ**
494. ചുണ്ണാമ്പ് ഗുഹകൾ കാണപ്പെടുന്ന ഇന്ത്യൻ സംസ്ഥാനം– **ജമ്മു കശ്മീർ**
495. തെലങ്കാന സംസ്ഥാനത്തിന്റെ ആദ്യ മുഖ്യമന്ത്രി– **ചന്ദ്രശേഖര റാവു**
496. കേരളത്തിലെ ആദ്യത്തെ ബയോസ്ഫിയർ റിസർവ്– **നീലഗിരി**
497. കുലശേഖരആഴ്വാർ ഏതു വംശത്തിലെ രാജാവായിരുന്നു– **ചേരവംശം**
498. തേനീച്ചക്കൂട്ടിൽ മുട്ടയിടുന്ന പക്ഷി –**പൊൻമാൻ**
499. ഏത് രാജ്യത്താണ് ശുഭപ്രതീക്ഷാ മുനമ്പ്– **ദക്ഷിണാഫ്രിക്ക**
500. ചൈനീസ് റോസ് എന്നറിയപ്പെടുന്നത് –**ചെമ്പരത്തി**
501. ദക്ഷിണാഫ്രിക്കയിൽവെച്ച് ഗാന്ധിജി തീവണ്ടിയിൽനിന്നും പുറത്താക്കപ്പെട്ട സ്റ്റേഷൻ– **പീറ്റർമാരിറ്റ്സ്ബെർഗ്**
502. ഏറ്റവും കുറഞ്ഞ ഭൂരിപക്ഷത്തിനു തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ്– **വി.വി. ഗിരി**
503. ഏത് രാജ്യത്താണ് മുഹമ്മദ് നബിയുടെ കബറിടം സ്ഥിതിചെയ്യുന്ന മദീന–**സൗദി അറേബ്യ**
504. പേരിന് സിംഹം എന്നർത്ഥമുള്ള മുഗൾ രാജാവ്– **ബാബർ**
505. ഇന്ത്യയുടെ കര അതിർത്തിയുടെ നീളം എത്ര കിലോമീറ്റർ– **15200**
506. കിഴങ്ങുകളുടെ റാണി –**ഗ്ലാഡിയോലസ്**
507. ഇന്ത്യയുടെ വ്യവസായ തലസ്ഥാനം എന്നറിയപ്പെടുന്നത്– **മുംബൈ**
508. സുഗന്ധദ്രവ്യങ്ങളുടെ റാണി –**അത്തർ**
509. രക്താർബുദത്തിനെതിരെ ഉപയോഗിക്കുന്ന ഔഷധസസ്യം– **ശവംനാറി**
510. പുഷ്പങ്ങളുടെ റാണി എന്നറിയപ്പെടുന്നത് –റോസ്
511. എന്താണ് തെലുഗു ഗംഗാ പ്രോജക്ട് – **കൃഷ്ണനദിയിൽനിന്ന് ചെന്നൈ നഗരത്തിൽ ജലമെത്തിക്കാനുള്ള പദ്ധതി**
512. എന്തിന്റെ അയിരാണ് കലാമിൻ– **സിങ്ക്**
513. എൻ.എച്ച്. 212 ബന്ധിപ്പിക്കുന്ന സ്ഥലങ്ങൾ– **കോഴിക്കോട്–മൂലഹള്ള**
514. ഇന്ത്യയിലെ ഏറ്റവും വലിയ പർവതം– **ഹിമാലയം**
515. ഏറ്റവും കുറച്ച് കടൽത്തീരമുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനം– **ഗോവ**
516. ഏത് സമുദ്രത്തിലാണ് ഗൾഫ് സ്ട്രീം – **അത്ലാന്റിക് സമുദ്രം**
517. മണി ബിൽ നിയമസഭയിൽ അവതരിപ്പിക്കാൻ അനുമതി നൽകുന്നതാര്–**ഗവർണർ**
518. ഏറ്റവും കൂടുതൽകാലം ഭരിച്ച സുൽത്താനേറ്റ് വംശം – **തുഗ്ലക്വംശം(1320–1412)**
519. ഏറ്റവും കൂടുതൽകാലം അമേരിക്കൻ പ്രസിഡന്റ്പദം വഹിച്ചത്–**ഫ്രാങ്ക്ലിൻ ഡി റൂസ്വെൽറ്റ്**
520. ആധുനിക സസ്യശാസ്ത്രത്തിന്റെ പിതാവാണ് – **കരോലസ് ലിന്നീസ്**
521. പഴങ്ങളുടെ റാണി –**മാങ്കോസ്റ്റൈൻ**
522. മനുഷ്യനെ ചന്ദ്രനിലെത്തിച്ച ആദ്യ ബഹിരാകാശ വാഹനം –**അപ്പോളോ–11**
523. ജീൻ എന്ന വാക്കിന്റെ ഉപജ്ഞാതാവ് – **വില്യം ജൊഹാൻസൺ**
524. ആദ്യത്തെ സ്വകാര്യ ബഹിരാകാശവാഹനം – **സ്പേസ്ഷിപ്പ് വൺ**
525. വാഹനങ്ങളുടെ ചില്ല് നിർമിച്ചിരിക്കുന്ന ഗ്ലാസ് – **സേഫ്റ്റി ഗ്ലാസ്**
526. ന്യൂട്രോൺ ബോംബ് കണ്ടുപിടിച്ചത് – **സാമുവൽ കോഹൻ**
527. ലെൻസ്, പ്രിസം എന്നിവ നിർമിക്കാൻ ഉപയോഗിക്കുന്ന ഗ്ലാസ് –**ഫ്ളിന്റ് ഗ്ലാസ്.**
528. ബെൻസീൻ കണ്ടുപിടിച്ചത് –**ഫാരഡേ**
529. ഏറ്റവും കുറഞ്ഞ തിളനിലയുള്ള മൂലകം– **ഹീലിയം**
530. വെളുത്ത രക്താണുക്കൾ കൂടുതലുണ്ടാകുന്ന അവസ്ഥ –**ലൂക്കീമിയ**
531. ഡോക്ടർമാർ എടുക്കുന്ന പ്രതിജ്ഞ – **ഹിപ്പോക്രാറ്റസ് പ്രതിജ്ഞ**
532. നട്ടെല്ലിൽ മരുന്നു കുത്തിവച്ചശേഷം എടുക്കുന്ന എക്സ്റേയാണ് –**മൈലോഗ്രാം**
533. വൈറ്റ് പ്ലേഗ് എന്നറിയപ്പെടുന്നത്– **ക്ഷയം**
534. പ്രകാശം ഏറ്റവുമധികം വേഗത്തിൽ സഞ്ചരിക്കുന്ന മാധ്യമം– **ശൂന്യസ്ഥലം**
535. ഭരണഘടനയുടെ ഏത് അനുച്ഛേദം പ്രകാരമാണ് മൗലികാവകാശങ്ങൾ നിഷേധിക്കപ്പെടുന്ന അവസരങ്ങളിൽ ഒരിന്ത്യൻ പൗരന് ഹൈക്കോടതിയെ സമീപിക്കാവുന്നത്– **226**
536. കൃത്രിമ സിൽക്ക് എന്നറിയപ്പെടുന്നത് –**റയോൺ**
537. മാർത്താണ്ഡവർമ തിരുവിതാംകൂറിൽ ഭരണമേറ്റ വർഷം– **1729**
538. മാമാങ്കവേദിയായിരുന്ന തിരുനാവായ ഏതു നദിയുടെ തീരത്തായിരുന്നു – **ഭാരതപ്പുഴ**
539. മാർക്കോ പോളോ കേരളത്തിലെത്തിയ വർഷം– **1292**
540. മനുഷ്യന്റെ ചെറുകുടലിന്റെ നീളം– **6–7 മീറ്റർ**
541. മാലിക്ബിൻ ദിനാർ കേരളത്തിൽ പള്ളികൾ പണിത് ഇസ്ലാംമതം സ്ഥാപിച്ച വർഷം–**എ.ഡി.644**
542. കമ്പ്യൂട്ടർ സയൻസിന്റെ പിതാവ് –**അലൻ ടൂറിങ്**
543. ഭരണഘടനയുടെ ഏത് അനുച്ഛേദം പ്രകാരമാണ് പാർലമെന്റിന്റെ ഇരുസഭകളുടെയും സംയുക്ത സമ്മേളനം വിളിച്ചു കൂട്ടുന്നത്– **108**
544. ബ്ളാക്ക് ബോക്സ് അഥവാ കോക്പിറ്റ് വോയ്സ് റെക്കോർഡറിന്റെ നിറം– **ഓറഞ്ച്**
545. ഏതിന്റെയെല്ലാം സംയുക്തമാണ് അമോണിയ– **നൈട്രജൻ. ഹൈഡ്രജൻ**
546. ദക്ഷിണാഫ്രിക്കൻ ഗാന്ധി എന്നറിയപ്പെട്ടത് –**നെൽസൺ മണ്ടേല**
547. മനുഷ്യശരീരത്തിലെ ഏറ്റവും ചെറിയ അസ്ഥി– **സ്റ്റേപ്പിസ്**
548. മയൂരസിംഹാസനവും കോഹിനൂർ രത്നവും പേർഷ്യയിലേക്കു കടത്തിയത്– **നാദിർഷാ**
549. ഏതു നഗരത്തിലാണ് ടൈം സ്ക്വയർ– **ന്യൂയോർക്ക്**
550. ഗാന്ധിജി ജൊഹന്നാസ്ബെർഗിൽ ടോൾസ്റ്റോയ്ഫാം സ്ഥാപിച്ച വർഷം –**1910**
551. പോച്ചമ്പാട് പദ്ധതി ഏത് നദിയിലാണ് –**ഗോദാവരി**
552. ബയോളജി (ജീവശാസ്ത്രം)യുടെ പിതാവ്– **അരിസ്റ്റോട്ടിൽ**
553. ഏതു നൂറ്റാണ്ടിലാണ് ജോൺ ഓഫ് ആർക്ക് ജീവിച്ചിരുന്നത്– **15**
554. ഇന്ത്യയിലെ പ്രതിരോധ സേനകളുടെ പരമാധിപത്യം ആരിൽ നിക്ഷിപ്തമായിരിക്കുന്നു– **രാഷ്ട്രപതി**
555. ഏതു ധാതുവിനാണ് ജാരിയ ഖനി പ്രസിദ്ധം– **കൽക്കരി**
556. മരുപ്രദേശം ഏറ്റവും കുറഞ്ഞ ഭൂഖണ്ഡം– **യൂറോപ്പ്**
557. മാർട്ടിൻ ലൂതർ കിംഗിന്റെ വിഖ്യാതമായ എനിക്ക് ഒരു സ്വപ്നമുണ്ട് പ്രസംഗം ഏത് നഗരത്തിൽ വച്ചായിരുന്നു?– **വാഷിംഗ്ടൺ ഡി.സി.**
558. മാൾവയിൽ ഖിൽജി വംശം സ്ഥാപിച്ചത്– **മഹമൂദ് ഖാൻ**
559. അഗ്നി പർവതങ്ങളില്ലാത്ത ഭൂഖണ്ഡം– **ഓസ്ട്രേലിയ**
560. ഇന്ത്യൻ പാർലമെന്റിലെ ഏറ്റവും പ്രധാനപ്പെട്ടതും ദൈർഘ്യം കൂടിയതുമായ സെഷൻ –**ബഡ്ജറ്റ് സെഷൻ**
561. ഏറ്റവുംകൂടുതൽ രാജ്യങ്ങളുമായി അതിർത്തി പങ്കിടുന്ന സമുദ്രം– **അത്ലാന്റിക് സമുദ്രം**
562. ആൽപ്സ് പർവതനിരയിൽ ഏറ്റവും ഉയരമുള്ള ഭാഗം – **മോണ്ട് ബ്ലാങ്ക്**
563. ഏതു നൂറ്റാണ്ടിലാണ് താജ്മഹൽ നിർമിച്ചത്– **പതിനേഴാം നൂറ്റാണ്ടിൽ**
564. രാഷ്ട്രപതിസ്ഥാനം വഹിച്ചശേഷം ഉപരാഷ്ട്രപതിയായത്– **ജസ്റ്റിസ് എം.ഹിദായത്തുള്ള**
565. ഇന്ത്യയിലെ രണ്ടാമത്തെ മാസ്റ്റർ കൺട്രോൾ ഫെസിലിറ്റി സെന്റർ ഐ.എസ്.ആർ.ഒ.എവിടെയാണ് സ്ഥാപിച്ചത്– **അയോധ്യനഗർ**
566. എന്താണ് വീനസ്ട്രോഫിയ– **സൗന്ദര്യമുള്ള സ്ത്രീകളോടുള്ള ഭയം**
567. സാത്പുരയുടെ റാണി – **പച്മഡി**
568. ഏതു നദിയിലാണ് കുറുവദ്വീപ്– **കബനി**
569. ഇന്ത്യയ്ക്ക് ഒരു ഭരണഘടന എന്ന ആശയം ആദ്യമായി മുന്നോട്ടുവച്ചത് –**എം.എൻ.റോയ്**
570. രാജ്മഹൽ കുന്നുകൾ ഏത് സംസ്ഥാനത്ത്– **ജാർഖണ്ഡ്**
571. രാഷ്ട്രപതിയുടെ അസാന്നിദ്ധ്യത്തിൽ ചുമതല നിർവഹിക്കുന്നത്– **ഉപരാഷ്ട്രപതി**
572. ഗുരു നാനാക് തെർമൽ പവർ പ്ലാന്റ് എവിടെയാണ്– **ഭട്ടിൻഡ**
573. ഇന്ത്യയിലെ ആദ്യ പത്രമായ ബംഗാൾ ഗസറ്റ് പ്രസിദ്ധീകരണമാരംഭിച്ച വർഷം– **1780**
574. മനുഷ്യശരീരത്തിലെ ഏറ്റവും ചെറിയ പേശിയായ സ്റ്റേപ്പിഡിയസ് എവിടെയാണ്– **മധ്യകർണത്തിൽ**
575. മാൾവയുടെ മേൽ നേടിയ വിജയത്തിന്റെ സ്മരണയ്ക്ക് ചിറ്റോറിൽ വിജയസ്തംഭം നിർമിച്ചത്– **കുംഭ റാണ**
576. മാർഗദർശിയായ ഇംഗ്ലീഷുകാരൻ എന്നറിയപ്പെട്ടത്– **മാസ്റ്റർ റാൽഫ് ഫിച്ച്**
577. ഗുരു ഗോബിന്ദ് സിങ് തെർമൽ പ്ലാന്റ് എവിടെയാണ് – **റോപ്പർ**
578. പശ്ചിമഘട്ടത്തിനും സമുദ്രത്തിനും ഇടയ്ക്കുള്ള തീരപ്രദേശത്തിന്റെ വടക്കുഭാഗത്തിന്റെ പേര്– **കൊങ്കൺ**
579. ഇന്ത്യയിലെ മിനിസ്വിറ്റ്സർലൻഡ് എന്നറിയപ്പെടുന്നത് –**ഹിമാചൽ പ്രദേശിലെ ഖാജിയാർ**
580. പശ്ചിമാർധഗോളത്തിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി –**അകാൻകാഗ്വ**
581. ബയോളജി എന്ന വാക്ക് രൂപവത്കരിച്ചത് – **ജീൻ ലാമാർക്ക്**
582. ഭൂമധ്യരേഖയും ദക്ഷിണായനരേഖയും കടന്നുപോകുന്ന ഒരേയൊരു രാജ്യം– **ബ്രസീൽ**
583. ഭൂഗുരുത്വബലം ഏറ്റവും കൂടുതലുള്ളത് –**ധ്രുവപ്രദേശത്ത്**
584. ഭൂഗോളത്തിൽ ഏറ്റവും തെക്കായി സ്ഥിതിചെയ്യുന്ന തലസ്ഥാനനഗരം– **വെല്ലിങ്ടൺ**
585. മനുഷ്യന്റെ ശാസ്ത്രനാമം– **ഹോമോ സാപിയൻസ്**
586. മായൻ നാഗരികത അഭിവൃദ്ധി പ്രാപിച്ചത് ഏതു പ്രദേശത്താണ്– **മധ്യ അമേരിക്ക**
587. മാലി ദ്വീപ് കീഴടക്കിയ ചോളരാജാവ്– **രാജരാജചോളൻ**
588. മാജി മാജി ലഹള നടന്ന രാജ്യം– **താൻസാനിയ**
589. മൗ മൗ ലഹള നടന്ന രാജ്യം– **കെനിയ**
590. ആപ്പിൾ സംസ്ഥാനം എന്നറിയപ്പെടുന്നത്– **ഹിമാചൽ പ്രദേശ്**
591. ഇന്ത്യയുടെ ഏകദേശം മധ്യത്തായി സ്ഥിതി ചെയ്യുന്ന നഗരം– **നാഗ്പൂർ**
592. രാഷ്ട്രപതിയുടെയും ഉപരാഷ്ട്രപതിയുടെയും അസാന്നിദ്ധ്യത്തിൽ ചുമതല നിർവഹിക്കുന്നത്– **സുപ്രീംകോടതി ചീഫ് ജസ്റ്റിസ്**
593. ഏറ്റവും കൂടുതൽ വികസിത രാജ്യങ്ങൾ ഉള്ള വൻകര –**യൂറോപ്പ്**
594. ഓർഗൻ ആൻഡ് ബ്ളഡ് ഡൊണേഷൻ ആക്ട് നിലവിൽവന്ന വർഷം–**2014**
595. ക്ളാസിക്കൽ ഭാഷാ പദവി ലഭിച്ച ആദ്യ ഇന്തോ ആര്യൻ ഭാഷ– **സംസ്കൃതം**
596. ഗാന്ധിജി കൈസർ ഇ ഹിന്ദ് ബഹുമതിയും ടാഗോർ സർ പദവിയും ഉപേക്ഷിച്ച വർഷം – **1919**
597. വെജിറ്റബിൾ എഗ് എന്നറിയപ്പെടുന്ന പച്ചക്കറി– **വഴുതന**
598. ഷൊർണൂരിൽനിന്ന് ഇ.എം.എസ്. ആരംഭിച്ച പത്രം– **പ്രഭാതം**
599. ഹൈദരാബാദിനടുത്ത് നിർമിച്ച പുതിയ വിമാനത്താവളം– **ഷംഷാബാദ്**
600. പോപ്പിങ് ക്രീസ് ഏത് കളിയുമായി ബന്ധപ്പെട്ടിരിക്കുന്നു– **ക്രിക്കറ്റ്**
601. പോപ്പ് ഫ്രാൻസിസ് ഒന്നാമന്റെ മാതൃരാജ്യം– **അർജന്റീന**
602. പോർച്ചുഗീസുകാർക്ക് കച്ചവടത്തിന് അനുമതി നൽകിയ ആദ്യത്തെ കേരള രാജാവ്– **കൊച്ചി രാജാവ്**
603. കേരളത്തിലെ വിദ്യാഭ്യാസമേഖലയിൽ ശ്രദ്ധ ചെലുത്തിയ ആദ്യ ക്രിസ്ത്യൻ മിഷനറി– **റവറന്റ് മീഡ്**
604. ദക്ഷിണഭോജൻ എന്നറിയപ്പെട്ട തിരുവിതാംകൂർ രാജാവ്– **സ്വാതി തിരുനാൾ**
605. നോർക്ക (നോൺ റെസിഡന്റ് കേരളൈറ്റ് അഫയേഴ്സ്) ചെയർമാൻ–**മുഖ്യമന്ത്രി**
606. പേൾ ഹാർബർ ഏത് സമുദ്രതീരത്താണ്– **പസഫിക് സമുദ്രം**
607. കേരളത്തിലെ ഒരു സാങ്കേതിക സർവകലാശാല– **കൊച്ചിൻ സർവകലാശാല**
608. ഭാരത കേസരി എന്നു വിശേഷിപ്പിക്കപ്പെട്ടത് – **മന്നത്തു പദ്മനാഭൻ**
609. ഷഹീദ്–ഇ–അസം എന്നറിയപ്പെട്ടത് –**ഭഗത് സിങ്**
610. ലോകത്തിലെ ഏറ്റവും ജനസാന്ദ്രത കൂടിയ ദ്വീപുരാഷ്ട്രം– **സിംഗപ്പൂർ**
611. ഇതിഹാസത്തിലെ സൂര്യവംശത്തിന്റെ കുലഗുരു– **വസിഷ്ഠൻ**

612. ഏറ്റവും നീളം കൂടിയ ഉപദ്വീപ് **–തെക്കേ ഇന്ത്യ**
613. ഇന്ത്യാചരിത്രത്തിലെ ആദ്യ അഫ്ഗാൻ വംശം – **ലോധി വംശം**
614. സംഘകാലത്ത് ചോളൻമാരുടെ തലസ്ഥാനം **–ഉറൈയൂർ**
615. ഏറ്റവും വലിയ ദ്രാവിഡഭാഷ **–തെലുങ്ക്**
616. പഞ്ചാബിന്റെ തലസ്ഥാനം – **ചണ്ഡിഗഢ്**
617. ക്വായിദ്–ഇ–അസം എന്നറിയപ്പെട്ടത് **–മുഹമ്മദ് അലി ജിന്ന**
618. ബംഗ്ലാദേശിലെ ജനങ്ങൾ സ്വാതന്ത്ര്യത്തിനായി പൊരുതിയപ്പോൾ അവർക്ക് പിന്തുണ നൽകണമെന്ന് പറഞ്ഞ ആദ്യ ഇന്ത്യൻ നേതാവ്– ജയപ്രകാശ് നാരായൺ
619. 1920 –ൽ മൂക്നായക് എന്ന പത്രം ആരംഭിച്ചത് –ഡോ. **ബി.ആർ.അംബേദ്കർ**
620. പത്രപ്രവർത്തനം നടത്തിയതിന്റെ പേരിൽ തടവനുഭവിക്കേണ്ടിവന്ന ആദ്യ ഇന്ത്യക്കാരൻ **–സുരേന്ദ്രനാഥ് ബാനർജി**
621. നരേന്ദ്രനാഥ്ദത്ത എന്ന ബാല്യകാലനാമമുള്ള സ്വാമി വിവേകാനന്ദന് ആദ്യമിട്ട പേര് **–വീരേശ്വർ ദത്ത**
622. പാശ്ചാത്യ വൈദ്യശാസ്ത്രത്തിൽ ബിരുദം നേടിയ ആദ്യ ഇന്ത്യൻ വനിതകൾ – **കാദംബിനി ഗാംഗുലി, ആനന്ദിഭായി ജോഷി**
623. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാനെ നിയമിക്കുന്നതാര് **–സ്പീക്കർ**
624. ദേവസമാജത്തിന്റെ സ്ഥാപകൻ **–ശിവനാരായൺ അഗ്നിഹോത്രി**
625. വേദസമാജം സ്ഥാപിച്ചത് **–ശ്രീധരലു നായിഡു**
626. ഭൂഗുരുത്വസിദ്ധാന്തം ആവിഷ്കരിച്ചത്– **ഐസക് ന്യൂട്ടൺ**
627. കോൺഗ്രസ് പ്രസിഡന്റായ രണ്ടാമത്തെ വിദേശി **–വില്യം വെഡർബേൺ**
628. പ്രകാശത്തിന്റെ കണികാ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ്– **ന്യൂട്ടൺ**
629. തിരുവനന്തപുരം വിമാനത്താവളത്തെ അന്താരാഷ്ട്ര വിമാനത്താവളമായി പ്രഖ്യാപിച്ച വർഷം– **1991**
630. ദക്ഷിണാഫ്രിക്കയുടെ ഭരണതലസ്ഥാനം– **പ്രിട്ടോറിയ**
631. 2011 സെൻസസ് പ്രകാരം കേരളത്തിലേറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ല– **മലപ്പുറം**
632. വേലുത്തമ്പിയുടെ കുണ്ടറ വിളംബരം ഏത് വർഷത്തിൽ– **എ.ഡി.1809 (ജനു.11)**
633. കോൺഗ്രസ് നേതൃത്വത്തിലുള്ള ഒരു മുന്നണി ആദ്യമായി കേന്ദ്രത്തിൽ അധികാരത്തിൽവന്ന വർഷം– **2004**
634. ലോകത്തിലെ ഏറ്റവും ചെറിയ റിപ്പബ്ലിക്– **നൗറു**
635. സമ്പൂർണവിപ്ലവത്തിന് ആഹ്വാനം ചെയ്ത നേതാവ്– **ജയപ്രകാശ് നാരായൺ**
636. ചാന്ദ്വിക് വെള്ളച്ചാട്ടം ഏത് സംസ്ഥാനത്ത് **–ഹിമാചൽ പ്രദേശ്**
637. ചിത്രാലതാ കൊട്ടാരത്തിൽ താമസിക്കുന്നത് ഏത് രാജ്യത്തെ രാജകുടുംബമാണ് **–തായ്‌ലൻഡ്**
638. ഏഷ്യയെയും യൂറോപ്പിനെയും വേർതിരിക്കുന്ന പർവതനിര– **യുറാൽ**
639. ആദ്യത്തെ വയലാർ അവാർഡ് നേടിയത്– **ലളിതാംബിക അന്തർജനം**
640. ഹൈദരാബാദ് സ്ഥാപിച്ചത്– **ഖുലി ഖുതുബ് ഷാ**
641. ഇന്ത്യയ്ക്ക് ഫെഡറൽ സംവിധാനം വിഭാവനം ചെയ്ത ആദ്യ നിയമം– **1935ലെ ഗവ. ഓഫ് ഇന്ത്യ ആക്ട്**
642. ഏതൊക്കെ നദികൾ ചേർന്നാണ് ഗംഗ രൂപം കൊള്ളുന്നത് **–അളകനന്ദ, ഭഗീരഥി**
643. ഏതൊക്കെ ഗ്രഹങ്ങൾക്കിടയിലാണ് ആസ്റ്ററോയ്ഡ് ബെൽറ്റ് കാണപ്പെടുന്നത്– **ചൊവ്വ, വ്യാഴം**
644. ഗാന്ധിജി ആദ്യമായി ഭഗവത്ഗീത വായിച്ച വർഷം – **1889**
645. പാന്റനാൽ ചതുപ്പുനിലം ഏത് രാജ്യത്താണ്– **ബ്രസീൽ**
646. സരോജിനി നായിഡു ജനിച്ച സ്ഥലം– **ഹൈദരാബാദ്**
647. കൊണാർക്ക് സൂര്യക്ഷേത്രം കണ്ടിട്ട് ഇവിടെ ശിലയുടെ ഭാഷ മനുഷ്യന്റെ ഭാഷയെ മറികടക്കുന്നു എന്നു പറഞ്ഞത്– **ടാഗോർ**
648. സ്ത്രീകൾക്ക് പ്രവേശനമില്ലാത്ത മൗണ്ട് ആതോസ് ഏത് രാജ്യത്താണ്– **ഗ്രീസ്**
649. മഹാറാണി ഗുഹ ഏത് രാജ്യത്താണ്– **ഇന്തോനിഷ്യ**
650. പ്രകാശത്തിനു നേരെ ചെടികൾ വളരുന്ന പ്രതിഭാസം– **ഫോട്ടോട്രോപ്പിസം**
651. ഇന്ത്യയിലാദ്യമായി ഇന്റർനെറ്റ് കണക്ഷൻ കിട്ടിയ വ്യക്തി– **ഷമ്മി കപൂർ**
652. ലോകത്തിലെ ഏറ്റവും പഴക്കമുള്ള ദേശീയ ഗാനം ഏതു രാജ്യത്തിന്റേത്– **ജപ്പാൻ**
653. ആദ്യമായി ചന്ദ്രനിലിറങ്ങിയ കൃത്രിമ വസ്തു– **ലൂണ–2**
654. ലോകത്തിലെ ഏറ്റവും പഴക്കമുള്ള തലസ്ഥാനനഗരം– **ഡമാസ്കസ്**
655. ഭൂഗോളത്തിൽ ഏറ്റവും തെക്കായി സ്ഥിതിചെയ്യുന്ന തലസ്ഥാനനഗരം– **വെല്ലിങ്ടൺ (ന്യൂസിലൻഡ്)**
656. ഗോവിന്ദ് സാഗർ എന്ന മനുഷ്യനിർമിത തടാകം ഏത് സംസ്ഥാനത്താണ് – **ഹിമാചൽ പ്രദേശ്**
657. വെള്ളത്തിലെ പൂരം എന്നറിയപ്പെടുന്നത്– **ആറന്മുള വള്ളംകളി**
658. ലോകത്തിലെ ഏറ്റവും വിസ്തീർണം കൂടിയ നഗരം– **മൗണ്ട് ഇസ (ഓസ്ട്രേലിയ)**
659. ദശാംശസമ്പ്രദായം ആദ്യമായി ഉപയോഗിച്ചത്– **ആര്യഭട്ടൻ**
660. ഗാന്ധിജി സ്വാതന്ത്ര്യദിനത്തിൽഗാന്ധിജിഎവിടെയായിരുന്നു– **ബംഗാളിൽ**
661. വെമ്പൊലിനാട് വടക്കുംകൂറെന്നും തെക്കുംകൂറെന്നും രണ്ടായി പിരിഞ്ഞത് – **എ.ഡി.1100**
662. സസ്യലോകത്തിലെ മാംസസംരംഭകർ എന്നറിയപ്പെടുന്ന സസ്യവർഗം– **പയറുവർഗം**
663. പ്ലാറ്റിപ്പസ് കാണപ്പെടുന്ന വൻകര– **ഓസ്ട്രേലിയ**
664. വേലുത്തമ്പിയുടെ ആത്മഹത്യ ഏത് വർഷത്തിൽ– **എ.ഡി.1809**
665. ലോകത്തിലെ ഏറ്റവും വിസ്തൃതമായ നദീതടം–**ആമസോൺ**
666. ആദ്യത്തെ വയലാർ അവാർഡ് നേടിയ കൃതി– **അഗ്നിസാക്ഷി**
667. ലോകത്തിലെ ഏറ്റവും ബൃഹത്തായ ഭരണഘടനയുള്ള രാജ്യം– **ഇന്ത്യ**
668. ഇന്ത്യയിലാദ്യമായി ലിഫ്റ്റ് സ്ഥാപിക്കപ്പെട്ട നഗരം– **കൊൽക്കത്ത**
669. ചാച്ചാജി എന്ന് സ്നേഹപൂർവം വിളിക്കപ്പെട്ട ഇന്ത്യൻ പ്രധാനമന്ത്രി– **ജവാഹർലാൽ നെഹ്റു**
670. കേരള ഫോക്‌ലോർ അക്കാദമിയുടെ ആസ്ഥാനം – **കണ്ണൂർ**
671. ഗീതഗോവിന്ദം രചിച്ചത്– **ജയദേവൻ**
672. ചുവന്ന നദിയുടെ നാട് എന്നറിയപ്പെടുന്ന സംസ്ഥാനം– **അസം**
673. ഏത് രാജ്യത്തിന്റെ ദേശീയ ഗാനമാണ് ദി റോയൽ മാർച്ച്– **സ്പെയിൻ**
674. ലോകത്തെ ആദ്യത്തെ സ്വാമിനാരായണ ക്ഷേത്രം എവിടെയാണ്– **അഹമ്മദാബാദ്**
675. സപുതര ഹിൽ സ്റ്റേഷൻ ഏത് സംസ്ഥാനത്താണ്– **ഗുജറാത്ത്**
676. രക്തത്തിലെ അമോണിയ യൂറിയ ആക്കി മാറ്റപ്പെടുന്നത് എവിടെയാണ്– **കരൾ**
677. ഇന്ത്യയുമായി കച്ചവട ബന്ധം സ്ഥാപിച്ച ആദ്യത്തെ കത്തോലിക്ക മതക്കാർ– **പോർച്ചുഗീസുകാർ**
678. ഇന്ത്യയിലെ ആദ്യത്തെ മറൈൻ നാഷണൽ പാർക്കായ പിറോട്ടൻ എവിടെയാണ്– **ഗുജറാത്ത്**
679. ജൽമഹൽ സ്ഥിതിചെയ്യുന്ന മാൻസാഗർ തടാകം എവിടെയാണ്– **ജയ്പൂർ**
680. ഗുപ്തസാമ്രാജ്യം സ്ഥാപിച്ചത്– **ചന്ദ്രഗുപ്തൻ ഒന്നാമൻ**
681. വെടിമരുന്ന് കണ്ടുപിടിച്ച രാജ്യം – **ചൈന**
682. ഗുരുവായൂർ സത്യാഗ്രഹം നടന്ന വർഷം–**1931**
683. ലോകത്തെ ആദ്യത്തെ മനശ്ശാസ്ത്ര പരീക്ഷണശാല ഏത് രാജ്യത്താണ് സ്ഥാപിച്ചത്– **ജർമനി**
684. കാജു ഫെനി എവിടത്തെ പ്രശസ്തമായ പാനീയമാണ്– **ഗോവ**
685. കൊല്ലവർഷം ആരംഭിച്ചത് ആരുടെ കാലത്താണ്– **രാജശേഖരവർമ**
686. വോയ്സ് ഓഫ് ദ ഹാർട്ട് ആരുടെ ആത്മകഥയാണ്– **മൃണാളിനി സാരാഭായി**
687. കൊല്ലങ്കോടിന്റെ പഴയ പേര്– **വിഹായസപുരം**
688. പാകിസ്താന്റെ ദേശീയ നദി–**സിന്ധു**
689. ഫുട്ബോളിൽ ഗോൾ പോസ്റ്റിലെ രണ്ടു പോസ്റ്റുകൾ തമ്മിലുള്ള അകലം– **7.32 മീ.**
690. ഭരണഘടനയുടെ ഏത് അനുച്ഛേദം പ്രകാരമാണ് രാജ്യസഭയിലേക്ക് സാഹിത്യം, ശാസ്ത്രം, കല, സാമൂഹിക പ്രവർത്തനം എന്നീ രംഗങ്ങളിൽ പ്രശൽഭരായ 12പേരെ രാഷ്ട്രപതി നാമനിർദേശം ചെയ്യുന്നത് **–80–ാം അനുച്ഛേദം**
691. പ്രശാന്തിയുടെ സമുദ്രം എവിടെയാണ്–**ചന്ദ്രൻ**
692. പ്രശസ്ത നോവലിസ്റ്റ് ആർതർ കെസ്റ്റ്ലർ ഏതു രാജ്യത്താണ് ജനിച്ചത്– **ഹംഗറി**
693. അവസാനത്തെ വിധി വരച്ചത്– **മൈക്കലാഞ്ചലോ**
694. ഇന്ത്യയിൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ ഒന്നാം പാർട്ടി കോൺഗ്രസ് നടന്ന സ്ഥലം– **മുംബൈ**
695. ഇന്ത്യാഗേറ്റ് രൂപകല്പന ചെയ്തത് **–എഡ്വിൻ ലുട്യൻസ്**
696. റാവു ബഹദൂർ പുരസ്കാരം നേടിയ എഴുത്തുകാരൻ– **ഒ.ചന്തുമേനോൻ**
697. എൽ.പി.ജി.സിലിണ്ടറുകൾ ഓൺലൈനായി ബുക്ക് ചെയ്യുന്നതിന് കേന്ദ്രസർക്കാർ കൊണ്ടുവന്ന പദ്ധതി– **സഹജ്**
698. എൽനിനോ എന്ന സ്പാനിഷ് വാക്കിന്റെ അർഥം– **ഉണ്ണിയേശു**
699. ഏത് വിഭാഗത്തിൽപ്പെടുന്ന സാഹിത്യകൃതിയാണ് ഭാരതപര്യടനം– **വിമർശനം**
700. കണ്ണുനീർത്തുള്ളി എന്ന വിലാപകാവ്യം രചിച്ചത്– **നാലപ്പാട്ട് നാരായണമേനോൻ**
701. ക്വിറ്റിന്ത്യാ പ്രമേയം (1942) പാസാക്കിയ കോൺഗ്രസ് സമ്മേളനം– **ബോംബെ**
702. സമദർശി എന്ന പ്രസിദ്ധീകരണം ആരംഭിച്ചത് എവിടെനിന്നാണ്– **തിരുവനന്തപുരം**
703. ഗാന്ധിയൻ ഇക്കണോമിക് തോട്ട് എന്ന പുസ്തകം രചിച്ചത്– **ജെ.സി.കുമരപ്പ**
704. സിദ്ദി സയ്യിദ് മോസ്ക് എവിടെയാണ്– അഹമ്മദാബാദ്
705. ഗിന്നസ് ബുക്കിലും സ്ഥാനം പിടിച്ച ഭാരതരത്നം ജേതാവ്– **ലതാമങ്കേഷ്കർ**
706. സൂര്യന്റെ ഉപരിതലത്തിലെ തിളക്കമേറിയ ഭാഗങ്ങൾക്കുള്ള പേര്– **ഫാക്കുലി**
707. സംസ്ഥാനങ്ങളിൽനിന്ന് ലോക്സഭയിലേക്ക് പരമാവധി എത്ര അംഗങ്ങളാകാം– **530**
708. സ്വദേശാഭിമാനി കെ.രാമകൃഷ്ണ പിള്ളയെ നാടുകടത്തിയ ദിവാൻ– **പി.രാജഗോപാലാചാരി**
709. ജമ്മു–കശ്മീരിലെ ഏറ്റവും വലിയ തടാകം– **വുളാർ**
710. ജലവൈദ്യുതി ഉൽപാദനത്തിൽ സംസ്ഥാനത്ത് ഒന്നാം സ്ഥാനമുള്ള ജില്ല– **ഇടുക്കി**
711. ചൈന സിക്കിമിനെ ഇന്ത്യയുടെ ഭാഗമായി അംഗീകരിച്ച വർഷം– **2004**
712. ലോകത്തിലെ ഏറ്റവും ചെറിയ സിറ്റി സ്റ്റേറ്റ് – **വത്തിക്കാൻ**
713. ലോകപൈതൃകപ്പട്ടികയുമായി ബന്ധപ്പെട്ട സംഘടന – **യുനെസ്കോ**
714. കേരളത്തിലെ ഏറ്റവും തെക്കേയറ്റത്തെ ബ്ലോക്ക് പഞ്ചായത്ത്– **പാറശ്ശാല**
715. ഗോൽക്കൊണ്ട രത്നഖനി ഏത് സംസ്ഥാനത്താണ്– **ആന്ധ്രാപ്രദേശ്**
716. ഏതിന്റെ വളർത്തലിനാണ് ചിൽക്കാ തടാകം പ്രസിദ്ധം– **ചെമ്മീൻ**
717. ടൈഗർ എയർവേയ്സ് ഏതു രാജ്യത്താണ്– **സിംഗപ്പൂർ**
718. ലോകത്തിലെ ഏറ്റവും താഴെയായി സ്ഥിതി ചെയ്യുന്ന തടാകം– **ചാവു കടൽ**
719. ഗജഗാമിനി രചിച്ച ചിത്രകാരൻ– എം.എഫ്.ഹുസൈൻ
720. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ആദ്യ പ്രസിഡന്റ്– **കടമ്മനിട്ട രാമകൃഷ്ണൻ**
721. ജലന്ധർ ഏതിനു പ്രസിദ്ധം– **സ്പോർട്സ് സാമഗ്രികൾ**
722. പെരുമ്പടപ്പു സ്വരൂപം തിരുവഞ്ചിക്കുളത്തുനിന്ന് കൊച്ചിയിലേക്ക് ആസ്ഥാനം മാറ്റിയത് ഏത് വർഷത്തിൽ– **എ.ഡി.1405**
723. ചുവന്ന ഗ്രഹം എന്നറിയപ്പെടുന്നത്– **ചൊവ്വ**
724. ലോകത്തിലെ ഏറ്റവും തിരക്കുകൂടിയ പാലം– **ഹൗറ (കൊൽക്കത്ത)**
725. വേണാട്ടിലെ ഏറ്റവും പഴയ രാജാവ്– **അയ്യനടികൾ തിരുവടികൾ**
726. കൊച്ചിൻ സ്റ്റേറ്റ് പ്രജാമണ്ഡലം നിലവിൽവന്നത്– **1941 ജനവരി 16**
727. ലോകത്തിലെ ഏറ്റവും പഴക്കംചെന്ന തേക്കുതോട്ടം കേരളത്തിലെ ഏത് ജില്ലയിലാണ്– **മലപ്പുറം**
728. ഇന്ത്യയിലാദ്യമായി വനിതാ മേയർ അധികാരമേറ്റ നഗരം–**മുംബൈ**
729. ജഹാംഗീർ ഏറ്റവും കൂടുതൽ കാലം ജീവിച്ച നഗരം– **ലാഹോർ**
730. ഡ്യൂസ് എന്ന പദം ഏതുകളിയുമായി ബന്ധപ്പെട്ടിരിക്കുന്നു– **ടെന്നീസ്**
731. പറക്കാൻ കഴിവുണ്ടെങ്കിലും തറയിൽനിന്നുമാത്രം ഇരതേടുന്ന പക്ഷി– **സെക്രട്ടറി പക്ഷി**
732. ഡെനിം സിറ്റി ഓഫ് ഇന്ത്യ എന്നറിയപ്പെടുന്നത്– **അഹമ്മദാബാദ്**
733. ശ്രീലങ്കയിൽ ആധിപത്യമുറപ്പിച്ച ആദ്യത്തെ യൂറോപ്യൻ ശക്തി– **പോർച്ചുഗൽ**
734. ഇന്ത്യയുടെ അതേ സ്റ്റാൻഡേർഡ് സമയമുള്ള രാജ്യം – **ശ്രീലങ്ക**
735. ഏതെങ്കിലും കക്ഷിയുടെ നേതാവിനെ പ്രതിപക്ഷനേതാവായി അംഗീകരിക്കുന്നത്– **സ്പീക്കർ**
736. പതിനേഴാം നൂറ്റാണ്ടുമുതൽ പത്തൊൻപതാം നൂറ്റാണ്ടുവരെ ഫിൻലൻഡ് ഭരിച്ചിരുന്ന രാജ്യം– **സ്വീഡൻ**
737. ബുദ്ധന്റെയും മഹാവീരന്റെയും സമകാലികനായിരുന്ന രാജാവ്– **ബിംബിസാരൻ**
738. ഭൂഗോളത്തിന്റെ ആകെ വിസ്തീർണത്തിന്റെ എത്ര ശതമാനമാണ് ഇന്ത്യ– **0.57**
739. സ്വതന്ത്ര ഇന്ത്യയിൽ ഗാന്ധിജി എത്ര ദിവസമാണ് ജീവിച്ചത്– **168**
740. അണ്ണാ ദ്രാവിഡ മുന്നേറ്റ കഴകം സ്ഥാപിച്ചത് –എം. **ജി.രാമചന്ദ്രൻ**
741. ഭരണഘടനാഭേദഗതികളെപ്പറ്റി പ്രതിപാദിക്കുന്ന വകുപ്പ്– **368**

742. ഏറ്റവും അവസാനം സ്വതന്ത്ര ഇന്ത്യയുമായി കൂട്ടിച്ചേർക്കപ്പെട്ട വിദേശ കോളനി **–ഗോവ**
743. പാകിസ്താനിലെ ഏറ്റവും വലിയ രണ്ടാമത്തെ നഗരം **–ലാഹോർ**
744. ഏറ്റവുമൊടുവിൽ ഇന്ത്യൻ യൂണിയനോടു ചേർക്കപ്പെട്ട ഭരണഘടകം– **സിക്കിം**
745. നിയമസഭ പാസാക്കിയ ബില്ലുകൾ രാഷ്ട്രപതിയുടെ അനുമതിക്കായി സമർപ്പിക്കുന്നതാര്–**ഗവർണർ**
746. ചവിട്ടുനാടകത്തെ ജനകീയ കലാരൂപമാക്കി ഉയർത്തിക്കൊണ്ടുവന്നത്– **പോർച്ചുഗീസുകാർ**
747. നവീകരണത്തിനു വേദിയായ വൻകര– **യൂറോപ്പ്**
748. കേരളത്തിലെ കാർഷിക എഞ്ചിനീയറിങ് കോളേജ് സ്ഥിതി ചെയ്യുന്നത്– **തവനൂർ**
749. ദലിത് വിഭാഗത്തിൽ നിന്ന് രാഷ്ട്രപതിയായ ആദ്യ വ്യക്തി– **കെ.ആർ.നാരായണൻ**
750. കേരളത്തിലെ കാശി എന്നറിയപ്പെടുന്നത്–**തിരുനെല്ലി**
751. പേഷ്വാ വംശത്തിൽ ആകെ എത്ര ഭരണാധികാരികൾ എത്ര പേർ– **7**
752. ഡോവർ കടലിടുക്ക് ഇംഗ്ലണ്ടിനെ ഏതു രാജ്യവുമായി വേർതിരിക്കുന്നു– **ഫ്രാൻസ്**
753. ഭരണഘടനാനിർമാണസഭയുടെ അധ്യക്ഷൻ– **രാജേന്ദ്ര പ്രസാദ്**
754. ഒന്നാം മൈസൂർ യുദ്ധം അവസാനിക്കാൻ കാരണമായ സന്ധി എവിടെവച്ചാണ് ഒപ്പിട്ടത്– **ചെന്നൈ**
755. പ്രകാശമുൾപ്പെടെ ഒരു വ്സ്തുവിനും മുക്തമാവാത്തത്ര ഗാഢമായ ഗുരുത്വാകർഷത്വമുള്ള ബഹിരാകാശ വസ്തു– **തമോഗർത്തം**
756. ഇരുണ്ട പശ്ചാത്തലത്തിലെ പ്രകാശമാനമായ ബിന്ദു എന്ന് ഝാൻസി റാണിയെ വിശേഷിപ്പിച്ചത്– **ജവാഹർലാൽ നെഹ്രു**
757. പ്രകാശത്തിന്റെ വേഗം ആദ്യമായി കണക്കാക്കിയത്– **റോമർ**
758. എലിഫന്റ് ഫെസ്റ്റിവൽ നടക്കുന്നതെവിടെ– **ജയ്പൂർ**
759. പട്ടാളക്കാർക്ക് ശമ്പളം രൊക്കം പണമായി നൽകിയ ആദ്യ ഡൽഹി സുൽത്താൻ – **അലാവുദ്ദീൻ ഖിൽജി**
760. ബംഗ്ലാദേശിലെ ഏറ്റവും ഉയർന്ന സൈനിക ബഹുമതി– **ബീർ ശ്രേഷ്ഠതോ**
761. ലോകത്തിലെ ഏറ്റവും മലിനീകരിക്കപ്പെട്ട നഗരം– **ടോക്കിയോ**
762. ആമസോൺ നദി ഒഴുകുന്ന രാജ്യങ്ങൾ– **ബ്രസീൽ, പെറു, കൊളംബിയ**
763. ആർതർ കോനൻ ഡോയൽ ഏതു രാജ്യത്താണ് ജനിച്ചത്– **സ്കോട്ലന്റ്**
764. ലോകത്തിലെ ഏറ്റവും ഉയരം കൂടിയ പീഠഭൂമി– **ടിബറ്റ്**
765. സ്വീഡിഷ് സർക്കാരിന്റെ സഹായത്തോടെ ലോക് ജംബിഷ് പദ്ധതി ആരംഭിച്ച സംസ്ഥാനം– **രാജസ്ഥാൻ**
766. പ്രകാശത്തിന്റെ തരംഗസിദ്ധാന്തം ആവിഷ്കരിച്ചത്– **ക്രിസ്ത്യൻ ഹൈജൻസ്**
767. മിത്രമേളയുടെ സ്ഥാപകൻ– **വി ഡി സവാർക്കർ**
768. ഐഹോൾ ശാസനത്തിൽ പരാമർശിക്കപ്പെടുന്ന രാജാവ്– **പുലകേശി രണ്ടാമൻ**
769. സാൻഡ്വിച്ച് ദ്വീപുകൾ ഏത് സമുദ്രത്തിലാണ്–**അത്ലാന്റിക് സമുദ്രം**
770. ലോകത്തിലെ ഏറ്റവും ചെറിയ ഭൂഖണ്ഡം– **ഓസ്ട്രേലിയ**
771. ദാദാ സാഹേബ് ഫാൽക്കെ ആദ്യ ഫീച്ചർ ഫിലിം നിർമിച്ച വർഷം– **1913**
772. കേരളത്തിലെ ശിരുവാണി അണക്കെട്ടിലെ ജലം തമിഴ്നാട്ടിലെ ഏത് നഗരത്തിലെ ആവശ്യത്തിനാണ് ഉപയോഗിക്കുന്നത്–**കോയമ്പത്തൂർ**
773. ദയാവധത്തിനു നിയമസാധുത നൽകിയ ആദ്യ രാജ്യം – **നെതർലൻഡ്സ്**
774. സാമൂതിരിമാർ രേവതി പട്ടത്താനം നടത്തിയിരുന്ന സ്ഥലം– **കോഴിക്കോട് തളി ക്ഷേത്രം**
775. ഗുരുമുഖി ലിപി ആവിഷ്കരിച്ച സിഖ് ഗുരു– അംഗദ്
776. കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷന്റെ ആസ്ഥാനം **അങ്കമാലി**
777. സ്വാഭാവിക റേഡിയോ ആക്ടീവത കണ്ടുപിടിച്ചത്– **ഹെൻറി ബെക്കറൽ**
778. ഗാന്ധിജി ആദ്യമായി കേരളത്തിലെത്തിയ വർഷം – **1920**
779. രാജ്യാന്തര ദാരിദ്ര്യ പഠന കേന്ദ്രം ഏത് രാജ്യത്താണ് – **ബ്രസീൽ**
780. ഇന്ത്യയുടെ ആദ്യത്തെ നാനോ ടെക്നോളജി പഠന കേന്ദ്രം– **ബാംഗ്ലൂർ**
781. പേഷ്വാമാരിൽ ഏറ്റവും പ്രഗല്ഭൻ– **ബാജിറാവു ഒന്നാമൻ(1720–40)**
782. കേരളത്തിലെ ലോക്സഭാസീറ്റുകൾ– **20**
783. ദയാനന്ദ് സരസ്വതി ആദ്യ സമാജം സ്ഥാപിച്ച വർഷം **–1875**
784. മിനിസ്ട്രി ഓഫ് സ്റ്റേറ്റ് സെക്യൂരിറ്റി ഏത് രാജ്യത്തെ രഹസ്യാന്വേഷണ ഏജൻസിയാണ്– **ചൈന**
785. വന്യമൃഗങ്ങളിൽ ഏത് ജീവിയുടെ കാലടയാളമാണ് മനുഷ്യന്റെ കാലടയാളവുമായി സമാനത പുലർത്തുന്നത്– **കരടി**
786. ഓഹരി സൂചികയിലെ ഇടിവിനെ സൂചിപ്പിക്കുന്ന മൃഗം– **കരടി**
787. സ്വതന്ത്ര പാർട്ടി സ്ഥാപിച്ചത്– **സി.രാജഗോപാലാചാരി**
788. ഐക്യരാഷ്ട്രസഭയുടെ ആദ്യ സെക്രട്ടറി ജനറൽ– **ട്രിഗ്വെ ലീ**
789. മഹാത്മജിയുടെ ശേഷിയുള്ള കരങ്ങൾ എന്നറിയപ്പെട്ടത് **–അലി സഹോദരൻമാർ**
790. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ ആത്മീയ പിതാവ് എന്നു വിശേഷിപ്പിക്കുന്നത് **–സ്വാമി വിവേകാനന്ദൻ**
791. ഗാന്ധിജി ദക്ഷിണാഫ്രിക്കയിലെ ദർബനിൽ ഫീനിക്സ് സെറ്റിൽമെന്റ് സ്ഥാപിച്ചത് **–1904–ൽ**
792. ഭൂസ്ഥിര ഉപഗ്രഹങ്ങളുടെ പ്രദക്ഷിണപഥം എത്ര കിലോമീറ്റർ ഉയരത്തിലാണ് സ്ഥിതിചെയ്യുന്നത് **–36000**
793. പഞ്ചാബ് തടമേഖല ഏത് നദിയ്ക്ക് സമീപമാണ്– **സിന്ധു**
794. ഭാരതരത്നം ലഭിച്ച ആദ്യ മുൻരാഷ്ട്രപതി–**ഡോ.രാജേന്ദ്രപ്രസാദ്**
795. പാലസ് ഓഫ് നേഷൻസ് ഏതു രാജ്യത്താണ് **–ജനീവ**
796. പാകിസ്താനിലെ ഏറ്റവും നീളം കൂടിയ നദി–**സിന്ധു**
797. ഭൂമധ്യരേഖയോട് ഏറ്റവും അടുത്തുസ്ഥിതിചെയ്യുന്ന ഇന്ത്യൻ മേജർ തുറമുഖം– **തൂത്തുക്കുടി**
798. കൊച്ചിയിൽ ബ്രിട്ടീഷുകാർക്കെതിരെ സമരം നയിച്ച പ്രധാനമന്ത്രി– **പാലിയത്തച്ചൻ**
799. ദൽഹൗസി ഹിൽസ്റ്റേഷൻ ഏതു സംസ്ഥാനത്താണ്– **ഹിമാചൽ പ്രദേശ്**
800. കേരളത്തിലേറ്റവും കുടൂതൽ കാപ്പി ഉൽപാദിപ്പിക്കുന്ന ജില്ല– **വയനാട്**
801. 1920ൽ നിസ്സഹകരണ പ്രസ്ഥാനം അംഗീകരിച്ച പ്രത്യേക കോൺഗ്രസ്സ് സമ്മേളനം–**കൽക്കട്ട**
802. ചർമത്തിനു നിറം നൽകുന്ന വർണവസ്തു– **മെലാനിൻ**
803. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്മെന്റ് എവിടെയാണ്– **കൊട്ടാരക്കര**
804. ഘ്രാണശക്തി ഉപയോഗിച്ച് ആഹാരം കണ്ടെത്തുന്ന പക്ഷി–**കിവി**
805. ദേശീയ ഉൾനാടൻ ജലഗതാഗത ഇൻസ്റ്റിറ്റ്യൂട്ട് ആസ്ഥാനം–**പാറ്റ്ന**
806. ശതവാഹനൻമാരുടെ തലസ്ഥാനം– **പ്രതിഷ്ഠാനം (ഗോദാവരീതീരത്ത്)**
807. ഹ്യൂവർ പുരസ്കാരം നേടിയ ആദ്യ ഇന്ത്യക്കാരൻ– **എ.പി.ജെ. അബ്ദുൾ കലാം**
808. കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷന്റെ ആസ്ഥാനം– **കോഴിക്കോട്**
809. 1814–ൽ ആത്മീയ സഭ സ്ഥാപിച്ചത്– **രാജാറാം മോഹൻ റോയ്**
810. ഗർത്തങ്ങൾക്ക് വ്യാസൻ, വാല്മീകി, ഹോമർ തുടങ്ങിയ കവികളുടെ പേര് നൽകിയിരിക്കുന്നത് ഏത് ഗ്രഹത്തിലാണ്– **ബുധൻ**
811. ഭൗമോപരിതലത്തിലെ ഏറ്റവും ഉയർന്ന ഭാഗവും താഴ്ന്ന ഭാഗവും സ്ഥിതി ചെയ്യുന്ന വൻകര–**ഏഷ്യ**
812. റിക്കോർഡുകൾ വിൽക്കുന്നതിന് റോയൽറ്റി ലഭിച്ച ആദ്യത്തെ ഇന്ത്യക്കാരൻ– **ടാഗോർ**
813. ഇസ്ലാമിക വിശ്വാസ പ്രകാരം ഏദൻതോട്ടം നിലനിന്നിരുന്ന സ്ഥലത്ത് ഇപ്പോഴുള്ള പട്ടണം– **ഡമാസ്കസ്**
814. ഇന്ത്യയിലെ ആദ്യ പുകയില വിമുക്ത നഗരം– **ചണ്ഡിഗഢ്**
815. സിംലിപാൽ ദേശീയോദ്യാനം ഏതു സംസ്ഥാനത്ത്– **ഒഡിഷ**
816. ചണ്ഡിഗഢ് നഗരം ആസൂത്രണം ചെയ്തത്– **ലെ കോർബൂസിയെ**
817. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ എവിടെയാണ്– **മുളങ്കുന്നത്തുകാവ്**
818. ആയിരം തടാകങ്ങളുടെ നാട്– **ഫിൻലൻഡ്**
819. കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് എവിടെയാണ്– **കലവൂർ**
820. ആയുർദൈർഘ്യം ഏറ്റവും കൂടുതലുള്ള ഏഷ്യൻ രാജ്യം– **ജപ്പാൻ**
821. ഛത്രപതി ശിവജി മഹാരാജ് ടെർമിനൽ എവിടെയാണ്– **മുംബൈ**
822. ഗുജറാത്തിലെ കാംബേ എന്തിനാണു പ്രസിദ്ധം– **പെട്രോളിയം ഖനനം**
823. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള നാടുകടത്തപ്പെട്ട വർഷം– **1910**
824. വേദകാലഘട്ടത്തിലെ ജീവിത്തിന്റെ 4 ഘട്ടങ്ങൾ– **ബ്രഹ്മചര്യം, ഗൃഹസ്ഥാശ്രമം, വാനപ്രസ്ഥം, സന്ന്യാസം**
825. കോളനി ഭരണകാലത്ത് സ്വതന്ത്രമായി നിലകൊണ്ട ആഫ്രിക്കൻ രാജ്യങ്ങൾ– **എത്യോപ്യ, ലൈബീരിയ**
826. ലോകത്ത് ആദ്യമായി ഒരു ജനിതക മാപ്പ് തയ്യാറാക്കുന്നതിന് ഉപയോഗിച്ചത് ഏത് ശാസ്ത്രജ്ഞന്റെ രക്തസാമ്പിളുകളാണ്– **ജെയിംസ് വാട്സൺ**
827. സിംഗപ്പൂർ ഏത് സമുദ്രതീരത്താണ്–**പസഫിക് സമുദ്രം**
828. നിർവൃതി പഞ്ചകത്തിന്റെ കർത്താവ്– **ശ്രീനാരായണഗുരു**
829. ചിസ്റ്റി ഓർഡർ സ്ഥാപിച്ച സൂഫി വര്യൻ– **ക്വാജാ മൊയ്നുദ്ദീൻ ചിസ്റ്റി**
830. നിയമസഭയിൽ മന്ത്രിസഭയുടെ മുഖ്യവക്താവ്– **മുഖ്യമന്ത്രി**
831. കേരള കോൺഗ്രസ് സ്ഥാപിച്ചത്– **കെ.എം.ജോർജ്**
832. ചീഫ് ഇലക്ഷൻ കമ്മിഷണറെ നിയമിക്കുന്നത്– **പ്രസിഡന്റ്**
833. സിന്ധു നദി പതിക്കുന്ന സമുദ്രം– **ഇന്ത്യൻമഹാസമുദ്രം**
834. ലോകത്ത് ഏറ്റവും കൂടുതൽ മാങ്ങ ഉൽപാദിപ്പിക്കുന്ന രാജ്യം– **ഇന്ത്യ**
835. ന്യൂഗിനിയ ഏത് സമുദ്രത്തിലാണ്–**പസഫിക് സമുദ്രം**
836. മനുഷ്യഹസ്തത്തിൽ ആകെയുള്ള എല്ലുകൾ– **27**
837. ന്യൂ ഡീൽ പ്രോഗ്രാം അവതരിപ്പിച്ച അമേരിക്കൻ പ്രസിഡന്റ്–**ഫ്രാങ്ക്ളിൻ ഡി റൂസ്വെൽറ്റ്**
838. ലോകത്ത് ഏറ്റവും കൂടുതൽ ഈന്തപ്പഴം ഉൽപാദിപ്പിക്കുന്ന രാജ്യം – **ഇറാക്ക്**
839. നവോത്ഥാനത്തിനു വേദിയായ വൻകര– **യൂറോപ്പ്**
840. കെരാറ്റിൻ എന്ന പദാർഥം ഉള്ളത്– **ചർമത്തിൽ**
841. ഭൂഗുരുത്വബലം ഏറ്റവും കൂടുതലുള്ളത് – **ധ്രുവപ്രദേശത്ത്**
842. വേദാംഗങ്ങൾ ആറെണ്ണം ഏതെല്ലാം– **ശിക്ഷ, നിരുക്തം,വ്യാകരണം,കല്പം,ഛന്ദസ്സ്,ജ്യോതിഷം**
843. ഭരണഘടനാനിർമാണസഭ രൂപവൽക്കരിക്കപ്പെട്ട തീയതി– **1946 ഡിസംബർ 6**
844. കൊച്ചി രാജാക്കൻമാരുടെ കിരീടധാരണം നടന്നിരുന്ന സ്ഥലം– **ചിത്രകൂടം**
845. ഭരണഘടനയുടെ എത്രാമത്തെ ഭാഗത്തിലാണ് മൗലികാവകാശങ്ങൾ ചേർത്തിരിക്കുന്നത്– **3**
846. ലോകത്ത് ഏറ്റവും വടക്കായി സ്ഥിതി ചെയ്യുന്ന ദേശീയോദ്യാനം– **നോർത്ത് ഈസ്റ്റ് ഗ്രീൻലാൻഡ് നാഷണൽ പാർക്ക്**
847. നിയമസഭാ മ്യൂസിയം എവിടെയാണ് **–തിരുവനന്തപുരം**
848. പാകിസ്താനിലെ ഏറ്റവും ജനസംഖ്യ കൂടിയ നഗരം–**കറാച്ചി**
849. തിരുവനന്തപുരംജില്ലയിൽ ലയൺ സഫാരി പാർക്കിനു പ്രസിദ്ധമായ സ്ഥലം–**നെയ്യാർഡാം**
850. ഭാരതരത്നം നേടിയ രണ്ടാമത്തെ ഉപകരണ സംഗീതവിദഗ്ദൻ– **ഉസ്താദ് ബിസ്മില്ലാഖാൻ**
851. മനുഷ്യസ്ത്രീയുടെ മുലപ്പാലിൽ ജലം എത്ര ശതമാനമാണ്– **80**
852. നീലയും മഞ്ഞയും ചേർന്നാൽ കിട്ടുന്ന വർണം– **പച്ച**
853. ചിറകുകളില്ലാത്ത ഷഡ്പദം– **മൂട്ട**
854. നിരീശ്വരവാദിയായിത്തീർന്ന വിപ്ലവകാരി– **ഭഗത് സിങ്**
855. സിവിൽ സർവീസ് പരീക്ഷ പാസായ രണ്ടാമത്തെ ഇന്ത്യാക്കാരൻ– **സുരേന്ദ്രനാഥ് ബാനർജി**
856. നിയമസഭ പാസാക്കുന്ന നിയമങ്ങൾ ആര് ഒപ്പിടുന്നതോടെയാണ് നിയമമാകുന്നത്–**ഗവർണർ**
857. പോർച്ചുഗീസുകാർക്കെതിരെ യുദ്ധാഹ്വാനം നടത്തി ശൈഖ് സൈനുദ്ദീൻ എഴുതിയ ഗ്രന്ഥം– **തുഹ്ഫത്തുൽ മുജാഹിദീൻ**
858. ഹൈദരാബാദിൽ ചാർമിനാർ നിർമിച്ചത് – **ഖുലി കുത്ഖ് ഷാ**
859. ഗോവയെ മോചിപ്പിച്ച സൈനികനീക്കം – **ഓപ്പറേഷൻ വിജയ്(1961)**
860. നിയമസഭയിൽ ബഡ്ജറ്റ് അവതരിപ്പിക്കുന്നത് ആരുടെ പേരിലാണ് **–ഗവർണർ**
861. ഡോ.എസ്.ചന്ദ്രശേഖറിന് മൊബേൽ സമ്മാനം കിട്ടിയ വിഷയം– **ഫിസിക്സ്**
862. കേരള ദിനേശ ബീഡിയുടെ ആസ്ഥാനം – **കണ്ണൂർ**
863. ഡൂൺ സ്കൂൾ എവിടെയാണ്–**ഡെറാഡൂൺ**
864. തളിക്കോട്ട യുദ്ധത്തിനുശേഷം വിജയനഗരം സന്ദർശിച്ച പോർച്ചുഗീസ് സഞ്ചാരി– **സീസർ ഫ്രെഡറിക്ക്**
865. ചന്ദ്രോപരിതലത്തിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്ന മൂലകം– **ഓക്സിജൻ (43%)**
866. ഗാന്ധി സമാധാന സമ്മാനം ആദ്യമായി ലഭിച്ചത്– **ജൂലിയസ് നെരേര**
867. ലോകത്തിലെ ഒരേയൊരു ജൂതരാഷ്ട്രം– **ഇസ്രയേൽ**
868. സിവിൽ ആജ്ഞാലംഘന പ്രസ്ഥാനം ആരംഭിച്ച വർഷം– **1930**
869. സുഭാഷ് ചന്ദ്രബോസ് ജനിച്ച സ്ഥലം– **കട്ടക്ക്**
870. ലോകരാജ്യങ്ങളിൽ വലുപ്പത്തിൽ ഇന്ത്യയുടെ സ്ഥാനം– **7**
871. ഛന്ദേല രാജാക്കൻമാരുടെ തലസ്ഥാനം– **ഖജുരാഹോ**
872. ജനറൽ പർപ്പസ് കമ്മിറ്റി ആരെയാണ് ഉപദേശിക്കുന്നത്–**സ്പീക്കർ**
873. ഡൽഹി ഡർബാർ നടന്ന വർഷം– **1911**

874. 1917ൽ സമസ്ത കേരള സഹോദരസംഘം സ്ഥാപിച്ചത്– **കെ.അയ്യപ്പൻ**

875. സമ്മതിയുടെ നിർമാണം എന്ന സമീപനത്തെക്കുറിച്ച് വിശദീകരിച്ച ആധുനിക ചിന്തകൻ– **നോം ചോംസ്കി**

876. ജനറൽ ഇൻഷുറൻസ് കോർപ്പറേഷന്റെ കീഴിലുള്ള 4 സബ്സിഡറി കമ്പനികൾ– **ന്യൂ ഇന്ത്യ അഷ്വറൻസ്, ഓറിയന്റൽ ഇൻഷുറൻസ്, നാഷണൽ ഇൻഷുറൻസ്, യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ്**

877. സർ സയ്യദ് അഹമ്മദ്ഖാൻ മുഹമ്മദൻ ആംഗ്ലോ ഓറിയന്റൽ കോളേജ് സ്ഥാപിച്ച വർഷം– **1875**

878. 1920 ൽ എ.ഐ.ടി.യു.സി.യുടെ ആദ്യ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചത്– **ലാലാ ലജ്പത്റായി**

879. ഗാന്ധിവധക്കേസിൽ ഗോഡ്സെയോടൊപ്പം തൂക്കിലേറ്റപ്പെട്ടത്– **നാരായണ ദത്താത്രേയ ആപ്തെ**

880. കോമൺ വെൽത്ത് ഗെയിംസ് ആരംഭിച്ച വർഷം– 1930

881. ലോകവൃദ്ധദിനം– **ഒക്ടോബർ 1**

882. ജനകീയാസൂത്രണം തുടങ്ങിയത് എത്രാം പഞ്ചവൽസരപദ്ധതിയിൽ– **9**

883. സമാധാനത്തിനുള്ള ഇഗ് നൊബേൽ സമ്മാനം നേടിയ ആദ്യ ഇന്ത്യക്കാരൻ– **അടൽ ബിഹാരി വാജ്പേയി**

884. ചോർമിനാർ എവിടെയാണ്– **ഡെൽഹി**

885. ചോർമിനാർ നിർമിച്ചത്– **അലാവുദ്ദീൻ ഖിൽജി**

886. 1954–ൽ ആദ്യത്തെ നെഹ്രു പ്ലാനറ്റേറിയം എവിടെയാണ് ആരംഭിച്ചത്– **പൂണെ**

887. സിക്കന്ദർ ഇ സാനി എന്ന സ്ഥാനപ്പേര് സ്വീകരിച്ച ഡൽഹി സുൽത്താൻ – **അലാവുദ്ദീൻ ഖിൽജി**

888. സ്പെഷ്യൽ മാര്യേജ് ആക്ട് ബാധകമല്ലാത്ത ഇന്ത്യൻ സംസ്ഥാനം– **ജമ്മു കശ്മീർ**

889. നെഹ്രു കഴിഞ്ഞാൽ ചൈന സന്ദർശിച്ച ആദ്യ ഇന്ത്യൻ പ്രധാനമന്ത്രി– **രാജീവ് ഗാന്ധി**

890. കൊച്ചിയിലെ അവസാനത്തെ ദിവാൻ– **സി.പി.കരുണാകരമേനോൻ**

891. സേനൻമാർ ഏതു പ്രദേശമാണ് ഭരിച്ചത്– **ബംഗാൾ**

892. ഹവാ മഹൽ എവിടെയാണ്– **ജയ്പൂർ**

893. ഫ്രഞ്ച് വിപ്ലവവുമായി ബന്ധപ്പെട്ട ടെന്നീസ്കോർട്ട് പ്രതിജ്ഞ എന്നായിരുന്നു– **1789 ജൂൺ 20**

894. സ്കൂൾ സിറ്റി എന്നറിയപ്പെടുന്നത്–**ഡെറാഡൂൺ**

895. സ്വാമി വിവേകാനന്ദൻ ചിക്കാഗോയിലെ ലോക മത സമ്മേളനത്തിൽ പങ്കെടുത്തുപ്രസംഗിച്ച വർഷം– **1893**

896. ഏറ്റവും പ്രായം കുറഞ്ഞ സമാധാന നൊബേൽ ജേതാവ്– **മലാല യൂസഫ്സായ്**

897. ജാർഖണ്ഡിന്റെ തലസ്ഥാനം– **റാഞ്ചി**

898. കേരളനിയമസഭയിൽ കൂടുതൽ മണ്ഡലങ്ങളെ പ്രതിനിധാനം ചെയ്തത്– **എം.വി.രാഘവൻ**

899. വടക്കുകിഴക്കൻ ഇന്ത്യയിലെ ഏറ്റവും വലിയ നദി– **ബ്രഹ്മപുത്ര**

900. സിംലാകരാറിൽ ഒപ്പുവെച്ചത്– **ഇന്ദിരാ ഗാന്ധി**

901. ഫ്രഞ്ച് വിപ്ലവത്തിൻെറ മുദ്രാവാക്യം– **സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം**

902. സിക്കുകാരുടെ ആദ്യ ഗുരുവായ നാനാക്ക് (1469–1539) ജനിച്ച ഗ്രാമം– **തൽവന്ദി**

903. ഏറ്റവും ഭീകരമായ അഗ്നിപർവത സ്ഫോടനം– **ക്രാക്കത്തോവ**

904. ജലത്തെ വൈദ്യുത വിശ്ലേഷണം നടത്തിയാൽ കിട്ടുന്ന മൂലകങ്ങൾ– **ഹൈഡ്രജനും ഓക്സിജനും**

905. ബ്രിട്ടീഷ് ഭരണകാലത്ത് പാർലമെന്റ് അറിയപ്പെട്ടിരുന്നത്– **സെൻട്രൽ ലജിസ്ലേറ്റീവ് അസംബ്ലി**

906. ലോകകപ്പ് ഫുട്ബോൾ ഏറ്റവും കൂടുതൽ പ്രാവശ്യം സ്വന്തമാക്കിയ രാജ്യം– **ബ്രസീൽ**

907. ലോകസമാധാനത്തിന്റെ ചിഹ്നമായി പ്രാവിനെ അവതരിപ്പിച്ച ചിത്രകാരൻ– **പിക്കാസോ**

908. ഇന്ത്യയിൽ ഏറ്റവും കൂടുതൽ പട്ട് ഉൽപാദിപ്പിക്കുന്ന സംസ്ഥാനം– **കർണാടകം**

909. ഛത്തിസ്ഗഢിലെ പ്രധാന നദി – **മഹാനദി**

910. ഇന്ത്യയിൽ ഭ്രംശതാഴ്വരയിലൂടെ ഒഴുകുന്ന ഏറ്റവും വലിയ നദി– **നർമദ**

911. വി.കെ. കൃഷ്ണമേനോനുശേഷം പ്രതിരോധ മന്ത്രിയായ മലയാളി–**എ.കെ. ആന്റണി**

912. ലോകഹിതവാദി എന്ന പേരിലറിയപ്പെട്ട നേതാവ്– **ഗോപാൽ ഹരി ദേശ്മുഖ്**

913. ഗായത്രി മന്ത്രം ഏതിന്റെ ഭാഗമാണ്– **ഋഗ്വേദം**

914. സാരികൾക്കു പേരുകേട്ട കാഞ്ചീപുരം ഏത് സംസ്ഥാനത്താണ്– **തമിഴ്നാട്**

915. ജപ്പാനിൽ ഇന്ത്യൻ ഇൻഡിപെൻഡൻസ് ലീഗിനു നേതൃത്വം നൽകിയത്– **റാഷ് ബിഹാരി ബോസ്**

916. കേരള സർക്കാർ കർഷകദിനം ആചരിക്കുന്നത്– **ചിങ്ങം 1**

917. സിക്കുകാരുടെ അഞ്ച് അടിസ്ഥാന സംഗതികൾ– **കേശം,കങ്ഘ,കച്ച,കര,കൃപാൺ**

918. കേരള ഖിലാഫത്ത് കമ്മിറ്റിയുടെ ആദ്യത്തെ പ്രസിഡന്റ്– **കുഞ്ഞിക്കോയ തങ്ങൾ**

919. സിംഹത്തിന്റെ ശാസ്ത്രനാമം– **പാന്തെറ ലിയോ**

920. മനുഷ്യന്റെ നട്ടെല്ലിന്റെ ശരാശരി നീളം– **3.3 അടി**

921. കേരള സർവകലാശാല ഡോക്ടറേറ്റ് നൽകി ആദരിച്ച ആദ്യ വ്യക്തി–**സി.പി.രാമസ്വാമി അയ്യർ**

922. പ്രാചീനകാലത്ത് രാജസ്ഥാൻ പ്രദേശം അറിയപ്പെട്ടിരുന്ന പേര്– **മൽസ്യ**

923. ഷ്കിപ്പെറി എന്ന രാജ്യത്തിന്റെ ഇപ്പോഴത്തെ പേര്– **അൽബേനിയ**

924. ഖംഭാത് ഉൾക്കടലിൽ സ്ഥിതിചെയ്യുന്ന തുറമുഖം **–സൂറത്ത്**

925. തിരുവിതാംകൂർ ഇംഗ്ലീഷ് മേൽക്കോയ്മ അംഗീകരിച്ചത് ഏത് വർഷത്തിൽ– **എ.ഡി.1795**

926. വെള്ളത്തിനടിയിലൂടെ നീന്താൻ കഴിവുള്ള പക്ഷി – **പെൻഗ്വിൻ**

927. കേരള കലാമണ്ഡലത്തിന്റെ മുൻകാല പേര്– **കേരള ആർട്സ് അക്കാദമി**

928. ക്വിറ്റിന്ത്യാസമരകാലത്തെ കോൺഗ്രസ് പ്രസിഡന്റ്– **മൗലാനാ അബുൾ കലാം ആസാദ്**

929. സമചതുരാകൃതിയിലുള്ള ദേശീയ പതാകയുള്ള രാജ്യം– **സ്വിറ്റ്സർലൻഡ്**

930. കേരള വുഡ് ഇൻഡസ്ട്രീസിന്റെ ആസ്ഥാനം– **നിലമ്പൂർ**

931. സമാധാനം ഒഴികെയുള്ള വിഷയങ്ങളിലെ നൊബേൽ ജേതാക്കൾക്ക് ഏതു രാജ്യത്തുവച്ചാണ് പുരസ്കാരം നൽകുന്നത്– **സ്വീഡൻ**

932. സയ്യിദ് വംശത്തിൽ ഖിസ്റ് ഖാനുശേഷം അധികാരത്തിൽ വന്നത്– **മുബാറക്ക് ഷാ**

933. കേരള കാർഷിക സർവകലാശാലയുടെ ആസ്ഥാനം– **മണ്ണുത്തി**

934. തമിഴ്നാട്ടിലെ രണ്ടാമത്തെ വലിയ നഗരം– **കോയമ്പത്തൂർ**

935. തലശ്ശേരിയിൽ ആദ്യത്തെ ഇംഗ്ലീഷ് സ്കൂൾ ഏത് വർഷത്തിൽ– **എ.ഡി.1858**

936. തലശ്ശേരിയിൽ ഇംഗ്ലീഷുകാരുടെ ഫാക്ടറി സ്ഥാപിച്ചത് ഏത് വർഷത്തിൽ– **എ.ഡി.1695**

937. തഹ്രിർ സ്ക്വയർ ഏത് രാജ്യത്താണ്– **ഈജിപ്ത്**

938. തിരുച്ചിറപ്പള്ളി ഏത് നദിയുടെ തീരത്താണ്–**കാവേരി**

939. അവസാനമായി മാമാങ്കം നടന്നു എന്ന് കരുതപ്പെടുന്ന വർഷം– **1755**

940. ജനസംഖ്യാ വിസ്ഫോടനസിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ്– **മാൽത്തൂസ്**

941. താമ്രം എന്ന് സംസ്കൃതത്തിൽ അറിയപ്പെടുന്ന ലോഹം–**ചെമ്പ്**

942. ലോക്സഭാംഗങ്ങൾ, രാജ്യസഭാംഗങ്ങൾ ,സംസ്ഥാന നിയമസഭാംഗങ്ങൾ എന്നിവ ഏറ്റവും കൂടുതൽ ഉള്ള സംസ്ഥാനം– **ഉത്തർപ്രദേശ്**

943. ഹരിഹരന്റെയും ബുക്കന്റെയും ഗുരു– **വിദ്യാരണ്യ**

944. ഐക്യരാഷ്ട്രസഭയിലെ എത്രാമത്തെ അംഗമാണ് മൊണ്ടിനെഗ്രോ– **192**

945. ലോകവ്യാപാര സംഘടന നിലവിൽ വന്ന വർഷം– **1995**

946. ഐക്യരാഷ്ട്രസഭയുടെ പതാകയുടെ നിറം– **നീല**

947. താർ എക്സ്പ്രസ് ഓടുന്നത് ഏതെല്ലാം സ്ഥലങ്ങൾക്കിടയിൽ– **മുനബാ ഭാവൊ– ഖൊക്രപാർ**

948. ഭൂമിയിലെ ഏറ്റവും തണുപ്പുള്ള സ്ഥലം– **വെർഖോയാൻസ്ക്**

949. ഗുജറാത്ത് ഹൈക്കോടതിയുടെ ആസ്ഥാനം– **അഹമ്മദാബാദ്**

950. എം സി റോഡിൻെറ പണി തീർന്നത് ഏത് വർഷത്തിൽ– **എ.ഡി.1877**

951. ഘാനയുടെ പഴയ പേര്– **ഗോൾഡ് കോസ്റ്റ്**

952. എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ട ഏക പ്രസിഡന്റ്– **നീലം സഞ്ജീവറെഡ്ഡി**

953. കൊച്ചി ലജിസ്ലേറ്റീവ് അസംബ്ളിയിൽ അംഗമായ ആദ്യ വനിത–**തോട്ടയ്ക്കാട്ട് മാധവിയമ്മ**

954. എഴുത്തച്ഛൻ പുരസ്കാരം നേടിയ ആദ്യ വനിത– **ബാലാമണിയമ്മ (1995)**

955. അക്ബർ 1581–ൽ പരാജയപ്പെടുത്തിയ മാൾവയിലെ ഭരണാധികാരി– **ബാസ് ബഹാദൂർ**

956. ലോകത്തെ മികച്ച ക്രിക്കറ്റ് താരത്തിനുള്ള ഐ.സി.സി.അവാർഡ്– **ഗാരി സോബേഴ്സ് അവാർഡ്**

957. സുംഗവംശ സ്ഥാപകൻ– **പുഷ്യമിത്രൻ**

958. എഴുത്തച്ഛൻ പുരസ്കാരം ആദ്യമായി നേടിയത്– **ശൂരനാട് കുഞ്ഞൻപിള്ള (1993)**

959. ലോകത്തെ ആകെ എത്ര സമയമേഖലകളായി തിരിച്ചിരിക്കുന്നു– **24**

960. അക്ബർ അന്തരിച്ചത്– **1605 ഒക്ടോബർ 17**

961. എഴുത്തുവിദ്യ ആദ്യമായി ഉപയോഗിച്ച നാഗരികത– **സുമേറിയൻ**

962. കേരളത്തിൽ നിലനിന്നിരുന്ന ദായക്രമത്തെക്കുറിച്ച് പരാമർശിച്ച പ്രഥമ വിദേശസഞ്ചാരി– **ഫ്രയർ ജോർഡാനസ്**

963. എം.പി.ഭട്ടതിരിപ്പാടിന്റെ തൂലികാനാമം– **പ്രേംജി**

964. സംഘകാലകൃതികളുടെ മുഖ്യപ്രമേയം– **പ്രണയം, യുദ്ധം**

965. എവറസ്റ്റിന് ആ പേരു ലഭിക്കാൻ കാരണക്കാരനായ ജോർജ് എവറസ്റ്റ് ആരായിരുന്നു– **ഇന്ത്യയുടെ സർവേയർ ജനറൽ**

966. ലോകത്തെ ഏറ്റവും വലിയ ഉപദ്വീപ്– **അറേബ്യ**

967. സൂര്യപ്രകാശത്തെ ഏറ്റവുമധികം പ്രതിഫലിപ്പിക്കുന്ന ഗ്രഹം– **ശുക്രൻ**

968. സൗരയൂഥത്തിലെ ഗ്രഹങ്ങളിൽ വലുപ്പത്തിൽ മൂന്നാം സ്ഥാനമുള്ള ഗ്രഹം–**യുറാനസ്**

969. കേരളത്തിലെ ഏക മുസ്ലിം രാജവംശം– **അറയ്ക്കൽ**

970. സമാധാന നൊബേലിനർഹനായ രണ്ടാമത്തെ യു.എൻ.സെക്രട്ടറി ജനറൽ– **കോഫി അന്നൻ (2001)**

971. ക്വിറ്റിന്ത്യാസമരത്തിന് ഗാന്ധിജിയെ അറസ്റ്റു ചെയ്യപ്പെട്ടപ്പോൾ അടയ്ക്കപ്പെട്ട ജയിൽ– **ആഗാഖാൻ കൊട്ടാരം**

972. സിയാച്ചിൻ മഞ്ഞുമല ഏതു സംസ്ഥാനത്ത്– **ജമ്മു കശ്മീർ**

973. സൂര്യനുചുറ്റുമുള്ള ഭൂമിയുടെ സഞ്ചാരം അറിയപ്പെടുന്നത്– **പ്രദക്ഷിണം**

974. മനുഷ്യനെ ആദ്യമായി ചന്ദ്രനിലെത്തിച്ച ബഹിരാകാശവാഹനമായ അപ്പോളോ–11 വിക്ഷേപിക്കാൻ ഉപയോഗിച്ച റോക്കറ്റ്– **സാറ്റേൺ–5**

975. ജമ്മുവിനെയും കന്യാകുമാരിയേയും ബന്ധിപ്പിച്ച് ഓടുന്ന തീവണ്ടി– **ഹിമസാഗർ**

976. കേരളത്തിൽ പബ്ലിക് ട്രാൻസ്പോർട്ട് സംവിധാനം നടപ്പിലാക്കപ്പെട്ട ആദ്യ നഗരം–**തിരുവനന്തപുരം**

977. സുംഗവംശത്തിന്റെ തലസ്ഥാനമായിരുന്ന വിദിശ ഏത് സംസ്ഥാനത്താണ്– **മധ്യപ്രദേശ്**

978. കൊച്ചിൻ സ്റ്റേറ്റ് കോൺഗ്രസിന്റെ സ്ഥാപകൻ– **ടി.കെ.നായർ**

979. ലോകത്തെ ഏറ്റവും ചെറിയ പശുവർഗം– **വെച്ചൂർ പശു**

980. ഗിരിനഗര ശിലാലേഖം ഏതു രാജാവിന്റെ നേട്ടങ്ങളെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്– **രുദ്രദാമൻ**

981. മുയിനുദ്ദീൻ ചിഷ്ടിയുടെ സമാധി സന്ദർശിച്ച ആദ്യ ഡെൽഹി സുൽത്താൻ– **മുഹമ്മദ് ബിൻ തുഗ്ലക്**

982. വരികൾ ഇല്ലാതെ സംഗീതം മാത്രമുള്ള ദേശീയ ഗാനമുള്ള രാജ്യം– **സ്പെയിൻ**

983. പുൽമേടുകൾ കാണാത്ത ഏക ഭൂഖണ്ഡം **–അന്റാർട്ടിക്ക**

984. കേരള മുഖ്യമന്ത്രിയായശേഷം കേന്ദ്രമന്ത്രിയായ ആദ്യ വ്യക്തി–**എ.കെ. ആന്റണി**

985. ആയുർവേദ ചികിൽസാരീതി ലഭ്യമാക്കിയിട്ടുള്ള ഇന്ത്യയിലെ ഏക മാനസികാരോഗ്യകേന്ദ്രം– **കോട്ടയ്ക്കൽ**

986. കേരള ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷന്റെ ആസ്ഥാനം– **കൊച്ചി**

987. ആദ്യത്തെ ഓടക്കുഴൽ അവാർഡ് നേടിയത്– **വെണ്ണിക്കുളം ഗോപാലക്കുറുപ്പ്**

988. ഭാരതരത്നം ജേതാക്കളിൽ ഇന്ത്യക്കു വെളിയിൽ ജനിച്ച ആദ്യ വ്യക്തി– **മദർ തെരേസ**

989. ഭാരതീയ സങ്കൽപങ്ങളിലെ ബൃഹസ്പതി ഏതു ഗ്രഹമാണ്– **വ്യാഴം**

990. വനമഹോത്സവം നടത്തുന്ന മാസം– **ജൂലൈ**

991. കുടുംബശ്രീ ആരംഭിച്ച സംസ്ഥാനം– **കേരളം**

992. സിറാജ് ഉദ് ദൗളയുടെ തലസ്ഥാനം– **മുർഷിദാബാദ്**

993. സ്വാതന്ത്ര്യത്തിനുമുമ്പുള്ള ഇന്ത്യയിൽ ദാരിദ്ര്യരേഖയെക്കുറിച്ച് ചർച്ച ചെയ്ത ആദ്യ നേതാവ്– **ദാദാഭായ് നവറോജി**

994. സ്വതന്ത്രഭാരതത്തിൽ ആഭ്യന്തര അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത് എപ്പോൾ– **1975 ജൂൺ**

995. ചാർവാകമതം മുന്നോട്ടുവച്ച മീമാംസ– **ലോകായത ദർശനം**

996. കോട്ടയ്ക്കൽ ആര്യവൈദ്യശാല സ്ഥാപിച്ചത്– **വൈദ്യരത്നം പി.എസ്.വാര്യർ**

997. തമിഴ്നാട് സംസ്ഥാനത്ത് മുഖ്യമന്ത്രിയായ ആദ്യ വനിത– **ജാനകി രാമചന്ദ്രൻ**

998. കഥകളിയുടെ ഉപജ്ഞാതാവ്– **കൊട്ടാരക്കരത്തമ്പുരാൻ**

999. ഗാന്ധിജി പങ്കെടുത്ത ആദ്യത്തെ കോൺഗ്രസ് സമ്മേളനം– **1901ലെ കൊൽക്കത്ത സമ്മേളനം**

1000. കേരളദർപ്പണം,കേരള പത്രിക, മലയാളി എന്നീ പ്രസിദ്ധീകരണങ്ങളിൽ എഴുതുമ്പോൾ കെ.രാമകൃഷ്ണംപിള്ള ഉപയോഗിച്ചിരുന്ന തൂലികാനാമം– **കേരളൻ**

1001. ഭരണഘടനയുടെ 35ാംഭേദഗതിയിലൂടെ സിക്കിമിന് അസോസിയേറ്റ് സ്റ്റേറ്റ് പദവി നൽകുകയും പിന്നീട് 36ാം ഭേദഗതിയിലൂടെ ഇന്ത്യൻ യൂണിയനിലെ ഒരു സംസ്ഥാനമാക്കുകയും ചെയ്തത് ഏതു പ്രധാനമന്ത്രിയുടെ കാലത്താണ്– **ഇന്ദിരാഗാന്ധി.**

1002. ഭൂമിയിലെ ഏറ്റവും വലിയ ദ്വീപസമൂഹം– **ഇൻഡൊനിഷ്യ**

1003. ഭൂമിയിലേക്ക് സൂര്യനിൽനിന്നു താപം എത്തിച്ചേരുന്നത്– **വികിരണം വഴി**

1004. ഭൂഗോളത്തിന്റെ എത്ര ശതമാനമാണ് ഓക്സിജൻ– **28**



# പ്രസിഡന്റ്

**നമുക്ക് പുതിയ രാഷ്ട്രപതിയെയും ഉപരാഷ്ട്രപതിയെയും ലഭിച്ചിരിക്കുന്ന ഈ അവസരത്തിൽ പ്രസ്തുത പദവികളെ സംബന്ധിച്ച ഭരണഘടനാ വ്യവസ്ഥകളും അനുബന്ധ വസ്തുതകളും വിശദമായി പഠിക്കാം.**

ഇന്ത്യയിൽ രാഷ്ട്രത്തിന്റെ തലവനാണ് പ്രസിഡന്റ്. രാജ്യത്തിന്റെ പ്രഥമ പൗരനായി അദ്ദേഹത്തെ കണക്കാക്കുന്നു.

## പ്രസിഡന്റാകുന്നതിനുള്ള യോഗ്യതകൾ

(1) ഇന്ത്യൻ പൗരനായിരിക്കണം.

(2) 35 വയസ്സ് തികഞ്ഞിരിക്കണം

(3)ലോക്സഭാംഗമായി തിരഞ്ഞെടുക്കപ്പെടാനാവശ്യമായ യോഗ്യതകൾ ഉണ്ടായിരിക്കണം.

(4) ഇന്ത്യാ ഗവൺമെന്റിലെ സംസ്ഥാന സർക്കാരിലോ തദ്ദേശസ്ഥാപനത്തിലോ മറ്റു സ്ഥാപനങ്ങളിലോ ആദായംപറ്റുന്ന ഉദ്യോഗം വഹിക്കാൻ പാടില്ല.

എന്നാൽ, നിലവിൽ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്,ഗവർണർ,കേന്ദ്ര/സംസ്ഥാന മന്ത്രി പദവികൾ വഹിക്കുന്നവർക്ക് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് അയോഗ്യത കൽപിച്ചിട്ടില്ല.

ആർട്ടിക്കിൾ 59 പ്രകാരം പ്രസിഡന്റ് പാർലമെന്റിന്റെ ഏതെങ്കിലുമൊരു സഭയിലോ സംസ്ഥാന നിയമസഭയിലോ അംഗമാകാൻ പാടില്ല. പ്രസിഡന്റ് സ്ഥാനാർഥി ഇവയിലേതിലെങ്കിലും അംഗമായിരുന്നുവെങ്കിൽ പ്രസിഡന്റെന്ന നിലയിൽ അദ്ദേഹം പദവിയേറ്റ തീയതി മുതൽ പഴയ സ്ഥാനം ഒഴിവുവന്നതായി കണക്കാക്കപ്പെടും. മറ്റൊരു ആദായകരമായ പദവിയും പ്രസിഡന്റ് വഹിക്കാൻ പാടില്ല.

പ്രസിഡന്റ് സ്ഥാനാർഥിയുടെ നാമനിർദ്ദേശ പത്രികയിൽ നിയോജകഗണത്തിൽനിന്ന് ഏറ്റവും കുറഞ്ഞത് 50 പേർ നാമനിർദ്ദേശം ചെയ്യുകയും മറ്റു 50 പേർ പിന്താങ്ങുകയും വേണം.

പ്രസിഡന്റിന്റെ കാലാവധി സ്ഥാനമേൽക്കുന്ന തീയതി മുതൽ അഞ്ച് വർഷമാണ്.

പ്രസിഡന്റ് പദവിയിലേക്ക് ഒരാൾ എത്ര പ്രാവശ്യം തിരഞ്ഞെടുക്കപ്പെടാം എന്നതിന് ഭരണഘടന നിയന്ത്രണമേർപ്പെടുത്തിയിട്ടില്ല.

രണ്ടു സാഹചര്യങ്ങളിൽ പ്രസിഡന്റ് കാലാവധി പൂർത്തിയാകുന്നതിനുമുമ്പ് പദവിയിൽ നിന്നൊഴിയാം. (1) വൈസ് പ്രസിഡന്റിന് രാജിക്കത്ത് സമർപ്പിക്കുമ്പോൾ (2) ഭരണഘടനാ ലംഘനത്തിന് ഇംപീച്ചുമെന്റ് വഴി പുറത്താക്കപ്പെടുമ്പോൾ.


പ്രസിഡന്റിന് താമസിക്കാനുള്ള ഔദ്യോഗിക വസതിയാണ് രാഷ്ട്രപതി ഭവൻ. ന്യൂഡൽഹിയിൽ റെയ്സീന കുന്നിലാണ് ഈ കൂറ്റൻ മന്ദിരം. ബ്രിട്ടീഷ് ഭരണകാലത്ത് വൈസ്രോയിക്ക് താമസിക്കാൻ നിർമിച്ച വൈസ്രീഗൽ പാലസാണ് സ്വാതന്ത്ര്യാനന്തരം രാഷ്ട്രപതി ഭവനായി മാറിയത്.

പാർലമെന്റ് നിയമപ്രകാരം നിഷ്കർഷിക്കുന്ന പ്രതിമാസ emolument രാഷ്ട്രപതിക്കുണ്ട്. രാഷ്ട്രപതിയുടെ കാലാവധിയിൽ emolument കളിലോ ബത്തകളിലോ കുറവുവരുത്താൻ പാടില്ല എന്നും വ്യവസ്ഥയുണ്ട്.

ഇനി സൂചിപ്പിക്കുന്ന സാഹചര്യങ്ങളിലാണ് രാഷ്ട്രപതി സ്ഥാനം ഒഴിവുവന്നതായി കണക്കാക്കുന്നത്. (1) അഞ്ചുവർഷ ക്കാലാവധി പൂർത്തിയാകുമ്പോൾ (2) രാഷ്ട്രപതി അന്തരിക്കുമ്പോൾ (3) രാജിവയ്ക്കുമ്പോൾ (4) ഇംപീച്ചുമെന്റിലൂടെ പദവിയിൽനിന്ന് നീക്കം ചെയ്യപ്പെടുമ്പോൾ (5) മറ്റു സാഹചര്യങ്ങളിൽ; ഉദാഹരണത്തിന് പ്രസിഡന്റിനെ തിരഞ്ഞെടുത്ത നടപടി അസാധുവാക്കപ്പെടുന്ന അവസരം.

ആർട്ടിക്കിൾ 62 (1) പ്രകാരം പ്രസിഡന്റിന്റെ കാലാവധി അവസാനിക്കുന്നതുമൂലമുണ്ടാകുന്ന ഒഴിവ് നികത്തുന്നതിനുള്ള തിരഞ്ഞെടുപ്പ് പ്രസിഡന്റിന്റെ കാലാവധി തീരുന്നതിനുമുമ്പ് നടത്തിയിരിക്കേണ്ടതാണ്. പ്രസിഡന്റിന്റെ മരണം, രാജി, സ്ഥാനത്തുനിന്ന് നീക്കം ചെയ്യൽ എന്നീ കാരണങ്ങളാൽ ഒഴിവുണ്ടാകുമ്പോൾ എത്രയും പെട്ടെന്ന് അടുത്ത തിരഞ്ഞെടുപ്പ് നടത്തണം. ഇത് ഒരു കാരണവശാലും ഒഴിവുണ്ടാകുന്ന തീയതിമുതൽ ആറുമാസത്തിൽ കൂടുതലാകാൻ പാടില്ല. ആർട്ടിക്കിൾ 56 ലെ വ്യവസ്ഥ പ്രകാരം ഈ രീതിയിൽ തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തിക്ക് അദ്ദേഹം പദവിയേൽക്കുന്ന തീയതിമുതൽ അഞ്ചുവർഷം അതിൽ തുടരാവുന്നതാണ്.

## രാംനാഥ് കോവിന്ദ്



- * ഉത്തർപ്രദേശിലെ കാൺപൂർ ദേഹാട്ടിൽപ്പെട്ട ദെരാപ്പൂർ താലൂക്കിലെ പരൗംഖ് ഗ്രാമത്തിൽ ദളിത് കർഷകകുടുംബത്തിൽ 1945 ഒക്ടോബർ ഒന്നിനാണ് രാംനാഥ് കോവിന്ദ് ജനിച്ചത്. നെയ്ത്തുകാരനും നാട്ടുവൈദ്യനുമായിരുന്ന മൈക്കുലാൽ ആയിരുന്നു പിതാവ്. മാതാവ് ഫൂൽമതി.
- * കൊമേഴ്സ് ബിരുദവും നിയമബിരുദവും നേടിയശേഷം സിവിൽ സർവീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കാനാണ് കോവിന്ദ് ആദ്യമായി ഡൽഹിയിലെത്തിയത്. മൂന്നാം ശ്രമത്തിൽ സിവിൽ സർവീസ് പരീക്ഷയിൽ വിജയിച്ചെങ്കിലും അതുപേക്ഷിച്ച് അഭിഭാഷകനായി പ്രാക്ടീസ് ചെയ്യാൻ തീരുമാനിക്കുകയായിരുന്നു.
- * 1971–ൽ എൻറോൾ ചെയ്ത കോവിന്ദ് 1977 മുതൽ 1979 വരെ ഡൽഹി ഹൈക്കോടതിയിലെ അഭിഭാഷകനായി. 1980 മുതൽ 1993 വരെ കേന്ദ്ര സർക്കാരിന്റെ സ്റ്റാൻഡിങ് കോൺസലായി സുപ്രീം കോടതിയിലും പ്രവർത്തിച്ചു.
- * 1991–ൽ ഭാരതീയ ജനതാ പാർട്ടിയിൽ ചേർന്നു. 1991–ലെ തിരഞ്ഞെടുപ്പിൽ ഗട്ടംപൂർ ലോക്സഭാ മണ്ഡലത്തിൽ ബി.ജെ.പി. സ്ഥാനാർഥിയായി മത്സരിച്ചു. 1994ലും 2000 ലും ബി.ജെ.പിയുടെ രാജ്യസഭാംഗമായി നോമിനേറ്റ് ചെയ്യപ്പെട്ട അദ്ദേഹം തുടർച്ചയായ 12 വർഷം രാജ്യസഭാംഗമായി പ്രവർത്തിച്ചു.
- * 1998 മുതൽ 2002 വരെ ബി.ജെ.പി. ദളിത് മോർച്ച അധ്യക്ഷനായി. 2015–ൽ ബിഹാർ ഗവർണറായി ചുമതലയേറ്റു.
- * 2017–ലെ രാഷ്ട്രപതി തിരഞ്ഞെടുപ്പിൽ മീരാകുമാറിനെ പരാജയപ്പെടുത്തി. ദളിത് വിഭാഗത്തിൽ നിന്നുള്ള രണ്ടാമത്തെ രാഷ്ട്രപതി.
- * ഭാര്യ സവിത കോവിന്ദ്. സ്വാതി, പ്രശാന്ത് എന്നിവർ മക്കൾ.

പ്രസിഡന്റിന്റെ മരണം,രാജി, സ്ഥാനത്തുനിന്ന് നീക്കം ചെയ്യൽ എന്നീ കാരണങ്ങളാൽ ഒഴിവുണ്ടാകുമ്പോൾ പുതിയ പ്രസിഡന്റിനെ തിരഞ്ഞെടുക്കുംവരെ വൈസ് പ്രസിഡന്റ്, പ്രസിഡന്റിന്റെ ചുമതലകൾ നിർവഹിക്കേണ്ടതാണ്.

പ്രസിഡന്റിന്റെ അഭാവം,രോഗം, മറ്റു കാരണങ്ങൾ എന്നിവമൂലം പ്രസിഡന്റിന് അദ്ദേഹത്തിന്റെ കർത്തവ്യങ്ങൾ നിർവഹിക്കാൻ കഴിയാത്തപക്ഷം പ്രസിഡന്റ് കർത്തവ്യങ്ങളിൽ തിരികെ പ്രവേശിക്കുംവരെ വൈസ് പ്രസിഡന്റിന് അവ നിർവഹിക്കാവുന്നതാണ്.

## ഇംപീച്ച്മെന്റ് സംബന്ധിച്ച നടപടി ക്രമങ്ങൾ:

ആർട്ടിക്കിൾ 61–ലാണ് ഇതു സംബന്ധിച്ച നടപടിക്രമങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നത്. ഇത് ഒരു കാര്യത്തിലൊഴികെ മറ്റെല്ലാറ്റിലും അമേരിക്കൻ ഐക്യനാടുകളിലേതിനു സദൃശമാണ്. ഇന്ത്യയിൽ പാർലമെന്റിന്റെ ഇരുസഭകളിലും ഇതു സംബന്ധിച്ച നടപടി സ്വീകരിക്കുമ്പോൾ അമേരിക്കയിൽ ഹൗസ് ഓഫ് റപ്രസന്റേറ്റീവ്സിനുമാത്രമായി ഇതിനുള്ള നടപടിയെടുക്കാൻ അധികാരമുണ്ട്. ഭരണഘടനാലംഘനത്തിന്റെ പേരിൽമാത്രമേ പ്രസിഡന്റിനെ ഇംപീച്ച്ചെയ്യാൻ വ്യവസ്ഥയുള്ളൂ. പാർലമെന്റിന്റെ ഇരുസഭകളിലും ഇതു സംബന്ധിച്ച നടപടി സ്വീകരിക്കുന്നതിന് ഇതു സംബന്ധിച്ച പ്രമേയം 14 ദിവസ കാലാവധിയിലെ നോട്ടീസ് നൽകി അവതരിപ്പിക്കണം. പ്രസ്തുത നോട്ടീസിൽ സഭയിലെ ആകെ അംഗങ്ങളിൽ നാലിലൊന്നെങ്കിലും ഒപ്പിട്ടിരിക്കണം. സഭയിലെ ആകെ അംഗബലത്തിന്റെ മൂന്നിൽ രണ്ടു ഭൂരിപക്ഷത്തിൽ പ്രമേയം പാസായെങ്കിൽ മാത്രമേ പ്രസിഡന്റിനുമേൽ ആരോപിതമായ കുറ്റം നിലനിൽക്കുകയുള്ളൂ. ഒരുസഭയിൽ കുറ്റവിചാരണ കഴിഞ്ഞാൽ മറ്റേസഭ കുറ്റാരോപണത്തെക്കുറിച്ച് അന്വേഷിക്കുകയോ ഒരു പ്രത്യേക സമിതിയെ അതിനായി ചുമതലപ്പെടുത്തുകയോ വേണം. പ്രസിഡന്റിനെതിരായ ആരോപണം നിലനിൽക്കുന്നുണ്ട് എന്നാണ് അന്വേഷണത്തിന്റെ ഫലം എങ്കിൽ ഇതു സംബന്ധമായ പ്രമേയം പ്രസ്തുത സഭയും മൂന്നിൽ രണ്ട് ഭൂരിപക്ഷത്തിനു പാസാക്കുകയാണെങ്കിൽ ആ തീയതി മുതൽ പ്രസിഡന്റിന്റെ കാലാവധി അവസാനിച്ചതായി കണക്കാക്കപ്പെടും.

## പ്രസിഡന്റ് തിരഞ്ഞെടുപ്പ്

കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷനാണ് പ്രസിഡന്റ് തിരഞ്ഞെടുപ്പ് നടത്തുന്നത്. ഇതിനായി രൂപവത്കരിക്കുന്ന പ്രത്യേക

ഇലക്ട്രൽ കോളേജിലെ അംഗങ്ങളാണ് ആനുപാതിക പ്രതിനിധ്യ സമ്പ്രദായമനുസരിച്ച് സിംഗിൾ ട്രാൻസ്ഫറബിൾ വോട്ടുമുഖേന രഹസ്യ ബാലറ്റുപയോഗിച്ചുനടത്തുന്ന പരോക്ഷ വോട്ടിംഗിലൂടെ ഇന്ത്യൻ പ്രസിഡന്റിനെ തിരഞ്ഞെടുക്കുന്നത്.

രാഷ്ട്രപതി തിരഞ്ഞെടുപ്പിന്റെ നിയോജക ഗണത്തെക്കുറിച്ച് പ്രതിപാദിക്കുന്നത് ഭരണഘടനയുടെ 54-ാമത്തെ അനുച്ഛേദത്തിലാണ്.

തിരഞ്ഞെടുക്കപ്പെട്ട പാർലമെന്റ്/നിയമസഭാംഗങ്ങൾക്കു മാത്രമാണ് രാഷ്ട്രപതിതിരഞ്ഞെടുപ്പിൽ വോട്ടുചെയ്യാൻ അർഹത. ഇന്ത്യൻ പ്രസിഡന്റിനെ തിരഞ്ഞെടുക്കുന്ന ഇലക്ട്രൽ കോളേജിൽ ഉൾപ്പെടുന്നത് ഇവരാണ്.

1. ലോക്സഭയിലെ തിരഞ്ഞെടുക്കപ്പെട്ട 543 അംഗങ്ങൾ
2. രാജ്യസഭയിലെ തിരഞ്ഞെടുക്കപ്പെട്ട 233 അംഗങ്ങൾ
3. രാജ്യത്തെ 29 സംസ്ഥാനനിയമസഭകളിലെ തിരഞ്ഞെടുക്കപ്പെട്ട 4020 അംഗങ്ങൾ.
4. കേന്ദ്രഭരണപ്രദേശങ്ങളിലെ (ഡൽഹിയും പുതുച്ചേരിയും) തിരഞ്ഞെടുക്കപ്പെട്ട 100 അംഗങ്ങൾ.

അങ്ങനെ 776 പാർലമെന്റംഗങ്ങളും 4120 തിരഞ്ഞെടുക്കപ്പെട്ട നിയമസഭാംഗങ്ങളും ഉൾപ്പെടെ ആകെ 4896 പേരാണ് രാഷ്ട്രപതി തിരഞ്ഞെടുപ്പിൽ വോട്ടുരേഖപ്പെടുത്തുന്നത്.

ഒരു സഭയിലെയും നാമനിർദേശം ചെയ്യപ്പെട്ട അംഗങ്ങൾക്ക് രാഷ്ട്രപതി തിരഞ്ഞെടുപ്പിൽ വോട്ടവകാശമില്ല. സംസ്ഥാന നിയമനിർമാണസഭയുടെ ഉപരിസഭയായ ലെജിസ്ലേറ്റീവ് കൗൺസിൽ അഥവാ വിധാൻ പരിഷത്തിലെ അംഗങ്ങൾക്കും രാഷ്ട്രപതി തിരഞ്ഞെടുപ്പിൽ പങ്കില്ല.

രാഷ്ട്രപതി തിരഞ്ഞെടുപ്പിന്റെ നിയോജകഗണത്തിലുള്ള ഓരോ സംസ്ഥാനത്തിലെയും എം.എൽ.എ.മാരുടെയും രാജ്യത്തെ പാർലമെന്റംഗങ്ങളുടെയും വോട്ടിന്റെ മൂല്യത്തെക്കുറിച്ച് പ്രതിപാദിക്കുന്നത് ആർട്ടിക്കിൾ 55-ലാണ്.

എം.എൽ.എ.യുടെ വോട്ടിന്റെ മൂല്യം കണക്കാക്കുന്നത് സംസ്ഥാനത്തെ ആകെ ജനസംഖ്യയെ, സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട എം.എൽ.എ.മാരുടെ എണ്ണത്തിനെ ആയിരം കൊണ്ട് ഗുണിച്ച് ലഭിക്കുന്ന സംഖ്യ കൊണ്ട് ഹരിച്ചാണ്. അതായത് സംസ്ഥാനത്തെ ഒരു നിയമസഭാമണ്ഡലത്തിലെ ജനസംഖ്യയുടെ ശരാശരിയെ 1000 കൊണ്ട് ഹരിക്കുന്നു.

എം.പി.മാരുടെ വോട്ടിന്റെ മൂല്യം കണക്കാക്കുന്നത് രാജ്യത്തെ ആകെ എം.എൽ.എ.മാരുടെ വോട്ടിന്റെ മൂല്യത്തെ ആകെ തിരഞ്ഞെടുക്കപ്പെട്ട എം.പി.മാരുടെ എണ്ണം (776) കൊണ്ട് ഹരിച്ചാണ്.

1971-ലെ ജനസംഖ്യയാണ് വോട്ടിന്റെ മൂല്യം കണക്കാക്കാൻ പരിഗണിക്കുന്നത്. 2026 വരെ ഈ നില തുടരണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കുടുംബാസൂത്രണത്തിലൂടെ ജനസംഖ്യയിൽ കുറവ് വരുത്തിയിട്ടുള്ള സംസ്ഥാനങ്ങളിലെ എം.എൽ.എ.മാരുടെ വോട്ടിന്റെ മൂല്യത്തിൽ കുറവ് സംഭവിക്കാതിരിക്കാനാണ് ആദ്യം ഭരണഘടനയുടെ 42-ാമത്തെയും പിന്നീട് 84-ാമത്തെയും ഭേദഗതികളിലൂടെ ഇത്തരമൊരു പരിരക്ഷ വ്യവസ്ഥ ചെയ്തിരിക്കുന്നത്.

ഏറ്റവും കൂടുതൽ വോട്ടുനേടി ഇന്ത്യൻ പ്രസിഡന്റായത് കെ.ആർ.നാരായണൻ ആണ്. 1997ലെ രാഷ്ട്രപതി തിരഞ്ഞെടുപ്പിൽ 956290 വോട്ടുനേടിയ അദ്ദേഹം ആകെ പോൾ ചെയ്തതിന്റെ 94.97% വോട്ടാണ് നേടിയത്. എന്നാൽ ശതമാനാടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ വോട്ടുകൾ നേടി രാഷ്ട്രപതിയായത് ഡോ.രാജേന്ദ്രപ്രസാദ് ആണ്.

1957 ൽ രണ്ടാംപ്രാവശ്യം രാഷ്ട്രപതിയായപ്പോൾ 459698 വോട്ടുമായി അദ്ദേഹം ആകെ പോൾ ചെയ്തതിന്റെ 99.3% വോട്ട് നേടി.

ഏറ്റവും കുറച്ച് വോട്ടു നേടി പ്രസിഡന്റായത്, ശതമാനാടിസ്ഥാനത്തിലും ഏറ്റവും കുറവ് വോട്ടുകൾ നേടി പ്രസിഡന്റായത്, ഏറ്റവും കുറവ് എണ്ണം വോട്ടിന്റെ ഭൂരിപക്ഷം (ശതമാനാടിസ്ഥാനത്തിലും) എന്നീ പ്രത്യേകതകൾ വി.വി. ഗിരിക്കു സ്വന്തമാണ്.

1969 ലെ രാഷ്ട്രപതി തിരഞ്ഞെടുപ്പിൽ വി.വി.ഗിരിക്ക് 420077(50.2%) വോട്ടും എതിർസ്ഥാനാർഥി നീലം സഞ്ജീവ റെഡ്ഡിക്ക് 405427 (48.5%) വോട്ടുമാണ് ലഭിച്ചത്.


രാഷ്ട്രപതി തിരഞ്ഞെടുപ്പിന്റെ ചരിത്രത്തിൽ സെക്കന്റ് പ്രിഫറൻഷ്യൽ വോട്ടുകൂടി എണ്ണേണ്ടിവന്ന ഏക അവസരമായിരുന്നു അത്.

## ഓർമിക്കാൻ

വീണ്ടും തിരഞ്ഞെടുക്കപ്പെട്ട ഏക രാഷ്ട്രപതി ഡോ. രാജേന്ദ്രപ്രസാദാണ് .

പ്രസിഡന്റു തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ട,കോൺഗ്രസിന്റെ ഔദ്യോഗിക സ്ഥാനാർഥിയാണ് നീലം സഞ്ജീവറെഡ്ഡി.

1969-ലെ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ വി.വി.ഗിരിയോടു തോറ്റ നീലം സഞ്ജീവറെഡ്ഡി പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടശേഷം പിന്നീട് പ്രസിഡന്റായ ഏക വ്യക്തിയാണ്.



## രാഷ്ട്രപതിമാർ

| പേര് | കാലാവധി |
|---|---|
| ഡോ. രാജേന്ദ്രപ്രസാദ് (1884 - 1963) | 1950 ജനു.26 - 1962 മെയ് 13 |
| ഡോ. എസ് രാധാകൃഷ്ണൻ (1888 - 1975) | 1962 മെയ് 13 - 1967 മെയ് 13 |
| ഡോ. സക്കീർ ഹുസൈൻ (1897 - 1969) | 1967 മെയ് 13 - 1969 മെയ് 3 |
| വി വി ഗിരി (1884 - 1980) | 1969 മെയ് 3 - 1969 ജൂലൈ 20 (ആക്ടിങ്) |
| ഫക്രുദീൻ അലി അഹമ്മദ് (1905 - 1977) | 1974 ഓഗസ്ത് 24 - 1977 ഫെബ്രുവരി 11 |
| ജ.മുഹമ്മദ് ഹിദായത്തുള്ള | 1969 ജൂലൈ 20 - ഓഗസ്ത് 24 |
| വി.വി.ഗിരി | 1969 ഓഗസ്ത് 24 - 1974 ഓഗസ്ത് 24 |
| ബി.ഡി. ജട്ടി (1913 - 2002) | 1977 ഫെബ്രുവരി 11 - 1977 ജൂലൈ 25 (ആക്ടിങ്) |
| നീലം സഞ്ജീവ റെഡ്ഡി (1913 - 1996) | 1977 ജൂലൈ 25 - 1982 ജൂലൈ 25 |
| ഗ്യാനി സെയിൽസിങ് (1916 - 1994) | 1982 ജൂലൈ 25 - 1987 ജൂലൈ 25 |
| ആർ. വെങ്കട്ടരാമൻ (1910) | 1987 ജൂലൈ 25 - ക്ഷ997 ജൂലൈ 25 |
| ഡോ. ശങ്കർ ദയാൽ ശർമ്മ - 1918 - 1999) | 1992 ജൂലൈ 25 - 1997 ജൂലൈ 25 |
| കെ.ആർ നാരായണൻ (1920 - 2005) | 1997 ജൂലൈ 25 - 2002 ജൂലൈ 25 |
| ഡോ. എ.പി.ജെ അബ്ദുൾ കലാം (1931) | 2002 ജൂലൈ 25 - 2007 ജൂലൈ 25 |
| പ്രതിഭാ പാട്ടീൽ (ജ.1934) | 2007 ജൂലൈ 25 - 2012 ജൂലൈ 25 |
| പ്രണബ് മുഖർജി (ജ.1935) | 2012 ജൂലൈ 25 - 2017 ജൂലൈ 25 |
| രാംനാഥ് കോവിന്ദ് (ജ.1945) | 2017 ജൂലൈ 25 - |



1967-ലെ തിരഞ്ഞെടുപ്പിൽ മത്സരിച്ച മനോഹര ഹോൽക്കറാണ് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ മത്സരിച്ച ആദ്യ വനിത. അവർക്ക് വോട്ടൊന്നും ലഭിച്ചില്ല. 1969-ലെ തിരഞ്ഞെടുപ്പിൽ മത്സരിച്ച ഫുർചരൺ കൗർ ആണ് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ മത്സരിച്ച രണ്ടാമത്തെ വനിത. 940 വോട്ട് ലഭിച്ചു.

## പ്രസിഡന്റിന്റെ അധികാരങ്ങൾ

## നിയമനിർമാണാധികാരങ്ങൾ

പാർലമെന്റിന്റെ ഇരുസഭകളും വിളിച്ചുകൂട്ടുന്നതിനും പ്രോറോഗ് ചെയ്യുന്നതിനും രാഷ്ട്രപതിക്കാണ് അധികാരം. ഭരണഘടനാപരമായ വ്യവസ്ഥകൾക്കനുസരണമായി പ്രധാനമന്ത്രി തലവനായുള്ള മന്ത്രിസഭയുടെ ഉപദേശപ്രകാരം രാഷ്ട്രപതിക്ക് ലോക്സഭ പിരിച്ചുവിടാൻ അധികാരമുണ്ട്. ഏതെങ്കിലും വിഷയങ്ങളിൽ ആവശ്യമുള്ളപക്ഷം രാഷ്ട്രപതിക്ക് ആർട്ടിക്കിൾ 143 പ്രകാരം സുപ്രീം കോടതിയുടെ ഉപദേശം തേടാവുന്നതാണ്.

പൊതു തിരഞ്ഞെടുപ്പിനുശേഷം രാഷ്ട്രപതി പാർലമെന്റ് സമ്മേളനം ഉദ്ഘാടനം ചെയ്യുന്നു. എല്ലാ വർഷത്തെയും ആദ്യ സെഷന്റെ തുടക്കത്തിൽ രാഷ്ട്രപതി ഇപ്രകാരം സഭയെ അഭിസംബോധന ചെയ്ത് പ്രസംഗിക്കും. ഗവൺമെന്റിന്റെ പുതിയ നയങ്ങളുടെ രൂപരേഖയാണ് തന്റെ പ്രസംഗത്തിലൂടെ രാഷ്ട്രപതി വിശദമാക്കുന്നത്.

പാർലമെന്റ് പാസാക്കുന്ന എല്ലാ ബില്ലുകളും രാഷ്ട്രപതിയുടെ അനുമതി ലഭിക്കുന്നതോടെയാണ് നിയമമാകുന്നത്. രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്ന ബിൽ രാഷ്ട്രപതിക്ക് ഒപ്പിടുകയോ പാർലമെന്റിന്റെ പരിഗണനയ്ക്കായി തിരിച്ചയയ്ക്കുകയോ ചെയ്യാം. എന്നാൽ പ്രസ്തുത ബിൽ ഭേദഗതി സഹിതമോ അല്ലാതെയോ രാഷ്ട്രപതിക്ക് വീണ്ടും സമർപ്പിക്കുകയാണെങ്കിൽ അനുമതി നൽകാതെ അത് തടഞ്ഞുവയ്ക്കാൻ കഴിയില്ല. ബിൽ ആദ്യമായി സമർപ്പിക്കപ്പെടുന്ന അവസരത്തിൽ പ്രസിഡന്റിന് ബിൽ ഒപ്പിടാതെ കൈവശം സൂക്ഷിക്കാം. ഇതിനെയാണ് പോക്കറ്റ് വീറ്റോ എന്നു പറയുന്നത്.

പാർലമെന്റ് സെഷനിൽ അല്ലാത്തപ്പോൾ അടിയന്തരസാഹചര്യം പരിഗണിച്ച് പ്രസിഡന്റ് ഗവൺമെന്റിനുവേണ്ടി നടത്തുന്ന നിയമ നിർമാണമാണ് ഓർഡിനൻസുകൾ (ആർട്ടിക്കിൾ 123). ഇതിന് പാർലമെന്റ് പാസാക്കുന്ന നിയമത്തിന്റെ അതേ സാധുത ഉണ്ടായിരിക്കും. ആറുമാസത്തേക്കോ പാർലമെന്റ് സമ്മേളനം ആരംഭിച്ച് ആറാഴ്ചവരെയോ ഓർഡിനൻസിന് പ്രാബല്യമുണ്ടായിരിക്കും. പാർലമെന്റ് അംഗീകരിക്കാത്ത പക്ഷം ഓർഡിനൻസ് ആറുമാസം തികയുന്ന മുറയ്ക്ക് സ്വമേധയാ റദ്ദാകും.

## എക്സിക്യൂട്ടീവ് അധികാരങ്ങൾ

ആർട്ടിക്കിൾ 53 പ്രകാരം രാജ്യത്തിന്റെ എക്സിക്യൂട്ടീവ് അധികാരം നിക്ഷിപ്തമായിരിക്കുന്നത് പ്രസിഡന്റിലാണ്. പ്രസ്തുത അധികാരം ഭരണഘടനയ്ക്ക് അനുസരണമായി പ്രസിഡന്റിന് നേരിട്ടോ സബോർഡിനേറ്റായ ഉദ്യോഗസ്ഥരിലൂടെയോ വിനിയോഗിക്കാവുന്നതാണ്. പ്രധാനമന്ത്രി തലവനായിട്ടുള്ള യൂണിയൻ ക്യാബിനറ്റ് പ്രസിഡന്റിനെ അദ്ദേഹത്തിന്റെ കർത്തവ്യനിർവഹണത്തിൽ സഹായിക്കുകയും ആവശ്യമായ ഉപദേശങ്ങൾ നൽകുകയും ചെയ്യണം.

## നിയമന അധികാരങ്ങൾ

ലോക്സഭയിൽ ഭൂരിപക്ഷമുള്ള പാർട്ടിയുടെയോ മുന്നണിയുടെയോ നേതാവിനെ പ്രധാനമന്ത്രിയായി നിയമിക്കുന്നത് പ്രസിഡന്റാണ്. പ്രധാനമന്ത്രിയുടെ ഉപദേശ പ്രകാരമാണ് പ്രസിഡന്റ് മന്ത്രിസഭാംഗങ്ങളെ നിയമിക്കുകയും അവർക്ക് വകുപ്പുകൾ അനുവദിക്കുകയും ചെയ്യുന്നത്. പ്രസിഡന്റിന്റെ പ്രീതിയുള്ള കാലത്തോളം മന്ത്രിസഭാംഗങ്ങൾ പദവിയിൽ തുടരും.

സാഹിത്യം, ശാസ്ത്രം, കല, സാമൂഹിക സേവനം എന്നീ മേഖലകളിൽ നിപുണരായ 12 വ്യക്തികളെ അവരുടെ സവിശേഷ പരിജ്ഞാനവും പ്രായോഗിക പരിചയവും പരിഗണിച്ച് രാജ്യസഭാംഗങ്ങളായി നിയമിക്കുന്നത് പ്രസിഡന്റാണ്.

സംസ്ഥാന ഗവർണർമാരെ നിയമിക്കുന്നത് പ്രസിഡന്റാണ്.

അറ്റോർണി ജനറൽ, കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ, ചീഫ് ഇലക്ഷൻ കമ്മിഷണർ, ഇലക്ഷൻ കമ്മിഷണർമാർ, ദേശീയ മനുഷ്യാവകാശ കമ്മിഷൻ ചെയർമാൻ, അംഗങ്ങൾ, ചീഫ് ഇൻഫർമേഷൻ കമ്മിഷണർ, ഇൻഫർമേഷൻ കമ്മിഷണർമാർ, യൂണിയൻ പബ്ലിക് സർവീസ് കമ്മിഷൻ ചെയർമാൻ, അംഗങ്ങൾ, കേന്ദ്ര സർവകലാശാലകളുടെ വൈസ് ചാൻസലർമാർ തുടങ്ങിയവരെ നിയമിക്കുന്നത് പ്രസിഡന്റാണ്.

പ്രധാനമന്ത്രി നൽകുന്ന പട്ടിക പ്രകാരം വിവിധ രാജ്യങ്ങളിലേക്കുള്ള അംബാസഡർമാരെയും ഹൈക്കമ്മിഷണർമാരെയും നിയമിക്കുന്നത് പ്രസിഡന്റാണ്.

ചീഫ് ഓഫ് ദി ആർമി സ്റ്റാഫിനെയും കര-നാവിക-വ്യോമ സേനാ മേധാവികളെയും നിയമിക്കുന്നത് പ്രസിഡന്റാണ്.

## ധനകാര്യ അധികാരങ്ങൾ

പ്രസിഡന്റിന്റെ ശിപാർശയോടെ മാത്രമേ മണി ബിൽ പാർ

ലമെന്റിൽ അവതരിപ്പിക്കുവാൻ കഴിയുകയുള്ളൂ.

പാർലമെന്റിൽ വാർഷിക സാമ്പത്തിക പ്രസ്താവന അഥവാ ബജറ്റ് സമർപ്പിക്കുന്നത് പ്രസിഡന്റിന്റെ പേരിലാണ്.

അപ്രതീക്ഷിതമായ ചെലവുകൾക്കായി പ്രസിഡന്റിന് കണ്ടിജൻസി ഫണ്ടിൽനിന്ന് പണം പിൻവലിക്കാവുന്നതാണ്.

കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കുമിടയിൽ നികുതി വീതം വയ്ക്കുന്നതു സംബന്ധിമായ ശിപാർശകൾ സമർപ്പിക്കുന്നതിന് അഞ്ചുവർഷത്തിലൊരിക്കൽ ഫിനാൻസ് കമ്മിഷനെ നിയമിക്കുന്നത് പ്രസിഡന്റാണ്.

## നീതിന്യായാധികാരങ്ങൾ

സുപ്രീം കോടതിയിലെയും ഹൈക്കോടതിയിലെയും ചീഫ് ജസ്റ്റിസുമാരെയും ജഡ്ജിമാരെയും നിയമിക്കുന്നത് പ്രസിഡന്റാണ്. ഒരു ഹൈക്കോടതിയിൽനിന്ന് മറ്റൊരു ഹൈക്കോടതിയിലേക്ക് ജഡ്ജിമാരെ മാറ്റി നിയമിക്കുന്നതും പ്രസിഡന്റാണ്. പാർലമെന്റിന്റെ ഇരുസഭകളും മൂന്നിൽരണ്ട് ഭൂരിപക്ഷത്തിൽ പ്രമേയം പാസാക്കിയാൽ ജഡ്ജിമാരെ ഡിസ്മിസ് ചെയ്യുന്നത് പ്രസിഡന്റാണ്.

ആർട്ടിക്കിൾ 143 പ്രകാരം ആവശ്യമെന്ന് തോന്നുന്ന സന്ദർഭങ്ങളിൽ നിയമപ്രശ്നങ്ങളിൽമേലോ പൊതു താൽപര്യമുള്ള മറ്റ് വിഷയങ്ങളിലോ പ്രസിഡന്റിന് സുപ്രീം കോടതിയുടെ ഉപദേശം തേടാവുന്നതാണ്.

## നയതന്ത്ര അധികാരങ്ങൾ

എല്ലാ അന്താരാഷ്ട്ര ഉടമ്പടികളും കരാറുകളും ഒപ്പുവയ്ക്കുന്നത് പ്രസിഡന്റിന്റെ പേരിലാണ്. എന്നിരുന്നാലും, പ്രയോഗത്തിൽ, അതിനുള്ള കൂടിയാലോചനകൾ നടത്തുന്നത് പ്രധാനമന്ത്രിയും ക്യാബിനറ്റുമാണ് (പ്രത്യേകിച്ച് വിദേശകാര്യമന്ത്രി). മാത്രമല്ല, അത്തരം കരാറുകൾക്ക് പാർലമെന്റിന്റെ അംഗീകാരവും ആവശ്യമാണ്.

ഔപചാരികമായി സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര ചടങ്ങുകളിൽ രാജ്യത്തെ പ്രതിനിധാനം ചെയ്യുന്നത് പ്രസിഡന്റാണ്.

ഇന്ത്യൻ വിദേശകാര്യ സർവീസിലെ ഉദ്യോഗസ്ഥരെ നയതന്ത്ര ദൗത്യങ്ങൾക്ക് നിയോഗിക്കുന്നതും വിദേശരാജ്യങ്ങളിൽനിന്നുള്ള നയതന്ത്ര പ്രതിനിധികളെ സ്വീകരിക്കുന്നതും പ്രസിഡന്റാണ്.

## സൈനിക അധികാരങ്ങൾ

ഇന്ത്യയിലെ സായുധ സേനകളുടെ സർവസൈന്യാധിപൻ പ്രസിഡന്റാണ്. പ്രധാനമന്ത്രി തലവനായ യൂണിയൻ ക്യാബിനറ്റിന്റെ ഉപദേശ പ്രകാരം യുദ്ധം പ്രഖ്യാപിക്കാനും സമാധാന ഉടമ്പടികളിൽ ഏർപ്പെടുന്നതിനും പ്രസിഡന്റിന് അധികാരമുണ്ട്. വിവിധ സേനാവിഭാഗങ്ങളുടെ തലവൻമാരെ നിയമിക്കുന്നതും പ്രസിഡന്റാണ്.

## മാപ്പുനൽകുന്നതിനുള്ള അധികാരം

യൂണിയൻ നിയമങ്ങൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ, മിലിട്ടറി കോടതിയുടെ ശിക്ഷകൾ, വധശിക്ഷ എന്നിവയ്ക്ക് മാപ്പു നൽകാൻ ആർട്ടിക്കിൾ 72 പ്രകാരം പ്രസിഡന്റിന് അധികാരമുണ്ട്. മാപ്പു നൽകുന്നതിനുള്ള പ്രസിഡന്റിന്റെ തീരുമാനവും മറ്റ് അവകാശങ്ങളും പ്രധാനമന്ത്രിയുടെയോ ലോക്സഭയിലെ ഭൂരിപക്ഷത്തിന്റെയോ അഭിപ്രായത്തിൽ നിന്ന് സ്വതന്ത്രമാണ്. എന്നിരുന്നാലും, ഒട്ടുമിക്ക അവസരങ്ങളിലും പ്രധാനമന്ത്രിയുടെയും ക്യാബിനറ്റിന്റെയും ഉപദേശപ്രകാരമാണ് പ്രസിഡന്റ് എക്സിക്യൂട്ടീവ് അധികാരങ്ങൾ വിനിയോഗിക്കുന്നത്.



## അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്നതിനുള്ള അധികാരം


ആർട്ടിക്കിൾ 352 പ്രകാരം ദേശീയ അടിയന്തരാവസ്ഥ, 356 പ്രകാരം സംസ്ഥാനങ്ങളിൽ ഭരണ നിർവഹണത്തിന് പ്രതിസന്ധിയുണ്ടാകുമ്പോൾ സംസ്ഥാന അടിയന്തരാവസ്ഥ, 360 പ്രകാരമുള്ള സാമ്പത്തിക അടിയന്തരാവസ്ഥ എന്നിവ പ്രഖ്യാപിക്കാൻ പ്രസിഡന്റിന് അധികാരമുണ്ട്.


## രാഷ്ട്രപതി ഭവൻ, രാഷ്ട്രപതി നിലയം, രാഷ്ട്രപതി നിവാസ്


രാഷ്ട്രപതിയുടെ ഔദ്യോഗിക വസതിയായ രാഷ്ട്രപതി ഭവൻ ന്യൂഡൽഹിയിലാണ്. ഹൈദരാബാദിലാണ് രാഷ്ട്രപതി നിലയം. രാഷ്ട്രപതിയുടെ ദക്ഷിണേന്ത്യയിലെ വസതിയാണിത്. രാജ്യതലസ്ഥാനമായ ന്യൂഡൽഹിയിൽനിന്ന് വളയെധികം ദൂരത്തിലുള്ള ഈ മന്ദിരം, നാനാത്വ സ്വഭാവമുള്ള ഒരു രാജ്യത്തെ ഏകോപിപ്പിക്കുന്നതിൽ പ്രസിഡന്റു വഹിക്കുന്ന പങ്കിനെ സൂചിപ്പിക്കുന്നു. ഇവിടെ അദ്ദേഹം വർഷത്തിലൊരിക്കലെങ്കിലും താമസിച്ച് ഔദ്യോഗിക കൃത്യനിർവഹണം നടത്തണമെന്നാണ് ഉദ്ദേശിക്കുന്നത്.


ഹൈദരാബാദിലെ ഭരണാധികാരിയായിരുന്ന നിസാമാണ് 1860–ൽ ഈ മന്ദിരം പണികഴിപ്പിച്ചത്. 90 ഏക്കർ വിസ്തൃതിയുള്ള എസ്റ്റേറ്റിലാണ് ഈ ഒറ്റനിലമന്ദിരം. 150 പേർക്ക് താമസിക്കുന്നതിമുള്ള സൗകര്യമുണ്ട്. ഹൈദരാബാദിനെ








## ഉപരാഷ്ട്രപതിമാർ

| പേര് | കാലാവധി |
|---|---|
| ഡോ.എസ്.രാധാകൃഷ്ണൻ | 1952 മെയ് 13- 1962 മെയ് 12 |
| ഡോ.സാക്കിർ ഹുസൈൻ | 1962 മെയ് 13-1967 മെയ് 12 |
| വി.വി.ഗിരി | 1967 മെയ് 13-1969 മെയ് 3 |
| ജി.എസ്.പഥക് | 1969 ആഗസ്ത് 31-1974 ആഗസ്ത് 30 |
| ബി.ഡി.ജട്ടി | 1974 ആഗസ്ത് 31-1979 ആഗസ്ത് 30 |
| ജസ്റ്റിസ് എം.ഹിദായത്തുള്ള | 1979 ആഗസ്ത് 31- 1984 ആഗസ്ത് 30 |
| ആർ.വെങ്കിട്ടരാമൻ | 1984 ആഗസ്ത് 31- 1987 ജൂലായ് 27 |
| ശങ്കർ ദയാൽ ശർമ | 1987 സെപ്തംബർ 3- 1992 ജൂലായ് 24 |
| കെ.ആർ.നാരായണൻ | 1992 ആഗസ്ത് 21- 1997 ജൂലായ് 27 |
| കൃഷ്ണകാന്ത് | 1997 ആഗസ്ത് 21-2002 ജൂലായ് 27 |
| ഭൈറോൺസിങ് ഷെഖാവത്ത് | 2002 ആഗസ്ത് 19- 2007 ജൂലായ് 21 |
| മുഹമ്മദ് ഹമീദ് അൻസാരി | 2007 ആഗസ്ത് 11- 2017 ആഗസ്ത് 11 |
| വെങ്കയ്യ നായിഡു | 2017 ആഗസ്ത് 11- |

1948–ൽ ഇന്ത്യൻ യൂണിയനിൽ ലയിപ്പിച്ചതോടെ എസ്റ്റേറ്റിന്റെ നിയന്ത്രണം പ്രസിഡന്റിന്റെ സെക്രട്ടേറിയറ്റിനു കൈമാറി.

ബ്രിട്ടീഷിന്ത്യയുടെ വേനൽക്കാല തലസ്ഥാനമായിരുന്ന ഷിംലയിൽ വൈസ്രോയിയുടെ വസതിയായി നിർമിച്ച വൈസ്റീഗൽ ലോഡ്ജ് ആണ് സ്വാതന്ത്ര്യാനന്തരം രാഷ്ട്രപതി നിവാസ് ആയത്. മന്ദിരത്തിന്റെ നിർമ്മാണം 1880–ൽ ആരംഭിച്ച് 1888–ൽ പൂർത്തിയായി. എലിസബത്തൻ ശൈലിയിൽ മന്ദിരം രൂപകൽപന ചെയ്തത് ബ്രിട്ടീഷ് വാസ്തുശിൽപിയായ ഹെൻറി ഇർവിനാണ്. വൈസ്രോയി ഡഫറിൻ പ്രഭുവാണ് ഇതിലെ ആദ്യ താമസക്കാരൻ (1888 ജൂലായ് 23).

ഡോ. എസ്. രാധാകൃഷ്ണൻ രാഷ്ട്രപതിയായിരിക്കെ ഈ കെട്ടിടം മെച്ചപ്പെട്ട രീതിയിൽ പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി വിദ്യാഭ്യാസ മന്ത്രാലയത്തിനു കൈമാറി. അവിടെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് എന്ന സ്ഥാപനം പ്രവർത്തനമാരംഭിക്കുകയും ചെയ്തു.



## ഉപരാഷ്ട്രപതി

രാഷ്ട്രപതി കഴിഞ്ഞാൽ രാജ്യത്തെ പ്രധാന പദവിയാണ് ഉപരാഷ്ട്രപതി. രാജ്യത്തിന്റെ ദ്വിതീയ പൗരൻ എന്നു വിശേഷിപ്പിക്കപ്പെടുന്നത് ഉപരാഷ്ട്രപതിയാണ്.

അഞ്ചുവർഷമാണ് ഉപരാഷ്ട്രപതിയുടെ ഭരണകാലാവധി.

## ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ്

ഉപരാഷ്ട്രപതിയെ തിരഞ്ഞെടുക്കുന്നത് പാർലമെന്റിലെ ഇരുസഭകളിലെയും എല്ലാ അംഗങ്ങളും (തിരഞ്ഞെടുക്കപ്പെട്ടവരും നാമനിർദ്ദേശം ചെയ്യപ്പെട്ടവരും) ചേർന്നാണ്. അതായത് ലോക്സഭയിലെ 545 അംഗങ്ങളും രാജ്യസഭയിലെ 245 അംഗങ്ങളും ചേർന്ന് 790 പേർ അടങ്ങുന്നതാണ് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിന്റെ ഇലക്ട്രൽ കോളേജ്. ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിൽ സംസ്ഥാന നിയമസഭാംഗങ്ങൾക്ക് പങ്കില്ല.

35 വയസ്സ് തികയുകയും രാജ്യസഭാംഗമായി തിരഞ്ഞെടുക്കപ്പെടാൻ യോഗ്യതയുണ്ടായിരിക്കുകയും ചെയ്യുന്ന ഏതൊരു ഇന്ത്യൻ പൗരനും ഉപരാഷ്ട്രപതി സ്ഥാനത്തേക്ക് മൽസരിക്കാം. സ്ഥാനാർഥി, സർക്കാരിലോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലോ യാതൊരു വിധത്തിലുള്ള ആദായമുള്ള ഉദ്യോഗവും വഹിക്കാൻ പാടില്ല.

ഉപരാഷ്ട്രപതി സ്ഥാനാർഥിയുടെ നാമനിർദ്ദേശ പത്രികയിൽ നിയോജകഗണത്തിൽനിന്ന് ഏറ്റവും കുറഞ്ഞത് 20 പേർ നാമനിർദ്ദേശം ചെയ്യുകയും മറ്റു 20 പേർ പിന്താങ്ങുകയും വേണം.

ഉപരാഷ്ട്രപതിക്ക് സത്യവാചകം ചൊല്ലിക്കൊടുക്കുന്നത് രാഷ്ട്രപതിയാണ്.

ഉപരാഷ്ട്രപതിയെ തൽസ്ഥാനത്തുനിന്ന് നീക്കുന്നതിന് ഇംപീച്ച്മെന്റ് എന്ന വാക്ക് ഉപയോഗിച്ചുകാണുന്നില്ല. എന്നാൽ, രാജ്യസഭയിൽ ഭൂരിപക്ഷത്തോടെ ഒരു പ്രമേയം പാസാക്കുകയും ലോക്സഭ അതിന് അംഗീകാരം നൽകുകയും ചെയ്താൽ ഉപരാഷ്ട്രപതിയെ പദവിയിൽനിന്ന് നീക്കം ചെയ്യാവുന്നതാണ്. ഇതു സംബന്ധമായ നോട്ടീസ് 14 ദിവസം മുമ്പെങ്കിലും നൽകിയിരിക്കണം.

രാജ്യസഭയുടെ അധ്യക്ഷനാണ് ഉപരാഷ്ട്രപതി. രാജ്യസഭയുടെ അധ്യക്ഷൻ എന്ന നിലയിലാണ് അദ്ദേഹത്തിന് ശമ്പളം നൽകുന്നത്.

രാഷ്ട്രപതിയുടെ അഭാവത്തിൽ ഉപരാഷ്ട്രപതി രാഷ്ട്രത്തലവന്റെ ചുമതലകൾ നിർവഹിക്കുന്നു. സാധാരണഗതിയിൽ നാല് സാഹചര്യങ്ങളിലാണ് രാഷ്ട്രപതിയുടെ സ്ഥാനം ഉപരാഷ്ട്രപതി ഏറ്റെടുക്കുന്നത്.

1. രാഷ്ട്രപതിയുടെ മരണം
2. രാഷ്ട്രപതിയുടെ രാജി.
3. വിചാരണ മുഖേനയോ മറ്റോ സ്ഥാനഭ്രഷ്ടനാക്കപ്പെട്ടാൽ.
4. അസാന്നിധ്യമോ അസുഖമോ മറ്റോ മൂലം ഔദ്യോഗിക കർത്തവ്യം നിർവഹിക്കാൻ പറ്റാതെ വന്നാൽ.

രാഷ്ട്രപതിയുടെ ചുമതല വഹിക്കുമ്പോൾ ഉപരാഷ്ട്രപതിയെ തൽസ്ഥാനത്തുനിന്ന് നീക്കണമെങ്കിൽ രാഷ്ട്രപതിയെ നീക്കം ചെയ്യുന്ന രീതിയിൽത്തന്നെയാവണം (ഇംപീച്ച്മെന്റ്).

രാഷ്ട്രപതിയുടെ ചുമതല വഹിക്കുമ്പോൾ ഉപരാഷ്ട്രപതിക്ക് രാഷ്ട്രപതിക്കുള്ള എല്ലാ ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കും.

## ഓർമിക്കാൻ

എതിരില്ലാതെ ഉപരാഷ്ട്രപതി സ്ഥാനത്തെത്തിയവരാണ് ഡോ.എസ്.രാധാകൃഷ്ണൻ (1952, 1957), മുഹമ്മദ് ഹിദായത്തുള്ള, ശങ്കർ ദയാൽ ശർമ എന്നിവർ.

വീണ്ടും തിരഞ്ഞെടുക്കപ്പെട്ട ഉപരാഷ്ട്രപതിമാരാണ് ഡോ. എസ്. രാധാകൃഷ്ണനും ഡോ.ഹമീദ് അൻസാരിയും.

പത്തുവർഷം വീതം ഉപരാഷ്ട്രപതി പദം വഹിച്ചവരാണ് ഡോ.എസ്.രാധാകൃഷ്ണനും ഹമീദ് അൻസാരിയും.

പദവിയിലിരിക്കെ അന്തരിച്ച ആദ്യ ഉപരാഷ്ട്രപതിയാണ് കൃഷൻകാന്ത്.

ഏറ്റവും കൂടിയ പ്രായത്തിൽ ഉപരാഷ്ട്രപതിയായത് ഭൈറോൺസിങ് ഷെഖാവത്ത് (79). ഏറ്റവും കുറഞ്ഞ പ്രായത്തിൽ ഉപരാഷ്ട്രപതിയായത് ബി.ഡി.ജെട്ടി (62).

മൊറാർജി ദേശായിക്ക് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തത് ആക്ടിങ് പ്രസിഡന്റായിരുന്ന ബി.ഡി.ജെട്ടിയാണ്.

ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിൽ മത്സരിച്ച ആദ്യ വനിത മനോഹര നിർമല ഹോൾക്കർ (1967). രണ്ടാമത്തെ വനിത ഡോ.നജ്മ ഹെപ്ത്തുള്ള (2007).

ഏറ്റവും കൂടുതൽ വോട്ടുനേടി ഉപരാഷ്ട്രപതിയായത് കെ.ആർ.നാരായണനാണ് (1992). ഏറ്റവും കുറച്ച് വോട്ട്നേടി ഉപരാഷ്ട്രപതിയായത് ഭൈറോൺസിങ് ഷെഖാവത്ത്(2002).

ഏറ്റവും കുറച്ചുകാലം ഉപരാഷ്ട്രപതി പദം വഹിച്ചത് വി.വി.ഗിരിയാണ്.

ലോക്സഭയുടെയോ രാജ്യസഭയുടെയോ സെക്രട്ടറി ജനറൽമാരാണ് മാറിമാറി രാഷ്ട്രപതി–ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പുകളിൽ വരണാധികാരിയാകുന്നത്.

വൈസ് പ്രസിഡന്റ് ഹൗസ് ആണ് ഉപരാഷ്ട്രപതിയുടെ ഔദ്യോഗിക വസതി. ന്യൂഡൽഹിയിൽ മൗലാനാ ആസാദ് റോഡിലാണിത്.

# ഇന്റർവ്യൂ പ്രോഗ്രാം സെപ്തംബർ 2017

### കെപിഎസ്‌സി ആസ്ഥാന ആഫീസ്, പട്ടം, തിരുവനന്തപുരം

| sl. No | category No | Name of Post & Dept. | Date 2017 Aug |
|---|---|---|---|
| 1. | 248/16 | Sr. Lecturer in Anesthesia (NCA-SC) - Medical Education (List I-4, List II-10) | 13 |
| 2. | 121/15 | Senior Lecturer / Lecturer in Neuro surgery - (NCA-M) - Medical Education *(List I-1, List II-1, List III-15) | 13 |
| 3. | 58/16 | Assistant Surgeon (NCA-LC/AI)- Health Services* | 13,14,15 |
| 4. | 111/15 | Sr. Lecturer in Pharmacology (NCA-SC) - Medical Education (List I-1, List II-10) | 13 |
| 5. | 122/15 | Senior Lecturer / Lecturer in Neuro surgery - (NCA-E) - Medical Education *(List I-1, List II-1, List III-10) | 13,14 |
| 6. | 113/15 | Sr. Lecturer in Pharmacology (NCA-V) - Medical Education (List II-9) | 14 |
| 7. | 249/16 | Sr. Lecturer in Forensic Medicine (NCA-Viswakarma) - Medical Education (List II-14) | 14 |
| 8. | 112/15 | Sr. Lecturer in Pharmacology (NCA-LC/AI) - Medical Education (List I-1, List II-10) | 14 |
| 9. | 135/16 | Assistant Insurance Medical Officer (NCA-ST) - Insurance Medical Service | 14 |
| 10. | 438/15 | Sr. Lecturer in Radiotherapy (NCA-ST) - Medical Education (List II-2) | 14 |
| 11. | 114/15 | Sr.Lecturer/Lecturer in Radiodiagnosis (NCA-HN) - Medical Education* (List II) | 14 |
| 12. | 254/14 | Sub Inspector of Police (Trainee) Ministerial Wing (KCP) - Police | 14 |
| 13. | 307/15 | Sr. Lecturer in Obstestrics & Gynaecology (NCA-LC) - Medical Education (List II-10) | 15 |
| 14. | 136/16 | Assistant Insurance Medical Officer (NCA-LC/AI) - Insurance Medical Service | 15 |
| 15. | 59/16 | Assistant Surgeon (NCA-Viswakarma) - Health Services* | 15 |
| 16. | 591/15 | Sr. Lecturer in Obstestrics & Gynaecology (NCA-Viswakarma) - Medical Education (List I-1, List II-8) | 15 |
| 17. | 592/15 | Sr. Lecturer in Opthalmology (I NCA-OBC) - Medical Education (List I-2, List II-4) | 15 |
| 18. | 394/13 | Junior Lecturer in Bharathanatyam (Music Colleges) - Collegiate Education * | 19,20 |
| 19. | 192/15 | Lecturer in Mridangam - Collegiate Education (Music Colleges) * | 19,20 |
| 20. | 477/16 | Lecturer in Physical Education (NCA-Viswakarma) - Collegiate Education | 19 |
| 21. | 579/14 | Higher Secondary School Teacher - Malayalam (SR for SC/ST) - Kerala Higher Secondary Education | 19,20 |
| 22. | 690/14 | Higher Secondary School Teacher - History (Jr.) (SR for SC/ST) - Kerala Higher Secondary Education | 19,20 |
| 23. | 121/16 | Higher Secondary School Teacher Physics (Jr) (SR for SC/ST) - Kerala Higher Secondary Education * | 19,20 |
| 24. | 098/14 | Environmental Officer - Environment and Climate Change* | 19,20 |
| 25. | 009/16 | Environmental Scientist - Environment and Climate Change * | 19 |
| 26. | 41/17 | Lecturer in Philosophy (IV NCA-H.N) - Collegiate Education | 19 |
| 27. | 396/13 | Instrument Mechanic-Kerala Collegiate Education (Music Colleges) | 19 |
| 28. | 95/15 | Administrative Assistant / Accounts Officer (SR for ST only) - General Education | 19 |
| 29. | 575/14 | Higher Secondary School Teacher - History (SR for SC/ST only)-Kerala Higher Secondary Education * | 19,20 |
| 30. | 530/12 | Junior Instructor (Dairying) - Industrial Training | 19 |
| 31. | 549/14 | Lecturer in Dance (Kerala Natanam) - Collegiate Education (Music Colleges) | 20 |
| 32. | 261/16 | Non Vocational Teacher Mathematics (Jr.) NCA-ST- Kerala Vocational Higher Secondary Education | 20 |
| 33. | 427/15 | Higher Secondary School Teacher (Junior) Chemistry (Special Recruitment from among SC/ST) - Kerala Higher Secondary Education * | 20 |
| 34. | 542/12 | Junior Instructor (IT) - Industrial Training | 20,26,27, 28 |
| 35. | 53/15 | Lecturer in Mathematics (NCA-E/T/B) - Collegiate Education* | 20 |
| 36. | 509/13 | Junior Lecturer in Mohiniyattam (Music Colleges) - Collegiate Education * | 20 |
| 37. | 690/14 | Higher Secondary School Teacher - History (Jr.) (SR for SC/ST) - Kerala Higher Secondary Education | 20 |
| 38. | 411/14 | Principal Information Officer - Kerala Water Authority | 20 |
| 39. | 192/15 | Lecturer in Mridangam - Collegiate Education (Music Colleges)* | 20 |
| 40. | 496/16 | Forest Ranger (NCA-LC/AI) - Forest | 20 |
| 41. | 203/16 | Lecturer in Microbiology (NCA-LC/AI) - Collegiate Education | 20 |
| 42. | 295/16 | Lab Technician Gr.II (SR for ST Only) - Health Services | 20 |
| 43. | | Departmental Exam (Viva Voce for Blind) - Account Test (L) 4 Papers-3, Account Test (H) 4 Papers-3, KEAR-1, Labour Test-1 (VivaVoice for Blind) | 20 |
| 44. | 125/16 | Lecturer in Statistics (NCA-SC) - Collegiate Education | 20 |
| 45. | 503/16 | Deputy Accounts Manager (NCA-SC) - Kerala Water Authority | 20 |
| 46. | 356/16 | Higher Secondary School Teacher - Statistics (SR for SC/ST and ST only) - Kerala Higher Secondary Education* | 20 |
| 47. | 419/14 | Instructor in Govt. Commercial Institute - Technical Education | 26,27 |
| 48. | 091/15 | Nurse Gr.II (Homoeo) - Homoeopathy | 26,27,28 |
| 49. | 541/12 | Junior Instructor (Interior Decoration and Designing) - Industrial Training | 27,28 |
| 50. | 201/14 | Clay Worker - Technical Education (College of Fine Arts) | 27 |
| 51. | 588/15 | Junior Instructor (Painter General) - Industrial Training NCA OBC | 28 |
| 52. | 221/13 | Instructor in Engineering / Draftsman Gr.I (SR for SC/ST) - Technical Education | 28 |
| 53. | 379/16 | Security Assistant (NCA-Viswakarma) - Kerala Agro Machinery Corporation Ltd. | 28 |
| 54. | 012/17 | Guard (Ex-servicemen only) (NCA-SC) - Kerala State Film Development Corporation Ltd. | 28 |
| 55. | 70/16 | AC Plant Operator (II NCA Muslim) - Kerala State Film Development Corporation Ltd. | 28 |
| 56. | 283/16 | LD Typist (Junior Fair Copy Assistant) By Transfer - Kerala State Electricity Board | 28 |
| 57. | 477/15 | Power Laundry Attender (NCA-SC) - Medical Education | 28 |

### കെപിഎസ്‌സി ജില്ലാ ആഫീസ്, കൊല്ലം

| sl. No | category No | Name of Post & Dept. | Date 2017 Aug |
|---|---|---|---|
| 1. | 091/15 | Nurse Gr.II (Homoeo) - Homoeopathy | 19,20 |
| 2. | 394/16 398/16 | Full Time Junior Language Teacher (Arabic) LPS (NCA-SC-4 & Viswakarma-4) - Education | 20 |
| 3. | 406/16 | Part Time Junior Language Teacher (Arabic) LPS (IV NCA-SC) - Education | 20 |
| 4. | 323/16 | Part Time High School Assistant (Arabic) II NCA-E/B/T - Education | 20 |

### കെപിഎസ്‌സി ജില്ലാ ആഫീസ്, കോട്ടയം

| sl. No | category No | Name of Post & Dept. | Date 2017 Aug |
|---|---|---|---|
| 1. | 216/13 | Laboratory Technician Gr.II - Indian Systems of Medicine | 13,14 |
| 2. | 435/14 | Legal Officer - Kerala Financial Corporation | 14,15 |
| 3. | 447/14 | Boat Keeper - NCC | 26 |
| 4. | 011/15 | Pharmacist Gr.II - Health Services | 26,27,28 |

### കെപിഎസ്‌സി റീജണൽ ആഫീസ്, എറണാകുളം

| sl. No | category No | Name of Post & Dept. | Date 2017 Aug |
|---|---|---|---|
| 1. | 34/16 | Higher Secondary School Teacher - English (SR for SC/ST only) - Kerala Higher Secondary Education * | 13,14,15 |
| 1. | | Departmental Exam (Viva Voce for Blind) - Account Test (L) 4 Papers- 4, Account Test (H) 4 Papers-2, Manual of Office procedure - 3, KEAR - 1, Kerala Municipal Test-1 | 13 |

### കെപിഎസ്‌സി ജില്ലാ ആഫീസ്, പാലക്കാട്

| sl. No | category No | Name of Post & Dept. | Date 2017 Aug |
|---|---|---|---|
| 1. | 216/13 | Laboratory Technician Gr.II - Indian Systems of Medicine | 13 |
| 2. | 527/13 | High School Assistant (Tamil) Direct - Education | 14 |
| 3. | 91/15 | Nurse Gr.II (Homoeo) - Homoeopathy | 15,26 |
| 4. | 011/15 | Pharmacist Gr.II - Health Services | 26,27,28 |

### കെപിഎസ്‌സി ജില്ലാ ആഫീസ്, മലപ്പുറം

| sl. No | category No | Name of Post & Dept. | Date 2017 Aug |
|---|---|---|---|
| 1. | 011/15 | Pharmacist Gr.II - Health Services | 13,14,15, 26,27,28 |

### കെപിഎസ്‌സി ജില്ലാ ആഫീസ്, കോഴിക്കോട്

| sl. No | category No | Name of Post & Dept. | Date 2017 Aug |
|---|---|---|---|
| 1. | | Departmental Exam (Viva Voce for Blind) - Account Test (L) 4 Papers -2, Account Test (H) 4 Papers -2, Secretariat Manual -1, KEAR - 1 | 26 |
| 2. | 011/15 | Pharmacist Gr.II - Health Services | 26,27,28 |

*** Denotes that examination was conducted Online**

5

ഗണിതം ലളിതം

അനുഭേഷ് സുധാകരൻ

email: anubhesh@gmail.com

# കലണ്ടർ

**ഏതാഴ്ച, ഏതു തീയതി, ഏതു വർഷം എന്നിങ്ങനെ കലണ്ടറിനെ സംബന്ധിച്ച നിരവധി രീതിയിലുള്ള ഏറ്റവും കുറഞ്ഞത് ഒരു ചോദ്യമെങ്കിലും മത്സരപരീക്ഷകൾക്ക് ചോദിക്കാറുണ്ട്. മഹാത്മാഗാന്ധി ജനിച്ചത് ഏതാഴ്ചയായിരുന്നു. ഭാതരതം റിപ്പബ്ലിക്കായത് ഏതാഴ്ചയായിരുന്നു തുടങ്ങിയ ഇത്തരം ചോദ്യങ്ങൾ എളുപ്പത്തിൽ കണ്ടുപിടിക്കാൻ താഴെ പറയുന്ന ലളിതമായ വസ്തതകൾ ഓർത്താൽ മതി.**

### സാധാരണവർഷം (Normal Year)

- ഒരു സാധാരണ വർഷത്തിൽ $365\frac{1}{4}$ ദിവസങ്ങളാണുള്ളത്. എന്നാൽ 365 ദിവസം മാത്രമെ കണക്കാക്കാറുള്ളൂ.
- 365 ദിവസമുള്ള ഒരു സാധാരണ വർഷത്തിൽ 52 ആഴ്ചയും ഒരു അധിക ദിവസവുമാണുള്ളത്. അതിനാൽ ഒരു സാധാരണ വർഷത്തിൽ ജനുവരി 1 ഉം ഡിസംബർ 31 ഉം ഒരേ ദിവസം തന്നെയായിരിക്കും. അതായത് ഒരു സാധാരണ വർഷത്തിൽ ജനുവരി 1 ഞായറാഴ്ച ആണെങ്കിൽ ഡിസംബർ 31 ഉം ഞായറാഴ്ച ആയിരിക്കും.
- ഒരു മാസത്തിലെ 1, 8, 15, 22, 29 എന്നീ തീയതികൾ ഒരേ ആഴ്ചകളായിരിക്കും.

### അധിവർഷം (Leap Year)

- ഒരു അധിവർഷത്തിൽ 366 ദിവസങ്ങളാണുള്ളത്. സാധാരണ വർഷത്തിൽ കണക്കാക്കാത്ത $\frac{1}{4}$ ദിവസങ്ങൾ 4 വർഷം കൂടുമ്പോൾ 1 ദിവസമായി കണക്കാക്കുന്നു. ഈ വരുന്ന ഒരു അധിക ദിവസം ഫെബ്രുവരി മാസത്തിലാണ് ഉൾപ്പെടുത്തുന്നത്. അങ്ങനെയാണ് അധിവർഷത്തിൽ ഫെബ്രുവരിയിൽ 29 ദിവസം വരുന്നത്.
- 366 ദിവസമുള്ള ഒരു അധിവർഷത്തിൽ 52 ആഴ്ചയും രണ്ട് അധിക ദിവസവുമാണുള്ളത്. അതിനാൽ ഒരു അധിവർഷത്തിൽ ജനുവരി 1 ഉം ഡിസംബർ 30 ഉം ഒരേ ദിവസം തന്നെയായിരിക്കും. അതായത് ഒരു അധിവർഷത്തിൽ ജനുവരി 1 ഞായറാഴ്ച ആണെങ്കിൽ ഡിസംബർ 30 ഉം ഞായറാഴ്ച ആയിരിക്കും.
- 4 വർഷം കൂടുമ്പോഴാണ് അധിവർഷം ഉണ്ടാകുന്നത്. അതിനാൽ 4 കൊണ്ട് ഹരിക്കാൻ കഴിയുന്ന വർഷം അധിവർഷം ആയിരിക്കും.
- എന്നാൽ 1600, 1700, 1800, 1900, 2000 തുടങ്ങിയ ശതാബ്ദങ്ങളിൽ 400 കൊണ്ട് പൂർണ്ണമായും ഹരിക്കാൻ കഴിയുന്നവയാണെങ്കിൽ മാത്രമേ അവ അധിവർഷങ്ങളായിരിക്കുകയുള്ളൂ.
- 1200, 1600, 2000, 2400 മുതലായ 400 കൊണ്ട് ഹരിക്കാവുന്ന വർഷങ്ങളിലെ അവസാന ദിവസം (ഡിസംബർ 31) ഞായറാഴ്ചകളാണ്.
- ഒരു അധിവർഷത്തിൽ വരുന്ന അതേ കലണ്ടർ 28 വർഷങ്ങൾക്ക് ശേഷം ആവർത്തിക്കുന്നതാണ്.
- ഒരു അധിവർഷത്തിന് ശേഷമുള്ള തൊട്ടടുത്ത വർഷത്തെ കലണ്ടർ 6 വർഷങ്ങൾക്ക് ശേഷം വീണ്ടും ആവർത്തിക്കുന്നതാണ്. അതായത് 2017 ലെ കലണ്ടർ 6 വർഷങ്ങൾക്ക് ശേഷം 2023 ൽ വീണ്ടും ആവർത്തിക്കുന്നതാണ്.
- ഒരു അധിവർഷത്തിന് ശേഷം വരുന്ന രണ്ടാമത്തെയും മൂന്നാമത്തെയും വർഷത്തെ കലണ്ടർ 11 വർഷത്തിനു ശേഷം വീണ്ടും ആവർത്തിക്കുന്നതാണ്. അതായത് 2018 ലെ കലണ്ടർ 11 വർഷങ്ങൾക്ക് ശേഷം 2029 ലും 2019 ലെ കലണ്ടർ 11 വർഷങ്ങൾക്ക് ശേഷം 2030 ലും ആവർത്തിക്കുന്നതാണ്.
- 1901 മുതൽ 2099 വരെ ഓരോ 28 വർഷങ്ങൾ പൂർത്തിയാവുമ്പോഴും ഒരേ കലണ്ടർ ആവർത്തിക്കും.

### ഒറ്റ ദിവസങ്ങൾ (Odd Days)

- ആകെ ദിവസങ്ങളെ 7 കൊണ്ട് ഹരിച്ചാൽ ശിഷ്ടം വരുന്ന ദിവസങ്ങളെയാണ് ഒറ്റദിവസങ്ങൾ (Odd Days) എന്ന് പറയുന്നത്.
- അപ്പോൾ ഒരു സാധാരണ വർഷത്തിൽ ഒരു ഒറ്റദിവസമാണുള്ളത്. ഒരു അധിവർഷത്തിൽ രണ്ട് ഒറ്റദിവസമാണുള്ളത്.
- 100 കൊല്ലത്തിൽ (ഒരു നൂറ്റാണ്ടിൽ) 76 സാധാരണ വർഷവും 24 അധിവർഷവുമാണുള്ളത്. 100 നെ 400 കൊണ്ട് പൂർണ്ണമായി ഭാഗിക്കുവാൻ കഴിയാത്തത് കൊണ്ടാണ് 25 അധിവർഷം വരുന്നതിന് പകരം 24 അധിവർഷമായത്.
  അപ്പോൾ 100 വർഷത്തിൽ 100 ഒറ്റദിവസങ്ങളും 24 അധിവർഷത്തിലെ ഒരു അധിക ദിവസവും കൂടി ചേരുമ്പോൾ ആകെ 124 ഒറ്റ ദിവസങ്ങൾ. 7 കൊണ്ട് ഭാഗിക്കുമ്പോൾ 17 ആഴ്ചയും 5 ഒറ്റ ദിവസവും.
  അതായത്

  **100 വർഷത്തിൽ ഒറ്റദിവസം = 5**
  **200 വർഷത്തിൽ ഒറ്റദിവസം = 3 (5+5 = 10, ഒരാഴ്ചയും 3 ദിവസവും)**
  **300 വർഷത്തിൽ ഒറ്റദിവസം = 1 (3+5 = 8 , ഒരാഴ്ചയും 1 ദിവസവും)**
  **400 വർഷത്തിൽ ഒറ്റദിവസം = 0 (1+5+1 അധിക ദിവസം = 7, ഒരാഴ്ച)**
  ഇവിടെ 400 ഒരു അധിവർഷമായതിനാലാണ് ഒരു അധിക ദിവസം വരുന്നത്.
- ഓരോ മാസവും 28 ാം തീയതിയ്ക്ക് ശേഷമുള്ള ദിവസങ്ങൾ ഒറ്റ ദിവസമായിരിക്കും. ജനുവരി, മാർച്ച്, മേയ്, ജൂലൈ, ആഗസ്റ്റ്, ഒക്ടോബർ, ഡിസംബർ എന്നീ മാസങ്ങളിൽ ഒറ്റ ദിവസം 3 വീതം.
- ഏപ്രിൽ, ജൂൺ, സെപ്റ്റംബർ, നവംബർ എന്നീ മാസങ്ങളിൽ ഒറ്റ ദിവസം 2 വീതം.
- സാധാരണ വർഷങ്ങളിൽ ഫെബ്രുവരി മാസങ്ങളിൽ ഒറ്റ ദിവസങ്ങൾ ഉണ്ടാകില്ല. എന്നാൽ അധിവർഷത്തിൽ ഒരു ഒറ്റ ദിവസം ഉണ്ടാകും.
- ഒരു സാധാരണ വർഷത്തിൽ ഫെബ്രുവരി, മാർച്ച്, നവംബർ എന്നീ മാസങ്ങൾ തുടങ്ങുന്നത് ഒരേ ദിവസമായിരിക്കും. ഏപ്രിൽ – ജൂലായ് മാസങ്ങളും സെപ്റ്റംബർ – ഡിസംബർ മാസങ്ങളും തുടങ്ങുന്നത് ഒരേ ദിവസമായിരിക്കും. എന്നാൽ ജനുവരി - ഒക്ടോബർ മാസങ്ങൾക്ക് ഒരേ കലണ്ടർ ആയിരിക്കും.
- ഒരു അധിവർഷത്തിൽ ജനുവരി - ഏപ്രിൽ - ജൂലായ് എന്നീ മാസങ്ങൾ തുടങ്ങുന്നത് ഒരേ ദിവസമായിരിക്കും.
- ഒറ്റ ദിവസത്തിന് തത്തുല്യമായ ആഴ്ചകൾ

| ഒറ്റ ദിവസം | 0 | 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|---|---|
| ആഴ്ച | ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |

### പരിശീലന പ്രശ്നങ്ങൾ

1. തന്നിരിക്കുന്നവയിൽ അധിവർഷമല്ലാത്തതേത് ?
   a) 1992 b) 1996 c) 1998 d) 1984

   **ഉത്തരം:** 1998. ബാക്കി എല്ലാവർഷത്തെയും 4 കൊണ്ട് ഹരിക്കുവാൻ സാധിക്കും.

2. തന്നിരിക്കുന്നവയിൽ അധിവർഷമല്ലാത്തതേത് ?
   a) 1700 b) 1600 c) 2000 d) 1200

   **ഉത്തരം:** 1700. നൂറ്റാണ്ടുകൾ ആയതിനാൽ 1700 ഒഴികെ ബാക്കി എല്ലാവർഷവും 400 കൊണ്ട് ഹരിക്കാൻ സാധിക്കുന്നത് കൊണ്ടാണ് ഉത്തരം 1700 ആകുന്നത്.

3. ഒരു വർഷത്തിൽ ജനുവരി മാസം 1 ാം തീയതി ബുധനാഴ്ച് ആയാൽ ഫെബ്രുവരി 1 ഏത് ആഴ്ച ആയിരിക്കും ?

   **ഉത്തരം:** ജനുവരി മാസത്തിൽ ഒറ്റ ദിവസങ്ങളുടെ എണ്ണം 3. അപ്പോൾ ബുധനാഴ്ച കഴിഞ്ഞ് മൂന്നാമത്തെ ദിവസം ആകും ഫെബ്രുവരി 1 . അപ്പോൾ വ്യാഴം, വെള്ളി കഴിഞ്ഞ് ശനിയാഴ്ച ആയിരിക്കും ഫെബ്രുവരി 1 .

4. 2017 മേയ് 2 ാം തീയതി ചൊവ്വാഴ്ച ആയാൽ ആ മാസത്തിൽ എത്ര ചൊവ്വാഴ്ചകൾ കാണും ?

   **ഉത്തരം:** മേയ് 2 ാം തീയതി ചൊവ്വാഴ്ച ആയാൽ ആ മാസം 9, 16, 23, 30 തീയതികളും ചൊവ്വാഴ്ച ആയിരിക്കും. അപ്പോൾ 2017 മേയ് മാസം 5 ചൊവ്വാഴ്ചകൾ കാണുന്നതാണ്.

5. 2016 ജനുവരി 1 വെള്ളിയാഴ്ച ആണെങ്കിൽ 2017 ജനുവരി 1 ഏത് ആഴ്ച ആയിരിക്കും ?

   **ഉത്തരം:** 2016 ഒരു അധിവർഷമായതിനാൽ ഒറ്റ ദിവസങ്ങളുടെ എണ്ണം 2. അപ്പോൾ വെള്ളിയാഴ്ച കഴിഞ്ഞ് രണ്ടാമത്തെ ദിവസം ആകും 2017 ജനുവരി 1 . അപ്പോൾ ശനി കഴിഞ്ഞ് ഞായറാഴ്ച ആയിരിക്കും 2017 ജനുവരി 1 .

6. 2016 ജൂലൈ 1 വെള്ളിയാഴ്ച ആണെങ്കിൽ 2017 ജൂലൈ 1 ഏത് ആഴ്ച ആയിരിക്കും ?

   **ഉത്തരം:** 2016 ഒരു അധിവർഷമാണെങ്കിലും 2016 ജൂലൈ 1 മുതൽ 2017 ജൂൺ 31 വരെയുള്ള ഒരു വർഷം പരിഗണിക്കുമ്പോൾ 2017 ഫെബ്രുവരി വരുന്നതിനാലും 2017 ഒരു അധിവർഷം അല്ലാത്തതിനാലും ഇവിടെ ഒറ്റ ദിവസങ്ങളുടെ എണ്ണം 1 ആയിരിക്കും. അപ്പോൾ വെള്ളിയാഴ്ച കഴിഞ്ഞ് അടുത്ത ദിവസമാകും 2017 ജൂലൈ 1. അതായത് വെള്ളി കഴിഞ്ഞ് ശനിയാഴ്ച ആയിരിക്കും 2017 ജൂലൈ 1.

7. 2001 ജനുവരി 1 തിങ്കളാഴ്ച ജനിച്ച ഒരു കുട്ടി തന്റെ 10 ാം പിറന്നാൾ ആഘോഷിക്കുന്നത് ഏത് ആഴ്ചയായിരിക്കും ?

   **ഉത്തരം:** 10 ാം പിറന്നാൾ ആഘോഷിക്കുന്നത് 2011 ജനുവരി 1
   2001 ഒറ്റ ദിവസങ്ങളുടെ എണ്ണം - 1
   2002 ഒറ്റ ദിവസങ്ങളുടെ എണ്ണം - 1
   2003 ഒറ്റ ദിവസങ്ങളുടെ എണ്ണം - 1
   2004 ഒറ്റ ദിവസങ്ങളുടെ എണ്ണം - 2
   2005 ഒറ്റ ദിവസങ്ങളുടെ എണ്ണം - 1
   2006 ഒറ്റ ദിവസങ്ങളുടെ എണ്ണം - 1
   2007 ഒറ്റ ദിവസങ്ങളുടെ എണ്ണം - 1
   2008 ഒറ്റ ദിവസങ്ങളുടെ എണ്ണം - 2
   2009 ഒറ്റ ദിവസങ്ങളുടെ എണ്ണം - 1
   2010 ഒറ്റ ദിവസങ്ങളുടെ എണ്ണം - 1
   അപ്പോൾ ആകെ ഒറ്റ ദിവസങ്ങളുടെ എണ്ണം 12. 7 കൊണ്ട് ഭാഗിച്ചാൽ ശിഷ്ടം 5. അപ്പോൾ തിങ്കൾ കഴിഞ്ഞ് 5 ാം ദിവസമായിരിക്കും 2011 ജനുവരി 1. അതായത് ശനിയാഴ്ച.

8. 2003 മാർച്ച് 1 ശനിയാഴ്ച ജനിച്ച ഒരു കുട്ടി തന്റെ 5 ാം പിറന്നാൾ ആഘോഷിക്കുന്നത് ഏത് ആഴ്ചയായിരിക്കും ?

   **ഉത്തരം:** 5 ാം പിറന്നാൾ ആഘോഷിക്കുന്നത് 2008 മാർച്ച് 1. ഇവിടെ ഒരു വർഷം എന്നാൽ മാർച്ച് 1 മുതൽ ഫെബ്രുവരി 28 വരെയാണ്.

2003 മാർച്ച് 1 മുതൽ 2004 ഫെബ്രുവരി 29 വരെയുള്ള ഒറ്റ ദിവസങ്ങളുടെ എണ്ണം - 2
2004 മാർച്ച് 1 മുതൽ 2005 ഫെബ്രുവരി 28 വരെയുള്ള ഒറ്റ ദിവസങ്ങളുടെ എണ്ണം - 1
2005 മാർച്ച് 1 മുതൽ 2006 ഫെബ്രുവരി 28 വരെയുള്ള ഒറ്റ ദിവസങ്ങളുടെ എണ്ണം - 1
2006 മാർച്ച് 1 മുതൽ 2007 ഫെബ്രുവരി 28 വരെയുള്ള ഒറ്റ ദിവസങ്ങളുടെ എണ്ണം - 1
2007 മാർച്ച് 1 മുതൽ 2008 ഫെബ്രുവരി 29 വരെയുള്ള ഒറ്റ ദിവസങ്ങളുടെ എണ്ണം - 2
അപ്പോൾ ആകെ ഒറ്റ ദിവസങ്ങളുടെ എണ്ണം 7. 7 കൊണ്ട് ഭാഗിച്ചാൽ ശിഷ്ടം 0.
അപ്പോൾ 5 ാം പിറന്നാൾ ആഘോഷിക്കുന്നത് ശനിയാഴ്ച തന്നെയായിരിക്കും.

9. ഭാരതത്തിന് സ്വാതന്ത്ര്യം ലഭിച്ചത് ഏത് ആഴ്ചയിലായിരുന്നു ?

**ഉത്തരം:** 1947 ആഗസ്റ്റ് 15 ാം തീയതിയാണ് ഭാരതത്തിന് സ്വാതന്ത്ര്യം ലഭിച്ചത്.
1947 ആഗസ്റ്റ് 15 = 1600 + 300 + 46 + ജനുവരി 1 മുതൽ ആഗസ്റ്റ് 15 വരെ
1600 അധിവർഷമായതിനാൽ ഒറ്റ ദിവസം = 0
300 കൊല്ലത്തിൽ ഒറ്റ ദിവസം = 1
46 വർഷത്തിലെ ഒറ്റ ദിവസം = 46 ഒറ്റ ദിവസം + 11 അധിവർഷത്തിലെ ഒരു അധിക ദിവസവും കൂടി ചേരുമ്പോൾ ആകെ 57 ഒറ്റ ദിവസങ്ങൾ.
1947 ജനുവരിയിലുള്ള ഒറ്റ ദിവസം = 3
1947 ഫെബ്രുവരിയിലെ ഒറ്റ ദിവസം = 0
1947 മാർച്ചിലെ ഒറ്റ ദിവസം = 3
1947 ഏപ്രിലിലെ ഒറ്റ ദിവസം = 2
1947 മേയിലെ ഒറ്റ ദിവസം = 3
1947 ജൂണിലെ ഒറ്റ ദിവസം = 2
1947 ജൂലൈയിലെ ഒറ്റ ദിവസം = 3
1947 ആഗസ്റ്റ് 1 മുതൽ 15 വരെയുള്ള ഒറ്റ ദിവസം = 15
അപ്പോൾ ആകെ ഒറ്റ ദിവസങ്ങളുടെ എണ്ണം = 1+57+3+3+2+3+2+3+15 = 89
7 കൊണ്ട് ഭാഗിക്കുമ്പോൾ ശിഷ്ടം = 5
5 ാം ഒറ്റ ദിവസത്തിന് തത്തുല്യമായ ആഴ്ച = വെള്ളിയാഴ്ച
ഭാരതത്തിന് സ്വാതന്ത്ര്യ ലഭിച്ചത് വെള്ളിയാഴ്ചയാണ്.

10. മഹാത്മാ ഗാന്ധിയുടെ ജനിച്ചത് ഏത് ആഴ്ചയിലായിരുന്നു ?

**ഉത്തരം:** 1869 ഒക്ടോബർ 2 ാം തീയതിയാണ് മഹാത്മാ ഗാന്ധിയുടെ ജന്മദിനം.
1869 ഒക്ടോബർ 2 = 1600 + 200 + 68 + ജനുവരി 1 മുതൽ ഒക്ടോബർ 2 വരെ
1600 അധിവർഷമായതിനാൽ ഒറ്റ ദിവസം = 0
200 കൊല്ലത്തിൽ ഒറ്റ ദിവസം = 3
68 വർഷത്തിലെ ഒറ്റ ദിവസം = 68 ഒറ്റ ദിവസം + 17 അധിവർഷത്തിലെ ഒരു അധിക ദിവസവും കൂടി ചേരുമ്പോൾ ആകെ 85 ഒറ്റ ദിവസങ്ങൾ.
1869 ജനുവരിയിലുള്ള ഒറ്റ ദിവസം = 3
1869 ഫെബ്രുവരിയിലെ ഒറ്റ ദിവസം = 0
1869 മാർച്ചിലെ ഒറ്റ ദിവസം = 3
1869 ഏപ്രിലിലെ ഒറ്റ ദിവസം = 2
1869 മേയിലെ ഒറ്റ ദിവസം = 3
1869 ജൂണിലെ ഒറ്റ ദിവസം = 2
1869 ജൂലൈയിലെ ഒറ്റ ദിവസം = 3
1869 ആഗസ്റ്റിലെ ഒറ്റ ദിവസം = 3
1869 സെപ്റ്റംബറിലെ ഒറ്റ ദിവസം = 2
1869 ഒക്ടോബർ 1 മുതൽ 2 വരെയുള്ള ഒറ്റ ദിവസം = 2
അപ്പോൾ ആകെ ഒറ്റ ദിവസങ്ങളുടെ എണ്ണം = 3+85+3+3+2+3+2+3+3+2+2 = 111
7 കൊണ്ട് ഭാഗിക്കുമ്പോൾ ശിഷ്ടം = 6
6 ാം ഒറ്റ ദിവസത്തിന് തത്തുല്യമായ ആഴ്ച = ശനിയാഴ്ച
മഹാത്മാ ഗാന്ധിയുടെ ജനിച്ചത് ശനിയാഴ്ചയാണ്.

11. താഴെ തന്നിരിക്കുന്നവയിൽ 2017 ന്റെ കലണ്ടർ വരുന്ന വർഷമേത്?
a) 2019 b) 2021 c) 2022 d) 2023

**ഉത്തരം:** 2017 ഒറ്റ ദിവസങ്ങളുടെ എണ്ണം - 1
2018 ഒറ്റ ദിവസങ്ങളുടെ എണ്ണം - 1
2019 ഒറ്റ ദിവസങ്ങളുടെ എണ്ണം - 1
2020 ഒറ്റ ദിവസങ്ങളുടെ എണ്ണം - 2
2021 ഒറ്റ ദിവസങ്ങളുടെ എണ്ണം - 1
2022 ഒറ്റ ദിവസങ്ങളുടെ എണ്ണം - 1
2022 വരെ ഒറ്റ ദിവസങ്ങളുടെ എണ്ണം = 7 = 0.
അപ്പോൾ 2017 ന്റെ കലണ്ടർ ആവർത്തിക്കുന്നത് 2023 ൽ ആയിരിക്കും.

12. താഴെ തന്നിരിക്കുന്നവയിൽ 1996 ന്റെ കലണ്ടർ വരുന്ന വർഷമേത്?
a) 2001 b) 2011 c) 2022 d) 2024

**ഉത്തരം:** 1996 ഒരു അധിവർഷമായതിനാൽ അതേ കലണ്ടർ 28 വർഷങ്ങൾക്ക് ശേഷം ആവർത്തിക്കുന്നതാണ്. അപ്പോൾ 1996+28 = 2024
1996 ജനുവരി 1 തിങ്കളാഴ്ചയാണെന്നും, 1996 ന ശേഷം ഇനി ജനുവരി 1 തിങ്കളാഴ്ച വരുന്നത് ഏത് വർഷത്തിലാണെന്നുമായിരുന്നു ചോദ്യമെങ്കിൽ ഉത്തരം ഇപ്രകാരമാണ്.
1996 ഒറ്റ ദിവസങ്ങളുടെ എണ്ണം - 2
1997 ഒറ്റ ദിവസങ്ങളുടെ എണ്ണം - 1
1998 ഒറ്റ ദിവസങ്ങളുടെ എണ്ണം - 1
1999 ഒറ്റ ദിവസങ്ങളുടെ എണ്ണം - 1
2000 ഒറ്റ ദിവസങ്ങളുടെ എണ്ണം - 2
2000 വരെ ഒറ്റ ദിവസങ്ങളുടെ എണ്ണം = 7 = 0.
അപ്പോൾ 1996 എന്ന വർഷം തുടങ്ങിയ അതേ ദിവസം വരുന്ന കലണ്ടർ ആവർത്തിക്കുന്നത് 2001 ൽ ആയിരിക്കും.
ഇവിടെ 1996 ഒരു അധിവർഷവും 2001 ഒരു സാധാരണ വർഷവുമാണ്. അപ്പോൾ മാർച്ച് മാസം മുതൽ കലണ്ടറിൽ ഒരു ദിവസത്തെ വ്യത്യാസം വരും. അത് കൊണ്ടാണ് ഈ രണ്ട് വർഷത്തെ കലണ്ടർ ഒരുപോലെയാകാത്തത്.

13. 2017 ഏപ്രിൽ 1 ാം തീയതി ശനിയാഴ്ചയാണെങ്കിൽ 2016 ഏപ്രിൽ 1 ാം തീയതി ഏത് ദിവസമായിരിക്കും.

**ഉത്തരം:** 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള ഒറ്റ ദിവസങ്ങളുടെ എണ്ണം = 1
2016 ഒരു അധിവർഷമാണെങ്കിലും ഇവിടെ ഒരു വർഷം പരിഗണിക്കുമ്പോൾ 2016 ഫെബ്രുവരി മാസം വരാത്തതിനാലാണ് ഒറ്റ ദിവസങ്ങളുടെ എണ്ണം 1 ആകുന്നത്.
അപ്പോൾ 2017 ഏപ്രിൽ 1 ശനിയാഴ്ച ആണെങ്കിൽ 2016 ഏപ്രിൽ 1 ഒരു ദിവസം പിറകിൽ ആയിരിക്കും. അപ്പോൾ 2016 ഏപ്രിൽ 1 വെള്ളിയാഴ്ചയാണ്.

14. 2017 ഫെബ്രുവരി 1 ാം തീയതി ബുധനാഴ്ചയാണെങ്കിൽ 2016 ഫെബ്രുവരി 1 ാം തീയതി ഏത് ദിവസമായിരിക്കും.

**ഉത്തരം:**
2016 ഫെബ്രുവരി 1 മുതൽ 2017 ജനുവരി 31 വരെയുള്ള ഒറ്റ ദിവസങ്ങളുടെ എണ്ണം = 2
കാരണം 2016 ഒരു അധിവർഷമായതിനാലും ഇവിടെ ഒരു വർഷം പരിഗണിക്കുമ്പോൾ 2016 ഫെബ്രുവരി മാസം കൂടി വരുന്നതിനാലാണ് ഒറ്റ ദിവസങ്ങളുടെ എണ്ണം 2 ആകുന്നത്.
അപ്പോൾ 2017 ഫെബ്രുവരി 1 ബുധനാഴ്ച ആണെങ്കിൽ 2016 ഫെബ്രുവരി 1 രണ്ട് ദിവസം പിറകിൽ ആയിരിക്കും. അപ്പോൾ 2016 ഫെബ്രുവരി 1 തിങ്കളാഴ്ചയാണ്.

15. ഒരു നൂറ്റാണ്ടിന്റെ അവസാന ദിവസം വരാത്ത ദിവസങ്ങൾ ഏത് ?

**ഉത്തരം:** 100 വർഷത്തിൽ ഒറ്റദിവസം = 5, അപ്പോൾ ഡിസംബർ 31 = വെള്ളി
200 വർഷത്തിൽ ഒറ്റദിവസം = 3, അപ്പോൾ ഡിസംബർ 31 = ബുധൻ
300 വർഷത്തിൽ ഒറ്റദിവസം = 1, അപ്പോൾ ഡിസംബർ 31 = തിങ്കൾ
400 വർഷത്തിൽ ഒറ്റദിവസം = 0, അപ്പോൾ ഡിസംബർ 31 = ഞായർ
അപ്പോൾ ഒരു നൂറ്റാണ്ടിന്റെ അവസാന ദിവസം വരാത്ത ദിവസങ്ങൾ = ചൊവ്വാഴ്ച, വ്യാഴാഴ്ച, ശനിയാഴ്ച.

16. ഒരു മാസത്തിലെ 7 ാം തീയതി ഞായറാഴ്ചയാണ്. താഴെക്കൊടുത്തിരിക്കുന്നതിൽ ആ മാസം 5 തവണ വരാൻ സാധ്യതയുള്ള ദിവസം ഏതാണ്?
a) തിങ്കൾ b) വ്യാഴം c) വെള്ളി d) ശനി

**ഉത്തരം:** 1 മുതൽ 28 വരെ 4 ആഴ്ച പൂർണ്ണമായി. 29,30,31 എന്നീ തീയതികളിൽ വരുന്ന ആഴ്ചകളാണ് 5 തവണ വരാൻ സാധ്യതയുള്ളത്. 7 ഞായർ, 14, 21, 28 ഞായർ, 29 - തിങ്കൾ 30 – ചൊവ്വ, 31 – ബുധൻ.
അപ്പോൾ ചോദ്യത്തിന്റെ ഉത്തരം = തിങ്കൾ

17. 2013 ജനുവരി 18 വെള്ളിയാഴ്ചയാണെങ്കിൽ 2014 ഫെബ്രുവരി 18 ഏത് ആഴ്ച ആയിരിക്കും ?

**ഉത്തരം:** 2013 ജനുവരി 18 മുതൽ 2014 ജനുവരി 17 വരെയുള്ള ഒറ്റ ദിവസം = 1
2014 ജനുവരി 18 മുതൽ ഫെബ്രുവരി 17 വരെയുള്ള ദിവസങ്ങൾ = 14 + 17 = 31
അപ്പോൾ ഒറ്റ ദിവങ്ങളുടെ എണ്ണം = 3
ആകെ ഒറ്റ ദിവങ്ങളുടെ എണ്ണം = 4
അപ്പോൾ വെള്ളിയാഴ്ച കഴിഞ്ഞ് നാലാമത്തെ ദിവസമായിരിക്കും 2014 ഫെബ്രുവരി 18 = ചൊവ്വാഴ്ച

18. 1993 എന്ന വർഷത്തിലെ അതേ കലണ്ടർ വരുന്ന 4 വർഷങ്ങൾ ഏതെല്ലാം?

**ഉത്തരം:** 1992 എന്ന അധിവർഷത്തിന് ശേഷം വരുന്ന വർഷമായതിനാൽ 1993 ലെ കലണ്ടർ 6 വർഷങ്ങൾക്ക് ശേഷം 1999 ൽ വീണ്ടും ആവർത്തിക്കുന്നതാണ്. ഇനി 1999 ഒരു അധിവർഷത്തിനു ശേഷം വരുന്ന മൂന്നാമത്തെ വർഷമായതിനാൽ 1999 ലെ കലണ്ടർ 11 വർഷങ്ങൾക്ക് ശേഷം 2010 ൽ ആവർത്തിക്കുന്നതാണ്. ഇനി 2010 ഒരു അധിവർഷത്തിനു ശേഷം വരുന്ന രണ്ടാമത്തെ വർഷമായതിനാൽ 2010 ലെ കലണ്ടർ 11 വർഷങ്ങൾക്ക് ശേഷം 2021 ൽ ആവർത്തിക്കുന്നതാണ്. ഇനി 2021 ഒരു അധിവർഷത്തിനു ശേഷം വരുന്ന വർഷമായതിനാൽ 2021 ലെ കലണ്ടർ 6 വർഷങ്ങൾക്ക് ശേഷം 2027 ൽ ആവർത്തിക്കുന്നതാണ്.
അപ്പോൾ 1993, 1999, 2010, 2021, 2027 എന്നീ വർഷങ്ങളിലെ കലണ്ടർ ഒരുപോലെയാണ്.

19. ഒരു സ്കൂൾ മാർച്ച് 24 ന് മധ്യവേനലവധിക്ക് അടച്ചു. അതേ കൊല്ലം ജൂൺ 1 ന് വീണ്ടും തുറന്നാൽ, ആ സ്കൂളിലെ മധ്യവേനലവധി എത്ര ദിവസമായിരുന്നു ?

**ഉത്തരം:** സ്കൂൾ അടച്ചത് മാർച്ച് 24 ന്. അപ്പോൾ വെക്കേഷൻ ആരംഭിക്കുന്നത് മാർച്ച് 25 മുതലാണ്. അതുപോലെ സ്കൂൾ തുറന്നത് ജൂൺ 1 നായിരുന്നു. അപ്പോൾ വെക്കേഷൻ അവസാനിക്കുന്നത് മേയ് 31 ന്.
അപ്പോൾ മാർച്ചിൽ 7 ദിവസം, ഏപ്രിൽ 30 ദിവസം, മേയ് 31 ദിവസം.
അപ്പോൾ ആകെ = 7+30+31 = 68 ദിവസമായിരുന്നു മധ്യവേനലവധി.

20. 2015 നവംബർ 25 ബുധനാഴ്ച ആയിരുന്നു. അതേ വർഷത്തിലെതന്നെ മാർച്ച് 25 ഏത് ആഴ്ചയായിരുന്നു?

**ഉത്തരം:** ഒരു സാധാരണ വർഷത്തിൽ നവംബർ മാസവും മാർച്ച് മാസവും ഒരേ കലണ്ടർ ആണ്. ആയതിനാൽ മാർച്ച് 25 ഉം ബുധനാഴ്ചയായിരുന്നു.

21. ഇന്ന് തിങ്കളാഴ്ചയാണ്. 61 ദിവസത്തിന് ശേഷം ഏത് ദിവസമായിരിക്കും ?

**ഉത്തരം:** 63 ദിവസത്തിന് ശേഷം തിങ്കളാഴ്ചയായിരിക്കും. അപ്പോൾ 61 ദിവസത്തിന് ശേഷം ശനിയാഴ്ചയായിരിക്കും.

22. $x$ ആഴ്ചയും $x$ ദിവസവും ചേർന്നാൽ, ദിവസങ്ങളുടെ എണ്ണം എത്രയാണ്?

**ഉത്തരം:** $x$ ആഴ്ചയിൽ $x \times 7 = 7x$ ദിവസം ഉണ്ടായിരിക്കുന്നതാണ്.

അപ്പോൾ $x$ ആഴ്ചയും $x$ ദിവസം ആകുമ്പോൾ ദിവസങ്ങളുടെ എണ്ണം = $7x + x = 8x$

23. ഭാരതം ഒരു റിപ്പബ്ലിക്ക് രാഷ്ട്രം ആയത് ഏത് ആഴ്ചയിലായിരുന്നു ?

**ഉത്തരം:** 1950 ജനുവരി 26 ാം തീയതിലാണ് ഭാരതം ഒരു റിപ്പബ്ലിക്ക് രാഷ്ട്രം ആയത്.

1950 ജനുവരി 26 = 1600 + 300 + 49 + ജനുവരി 1 മുതൽ ജനുവരി 26 വരെ

1600 അധിവർഷമായതിനാൽ ഒറ്റ ദിവസം = 0

300 കൊല്ലത്തിൽ ഒറ്റ ദിവസം = 1

49 വർഷത്തിലെ ഒറ്റ ദിവസം = 49 ഒറ്റ ദിവസം + 12 അധിവർഷത്തിലെ ഒരു അധിക ദിവസവും കൂടി ചേരുമ്പോൾ ആകെ 61 ഒറ്റ ദിവസങ്ങൾ.

1950 ജനുവരി 1 മുതൽ 26 വരെയുള്ള ഒറ്റ ദിവസം = 26

അപ്പോൾ ആകെ ഒറ്റ ദിവസങ്ങളുടെ എണ്ണം = 1 + 61 + 26 = 88

7 കൊണ്ട് ഭാഗിക്കുമ്പോൾ ശിഷ്ടം = 4

4 ാം ഒറ്റ ദിവസത്തിന് തത്തുല്യമായ ആഴ്ച = വ്യാഴാഴ്ച

ഭാരതം ഒരു റിപ്പബ്ലിക്ക് രാഷ്ട്രം ആയത് വ്യാഴാഴ്ചയിലാണ്.

24. ഒരു മാസത്തെ മൂന്നാം ഞായറാഴ്ച 15 ാം തീയതിയാണ്. നാലാം ശനിയാഴ്ച ഏതു തീയതിയായിരിക്കും ?

**ഉത്തരം:** മൂന്നാം ഞായറാഴ്ച 15.

അപ്പോൾ ഒന്നാം ഞായറാഴ്ച 1 ാം തീയതി

അപ്പോൾ ഒന്നാം ശനിയാഴ്ച 7 ാം തീയതി

അപ്പോൾ ഇനി ശനിയാഴ്ച വരുന്ന തീയതികൾ 14, 21, 28

അപ്പോൾ നാലാം ശനിയാഴ്ച വരുന്നത് 28 ാം തീയതിലാണ്.

25. 2017 ജനുവരി 1 ഞായറാഴ്ചയാണ്. ആ വർഷം ക്രിസ്മസ് ഏതാഴ്ചയായിരിക്കും ?

**ഉത്തരം:** 2017 സാധാരണ വർഷമാണ്. ജനുവരി 1 ഞായർ എങ്കിൽ ഡിസംബർ 31 ഉം ഞായർ തന്നെ. 7 ദിവസം മുമ്പ് ഡിസംബർ 24 ഞായർ, ഡിസംബർ 25 അപ്പോൾ തിങ്കളാഴ്ചയാണ്.

26. 2017 മാർച്ച് മാസത്തിൽ വെള്ളിയാഴ്ച വരുന്നത് ഏതെല്ലാം തീയതികളിലാണ് ?

**ഉത്തരം:** ആദ്യം 2017 മാർച്ച് 1 ഏത് ആഴ്ചയാണെന്ന് കണ്ടുപിടിക്കാം.

2017 മാർച്ച് 1 = 2000 + 16 + ജനുവരി 1 മുതൽ മാർച്ച് 1 വരെ.

2000 അധിവർഷമായതിനാൽ ഒറ്റ ദിവസം = 0

16 വർഷത്തിലെ ഒറ്റ ദിവസം = 16 ഒറ്റ ദിവസം + 4 അധിവർഷത്തിലെ ഒരു അധിക ദിവസവും കൂടി ചേരുമ്പോൾ ആകെ 20 ഒറ്റ ദിവസങ്ങൾ.

2017 ജനുവരിയിലുള്ള ഒറ്റ ദിവസം = 3

2017 ഫെബ്രുവരിയിലെ ഒറ്റ ദിവസം = 0

2017 മാർച്ച് 1 ഒരു ദിവസമായതിനാൽ ഒറ്റ ദിവസം = 1

അപ്പോൾ ആകെ ഒറ്റ ദിവസം = 20 + 3 + 1 = 24

7 കൊണ്ട് ഭാഗിക്കുമ്പോൾ ശിഷ്ടം = 3

3 ാം ഒറ്റ ദിവസത്തിന് തത്തുല്യമായ ആഴ്ച = ബുധനാഴ്ച

അപ്പോൾ മാർച്ച് 1 ബുധനാഴ്ച ആയാൽ മാർച്ച് 3 വെള്ളിയാഴ്ചയായിരിക്കും. അപ്പോൾ മാർച്ച് മാസത്തിൽ വെള്ളിയാഴ്ച വരുന്നത് 3, 10, 17, 24, 31 എന്നീ തീയതികളിലാണ്.


ലാസ്റ്റ്ഗ്രേഡ് പരീക്ഷയ്ക്ക് ഒരു ഉത്തമ മാർഗദർശി

- 604 പേജുകൾ വില 250 രൂപ
- 25000-ത്തോളം വസ്തുതകൾ
- കഴിഞ്ഞ 20 വർഷത്തെ മുൻ ചോദ്യോത്തരങ്ങൾ
- ആയിരത്തോളം കൺഫ്യൂസിങ് ഫാക്ട്സ്
- 10 പൊതുവിജ്ഞാന പരിശീലന ചോദ്യസെറ്റുകൾ

ഏജൻസി ഇല്ലാത്ത സ്ഥലങ്ങളിലെ ബുക്സ്റ്റാളുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും കോപ്പികൾ ലഭിക്കുന്നതിന് 0471 2546486 എന്ന നമ്പരിൽ ബന്ധപ്പെടുക. പുസ്തകക്കെട്ടുകൾ കൊറിയർ മുഖേന ലഭ്യമാക്കുന്നതാണ്.

കേരളത്തിലെ ജില്ലകൾ, കേരളീയ നവോത്ഥാനം എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്ന
വജ്ര ജൂബിലി വിശേഷാൽ പതിപ്പ് ഒന്നാം ഭാഗം
തിരുവനന്തപുരം എസ്കെ അസോസിയേറ്റ്സിലും (8281551775)
പാലക്കാട്-കവിത സ്റ്റോഴ്സ്-9447946245
അങ്കമാലി ഗോൾ വിന്നർ ബുക്സിലും (9061348040) ലഭ്യമാണ്.





പ്രധാന ഏജൻസികൾ

തിരുവനന്തപുരം - എസ്കെ അസോസിയേറ്റ്സ്-8281551775
പാരിപ്പള്ളി - നൈസ് സ്റ്റോർ - 9656841772
കൊട്ടിയം-9747232729
കൊല്ലം-ചിലങ്ക ബുക്സ്-0474 2752888
കരുനാഗപ്പള്ളി-94460 13808
കായംകുളം-9746230703
ആലപ്പുഴ-94471 17679
കോട്ടയം - 9048177778
പാല-കല്ലറക്കൽ ബുക്ക്സ്റ്റാൾ, കൊട്ടാരമറ്റം-04822 213399
പൊൻകുന്നം-9447306505
തൊടുപുഴ-ആസാദ് ബുക് സെന്റർ-9447590008
എറണാകുളം-ആസാദ് ബുക് സെന്റർ-9447314548
അങ്കമാലി/ആലുവ-ഗോൾ വിന്നർ ബുക്സ്-9061348040
തൃശ്ശൂർ- മോഡേൺ ബുക്സ്, അയ്യന്തോൾ-9400461725
പാലക്കാട്-കവിത സ്റ്റോഴ്സ്-9447946245
കോട്ടയ്ക്കൽ-പടിക്കൽ ബുക്സ് 9847204995
കൽപ്പറ്റ- ആപ്റ്റ് ബുക്സ്-9562997008
നിർമ്മല ബുക്സ് ഇരിട്ടി, 9447360444
തളിപ്പറമ്പ - ശ്രീറാംസ് - 9400508060
പയ്യന്നൂർ- അമൽ ബുക്സ്-9544915026
ലക്കി ബുക്സ് കൊയിലാണ്ടി - 9846544326

വജ്ര ജൂബിലി പതിപ്പ് രണ്ടാം ഭാഗം ഇപ്പോൾ തപാലിൽ ലഭിക്കുന്നു

മണിയോർഡർ
(250 രൂപ-പാഴ്സൽ
ചാർജ് ഉൾപ്പെടെ)
അയയ്ക്കേണ്ട വിലാസം
പബ്ലിക് റിലേഷൻസ് ഓഫീസർ,
കേരള പബ്ലിക് സർവീസ്
കമ്മിഷൻ, പട്ടം,
തിരുവനന്തപുരം-4

പരീക്ഷകൾ മലയാളത്തിൽ.... ഇനി പഠനവും മലയാളത്തിൽ

# ഇന്ത്യൻ രാഷ്ട്രീയവ്യവസ്ഥ

351. ബജറ്റ് സെഷൻ രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നതിനാൽ രാജ്യസഭയ്ക്ക് ഒരു വർഷത്തിൽ എത്ര സെഷനുകളാണ് ഉള്ളത്?
(എ) രണ്ട് (ബി) മൂന്ന്
(സി) നാല് (ഡി) അഞ്ച്

352. രാഷ്ട്രപതി സ്ഥാനത്തേക്ക് ഒഴിവുണ്ടായാൽ അടുത്ത പ്രസിഡന്റിനെ തിരഞ്ഞെടുക്കുന്നതിന് എത്ര മാസത്തിനകം ഇലക്ഷൻ നടത്തണമെന്നാണ് വ്യവസ്ഥ?
(എ) രണ്ട് (ബി) നാല്
(സി) മൂന്ന് (ഡി) ആറ്

353. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് എപ്പോൾ നടത്തണം എന്ന് തീരുമാനിക്കുന്നത്?
(എ) പാർലമെന്റ് (ബി) ജില്ലാ കലക്ടർ
(സി) സ്പീക്കർ (ഡി) സംസ്ഥാന ഗവൺമെന്റ്

354. ലോക്സഭയിൽ അവിശ്യാസപ്രമേയം അവതരിപ്പിക്കണമെങ്കിൽ എത്ര അംഗങ്ങളുടെ പിന്തുണയാണ് വേണ്ടത്?
(എ) 50 (ബി) 55
(സി) 100 (ഡി) 110

355. പാർലമെന്റ് നടപടി ക്രമങ്ങളിൽ നിന്ന് ഒരു അംഗം എത്ര ദിവസം വിട്ടു നിന്നാലാണ് അദ്ദേഹത്തിന്റെ സീറ്റ് ഒഴിവു വന്നതായി പ്രഖ്യാപിക്കുന്നത്?
(എ) 30 (ബി) 45
(സി) 60 (ഡി) 90

356. രാഷ്ട്രപതിയെ ഉപദേശിക്കുന്നതിനും സഹായിക്കുന്നതിനുമായി പ്രധാനമന്ത്രി തലവനായി ഒരു മന്ത്രിസഭ ഉണ്ടായിരിക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്ന അനുച്ഛേദം ഏതാണ്?
(എ) 72 (ബി) 73
(സി) 74 (ഡി) 75

357. ഏത് സംസ്ഥാനത്താണ് നിയമസഭയിലേക്ക് ഗവർണർ രണ്ട് വനിതകളെ നാമനിർദ്ദേശം ചെയ്യുന്നത്?
(എ) സിക്കിം (ബി) അസം
(സി) ജമ്മു–കാശ്മീർ (ഡി) നാഗാലാൻഡ്

358. മന്ത്രിസഭ അതിന്റെ ഉപദേശം പുന:പരിശോധിക്കണമെന്ന് രാഷ്ട്രപതിക്ക് എത്ര പ്രാവശ്യം ആവശ്യപ്പെടാം?
(എ) ഒന്ന് (ബി) രണ്ട്
(സി) മൂന്ന് (ഡി) നാല്

359. അറ്റോർണി ജനറലിന്റെ ശമ്പളം തീരുമാനിക്കുന്നത് ആരാണ്?
(എ) രാഷ്ട്രപതി (ബി) പ്രധാനമന്ത്രി
(സി) ധനമന്ത്രി (ഡി) സ്പീക്കർ

360. എന്തിന്റെ അടിസ്ഥാനത്തിലാണ് ലോക്സഭാ സീറ്റുകൾ അനുവദിക്കുന്നത്?
(എ) പ്രതിശീർഷവരുമാനം
(ബി) സാക്ഷരത
(സി) ജനസംഖ്യ (ഡി) ജനസാന്ദ്രത

361. പാർലമെന്റംഗമല്ലാത്ത ഒരാൾ കേന്ദ്രമന്ത്രിയായി നിയമിക്കപ്പെട്ടാൽ എത്ര മാസത്തിനകം സഭയിൽ അംഗമാകണം?
(എ) മൂന്ന് (ബി) ആറ്
(സി) നാല് (ഡി) രണ്ട്

362. അറ്റോർണി ജനറലിന്റെ നിയമനം, യോഗ്യത, കർത്തവ്യങ്ങൾ എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്ന ഭരണഘടനാ അനുച്ഛേദം:
(എ) 75 (ബി) 76
(സി) 77 (ഡി) 78

363. ഡെപ്യൂട്ടി സ്പീക്കർ രാജിവയ്ക്കാൻ ആഗ്രഹിക്കുന്നപക്ഷം രാജിക്കത്ത് സമർപ്പിക്കേണ്ടത് ആർക്കാണ്?
(എ) സ്പീക്കർ (ബി) ചീഫ് വിപ്പ്
(സി) മുഖ്യമന്ത്രി (ഡി) ചീഫ് സെക്രട്ടറി

364. ഗവർണറെ തൽസ്ഥാനത്ത് നിന്ന് നീക്കുന്നതിന് ഭരണഘടനയിൽ വ്യവസ്ഥ ചെയ്യുന്ന കാരണം ഏതാണ്?
(എ) പ്രാപ്തിക്കുറവ് (ബി) സ്വഭാവദൂഷ്യം
(സി) നിയമലംഘനം (ഡി) ഒരു കാരണവും വ്യവസ്ഥചെയ്യുന്നില്ല

365. വിധാൻ പരിഷത്തിന്റെ അംഗബലം എത്രയിൽ കുറയാൻ പാടില്ല എന്നാണ് വ്യവസ്ഥ?
(എ) 60 (ബി) 40
(സി) 30 (ഡി) 50

366. തിരഞ്ഞെടുക്കപ്പെട്ട മുനിസിപ്പൽ കൗൺസിലിന്റെ കാലാവധി എത്ര വർഷമാണ്?
(എ) 1 (ബി) 3
(സി) 5 (ഡി) 4

367. ജമ്മു–കശ്മീരിന്റെ കാര്യത്തിൽ നിയമനിർമാണം സംബന്ധിച്ച അവശിഷ്ടാധികാരങ്ങൾ ആരിലാണ് നിക്ഷിപ്തമായിരിക്കുന്നത്?
(എ) പാർലമെന്റ് (ബി) രാജ്യസഭ
(സി) ലോക്സഭ (ഡി) ജമ്മു–കശ്മീർ

368. ഭരണഘടനയുടെ എത്രാമത്തെ ഭാഗമാണ് പഞ്ചായത്തുകളുമായി ബന്ധപ്പെട്ടിരിക്കുന്നത്?
(എ) 9 (ബി) 20
(സി) 21 (ഡി) 23

369. നിയമനിർമാണ സഭയിൽ ഒരു ബിൽ എത്ര ഘട്ടങ്ങളിൽ വായനയിലൂടെ കടന്നുപോകുന്നു?
(എ) ഒന്ന് (ബി) രണ്ട്
(സി) മൂന്ന് (ഡി) അഞ്ച്

370. ലെജിസ്ലേറ്റീവ് കൗൺസിലിലെ അംഗങ്ങൾ എത്ര രീതിയിൽ തിരഞ്ഞെടുക്കപ്പെടുന്നു?
(എ) മൂന്ന് (ബി) നാല്
(സി) അഞ്ച് (ഡി) ആറ്

371. ഒരു ഹൈക്കോടതിയിലെ ജഡ്ജിയെ മറ്റൊരു ഹൈക്കോടതിയിലേക്ക് മാറ്റാൻ ആർക്കാണ് അധികാരം?
(എ) പ്രസിഡന്റ് (ബി) പ്രധാനമന്ത്രി
(സി) നിയമമന്ത്രി (ഡി) സുപ്രീംകോടതി ചീഫ് ജസ്റ്റിസ്

372. ധനകാര്യ കമ്മിഷനെക്കുറിച്ച് പ്രതിപാദിക്കുന്ന ഭരണഘടനാ അനുച്ഛേദം ഏതാണ്?
(എ) 280 (ബി) 360
(സി) 324 (ഡി) 370

373. പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയാകുന്നതിനാവശ്യമായ കുറഞ്ഞ പ്രായം
(എ) 18 (ബി) 25
(സി) 21 (ഡി) 30

374. സംസ്ഥാന നിയമസഭയിൽ അംഗമല്ലെങ്കിലും സഭാനടപടികളിൽ പങ്കെടുത്ത് അഭിസംബോധന ചെയ്യാൻ അവകാശമുള്ളത് ആർക്കാണ്?
(എ) അക്കൗണ്ടന്റ് ജനറൽ
(ബി) ചീഫ് ജസ്റ്റിസ്
(സി) അഡ്വക്കേറ്റ് ജനറൽ
(ഡി) ഡി.ജി.പി.

375. ലെജിസ്ലേറ്റീവ് കൗൺസിൽ ചെയർമാനെ ഏതു രീതിയിലാണ് തിരഞ്ഞെടുക്കുന്നത്?
(എ) ഗവർണർ നാമനിർദ്ദേശം ചെയ്യുന്നു
(ബി) മുഖ്യമന്ത്രി നാമനിർദ്ദേശം ചെയ്യുന്നു
(സി) അംഗങ്ങൾ തിരഞ്ഞെടുക്കുന്നു (ഡി) ഇവയൊന്നുമല്ല

376. എത്ര വർഷത്തിലൊരിക്കലാണ് ഫിനാൻസ് കമ്മിഷനെ നിയമിക്കുന്നത്
(എ) 5 (ബി) 6
(സി)4 (ഡി) 3

377. ലജിസ്ലേറ്റീവ് അസംബ്ലിയുടെ രണ്ട് സെഷനുകൾ തമ്മിലുള്ള ഇടവേള എത്ര മാസത്തിൽ കൂടുതലാകാൻ പാടില്ല എന്നതാണ് വ്യവസ്ഥ?
(എ) രണ്ട് (ബി) മൂന്ന്
(സി) നാല് (ഡി) ആറ്

378. ഏത് സംസ്ഥാനത്താണ് ഇന്ത്യൻ ഭരണഘടന പ്രകാരം സാമ്പത്തിക അടിയന്തരാവസ്ഥ ഏർപ്പെടുത്താൻ വ്യവസ്ഥ ഇല്ലാത്തത്
(എ) ജമ്മു കശ്മീർ (ബി) സിക്കിം
(സി) നാഗലാൻഡ് (ഡി) ഗോവ

379. ഒരു സ്ഥിരം സഭയായ ലജിസ്ലേറ്റീവ് കൗൺസിലിലെ മൂന്നിലൊന്ന് അംഗങ്ങൾ എത്ര വർഷം കൂടുമ്പോഴാണ് വിരമിക്കുന്നത്?
(എ) മൂന്ന് (ബി) രണ്ട്
(സി) നാല് (ഡി) ആറ്

380. ലെജിസ്ലേറ്റീവ് കൗൺസിലിന്റെ അംഗബലം സംസ്ഥാന നിയമസഭയുടെ ആകെ അംഗബലത്തിന്റെ എത്രഭാഗത്തിൽ കൂടാൻ പാടില്ല എന്നാണ് വ്യവസ്ഥ?
(എ) നാലിലൊന്ന് (ബി) മൂന്നിലൊന്ന്
(സി) രണ്ടിലൊന്ന് (ഡി) അഞ്ചിലൊന്ന്

381. കേന്ദ്രഭരണ പ്രദേശങ്ങളുടെ ഭരണനിർവഹണം സംബന്ധിച്ച വ്യവസ്ഥകൾ ആവിഷ്കരിക്കാൻ അധികാരപ്പെട്ടത് ആര്?
(എ) പ്രസിഡന്റ് (ബി) പ്രധാനമന്ത്രി
(സി) പാർലമെന്റ് (ഡി) സുപ്രീംകോടതി

382. എത്ര വർഷം ഹൈക്കോടതിയിൽ അഭിഭാഷകൻ എന്ന നിലയിൽ പ്രവൃത്തി പരിചയം ഉള്ളവരെയാണ് ഹൈക്കോടതി ജഡ്ജി സ്ഥാനത്തേക്ക് പരിഗണിക്കുന്നത്?
(എ) 5 (ബി) 10
(സി) 15 (ഡി) 20

383. ഒരു പ്രദേശത്തെ ഷെഡ്യൂൾഡ് ഏരിയ ആയി പ്രഖ്യാപിക്കാൻ അധികാരപ്പെട്ടത് ആരാണ്?
(എ) പ്രധാനമന്ത്രി (ബി) പ്രസിഡന്റ്
(സി) ആഭ്യന്തരമന്ത്രി (ഡി) സാമൂഹികക്ഷേമമന്ത്രി

384. ഇന്ത്യയിൽ അന്തിമ അപ്പീൽ കോടതി എന്നറിയപ്പെടുന്നത്:
(എ) സുപ്രീംകോടതി
(ബി) ഹൈക്കോടതി
(സി) സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ
(ഡി) ഇവയൊന്നുമല്ല

385. ഇന്ത്യൻ ഭരണഘടന നിലവിൽ വന്ന സമയത്ത് സുപ്രീം കോടതിയിൽ ചീഫ് ജസ്റ്റിസിനെ കൂടാതെ എത്ര ജഡ്ജിമാരാണ് ഉണ്ടായിരുന്നത്?
(എ) 8 (ബി) 7
(സി) 6 (ഡി) 9

386. പൊതു താല്പര്യ ഹർജികൾ ഫയൽ ചെയ്യാൻ കഴിയുന്നത് ഏത് കോടതിയിലാണ്?
(എ) ഹൈക്കോടതി (ബി) സുപ്രീം കോടതി
(സി) (എ)യും (ബി)യും (ഡി) ഇവയൊന്നുമല്ല

387. ലക്ഷദ്വീപ് ഏത് ഹൈക്കോടതിയുടെ പരിധിയിലാണ്?
(എ) കേരള (ബി) തമിഴ്നാട്
(സി) കർണാടകം (ഡി) കവരത്തി

388. സംസ്ഥാനത്തിന്റെ കണ്ടിജൻസി ഫണ്ടിന്റെ വിനിയോഗത്തിന് അധികാരപ്പെട്ടത് ആരാണ്?
(എ) മുഖ്യമന്ത്രി (ബി) ഗവർണർ
(സി) ധനമന്ത്രി (ഡി) ഇവരാരുമല്ല

389. രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾക്കുവേണ്ടി ഒരു പൊതു ഹൈക്കോടതി സ്ഥാപിക്കുന്നതിനുള്ള അധികാരം ആർക്കാണ്?
(എ) പാർലമെന്റ് (ബി) പ്രധാനമന്ത്രി
(സി) പ്രസിഡന്റ് (ഡി) സുപ്രീംകോടതി

390. യുദ്ധംമൂലം അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്ന സമയത്ത് ഏത് അനുച്ഛേദം പ്രകാരമുള്ള മൗലികാവകാശങ്ങളാണ് സ്വമേധയാ സസ്പെൻഡ് ചെയ്യപ്പെടുന്നത്?
(എ) 19 (ബി) 32
(സി) 18 (ഡി) 14

391. ഏതിന്റെ അന്ത:സത്തയ്ക്ക് അനുസരണമായി ട്ടാണ് ഇന്ത്യൻ ഭരണഘടനയെ വ്യാഖ്യാനി ക്കുന്നത്?
(എ) മൗലിക ചുമതലകൾ
(ബി) മൗലികാവകാശങ്ങൾ
(സി) നിർദ്ദേശക തത്വങ്ങൾ
(ഡി) ആമുഖം

392. ഭരണഘടനയുടെ 356–ാം അനുച്ഛേദം പ്രകാരം പ്രഖ്യാപിക്കുന്ന അടിയന്തിരാവസ്ഥ, എത്ര മാസത്തിനുള്ളിൽ പാർലമെന്റ് അംഗീകരിച്ചിരി ക്കണം?
(എ) ഒരു മാസം (ബി) രണ്ടുമാസം
(സി) മൂന്നു മാസം (ഡി) ആറുമാസം

393. താഴെക്കൊടുത്തിരിക്കുന്നവയിൽ മൗലികാ വകാശം അല്ലാത്തത് ഏത് ?
(എ) ചൂഷണത്തിനെതിരെയുള്ള അവകാശം
(ബി) മതസ്വാതന്ത്ര്യത്തിനുള്ള അവകാശം
(സി) തുല്യജോലിക്ക് തുല്യ ശമ്പളത്തിനുള്ള അവകാശം
(ഡി) നിയമത്തിനുമുന്നിൽ തുല്യതയ്ക്കുള്ള അവകാശം

394. ഇന്ത്യയിൽ ഇതുവരെ പ്രഖ്യാപിച്ചിട്ടില്ലാത്ത അടിയന്തിരാവസ്ഥ ഏത്?
(എ) ദേശീയ അടിയന്തിരാവസ്ഥ
(ബി) സാമ്പത്തിക അടിയന്തിരാവസ്ഥ
(സി) ആർട്ടിക്കിൾ 356 പ്രകാരമുള്ള അടിയന്തിരാവസ്ഥ
(ഡി) ഇവയൊന്നുമല്ല

395. ഇന്ത്യയിൽ പാർലമെന്ററി ജനാധിപത്യ സംവിധാനമാണുള്ളത് എന്നു പറയാൻ കാരണം:
(എ)മന്ത്രിസഭ പാർലമെന്റിനോട് ഉത്തരവാദപ്പെട്ടിരിക്കുന്നു
(ബി)ലോക്സഭാംഗങ്ങളെ ജനങ്ങൾ തിരഞ്ഞെടുക്കുന്നു
(സി)അധികാരം കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കുമിടയിൽ വിഭജിക്കപ്പെ ട്ടിരിക്കുന്നു
(ഡി) പൊതുവായ ഒരു ഭരണഘടനയുടെ കീഴിൽ പ്രവർത്തിക്കുന്നു

396. രാജ്യത്ത് സാമ്പത്തിക അടിയന്തരാവസ്ഥ പ്രഖ്യാപിക്കുകയാണെങ്കിൽ പാർലമെന്റ് അത് എത്ര മാസത്തിനുള്ളിൽ അംഗീകരിച്ചിരിക്കണം?
(എ) രണ്ടുമാസം (ബി) ഒരു മാസം
(സി) മൂന്നു മാസം (ഡി) ആറുമാസം

397. അന്താരാഷ്ട്ര സമാധാനവും സുരക്ഷിതത്വവും ഉറപ്പുവരുത്താൻ ഇന്ത്യ ബാധ്യസ്ഥമാണ് എന്ന് പരാമർശിക്കുന്ന ഭരണഘടനാ ഭാഗം:
(എ) മൗലികാവകാശങ്ങൾ
(ബി) നിർദ്ദേശക തത്വങ്ങൾ
(സി) മൗലിക ചുമതലകൾ
(ഡി) ആമുഖം

398. രാഷ്ട്രപതിക്കെതിരായ ഇംപീച്ച്മെന്റ് പ്രമേയം ആദ്യം അവതരിപ്പിക്കുന്നത് എവിടെയാണ്?
(എ) ലോക്സഭയിൽ മാത്രം
(ബി) രാജ്യസഭയിൽ മാത്രം
(സി) ഏതെങ്കിലുമൊരു സംസ്ഥാന നിയമസഭയിൽ
(ഡി) പാർലമെന്റിന്റെ ഏതെങ്കിലുമൊരു സഭയിൽ

399. ജനാധിപത്യ സംവിധാനത്തിന്റെ സുഗമമായ നടത്തിപ്പിന് അനിവാര്യമായി ഉണ്ടായിരിക്കേണ്ട ഒരു അവകാശമാണ്:
(എ) സംഘടിക്കുന്നതിനുള്ള അവകാശം
(ബി) സ്വത്തവകാശം
(സി) വിമർശിക്കുന്നതിനുള്ള അവകാശം
(ഡി) പ്രസ്ഥാനങ്ങൾ തുടങ്ങുന്നതിനുള്ള അവകാശം

400. രണ്ടു സംസ്ഥാനങ്ങൾക്കുവേണ്ടി പാർലമെന്റിന് ഒരു ജോയിന്റ് പബ്ലിക് സർവീസ് കമ്മിഷൻ രൂപവത്കരിക്കണമെങ്കിൽ അതു സംബന്ധിച്ച ഒരു പ്രമേയം താഴെക്കൊടുത്തിരിക്കുന്നവയിൽ ആര് പാസാക്കണം ?
(എ) സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ
(ബി) ബന്ധപ്പെട്ട സംസ്ഥാന നിയമസഭകൾ
(സി) സംസ്ഥാനങ്ങളിലെ ഗവർണർമാർ
(ഡി) ഇവരാരുമല്ല

## Answers:

351(c) 352(d) 353(d) 354(a) 355(c) 356(c) 357(c) 358(a) 359(a) 360(c)
361(b) 362(b) 363(a) 364(d) 365(b) 366(c) 367(d) 368(a) 369(c) 370(c)
371(a) 372(a) 373(c) 374(c) 375(c) 376(a) 377(d) 378(a) 379(b) 380(b)
381(c) 382(b) 383(b) 384(a) 385(b) 386(c) 387(a) 388(b) 389(a) 390(a)
391(d) 392(b) 393(c) 394(b) 395(a) 396(a) 397(b) 398(d) 399(c) 400(b)

1. R.N. 44588/86 Reg. No. KL/TV (N)34/2015-17
2. Licence No. for posting without pre payment - KL/TV(N)/WPP/165/2015-17

PSC BULLETIN
Fortnightly

Rupees 10
September 1, 2017






കോട്ടയം ജില്ലയിലെ അക്ഷയ സംരംഭകർക്കായുള്ള ഒറ്റത്തവണ രജിസ്ട്രേഷൻ പരിശീല പരിപാടി ജില്ലാപഞ്ചായത്ത് ഹാളിൽ കമ്മിഷൻ അംഗം പ്രൊഫ. ലോപ്പസ് മാത്യു ഉദ്ഘാടനം ചെയ്യുന്നു.

സ്വാതന്ത്ര്യ ദിനാഘോഷത്തോടനുബന്ധിച്ച് തൃശ്ശൂർ ജില്ലാ പി എസ്സി ഓഫീസിൽ ചെയർമാൻ അഡ്വ. എം കെ സക്കീർ ദേശീയ പതാക ഉയർത്തുന്നു

1. ഗർഭിണികൾക്ക് സ്കാനിങ്ങിന് ആധാർ കാർഡ് നിർബന്ധിതമാക്കിയ സംസ്ഥാനം- മഹാരാഷ്ട്ര
2. രാജിവച്ച ഇൻഫോസിസ് സി.ഇ.ഒ. ആൻഡ് മാനേജിങ് ഡയറക്ടർ- ഡോ.വിശാൽ സിക്ക
3. സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷന്റെ പുതിയ ചെയർമാനായി നിയമിതനായത്- പ്രസൂൺ ജോഷി
4. പ്രസൂൺ ജോഷി ഏത് നിലയിലാണ് പ്രസിദ്ധൻ- ഗാന രചയിതാവ്
5. പ്രധാനമന്ത്രി ഫസൽ ഭീമാ യോജന ഏത് മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു- കാർഷികം
6. സ്വകാര്യത മൗലികാവകാശമാണോ എന്നു പരിശോധിക്കുന്ന ഭരണഘടനാ ബഞ്ചിന്റെ തലവൻ- ജസ്റ്റിസ് ജെ.എസ്.ഖേഹാർ
7. 2024-ലെ ഒളിമ്പിക്സ് വേദി- പാരീസ് (2028-ലോസ് ഏഞ്ചൽസ്)
8. തെറ്റില്ലാത്ത മലയാളം പറയാനും എഴുതാനും സംസ്ഥാന സാക്ഷരത മിഷൻ ആരംഭിക്കുന്ന കോഴ്സ്- പച്ചമലയാളം
9. ക്വിറ്റിന്ത്യാ സമരത്തിന്റെ എത്രാം വാർഷികമാണ് 2017 -ൽ ആഘോഷിക്കുന്നത്- 75
10. എയർ ഇന്ത്യയുടെ പുതിയ സിഎംഡി- രാജീവ് ബൻസാൽ
11. ലോകത്തിലെ ഏറ്റവും നീളംകൂടിയ തൂക്കുപാലം ഏത് രാജ്യത്താണ് തുറന്നത്- സ്വിറ്റ്സർലൻഡ്
12. യഹൂദർക്ക് ന്യൂനപക്ഷ പദവി നൽകിയ സംസ്ഥാനം- മഹാരാഷ്ട്ര
13. ഡിജിറ്റൽ സേവനങ്ങൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ബിപിഎൽ ഉപയോക്താക്കൾക്ക് സൗജന്യമായി സ്മാർട് ഫോൺ വിതരണം ചെയ്ത സംസ്ഥാനം- ഛത്തിസ്ഗഢ്
14. ഖേൽ രത്ന പുരസ്കാരത്തിനർഹനായ പാരാലിംപിക്സ് ചാമ്പ്യൻ- ദേവേന്ദ്ര ജജാരിയ
15. ഖേൽ രത്ന പുരസ്കാരത്തിനർഹനായ മുൻ ഹോക്കി ചാമ്പ്യൻ- സർദാർ സിങ്
16. ഉത്തർ പ്രദേശിലെ ഏത് നഗരത്തിലെ ആശുപത്രിയിലാണ് നിരവധി കുട്ടികൾ ഓക്സിജൻ കിട്ടാതെ മരിച്ചത്- ഗോരഖ്പൂർ
17. 2017-ലെ മാൻ ബുക്കർ പുരസ്കാര ജേതാവ്- ഡേവിഡ് ഗ്രോസ്മാൻ
18. ഏത് ഗെയിമിന്റെ ലിങ്കുകൾ നീക്കം ചെയ്യാനാണ് കേന്ദ്ര സർക്കാർ ഈയിടെ നിർദ്ദേശം നൽകിയത്- ബ്ലൂ വെയ്ൽ
19. ഈ വർഷത്തെ നെഹ്രു ട്രോഫി വള്ളം കളി ജേതാവ്- ഗബ്രിയേൽ ചുണ്ടൻ
20. വിദ്യാർഥികളിൽനിന്ന് അമിത ഫീസ് ഈടാക്കുന്ന സ്കൂളുകളെ സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചത് എവിടെയാണ്- ഡൽഹി
21. ഇപ്രാവശ്യത്തെ ലോക അത്‌ലറ്റിക് മീറ്റിന്റെ വേദി- ലണ്ടൻ
22. അന്താരാഷ്ട്ര നിലവാരത്തിലുള്ള ഇന്ത്യയിലെ ആദ്യത്തെ കായിക സർവകലാശാല സ്ഥാപിക്കുന്നത് എവിടെ- മണിപ്പൂർ
23. ഇന്ത്യയിലെ ആദ്യത്തെ പാർട്ടിഷൻ മ്യൂസിയം സ്ഥാപിച്ചത്- അമൃതസർ
24. ഐക്യനാടുകളുടെ പുതിയ സൈനിക മേധാവി- ജനറൽ ജോൺ കെല്ലി




25. ഈയിടെ അന്തരിച്ച മുൻ അഡ്വക്കേറ്റ് ജനറൽ ഓഫ് കേരള- എം.കെ.ദാമോദരൻ
26. ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ വില്ലേജ് ഓഫീസ്- പൊന്നാനി
27. ലോകത്തിലെ ഏറ്റവും വേഗമേറിയ ബുള്ളറ്റ് ട്രെയിൻ പുറത്തിറക്കിയ രാജ്യം- ചൈന
28. ലോക ടെന്നിസ് റാങ്കിങ്ങിൽ ഒന്നാം സ്ഥാനത്തെത്തിയത്- റാഫേൽ നഡാൽ
29. കേരള ക്രിക്കറ്റ് ടീമിന്റെ ക്യാപ്റ്റൻ- ഫാബിദ് ഫറൂഖ് അഹമ്മദ്
30. മുത്തലാഖ് നിരോധിക്കുന്ന എത്രാമത്തെ രാജ്യമാണ് ഇന്ത്യ- 20
31. ഗൂഗിളിന്റെ പുതിയ ആൻഡ്രോയ്ഡ് പതിപ്പ്- ഓറിയോ
32. അനുതാപ നിയമനത്തിന് പകരം കംപാഷനേറ്റ് ഫാമിലി പെൻഷൻ സ്കീം കൊണ്ടുവന്ന സംസ്ഥാനം- അസം
33. റെയിൽവേ ബോർഡിന്റെ പുതിയ ചെയർമാൻ- അശ്വനി ലൊഹാനി
34. 2017-ലെ ധ്യാൻചന്ദ് അവാർഡിന് അർഹനായ ഭൂപേന്ദ്ര സിങ് ഏത് കായിക ഇനവുമായി ബന്ധപ്പെട്ടിരിക്കുന്നു- അത്‌ലറ്റിക്സ്
35. രാജ്യത്തെ ആദ്യ വിദേശ് ഭവൻ ഉദ്ഘാടനം ചെയ്യപ്പെട്ടത് എവിടെയാണ്-മുംബൈ
36. ശ്രീനാരായണഗുരുവിന്റെ നമുക്ക് ജാതിയില്ല വിളംബരത്തിന്റെ ശതാബ്ദിയാഘോഷത്തിന്റെ ഭാഗമായി സ്മാരകം നിർമിക്കുന്നത് എവിടെയാണ്- ശിവഗിരി (വർക്കല)
37. പഴശ്ശി സാഗർ ജലവൈദ്യുത പദ്ധതി ഏത് ജില്ലയിൽ- കണ്ണൂർ
38. ഇന്ത്യയുടെ ആദ്യത്തെ വനിതകളുടെ ഭൂപ്രദക്ഷിണ കപ്പലോട്ടത്തിന്റെ പേര്- നാവികസാഗർ പരിക്രമ
39. ലോക ഫോട്ടോഗ്രഫി ദിനം- ഓഗസ്റ്റ് 19
40. ഇന്ത്യയുടെ ആദ്യത്തെ നാഷണൽ സ്പോർട്സ് മ്യൂസിയം സ്ഥാപിക്കുന്നത് എവിടെയാണ്- ന്യൂഡൽഹി
41. മണിപ്പൂർ ഏറ്റവും കൂടുതൽകാലം ഭരിച്ച മുഖ്യമന്ത്രി അന്തരിച്ചു. പേര്- റിഷാങ് കെയ്ഷിങ്
42. ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ഗ്ലോബൽ പൊസിഷനിങ് സിസ്റ്റം- നാവിക്
43. വിദ്യാലയങ്ങളിൽ വന്ദേമാതരം നിർബന്ധിതമാക്കിയ സംസ്ഥാനം- തമിഴ്നാട്
44. ഇന്ത്യയിലെ ആദ്യത്തെ വ്യോമയാന സർവകലാശാല സ്ഥാപിക്കുന്ന നഗരം- റായ്ബറേലി
45. ഹ്യൂഗോ പുരസ്കാരത്തിന് അർഹയായ അമേരിക്കൻ വനിതാ നോവലിസ്റ്റ്- നോറ കെ.ജെമിസ്
46. ഇന്ത്യയുടെ ഏത് അയൽ രാജ്യത്താണ് മാസമുറക്കാലത്തും പ്രസവകാലത്തും സ്ത്രീകളെ മറയിലിരുത്തുന്നത് ക്രിമിനൽ കുറ്റമാക്കിയത്- നേപ്പാൾ
47. രണ്ടാമത് ഇറാന്റെ പ്രസിഡന്റായത്- ഹസൻ റുഹാനി
48. ഇന്ത്യയുടെ പുതിയ ചീഫ് ജസ്റ്റിസ്- ദീപക് മിശ്ര (ഒഡിഷ സ്വദേശി)
49. ആരെ പരാജയപ്പെടുത്തിയാണ് വെങ്കയ്യ നായിഡു ഉപരാഷ്ട്രപതിയായത്- ഗോപാൽ കൃഷ്ണ ഗാന്ധി
50. അന്താരാഷ്ട്ര വിധവാ ദിനം- ജൂൺ 23
51. സ്കോട്‌ലൻഡ്‌യാർഡ് മേധാവിയായ ആദ്യ വനിത- ക്രെസിദ ഡിക്ക്
52. ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ മെഡൽനിലയിൽ ഒന്നാമതെത്തിയത്- യുഎസ്എ (രണ്ടാമത് കെനിയ)
53. അത്‌ലറ്റിക്സിൽനിന്ന് വിരമിച്ച ഇതിഹാസ കായിക താരം ഉസൈൻ ബോൾട്ട് ഏത് രാജ്യക്കാരനാണ്- ജമൈക്ക
54. നീതി ആയോഗിന്റെ പുതിയ ഉപാധ്യക്ഷൻ- ഡോ.രാജീവ് കുമാർ
55. 200 രൂപാ നോട്ടിൽ ചിത്രീകരിക്കപ്പെട്ടിട്ടുള്ള സ്മാരകം- സാഞ്ചി സ്തൂപം
56. പുതിയ 50 രൂപാ നോട്ടിൽ ചിത്രീകരിക്കപ്പെട്ടിട്ടുള്ള സ്മാരകം-ഹംപിയും രഥവും
57. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആനകളുള്ള സംസ്ഥാനം- കർണാടകം (രണ്ടാം സ്ഥാനത്ത് അസം)
58. വേൾഡ് ഹ്യൂമാനിറ്റേറിയൻ ദിനം- ഓഗസ്റ്റ് 19
59. ആഗോള ഫുട്ബോൾ സംഘടനയായ ഫിഫയുടെ റാങ്കിങ്ങിൽ ഒന്നാംസ്ഥാനത്തുള്ള രാജ്യം- ബ്രസിൽ
60. ഗ്ലാസ്ഗോയിൽ നടന്ന ലോക ബാഡ്മിന്റൺ ഫൈനലിൽ പി.വി.സിന്ധു ആരോടാണ് പരാജയപ്പെട്ടത്- നസോമി ഒകുഹര (ജപ്പാൻ)

**ചോദ്യങ്ങൾ അയച്ചത്-**
**ഹർഷ വിശ്വനാഥ്, ധന്യ രഘുനാഥ്, ശ്യാം കൃഷ്ണ**

Views and ideas expressed in the articles published in PSC Bulletin are not, necessarily, those of the Commission. Edited and Published by Saju George, Secretary Kerala Public Service Commission on behalf of Kerala Public Service Commission and Printed by him at P. Krishna Pillai Memorial Printing & Publishing Co. Pvt. Ltd, Thiruvananthapuram.